ഭാരതവിദ്യാപീഠം പ്രസിദ്ധീകരണം.

# കാമധേനു

ഭാഗം ഒന്ന്

491.2

എരനെല്ലൂർ ഭരതപ്പിഷാരടി.

वपुः परोपकारेषु वचः परसुखेषु च
उदारेषु विचारेषु चेतः पूतं प्रवर्तताम् ॥

# ഭാരത വിദ്യാപീഠം

## അഭിപ്രായങ്ങളും ആശംസകളും.

"......മൺമറഞ്ഞ മഹത്വത്തെ പുനരുദ്ധരിക്കാനുതകുന്ന എന്തും ഇവിടെ ആവശ്യമാണ്. എന്റെ ചിരകാല സുഹൃത്തായ ശ്രീ. എരനെല്ലൂർ ഭരതപ്പിഷാരടി ഈ ഉദ്ദേശത്തോടുകൂടിയായിരിക്കും തന്റെ അത്യദ്ധ്വാനഫലമായി ഇവിടെ "ഭാരതവിദ്യാപീഠം" എന്ന സംസ്കൃതപാഠശാല നടത്തിവരുന്നത്....ഇതിന്റെയെല്ലാം അടിയിൽ ആരുടെ കയ്യും കരളും കിടന്നുപിടച്ചുവോ ആ വ്യക്തിയുടെ വിശിഷ്ടകർമ്മത്തിനു വിജയമാശംസിക്കുന്നു..." **വി. ടി. ഭട്ടതിരിപ്പാട്.**

"......കേരളത്തിൽത്തന്നെ മുമ്പ് എത്രയോ സംസ്കൃതപാഠശാലകളുണ്ടായിരുന്നു. അവയെല്ലാം വിദ്യാഭ്യാസപരിഷ്കാരത്തിൽ രൂപാന്തരപ്പെട്ടതോടെ പാഠപദ്ധതിയിലെ സംസ്കൃതപ്രാധാന്യം തിരോഭൂതമായി. ഈ ദുരവസ്ഥ പരിഹരിക്കാൻ ശ്രീ. പിഷാരടിയുടെ ഏതാദൃശോദ്യമം കുറെയെങ്കിലും ഉപകരിക്കുമെന്നു വിശ്വസിക്കാം. വിശ്രമവേളപോലും നിസ്സ്വാർത്ഥമായ പൊതുസേവനത്തിന്നു വിനിയോഗിക്കുന്ന സമർപ്പിതബുദ്ധിയായ ഈ പണ്ഡിതന്റെ കർമ്മപരിപാടിക്ക് ഞാൻ സമ്പൂർണ്ണവിജയമാശംസിക്കുകയും പ്രശംസനീയമായ ഈ സദുദ്യമം സർവ്വഥാ പ്രോത്സാഹനമർഹിക്കുന്ന ഒന്നാണെന്ന് ഇവിടെ രേഖപ്പെടുത്തുകയും ചെയ്യുന്നു..."

**പ്രൊഫ: കുററിപ്പുഴ കൃഷ്ണപിള്ള,** എം. എ.
കേരള സാഹിത്യ അക്കാദമി പ്രസിഡൻറ്

"......ഈ പശ്ചാത്തലത്തിലാണ് ശ്രീ. ഭരതപ്പിഷാരടിയുടെ പരിശ്രമങ്ങളെ ഞാൻ കാണുന്നത്. വേനലൊഴിവുകാലത്ത് അദ്ദേഹം വിദ്യാർത്ഥികളെ ഉദ്ദേശിച്ചു നടത്തുന്ന കോഴ്സ് രണ്ടുമാസംകൊണ്ട് വിദ്യാർത്ഥികൾക്ക് സംസ്കൃതത്തിൽ പ്രാഥമികജ്ഞാനം നല്കുന്നുണ്ട്. അവരെ കാളിദാസനുമായി പരിചയപ്പെടുത്തുന്നുണ്ട്. കൂടുതൽ സംസ്കൃതം പഠിക്കാനുള്ള പ്രചോദനം അവർക്ക് നല്കുന്നുണ്ട്. സംസ്കൃതപ്രചാരണത്തിൽ ഇത്രയും തൃഷ്ണയും സംസ്കൃതാദ്ധ്യാപനത്തിൽ ഇത്രയും സാമർത്ഥ്യവുമുള്ള ഏതാനും പേരെങ്കിലും കേരളത്തിലുണ്ടായിരുന്നെങ്കിൽ സംസ്കൃതം കേരളത്തിൽനിന്ന് തീരെ തിരോഭവിക്കുക എന്ന ദൌർഭാഗ്യം കുറേനാളെക്കുകൂടി നേരിടാതെ കഴിഞ്ഞേനേ! .."

**എൻ. വി. കൃഷ്ണവാരിയർ,** എം. എ. എം. ലിററ്.
ഡയരക്ടർ, ഭാഷാ ഇൻസ്റ്റിററ്യൂട്ട്, തിരുവനന്തപുരം.

"......സംസ്കൃതത്തിൽ സാമാന്യമായ വ്യുത്പത്തി രണ്ടുമാസത്തിന്നുള്ളിൽത്തന്നെ വിദ്യാർത്ഥികൾക്കുണ്ടാകുവാനുള്ള ശ്രീമാൻ ഭരതപ്പിഷാരടിയുടെ സംസ്കൃതവിദ്യാഭ്യാസപദ്ധതി ഈ സന്ദർഭത്തിൽ ഏററവും പ്രയോജനകരമാണ്. സംസ്കാരകേന്ദ്രങ്ങളും ഗവർമ്മേണ്ടും പൊതുജനങ്ങളും ഈ സദുദ്യമത്തിന്നു നിർല്ലോഭമായ പ്രോത്സാഹനം നൽകേണ്ടതുണ്ട്......"

**ഡോക്ടർ, കെ. കുഞ്ഞുണ്ണിരാജാ,** എം. എ., പിഎച്ച്. ഡി.,
സംസ്കൃതവിഭാഗം, മദ്രാസ് സർവ്വകലാശാല.

For favour of review

ഭാരതവിദ്യാപീഠം പ്രസിദ്ധീകരണം.

# കാമധേനു

[പരസഹായം കൂടാതെ സംസ്കൃതത്തിൽ
സാമാന്യവ്യുത്പത്തി നൽകുന്നു.]

13764

ഭാഗം ഒന്നു്.

[ആദ്യത്തെ പതിമൂന്നു് ദിവസം.]

PG Library & Research Center

എരനെല്ലൂർ ഭരതപ്പിഷാരടി.

വില മൂന്നു് രൂപാ.

(Malayalam)

# KAMADHENU

A concise form of lessons of 40 days' course in Sanskrit

**By ERANELLUR BHARATA PISHARODI**

First impression July 1969

Copies 1000

Price Rs. 3.00

491.2

Publishers:

**BHARATA VIDYAPEETHAM, SHORANUR, KERALA**

Copy Right with the Author

Printed at:
The Shoranur Printing Works, Shoranur

# ഉപോദ്ഘാതം.

* अनारंभो हि कार्याणां प्रथमं बुद्धिलक्षणम् ।
प्रारब्धस्यान्तगमनम् द्वितीयं बुद्धिलक्षणम् ॥

എത്ര ശാന്തവും ശാലീനവും സരളവുമായൊരുപദേശം! അനുഭവസമ്പന്നതയിൽനിന്നുറിവന്ന ഈ സൂക്തം ആരുടെ കരളിലും തുളച്ചുകയറിച്ചെന്നിടം പിടിക്കും.

**ആരംഭം.**

1959-ൽ തിരുനാവായവെച്ചാണു് സംസ്കൃതം സരളരീതിയിൽ പഠിപ്പിക്കുവാനുള്ള മാൎഗ്ഗമാരായുവാൻ ഞാൻ യാദൃച്ഛികമായി പ്രേരിതനായതു്. മലയാളം പ്രഥമഭാഷയായെടുത്തു് മാൎച്ചിൽ പരീക്ഷക്കിരുന്ന വിദ്യാൎത്ഥികൾക്കു് അടുത്ത ജൂണിൽ ആയുർവ്വേദ കോളേജിൽ ചേരണം, ഹിന്ദി അക്ഷരമേ അവക്കറിയുള്ളു. ആ കൈമുതലുമായി സംസ്കൃതം പഠിക്കാൻ അവരെന്നെ സമീപിച്ചു. രണ്ടു് മാസമേ ഒഴിവുള്ളു. അതിനിടയ്ക്കു് ഒരുവിധം കാവ്യവ്യുത്പത്തി ഉണ്ടാവണം. എന്തു് വേണമെന്നാലോചിച്ചു. സിദ്ധരൂപമുരുവിട്ടുവിക്കാൻ ശ്രമിച്ചാൽ അതിനുതന്നെ രണ്ടു് മാസം പോരാതെ വരും. മാത്രമല്ല, നാലു ദിവസം കഴിയുമ്പോഴേക്കും ക്ലാസ്സിൽ ഞാൻ മാത്രമവശേഷിക്കാനും മതി. അതുകൊണ്ടു് ഒരു പുതിയ മാൎഗ്ഗമവലംബിക്കുകയേ നിൎവ്വാഹമുള്ളു എന്നായി. തുടൎന്നുണ്ടായ പരിശ്രമത്തിൻെറ ഫലമായി സ്വന്തമായൊരു പദ്ധതി രൂപം പൂണ്ടു, പ്രയോഗദശയിൽ അതു് ഏറെക്കുറെ വിജയിച്ചുവെന്നുതന്നെ പറയാം. ആ ഉത്സാഹത്തള്ളിച്ചയിൽ ആ പ്രസ്ഥാനത്തിനു് ഭാരതവിദ്യാപീഠമെന്നു് പേരുമിട്ടു.

**ബാല്യാരിഷ്ടങ്ങൾ.**

1961-ൽ എൻെറ സ്ഥലമാററം പ്രമാണിച്ചു് പ്രവൎത്തനം ഷൊറണ്ണൂരിലേക്കു് മാറി. തുടൎന്നു പ്രതിവൎഷം വേനലൊഴിവുകാലത്തു് ക്ലാസ്സുകൾ സംഘടിപ്പിച്ചുവന്നു. പ്രചരണത്തിന്നാവശ്യമായ പ്രസിദ്ധീകരണമില്ലായ്കയാലും വ്യക്തിപരമായ അസൌകര്യങ്ങളാലും ചില വൎഷം കോഴ്സുകൾ നാമമാത്രമായി നടത്തേണ്ടിവന്നു. പലപ്പോഴും കടുത്ത നൈരാശ്യമനുഭവപ്പെട്ടു. ഇടക്കുിടയ്ക്കെല്ലാം എൻെറ ഹൃദയം മന്ത്രിച്ചു.

'अनारंभो हि कार्याणां प्रथम बुद्धिलक्षणम्'

പക്ഷേ ഉദാരരായ ചില പണ്ഡിതന്മാർ എൻെറ പ്രവൎത്തനത്തെ അ

---

* കാര്യം തുടങ്ങിവെക്കായ്ക ബുദ്ധിതന്നാദ്യലക്ഷണം;
തുടങ്ങിയാൽ സമാപിക്കയതിൻമറെറാരു ലക്ഷണം.

ഹിക്കുന്നതിലുമധികമനുഗ്രഹിച്ചു. ആ അനുഗ്രഹം എൻെറ പദ്ധതി വികസിപ്പിക്കുവാനാവശ്യമായ പ്രചോദനം നൽകി. എന്നിട്ടും ഞാനെൻെറ ഉദ്യോഗത്തിൻെറ പൊക്കിൾക്കൊടിയും പിടിച്ചു് ഈ ഗർഭപാത്രത്തിനകത്തു് ചുരുണ്ടിക്കിടന്നു. അതുമായുള്ള ബന്ധം തീരെ അററുപോകണം. എങ്കിലേ പുതിയൊരു ജീവൻ സ്വതന്ത്രനായി വളരുകയുള്ളു. മിക്കവാറും അതററുപോയിരിക്കുന്നു. ഈ ഉർവ്വരഭൂമിയിൽ ഒററപ്പെട്ടുകിടക്കുന്ന ഒരു കൈക്കുഞ്ഞു് കയ്യും കാലും കുടഞ്ഞു കരയുകയാണു്. ആ കരച്ചൽ കേട്ടു് ആരെങ്കിലും അടുത്തു് വരാതിരിക്കില്ല. പറയനെടുത്തു വളർത്തിയാൽ പാക്കനാരാകും. അന്തണനാണെങ്കിലോ അഗ്നിഹോത്രിയും!

## പദ്ധതിയുടെ രൂപം.

പത്തിലധികം തവണ ആവർത്തിച്ചെടുത്ത ഈ പദ്ധതിയുടെ നിലവിലുള്ള സ്വരൂപമൊന്നു് സംക്ഷേപിക്കാം. നാല്പതു് ദിവസമാണു് കോഴ്സിൻെറ കാലാവധി. ആദ്യത്തെ പത്തു് ദിവസം സംസ്കൃത വ്യാകരണത്തിലെ സാമാന്യ വിധികൾ വിദ്യാർത്ഥികൾക്കു് അറിയാവുന്ന മററു് ഭാഷകളുമായി താരതമ്യപ്പെടുത്തി പഠിപ്പിക്കുന്നു. പതിനൊന്നാം ദിവസം മുതൽ രഘുവംശം നാലാംസർഗ്ഗമെടുത്തുതുടങ്ങും. രഘുവിൻെറ ദിഗ്വിജയം, അനുഷ്ടുപ്പ് വൃത്തം എന്നിവയാൽ സരസവും സരളവുമായ ആ സർഗ്ഗത്തിൽ അവിടവിടെയായി പഠിച്ച പാണിനീയനിയമങ്ങൾ ഉദാഹരിച്ചുറപ്പിക്കാൻ ധാരാളം സന്ദർഭങ്ങളുണ്ടു്. ഇരുപതാം ദിവസം മുതൽ പഠനമാദ്ധ്യമം അല്പാല്പമായി സംസ്കൃതമായിത്തുടങ്ങും. മുപ്പതാം ദിവസത്തിനുമുമ്പായി ആ സർഗ്ഗമവസാനിക്കും. തുടന്നു് മാഘം, ശാകുന്തളം, കഠോപനിഷത്തു്, ഋഗ്വേദം എന്നിവയിൽനിന്നു് എട്ടോ, പത്തോ പദ്യങ്ങൾവീതമെടുത്തു് അവയുടെ ഭാഷകളിലേയും സാങ്കേതികതകളിലേയും സവിശേഷതകൾ പരിചയപ്പെടുത്തും. അവസാനത്തെ രണ്ടു ദിവസം ലോകഭാഷകളെപ്പററി ഒരു സംക്ഷിപ്ത വിവരണമാണു്. ആദിമദിവസം മുതൽക്കുതന്നെ ആവശ്യമായ ഭാഷാശാസ്ത്രതത്വങ്ങൾ അവിടവിടെ സന്ദർഭാനുസാരമവതരിപ്പിക്കും. നാല്പതു് ദിവസവും അന്നന്നത്തെ നിലവാരമനുസരിച്ചു് സംസ്കൃതത്തിലേക്കു് തർജ്ജമയുണ്ടായിരിക്കും. പ്രയോഗപരിചയമില്ലാതെ സിദ്ധരൂപങ്ങൾ മനഃപാഠമാക്കി മുഷിപ്പിക്കുന്ന രീതി ഈ പദ്ധതിയിലില്ല തന്നെ.

## കാമധേനു.

വാങ്മയമായ പ്രസ്തുത പദ്ധതിയുടെ ഏറെക്കുറെ വിപുലീകൃതമായൊരു രൂപരേഖമാത്രമാണു് കാമധേനു. ഒരു പുസ്തകത്തിൻെറ തൊഴുത്തിലിട്ടടച്ചപ്പോൾ പലവിധത്തിലുള്ള നിയന്ത്രണങ്ങൾക്കും അവൾ വിധേയയായി. ക്ലാസ്സിലെ വാങ്മയമായ വിശദീകരണത്തിൻെറ സജീവത മുഴവനും ലിപികളിലൂടെ പകർത്താൻ വിഷമമാണു്. എങ്കിലും പിപാസുകൾക്കും ബുഭുക്ഷുകൾക്കുമാവശ്യമുള്ളതെന്തും അവൾ ചുരത്തിത്തരുമെന്നു് ഞാൻ കരുതുന്നു.

വാങ്മയമായ ആ അദ്ധ്യാപനരീതിയുടെ ക്രമത്തിന്നു് ചില സൌക

ൎയ്യങ്ങളും അസൌകൎയ്യങ്ങളും പുരസ്സരിച്ച് പുസ്തകരൂപത്തിൽ ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ക്ലാസ്സിൽ പതിനൊന്നാം ദിവസം മുതൽ രഘുവംശമെടുത്തുതുടങ്ങും. പത്തു് ദിവസത്തിലൊതുങ്ങാത്ത വ്യാകരണകാര്യങ്ങൾ രഘുവംശമെടുക്കുന്നതിനിടയ്ക്കാണ് മനസ്സിലാക്കാറുള്ളതു്. വ്യാകരണനിയമങ്ങളുടെ പൂൎണ്ണതയ്ക്കും രഘുവംശം രണ്ടു് വാല്യങ്ങളിലായി മുറിഞ്ഞുപോകാതിരിക്കാനും വേണ്ടി കാമധേനുവിൽ പ്രധാനവ്യാകരണകാര്യങ്ങൾ പതിമൂന്നു് ദിവസംകൊണ്ടവസാനിപ്പിച്ചശേഷം പതിനാലാം ദിവസം മുതൽ രഘുവംശം തുടങ്ങിയിരിക്കുകയാണ്. അല്പം ചില കാര്യങ്ങൾ അനുബന്ധത്തിലും ചേൎക്കേണ്ടിവന്നിട്ടുണ്ടു്.

## ഭയപ്പെടാനില്ല.

ഒരു കേരളീയനെസ്സംബന്ധിച്ചിടത്തോളം സംസ്കൃതം, നാമെങ്ങനെയോ ധരിച്ചുവെച്ചപോലെ, അത്ര മെരുങ്ങാത്ത ഭാഷയല്ല. മലയാളത്തിൽ ഒരു വിധം നല്ല സാഹിത്യഭാഷ മനസ്സിലാക്കാൻ കഴിവുള്ള കേരളീയനു് സംസ്കൃതത്തിലെ പദസമുച്ചയം പുതുതായിത്തേടിപ്പിടിക്കേണ്ടതില്ല. നാമങ്ങളിലും ധാതുക്കളിലും സംശ്ലേഷിച്ചുകിടക്കുന്ന പ്രത്യയങ്ങളുടെ അൎത്ഥവും അവയുടെ പ്രയോഗവും മാത്രമേ പരിചയപ്പെടുത്തിക്കൊടുക്കേണ്ടതുള്ളു. അതും മററു് ഭാഷകളുമായി താരതമ്യപ്പെടുത്തി പഠിപ്പിക്കുന്നതായാൽ ജിജ്ഞാസ വൎദ്ധിച്ചുവരും. പാഠം സരസവും സഫലവുമാവാനുള്ള ഏകമാൎഗ്ഗം ജിജ്ഞാസ വളൎത്തുകയാണ്. അല്പം ചില രൂപങ്ങൾ ഹൃദിസ്ഥമാക്കാനുള്ള സന്നദ്ധതകൂടിയുണ്ടെങ്കിലോ, പഠനം കൂടുതൽ ത്വരിതപ്പെടുത്തുകയും ചെയ്യാം.

## ലോകഭാഷകൾ—ഒരു പഠനം.

സംസ്കൃതഭാഷയെപ്പററി നാം പരമ്പരയാ ധരിച്ചുവരുന്ന അലൌകിക പരിവേഷങ്ങളെല്ലാം മാററിവെച്ചു് ചരിത്രപരമായൊരു പഠനം ഈ സന്ദൎഭത്തിൽ ആവശ്യമാണ്. കൃത്രിമമായി കെട്ടിച്ചമച്ചുണ്ടാക്കിയ മിത്ഥ്യാമഹത്വത്തെ അകററിനിൎത്താനും സ്വാഭാവികമായ യഥാൎത്ഥ മഹത്വത്തെ കണ്ടറിയാനും ആ പഠനം ഉപകരിക്കുമെന്നു് കരുതുന്നു.

സംസ്കൃതം ദേവഭാഷയാണ്. അതു് ഞാൻ പൂൎണ്ണമായും വിശ്വസിക്കുന്നു. പക്ഷെ, ആ ദേവന്മാർ ആകാശത്തിനപ്പുറത്തു് അമൃതും അപ്സരസ്സുകളുമായി കഴിഞ്ഞുകൂടുന്ന ഒരു വൎഗ്ഗമാണെന്നു് പറഞ്ഞാൽ എനിക്കതു് വിശ്വസിക്കാൻ വയ്യ. ദേവന്മാർ! അവർ നമ്മുടെ പൂൎവ്വികരാണ്. ആയിരമായിരമാഘാതങ്ങളുമായേററുമുട്ടി വിജയവും പരാജയവും, സുഖവും ദുഃഖവുമെല്ലാം ഏടുത്തമ്മാനമാടിക്കൊണ്ടു് ഉജ്വലമായൊരു ജീവിതത്തിൻെറ നേൎക്കു് കുതിച്ചുപാഞ്ഞിരുന്ന ഒരു ജനസമുദായമാണവർ. അവരുടെ വിജിഗീഷയും സത്യാന്വേഷണ വ്യഗ്രതയും ഇന്നും നമ്മുടെ സിരകളിൽ പ്രവഹിക്കുന്നുണ്ടു്. അനേകമനേകം ജീവിതാനുഭവങ്ങളിൽനിന്നു് ഉദ്ഭൂതമായൊരു സംസ്കാരമുദ്രകൊണ്ടതാവണമല്ലോ അവരുടെ ഭാഷയും. ആ നിലയ്ക്കാണ് ഞാൻ ആ ദേവഭാഷയെ ആദരിക്കുന്നതും ആരാധിക്കുന്നതും.

ലോകത്തിലെ വിവിധ ഭൂഖണ്ഡങ്ങളിൽനിന്നും ഓരോ വ്യക്തികളെ ഒരുമിച്ചുകൂട്ടി ഒരു പ്രദർശനം നടത്തുകയാണെന്നിരിക്കട്ടെ. ആ പ്രദർശനം എത്ര ആകർഷകമായിരിക്കും! എന്താണു് അതിനിത്രമാത്രം ആകർഷകത്വം? എല്ലാവരും മനുഷ്യരല്ലേ? ആണെന്നു് സമ്മതിക്കാം. ശരീരഘടനയെല്ലാം ഒരുപോലെതന്നെ. പക്ഷെ ഏതൊരു കുട്ടിക്കും വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന ചില വ്യത്യാസങ്ങൾ അവരിൽ കാണാം. നിറം, ഉയരം, അവയവങ്ങളുടെ ആകാരം ഇവയെല്ലാം ആ വ്യത്യസ്തതക്കു് കാരണമാണു്. ഭക്ഷണം കഴിക്കുന്നതും വസ്ത്രം ധരിക്കുന്നതും ഓരോ വിധത്തിലായിരിക്കും. അതുപോലെ ആശയാവിഷ്ക്കരണോപകരണങ്ങളായ ഭാഷകളും വ്യത്യസ്തമായിക്കാണാം.

നമുക്കിവിടെ ലോകഭാഷകളുടെ ഒരു പ്രദർശനം നടത്തിനോക്കാം. നാമും നമ്മുടെ സഹജീവികളും സംസാരിക്കുന്നതും സംസാരിച്ചിരുന്നതുമായ ഭാഷകൾ എത്രമാത്രമുണ്ടെന്നു് സാമാന്യമായി മനസ്സിലാക്കാൻ അതു് പര്യാപ്തമാകും. ഭാഷകൾ ലോകത്തിലവിടവിടെയായി മനുഷ്യസമുദായത്തെപ്പോലെത്തന്നെ പല വർഗ്ഗങ്ങളായി ചിന്നിച്ചിതറിക്കിടക്കുകയാണു്. അവയെ ഒരു വർഗ്ഗമായി അഥവാ ഒരു കുടുംബമായി തരംതിരിക്കുന്നതു് പ്രത്യയങ്ങൾ, അവ പദങ്ങളോടു് ചേർക്കുന്ന സമ്പ്രദായം, വാക്യഘടനാരീതി, അക്ഷരമാല, സ്വരവികാരങ്ങൾ, പൊതുവിലുപയോഗിക്കുന്ന വീട്ടുഭാഷാപദങ്ങൾ മുതലായവയുടെ സാധർമ്മ്യത്തിന്റെ അടിസ്ഥാനത്തിലാണു്.

അവർ വന്നു; അവർ വന്താർ; वे आये, ते आयान्, They came എന്നിങ്ങനെ പലരും പല ശബ്ദങ്ങൾകൊണ്ടു് ഒരേ ആശയത്തെ ആവിഷ്ക്കരിക്കുന്നു. ഇതിൽ ഒന്നും രണ്ടും വാക്യങ്ങൾക്കു് മേൽ പറഞ്ഞവയിൽ ചില സാധർമ്മ്യങ്ങൾ കാണാം. മൂന്നിലും നാലിലും ക്രിയാപദങ്ങൾക്കുതമ്മിൽ സാദൃശ്യം പ്രകടമാണു്. നാലും അഞ്ചും വാക്യങ്ങളിൽ കർത്തൃപദങ്ങൾക്കാണു് സാദൃശ്യം. ते, they എന്നിവക്കു് അർത്ഥത്തിലും ഉച്ചാരണത്തിലും കാണുന്ന സാദൃശ്യം അവ ഒരേ പദത്തിന്റെ രൂപാന്തരങ്ങളാണെന്നു് ഊഹിക്കാൻ കാരണമായിത്തീരുന്നു. ഇങ്ങനെയുള്ള അനുമാനങ്ങളിൽനിന്നു് ഭാഷാശാസ്ത്രകാരന്മാർ ചില സിദ്ധാന്തങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ടു്. ആ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ലോകഭാഷകളെ അവർ ഇങ്ങനെ വർഗ്ഗീകരിക്കുന്നു.

| ഭാഷാഗോത്രം | പ്രചരിക്കുന്ന ഭൂവിഭാഗങ്ങൾ | ശാഖകൾ |
|---|---|---|
| 1. ഇന്തോ—യൂറോപ്യൻ ഗോത്രം. | ഉത്തരഭാരതം, ആഫ്ഗാനിസ്ഥാൻ. ഇറാൻ, യൂറോപ്പു്. | സംസ്കൃതം, പ്രാകൃതം, പാലി, പഴയ ലാററിൻ, ഗ്രീക്, ഇറാൻ ഭാഷകൾ, ഹിന്ദി, മറാട്ടി, ഗുജറാത്തി, പഞ്ചാബി, ബങ്കാളി, നേപ്പാളി, ഇംഗ്ലീഷ്, ഫ്രഞ്ചു്, ജർമ്മൻ, സ്പാനിഷ്, ഇററാലിയൻ, ഗ്രീക്, റഷ്യൻ, അർമ്മീനിയൻ, പേർഷ്യൻ. |

| ഭാഷാഗോത്രം. | പ്രചരിക്കുന്ന ഭൂവിഭാഗങ്ങൾ. | ശാഖകൾ. |
|---|---|---|
| 2. സെമററിക ഗോത്രം. | ഫിനീഷ്യ, ഇസ്രായിൽ അറേബ്യാ, സിറിയ, ഇറാക്ക്. | ഹീബ്രു, ഫിനീഷ്യൻ, അസീറിയൻ, അറബിക്, സിറിയൻ. |
| 3. ഹമിററിക ഗോത്രം. | ഈജിപ്ത്, ആഫ്രിക്കയുടെ വടക്കും, വടക്കുപടിഞ്ഞാറും ഭാഗങ്ങൾ, എത്യോപ്പിയ. | കോപ്ററിക്, പ്രാചീന ഈജിപ്ഷ്യൻ, എത്യോപ്പിക് ഭാഷകൾ, ബെർബർ ഭാഷകൾ |
| 4. തെക്കുകിഴക്കൻ ഏഷ്യാററിക ഗോത്രം. | ചൈന, ബർമ്മ, സയാം, ടിബെററ്, ഏഷ്യയുടെ തെക്കുകിഴക്കൻ പ്രദേശമെല്ലാം. | ചൈനീസ്, അന്നാമീസ്, ബർമ്മീസ്, സയാമീസ്, തിബത്തൻ. |
| 5. യൂറൽ അൾട്ടായിക് ഗോത്രം. | ലാപ്പ്ലാൻഡ്, സൈബീരിയ, ഫിൻലൻഡ്, ഹംഗറി, ടർക്കി, മഞ്ചൂറിയ, മംഗോളിയ. | ലാപ്പിഷ്, സമോയെഡ്, ഫിന്നിഷ്, മഗ്യാർ, ടർക്കിഷ്, മഞ്ചൂറിയൻ, മംഗോളിയൻ. |
| 6. ആസ്ത്രിക് ഭാഷാഗോത്രം അഥവാ മലയോ പോളിനേഷ്യൻഗോത്രം | മഡഗാസ്കർ ദ്വീപുമുതൽ ശാന്തസമുദ്രത്തിലെ എസ്റ്റർ ദ്വീപുവരെയുള്ള പ്രദേശം മുഴവനും പുറമെ ഇന്തോ ചൈന, മലയ, ഇന്ത്യയിൽ വടക്കുകിഴക്കൻ പ്രദേശം. | മെലനേഷ്യൻ, പോളിനേഷ്യൻ, മലയൻ, മലഗസി, ആസ്ത്രേലിയൻ, ഖാസി, മുണ്ഡ. |
| 7. ബണ്ടു ഗോത്രം. | തെക്കെ ആഫ്രിക്കയുടെ തെക്കുഭാഗവും മദ്ധ്യഭാഗവും. | സൂളു, ഹെറേറോ, ക്സോസാ, സ്വാഹിലി, ഗാൻഡാ, ഡുവാലാ, കോംഗോ, ബംബാ. |
| 8. ദ്രാവിഡ ഗോത്രം. | ദക്ഷിണഭാരതം. | മലയാളം, തമിഴ്, തെലുങ്ക്, കർണ്ണാടകം. |
| 9. കക്കേഷ്യൻ ഭാഷാസംഘം. | കാക്കസെസ്സ് പർവ്വതനിരക്കടുത്ത പ്രദേശങ്ങൾ. | സർക്കേഷ്യൻ, കിസ്ത്യൻ, ലെസ്ഡ്യൻ, ജാർജ്ജിയൻ, മിൻഗ്രീലിയൻ. |

| ഭാഷാഗോത്രം | പ്രചരിക്കുന്ന ഭൂവിഭാഗങ്ങൾ | ശാഖകൾ |
| --- | --- | --- |
| 10. അമേരിക്കൻ ഭാഷാസംഘം | ഗ്രീൻലൻഡ്, കനഡ, ഐക്യനാടുകൾ, മെക്സിക്കോ, യുക്കുട്ടൻ, സെൻട്രൽ അമേരിക്ക, തെക്കെ അമേരിക്ക. | എസ്കിമോ, അതബാസ്കൻ, അതഗോൻകിൻ, ഡൊനോറ, മയ, കൃവ, കൃരിബ്, അറാവക്, കചിച്വാ, പൃവൽഷേ |
| 11. മദ്ധ്യാഫ്റിക്കൻ ഭാഷാസംഘം | മദ്ധ്യാഫ്രിക്ക. | വെലോഫ്, മെൻഡോ സോങ്ഘ്രി, നൃബിയൻ, നമാ, ഖൊര, ബുഷ്മെൻ ഭാഷകൾ. |

## ഒററപ്പെട്ട ഭാഷകൾ:—

| | | |
| --- | --- | --- |
| ബാസ്ക്. | പിരണീസ് പർവ്വതനിരയുടെ പശ്ചിമഭാഗം. | 8 വിഭാഗങ്ങൾ. |
| ജപ്പാനീസ്. | ജപ്പാൻ. | ജപ്പാനീസ്. |
| കൊറിയൻ. | കൊറിയ. | കൊറിയൻ. |
| ഹൈപ്പർ ബോറിയൻ. | ഏഷ്യയുടെ വടക്കുകിഴക്ക് സഖലിൻ, കാംചാട്ക എന്നീ ദ്വീപുകൾ. | ഐനഭാഷകൾ, ഘിലിയക, കാംചാട്കിയൻ. |

## ഗോത്രം—സംഘം—ഏകകം.

ഇവയിൽ ആദ്യത്തെ എട്ടെണ്ണം ഭാഷാഗോത്രങ്ങളാണ്. ഒരു ഗോത്രത്തിൽനിന്നു വേർപിരിഞ്ഞുപോയ ഭാഷകൾക്ക് തമ്മിൽ പല അംശങ്ങളിലും സാദൃശ്യമുണ്ടായിരിക്കും. മലയാളവും തമിഴും തമ്മിൽ ഇത്രയുമധികം സാദൃശ്യം തോന്നാൻ കാരണം അവ ഒരേ ഗോത്രത്തിൽപെട്ടതാണ്. തുടർന്ന് ഒമ്പതും പത്തും പതിനൊന്നും ഭാഷാസംഘങ്ങളാണ്. ഒരു സംഘത്തിൽപെട്ട ഭാഷകൾക്ക് പരസ്പരം സാധർമ്മ്യമുണ്ടായിരിക്കയില്ലെന്നതാണ് ഗോത്രത്തിൽനിന്ന് സംഘത്തിനുള്ള വ്യത്യാസം. പക്ഷേ അവ ഒരു ഭൂഖണ്ഡത്തിൽതന്നെ തൊട്ടുതൊട്ടു പ്രദേശങ്ങളിൽ പ്രചരിക്കുന്നതിനാൽ അവയെ ഒരു സംഘമെന്ന നിലയ്ക്കിവിടെ എടുത്തുവെന്നുമാത്രം. ഒററപ്പെട്ട ഭാഷകൾക്ക് അവാന്തര വിഭാഗമോ അയൽക്കാരോ ഇല്ലെന്നതാണ് വിശേഷം. അവ ഒരു പ്രത്യേക പ്രദേശത്തങ്ങനെ ഒററപ്പെട്ടു കഴിയുന്നുവെന്നുമാത്രം.

## ലോകഭാഷകളിൽ സംസ്കൃതം.

മേൽപറഞ്ഞ ഭാഷാഗോത്രങ്ങളിൽ ഇൻഡോയൂറോപ്യൻ ഗോത്രങ്ങളിലൊരു ശാഖയാണ് സംസ്കൃതമെന്നു മനസ്സിലാക്കാം. മദ്ധ്യേഷ്യയിൽനിന്ന്

ഓരോ കാലത്തുണ്ടായ ജനപ്രവാഹങ്ങൾക്കിടയിൽ ചില സംഘങ്ങൾ ഇറാനിലൂടെ ബുക്കാറാ വഴി യൂറോപ്പിൻെറ വടക്കപടിഞ്ഞാറുഭാഗങ്ങളിൽചെന്നു അവിടവിടെ താമസമുറപ്പിച്ചു. വളരെക്കാലങ്ങൾക്കശേഷം ചില സംഘങ്ങൾ പേർഷ്യ അർമ്മീനിയ മുതലായ പ്രദേശങ്ങളിലൂടെ സിന്ധുനദീതീരത്തെത്തിച്ചേൻറു. ഈ സംഘങ്ങൾ ചെന്നെത്തിയ സ്ഥലങ്ങളിലെല്ലാം പെരുകിപ്പരന്നു. മദ്ധ്യേഷ്യവിട്ടപ്പോൾ ഒരു ഭാഷമാത്രം സംസാരിച്ചിരുന്ന ആ ജനവർഗ്ഗത്തിൻെറ കോടാനുകോടിക്കണക്കിലുള്ള അനന്തരപരമ്പരകൾ ഇന്നു സംസാരിക്കുന്നതു് മുന്നൂറിലധികം ഭാഷകളാണു്.

തെക്കോട്ടിറങ്ങിയവർ വളരെക്കാലം ഇറാനിലും പരിസരങ്ങളിലും കുടിയേറിപ്പാർത്തിട്ടുണ്ടു്. അവിടന്നവരിൽ ചില സംഘം ഇന്ത്യയിലേക്കിറങ്ങി. അതുകൊണ്ടു് ഇറാനിൽ താമസമുറപ്പിച്ചവരുടേയും സിന്ധുനദീതീരത്തെത്തിയവരുടേയും ഭാഷയ്ക്കു പറയത്തക്ക വ്യത്യാസംവന്നുചേൻറു. തെക്കോട്ടിറങ്ങിയ വിഭാഗം ആര്യവർഗ്ഗമെന്ന പേരിലറിയപ്പെട്ടു. അവരുടെ ഭാഷയെ ആര്യഭാഷയെന്നും. അങ്ങിനെ മദ്ധ്യേഷ്യവിട്ടു് നാനാഭൂവിഭാഗങ്ങളിലേക്കും പോയി താമസമുറപ്പിച്ച ആ ജനത ആദ്യം സംസാരിച്ചിരുന്ന ഒരേ ഒരു ഭാഷ ദേശ്യഭേദങ്ങൾകൊണ്ടും ഇതര സമുദായ സംസർഗ്ഗംകൊണ്ടും എട്ടു് താവഴികളായിത്തിരിഞ്ഞു. ആര്യൻ, അർമ്മീനിയൻ, ഹെല്ലനിക്, ഇല്ലീറിയൻ, ഇററാലിക്, കെൽട്ടിക്, ട്യൂട്ടോണിക്, സ്ലാവോണിക് എന്നിവയാണാതാവഴികൾ. ഈ താവഴികളിൽ മുത്തുമുത്തശ്ശിമാർ പലരും കാലഗതി പ്രാപിച്ചിട്ടുണ്ടു്. അനേകം പേരക്കിടാങ്ങൾ നല്ല അന്തസ്സിൽ കഴിഞ്ഞുകൂടുന്നുമുണ്ടു്.

## ആര്യഭാഷാശാഖ.

ആര്യശാഖ ഇന്ത്യൻ ഇറാനിയൻ എന്നു രണ്ടായിപ്പിരിഞ്ഞു. ആ താവഴി ഇങ്ങനെ പെരുകുന്നു.

### ആര്യഭാഷാശാഖ.

- ഇറാനിയൻ
  - പഴയ പേർഷ്യൻ
    - പുതിയ അർമ്മീനിയ
    - ബലൂചി
    - കർഡി
    - ഒസ്സേററിയൻ
    - നവീന പേർഷ്യൻ
  - 
    - പാഴ്സിക്
    - പൽഹവി
  - പഴയ ബാക്ട്രിയൻ
- ഇന്ത്യൻ
  - പ്രാകൃതം
    - സിന്ധി
    - നേപ്പാളി
    - കാശ്മീരി
    - പഞ്ചാബി
    - ഗുജറാത്തി
    - മറാത്തി
    - ഹിന്ദുസ്ഥാനി
    - ഉറിയ
    - ബീഹാരി
    - ബംഗാളി
    - ആസാമി
  - ലൌകിക സംസ്കൃതം

## പ്രാകൃതഭാഷകളും ഉത്തരഭാരത ഭാഷകളും.

ആര്യന്മാർവന്നു് ഇന്ത്യയിൽ കുടിയേറിപ്പാർത്ത പ്രദേശങ്ങളെ ഒട്ടാകെ ആര്യാവർത്തമെന്നു് വിളിച്ചുവന്നു. അവരിവിടെ വരുന്നകാലത്തു് സംസാരിച്ചിരുന്ന ഭാഷയാണു് നാമിന്നു് വേദങ്ങളിൽ കാണുന്നതു്. അനന്തരകാലത്തെ ചില ചിന്തകന്മാരുടെ അല്പം പരിഷ്ക്കരിച്ച ഭാഷയാണു് ഉപനിഷത്തുക്കളിലുള്ളതു്. ബി. സി. അഞ്ചാം നൂററാണ്ടിന്നടുത്താണു് പാണിനിയുടെ കാലം. ആ അത്ഭുതമനുഷ്യൻ അന്നു് നിലവിലുണ്ടായിരുന്ന ആ ഭാഷയെ ചില നിയമങ്ങളെല്ലാംവെച്ചു് സംസ്കരിച്ചു. അതിനുമുമ്പും പലരും ആ തുറയിൽ പരിശ്രമിച്ചിട്ടുണ്ടെങ്കിലും പാണിനിക്കു് ശേഷമാണു് ആര്യഭാഷ സംസ്കൃതമെന്നപേരിലറിയപ്പെടുന്നതു്. സംസ്ക്കരിക്കപ്പെട്ടതു് സംസ്കൃതം. തുടർന്നുള്ള സാഹിത്യരചനയെല്ലാം സംസ്കൃതത്തിലായി. പക്ഷെ സാധാരണക്കാർക്കു് ഇത്രയും നിയമനിബദ്ധമായ ഭാഷ സാധാരണാവശ്യങ്ങൾക്കെങ്ങനെ കൈകാര്യംചെയ്യാൻ കഴിയും? അവർ അവരുടെ നിലവാരത്തിൽ ആ ഭാഷ കൈകാര്യംചെയ്തു വന്നു. അങ്ങനെ സംസ്കൃതം പണ്ഡിതഭാഷയായി. സാധാരണക്കാർ സംസാരിച്ചുവന്ന ഭാഷ പ്രാകൃതവുമായി. പ്രാകൃതഭാഷ ദേശ്യഭേദമനുസരിച്ചു് പലവിധമായി. അതു് സ്വാഭാവികവുമാണു്. ചെറുകാടൻ നാടകങ്ങളിലെ വള്ളുവനാടൻ സംഭാഷണം കുട്ടനാടന്മാർക്കു് മനസ്സിലാക്കാൻ വിഷമമാണു്. അതുപോലെ തകഴിയൻ നോവലുകളിലെ കുട്ടനാടൻ സംഭാഷണം വള്ളുവനാടന്മാർക്കും സുഗ്രഹമല്ല അപ്പോൾ മലയാളത്തിൽ നാടൻ സംഭാഷണഭാഷ വള്ളുവനാടൻ, കുട്ടനാടൻ, കടത്തനാടൻ എന്നിങ്ങനെ പലതായിത്തിരിക്കാമല്ലോ. അതുപോലെ അപരിഷ്കൃതരും അനഭ്യസ്തരുമായ ജനവിഭാഗം സംസാരിച്ചുപോന്ന പ്രാകൃതഭാഷകളെ ദേശ്യഭേദമനുസരിച്ചു് ശൌരസേനി, മാഗധി, അർദ്ധമാഗധി, മഹാരാഷ്ട്രി, പൈശാചി എന്നെല്ലാം വിളിച്ചുവന്നു. ശൂരസേനൻെറ രാജ്യത്തെ (മഥുര) ഭാഷ ശൌരസേനി; മഗധ (ബീഹാർ) യിലെ ഭാഷ മാഗധി. മഗധസ്സും മഥുരസ്സുമിടക്കുള്ളതു് അർദ്ധമാഗധി. പിശാചങ്ങളുടെ–കാശ്മീർ മുതലായ ഹിമാലയാന്തരപ്രദേശവാസികളുടെ-ഭാഷ പൈശാചി; എന്നെല്ലാമാണവയുടെ അർത്ഥം. കാലാന്തരത്തിൽ ആ പ്രാകൃതഭാഷകൾക്കും വൈയാകരണന്മാർ ചില നിയമങ്ങളിട്ടു. അപ്പോൾ ആ നിയമങ്ങളേയുമുല്ലംഘിച്ചു് സാധാരണക്കാർ സംസാരിച്ചുതുടങ്ങി. അങ്ങനെവന്ന ഭാഷകളെ അപഭ്രംശങ്ങളെന്നു് വിളിച്ചു. ആ അപഭ്രംശങ്ങളിൽനിന്നാണു് ഇന്നു് നിലവിലുള്ള ആസാമി, ബംഗാളി. ഉറിയ, ഹിന്ദുസ്ഥാനി, മറാട്ടി, ഗുജറാത്തി, പഞ്ചാബി, കാശ്മീരി, നേപ്പാളി, സിന്ധി മുതലായ ഭാഷകളുരുത്തിരിഞ്ഞുവന്നിട്ടുള്ളതു്, സംസ്കൃതത്തിൻേറയും പ്രാകൃതഭാഷകളുടേയും പ്രചാരമററു. ഇന്ത്യയിലെ കനത്ത ചിന്തകളും ഭാവനകളും സംസ്കൃതഭാഷയിലായതിനാൽ ഭാരതീയർക്കെന്നല്ല, ലോകചിന്തകർക്കെല്ലാംതന്നെ ആ ഭാഷ അത്യാദരണീയമായിത്തീൎന്നു. പ്രാകൃതങ്ങളിൽ അത്ര കനത്തതൊന്നുമില്ലാത്തതിനാൽ ആ ഭാഷകളെ ആരുമത്ര ശ്രദ്ധിച്ചില്ല. സംസ്കൃതനാടകങ്ങളിലെ ചില നാടൻ സംഭാഷണങ്ങളിൽനിന്നുമാത്രമേ അതിൻെറ രൂപമിന്നതാണെന്നു് മനസ്സിലാക്കാൻ ഇന്നു് സാധിക്കുന്നുള്ളു. ഭാഷ ഒരു പടർപ്പായച്ചെടിയാണെങ്കിൽ കൂടുതൽ തഴച്ചുവളരാൻവേണ്ടി അതിൻെറ നാമ്പു

നുള്ളിക്കളയുകയാണു് വൈയാകരണൻ ചെയ്യുന്നതു്. നാമ്പററാൽ ആ അദമ്യമായ ജീവശക്തി നശിച്ചുപോകുന്നില്ല. തായ്ത്തടിയിൽ ഇളപൊട്ടി ശാഖകൾ തഴച്ചുവളരുന്നു. വീണ്ടും വൈയാകരണൻ നാമ്പു് നുള്ളുന്നു. ആ ഓരോ ശാഖയും വീണ്ടും പല ശാഖകളായി വളരുന്നു. അങ്ങനെ അതിൻെറ തടിയിൽ നിന്നു് അതിദൂരത്തേക്കുതു് വളൎന്നു് പടൎന്നു് പന്തലിക്കുന്നു. ഇതാണു് ഭാഷയുടെ സ്ഥിതി.

## സംസ്കൃതത്തിൻെറ ലോകോത്തരത്വം.

ആൎയ്യസമുദായത്തിൻെറ വികാരം, വിചാരം, ഭാവന മുതലായി അനന്തരതലമുറയ്ക്കു് പകൎന്നുകൊടുക്കാനുള്ള അമൂല്യവിഭവങ്ങളെല്ലാം തങ്ങിനില്ക്കുന്നതു് സംസ്കൃതഭാഷയിലാണു്. പരിപക്വമായ ജീവിതാനുഭവങ്ങളുടേയും ആദരാത്ഭുതങ്ങൾകൊണ്ടു് ആരേയും സ്തംഭിപ്പിച്ചുനിൎത്തുന്ന സംഭവങ്ങളുടേയും ഒരു മഹാസമുദ്രമാണു് മഹാഭാരതം. സുകുമാര ഭാവനകൾ ചിറകടിച്ചു് പറക്കുന്ന സഹാനുഭൂതിയുടെ ഒരു നിൎത്ധരിയാണു് രാമായണം. തപോവന വിശുദ്ധി മണക്കുന്ന ശാകുന്തളം! കരഞ്ഞു് കരഞ്ഞു് കടലാക്കുന്ന ഉത്തരരാമചരിതം! എത്രയെത്ര സുന്ദരകലാസൃഷ്ടികളാണതിലുള്ളതു്! ബുദ്ധിശക്തിയുടെ പാരമ്യമുദാഹരിക്കുന്ന സൂത്രങ്ങൾ! മഹാ ഭാഷ്യങ്ങൾ! ജീവികളുടെ ആകത്തുകയെ ത്രിദോഷങ്ങളിലടക്കിനിൎത്തിയ ആയുൎവ്വേദം! അനന്തതയിലെങ്ങോ കറങ്ങിക്കഴിയുന്ന ഗോളങ്ങളുടെ ഗതിവിഗതികളെ സൂക്ഷ്മസൂക്ഷ്മമായി കണ്ടറിയുന്ന ജ്യോതിശ്ശാസ്ത്രം! ലൈംഗികാസക്തിപോലും ഈശ്വരോപാസനയായി പരിഗണിക്കുന്ന കാമശാസ്ത്രം! ആ ലോകോത്തരമഹത്വങ്ങളെ കണ്ടറിയാൻ കഴിഞ്ഞവനു് ടാജ്മഹൽ വെറുമൊരു ക്ഷുരപ്പുരയാണു്! പിറമിഡ്ഡുകൾ മൺപുററുകളും!

## സങ്കോചത്തിലേക്കു്.

സംസ്കൃതം ഈ നിലയ്ക്കു് പണ്ഡിതജനങ്ങളുടെ ഭാഷയായിച്ചുരുങ്ങിയതോടെ അതിൻെറ പഠനം മനഃപൂൎവ്വമായ പരിശ്രമംകൊണ്ടേ സാദ്ധ്യമാകൂ എന്ന നില വന്നു. രാമചരിതവും കണ്ണശ്ശരാമായണവും കേരളഭാഷാകാവ്യങ്ങളാണു്. പക്ഷേ ഇന്നത്തെ കേരളീയനു് അതിൻെറ അൎത്ഥം മനസ്സിലാക്കണമെങ്കിൽ മനഃപൂൎവ്വം പഠിക്കുകതന്നെ വേണം. കാരണം, ആ കാവ്യങ്ങളിലെ ഭാഷ വളരെയധികം രൂപാന്തരം പ്രാപിച്ചിട്ടുണ്ടിന്നു്. അതുപോലെ കാലാന്തരത്തിൽ സംസ്കൃതത്തിൽനിന്നുരുത്തിരിഞ്ഞുവന്ന ഭാഷ സംസാരിക്കുന്ന സാധാരണക്കാരനു് അതിൻെറ മൂലഭാഷയായ സംസ്കൃതം സുഗ്രഹമല്ലാതായി. പാണിനീയ നിയമങ്ങളെല്ലാം പഠിച്ചു് ഭാഷയെ സ്വാധീനിക്കുകയെന്നതു് അയാൾക്കു് തീരെ അസാദ്ധ്യമാണതാനും. അങ്ങനെ സംസ്കൃതം പൊതുജനങ്ങളിൽനിന്നകന്നുവന്നു. വൎണ്ണാശ്രമധൎമ്മവ്യവസ്ഥ ആ ഭാഷയെ പൊതുജനങ്ങളിൽനിന്നകററിനിൎത്താൻ സഹായിക്കുകയും ചെയ്തു. വിദ്യാഭ്യാസമെന്നാൽ സംസ്കൃതം പഠിക്കുക; അതിൻെറ കുത്തക ബ്രാഹ്മണൎക്കും ലഭിച്ചു. അവരിലും ഗുരുകുലക്ലിഷ്ടരായ ജിജ്ഞാസുക്കൾ ഒരു ന്യൂനപക്ഷമായിരുന്നു. സ്വാധീനസംസ്കൃതരായ അവരാകട്ടേ കയ്യിൽ കിട്ടിയ പാണ്ഡിത്യംകൊണ്ടു് കസത്തു് കാണിച്ചു് ആളുകളെ അമ്പരപ്പിച്ചു. അങ്ങനെ മദ്ധ്യകാലഘട്ടത്തിൽ ആ ഭാഷ അനഭിഗമ്യയാണെന്ന ഒരിമ്പാച്ചിപ്പേടി പൊതുജനങ്ങളിലുളവാക്കി.

## അദ്ധ്യാപനസമ്പ്രദായം.

എങ്കിലും വിദ്യാ പ്രചരണതത്പരരായ ചില ആചാര്യന്മാർ ആ ഭാഷയെ സാധാരണക്കാൎക്ക് സുഗമമാക്കാൻ ശ്രമിക്കുകയുണ്ടായി. അതിൽ പ്രഥമസ്ഥാനം കേരളീയൎക്കുതന്നെയാണെന്നാണെൻെറ അറിവ്. കാരണം, ആൎയ്യപ്രാഭവത്തിന്നു് ഇത്രയുമധികം വഴങ്ങിക്കൊടുത്ത ഒരു പ്രദേശം ഇന്ത്യയിൽ മറെറങ്ങുമില്ല. മററെവിടേയും അവൎക്ക് കാൎയ്യമായ പല ഏററുമുട്ടലുകളും നേരിടേണ്ടിവന്നിട്ടുണ്ടെന്നു് വേദങ്ങളിൽനിന്നനുമാനിക്കാം. എന്നാൽ കേരളത്തിൻെറ കഥയങ്ങനെയല്ല. അവർ ആൎയ്യമേധാവിത്തം സ്വമേധയാ സ്വീകരിച്ചുവെന്ന വസ്തുതയാണ് പരശുരാമൻേറയും വാമനൻേറയും കഥകളിൽനിന്നറിവാകുന്നതു്. അതുകൊണ്ടു് കേരളീയർ ലീലാതിലകത്തിനെത്രയോമുമ്പുതന്നെ സംസ്കാരചാരാദികൾകൊണ്ടു് ഒരുതരം മണിപ്രവാളന്മാരായിത്തീൎന്നു കഴിഞ്ഞു. അവർ സംസ്കൃതപഠനമാണ് വിദ്യാഭ്യാസത്തിൻെറ പാരമ്യമായി കരുതിയിരുന്നതു്. സംസ്കൃതാഭ്യസനത്തിൽ പുതിയ പരീക്ഷണങ്ങൾ നടത്താൻ ഇതായിരിക്കാം അവൎക്ക് പ്രേരകമായതു്. അവർ പ്രക്രിയാജടിലമായ സിദ്ധാന്തകൌമുദിയിൽനിന്നു് നിഷ്പന്നരൂപങ്ങളെടുത്തു് സിദ്ധരൂപമെന്ന പേരിൽ ബാലപാഠം തയ്യാറാക്കി. ബാലപ്രബോധം അവ പ്രയോഗിക്കാനുള്ള പരിശീലനം നൽകി. ശ്രീരാമോദന്തത്തിലൂടെ വിദ്യാൎത്ഥികളെ കൈപിടിച്ച് പിച്ചാപിച്ചാ നടത്തി. അതേ സമയത്തു് സംസ്കൃതവിദ്യാഭ്യാസകേന്ദ്രങ്ങളായ കാശിയിലും ഹൃഷീകേശത്തും മററും ആദ്യമായി ലഘുസിദ്ധാന്തകൌമുദിയാണുരുവിട്ടുവിച്ചിരുന്നതു്. അതു് കഴിഞ്ഞ് രഘുവംശത്തിലേക്കൊരു ചാട്ടവും! കാലൊടിഞ്ഞവരെല്ലാം അവിടെക്കിടക്കും. പിടുത്തം കിട്ടിയ അല്പം ചിലർ കരപ്പുകേറും. ഏറെക്കുറെ ഇതുതന്നെയാണിന്നും അവിടങ്ങളിൽ നിലനിന്നു വരുന്ന രീതി.

## സിദ്ധരൂപപദ്ധതി.

കേരളീയരുടേതായ ഈ സിദ്ധരൂപപദ്ധതിയും ഇന്നത്തെ തലമുറയെ സംബന്ധിച്ചിടത്തോളം അത്ര പ്രായോഗികമല്ല. ഒന്നാമതു്, സിദ്ധരൂപം ഉരുവിടത്തക്ക ക്ഷമയൊന്നും ഇന്നത്തെ തലമുറയ്ക്കില്ല. ഒരടിവെച്ചാൽ അതിൻെറ കൂലി കിട്ടിയേ അടുത്ത അടി വെക്കുവാൻ ഇന്നത്തെ മനുഷ്യൻ തയ്യാറുള്ളു. ക്ഷമയും സഹനവും പരിശ്രമവുമെല്ലാം അവനെസ്സംബന്ധിച്ചിടത്തോളം പഴഞ്ചനാശയമാണ്. രണ്ടാമതു്, അവനു് പഠിക്കാനുള്ള മററു് വിഷയങ്ങളെല്ലാം വളരെ ലഘൂകരിച്ചിരിക്കുന്നു. ഉദാഹരണങ്ങൾകൊണ്ടു് അമൂൎത്താശയങ്ങൾ അവനു് തൊട്ടുകാട്ടിക്കൊടുക്കാൻ കഴിയും. അങ്ങനെ എല്ലാ വിഷയവും അവനു് സരളവും സരസവുമായിരിക്കെ അവയോടൊപ്പം പഠിക്കുന്ന സംസ്കൃതം മാത്രം വിരസവും കഠിനവുമാകുന്നതെങ്ങനെയിഷ്ടപ്പെടും?

## കാമധേനുപദ്ധതി.

എൻെറ ഇന്നോളമുള്ള പരിചയത്തിൻേറയും പരിശ്രമത്തിൻേറയും വെളിച്ചത്തിൽ ഈ പദ്ധതിക്കു് രൂപം കൊടുക്കുമ്പോൾ പുതിയ യുഗത്തിൽ വളൎന്നു

വരുന്ന ഒരു ജനസമൂഹത്തെ നല്ലപോലെ പരിഗണിച്ചിട്ടുണ്ട്. അദ്ധ്യാപന സമയത്തു് അപഗ്രഥനംകൊണ്ടും താരതമ്യപഠനംകൊണ്ടും വിദ്യാർത്ഥിയുടെ ജിജ്ഞാസ വളർത്തിയെടുക്കാൻ ആവുംവിധം ശ്രമിക്കാറുമുണ്ട്. പക്ഷേ പുസ്തകരൂപത്തിൽ അതിനുള്ള സാദ്ധ്യത വളരെ കുറച്ചേ ഉള്ളു. പ്രദർശിപ്പിച്ചു കണ്ടാലേ ഇതിൻെറ കാര്യക്ഷമത ശരിക്കു് മനസ്സിലാക്കാൻ കഴിയൂ. അതുകൊണ്ടു് ഈ പദ്ധതി അഭിമുഖമായവതരിപ്പിക്കുവാനും അതുവഴി ഈ അമൃതഭാഷയെ ഇന്ത്യയിലെ ഓരോ ഗ്രാമത്തിലും പ്രചരിപ്പിക്കുവാനും അവസരമുണ്ടാക്കിത്തരുവാൻ എല്ലാ സാംസ്കാരികപ്രവർത്തകരോടും സ്ഥാപനങ്ങളോടും സവിനയമപേക്ഷിക്കുവാനും ഈ അവസരം വിനിയോഗിക്കട്ടെ.

സൌകര്യങ്ങളുടെ പരിമിതിയാലും അല്പം അനവധാനതയാലും ചില പിശകുകൾ ഇതിൽ പററിപ്പോയിട്ടുണ്ട്. അവയിൽ എളുപ്പം പരിഹരിക്കാവുന്നവയ്ക്കു് ശുദ്ധിപത്രം കൊടുത്തിട്ടുണ്ട്. അല്ലാത്തവ അടുത്ത പതിപ്പിൽ പരിഹരിക്കാനേ പററു. ഈ പുസ്തകം ഏതുവിധവും നിർദ്ദുഷ്ടവും പരോപകാരപ്രദവുമാകാൻ വേണ്ട നിർദ്ദേശങ്ങളെല്ലാം ഉദാരരും പ്രായോഗികമതികളുമായ ഗുരുജനങ്ങളിൽനിന്നു് ലഭിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

എൻെറ പ്രവർത്തനത്തിന്നു് എല്ലാവിധത്തിലും പ്രോത്സാഹനം നൽകിയനുഗ്രഹിച്ച അഭിവന്ദ്യ സുഹൃത്തുക്കളോടു് ഇവിടെ നന്ദി രേഖപ്പെടുത്തുന്നു.

यत् करोमि यदश्नामि यज्जुहोमि ददामि यत् ।
यत्तपस्यामि सर्वात्मन् तत्तदस्तु त्वदर्पणम् ॥

എരനെല്ലൂർ,
20—7—1969.

ഗ്രന്ഥകർത്താ.

## ഗ്രന്ഥകർത്താവിൻെറ കൃതികൾ.

**കവിത.**

ജീവിതം.

തോരാത്ത കണ്ണുകൾ.

ആദികവിയും അനന്തരവന്മാരും.

**കഥ.**

മനുഷ്യമാതൃകകൾ.

വാശിയുടെ വാഴ്ച.

മണ്ണിൻെറ മകൾ.

രഘുവംശം.

കുമാരസംഭവം.

മഹാത്മാഗാന്ധിയുടെ ആത്മകഥാസംക്ഷേപം.

**ബാലസാഹിത്യം.**

പൂരം കാണാൻ.

ആദ്യത്തെ പണക്കാരൻ.

ബർമ്മീസ് നാടോടിക്കഥകൾ ( 2 ഭാഗം )

ഏകലവ്യൻ.

**തർജ്ജമ.**

ഗ്രാമംതോറും സ്വാതന്ത്ര്യം.

കബീറിൻെറ ജ്ഞാനപ്പാന.

**ശാസ്ത്രം.**

സരളവ്യാകരണം (6 ഭാഗം)

സാഹിതീ ത്രിവേണി.

**നാടകം.** എസ്തർ.

ശാസ്ത്രസാഹിത്യം — ( 8 ഭാഗം )

ധർമ്മശാസ്താ — (English)

ഡോക്ടർ, എ. ജി. കൃഷ്ണവാര്യർ,
എം. എ., പിഎച്ച്. ഡി.,
സംസ്കൃതവിഭാഗം,
കേരളസർവ്വകലാശാല.

തിരുവനന്തപുരം,
23—7—'69.

''പ്രിയപ്പെട്ട സുഹൃത്തേ,

'കാമധേനു'വിനെക്കുറിച്ചും അതിൽ താങ്കൾ ആവിഷ്കരിച്ചിട്ടുള്ള സംസ്കൃതാദ്ധ്യാപനപരിപാടിയെക്കുറിച്ചും എനിക്കുള്ള അഭിപ്രായം എഴുതി അയയ്ക്കാൻ ഇന്നോളം തരപ്പെടാത്തതിൽ നിർവ്യാജം ഖേദിക്കുന്നു.........

''വ്യാകരണജടിലമായ സംസ്കൃതഭാഷ അനായാസമായി ഗ്രഹിക്കാനോ ഗ്രഹിപ്പിക്കാനോ എളുപ്പമല്ല എന്ന എന്റെ സങ്കല്പത്തെ തെല്ലൊന്നു് പുനഃപരിശോധിപ്പിക്കാൻ പററിയ മട്ടിലായിട്ടുണ്ടു് 'കാമധേനു'വിന്റെ രചനയെന്നു് തുറന്നുപറയാൻ എനിക്കു് സന്തോഷമുണ്ടു്. സാരാംശങ്ങൾ വിടാതെ, ധാതുഭേദങ്ങളും ധാതുപ്രക്രിയകളും 'കാമധേനു' കാട്ടിത്തരുന്ന രീതി സമാകർഷകമായിട്ടുണ്ടു്..........

''സംസ്കൃതം എഴുതി ഫലിപ്പിക്കുന്നതിനുള്ള കഴിവുപോലെതന്നെ സംഭാഷണമാദ്ധ്യമമാക്കിത്തീർക്കാനുള്ള കഴിവും വിദ്യാർത്ഥികൾക്കു് നേടിക്കൊടുക്കാൻ 'കാമധേനു'കാരൻ മുതിർന്നിട്ടുണ്ടെന്നു തോന്നുന്നു. ഏതായാലും അന്വർത്ഥമാകുമാറു് തയ്യാർ ചെയ്തിട്ടുള്ള 'കാമധേനു'വിന്റെ അവശിഷ്ടഭാഗങ്ങളും അചിരേണ പ്രകാശിതമാകുമെന്നു് പ്രത്യാശിക്കട്ടെ!

''തികച്ചും അനർഹമായ അവഹേളനത്തിനിരയായിത്തീർന്നിട്ടുള്ള സംസ്കൃതഭാഷാപഠനത്തിനു്, 'കാമധേനു'വിലൂടെയും, അതിന്റെ രചയിതാവിന്റെ പ്രചാരണോത്സാഹത്തിലൂടെയും സമർഹമായ ഉത്തേജനം കൈവരുമെന്നു് നിശ്ചയം. വിഷയകാഠിന്യത്തെ മയപ്പെടുത്തി വിഷയഗ്രഹണം സുസാധമാക്കാൻ പ്രതിപാദനകൌശലത്തിനു കഴിയുമെന്നു് 'കാമധേനു'വിലൂടെ തെളിയിച്ചിട്ടുള്ള ശ്രീ. പിഷാരടിയെ സർവ്വാത്മനാ അനുമോദിച്ചുകൊള്ളുന്നു.

എന്നു്,

എ. ജി. കൃഷ്ണവാര്യർ.''

# ഉള്ളടക്കം.


| ദിവസം. | വിഷയം. | പുറം. |
|---|---|---|
| 1. | പുരുഷഭേദം-പൊരുത്തം-വചനം. | 1 |
| 2. | വിഭക്തി. | 6 |
| 3. | വൎണ്ണവിഭാഗം. | 13 |
| 4. | വൎണ്ണവികാരങ്ങൾ—വ്യഞ്ജനസന്ധി—വിസൎഗ്ഗസന്ധി. | 21 |
| 5. | ഗണവിഭജനം. | 28 |
| 6. | പദഭേദം-ഭാവികാലം-ഭൂതകാലം-ലകാരങ്ങൾ. | 34 |
| 7. | ലകാരാൎത്ഥങ്ങൾ-ഖിലധാതുക്കൾ. | 44 |
| 8. | ലിംഗപ്രകരണം. | 54 |
| 9. | ഉപസൎഗ്ഗങ്ങൾ-വിഷമാംഗഗണങ്ങൾ. | 63 |
| 10. | വ്യഞ്ജനാന്തശബ്ദങ്ങൾ-സൎവ്വനാമങ്ങൾ. | 71 |
| 11. | ഗുണവൃദ്ധിപ്രക്രിയകൾ-ക്രിയാനാമങ്ങൾ-അംഗക്രിയകൾ-തദ്ധിതപ്രത്യയങ്ങൾ. | 83 |
| 12. | സകൎമ്മകം, അകൎമ്മകം-പ്രയോഗം—കൎമ്മണി അംഗക്രിയകൾ. | 92 |
| 13. | സന്നന്തങ്ങൾ-പ്രയോജകം-സപ്തമിയുടെ പ്രയോഗവിശേഷം. | 99 |


## അനുബന്ധം.


1. പാരിഭാഷികപദങ്ങൾ.
2. പ്രധാനപ്പെട്ട ധാതുക്കൾ.
3. രൂപാവലി.
4. പ്രയോഗതാരതമ്യം.

# ദിവസം ഒന്നു്.

## പുരുഷഭേദം.

മററു വസ്തുക്കളേയോ വ്യക്തികളേയോ പററി സമീപസ്ഥരായ വ്യക്തികളെ,ഒരാറം ശബ്ദരൂപത്തിൽ ഉദ്ബോധിപ്പിക്കുകയാണല്ലോ സംഭാഷണത്തിൻെറ സാമാന്യസ്വഭാവം. ആ നിലയ്ക്കു് സംഭാഷണത്തിനവസരം ലഭിക്കണമെങ്കിൽ മൂന്നിനം ആവശ്യമാണു്.

1. പറയാനൊരു വ്യക്തി.
2. അതു് കേറംക്കാൻ മററൊരു വ്യക്തി.
3. പറയാനൊരു വിഷയം.

ഈ മൂന്നിനത്തിൽ ഏതെങ്കിലുമൊന്നില്ലെങ്കിൽ അവിടെ സംഭാഷണമുണ്ടാകുന്നതല്ല. പറയാൻ വിഷയമുണ്ടു്, കേറംക്കാനാളുമുണ്ടു്. പറയാനാരുമില്ലെങ്കിൽ അവിടെ സംഭാഷണമില്ല. പറയാനാളുണ്ടു്, വിഷയവുമുണ്ടു്, കേറംക്കാനാരുമില്ലെങ്കിലോ, അതു് സംഭാഷണമല്ല; ഭ്രാന്താണു്. പറയാനും കേറംക്കാനുമാളുണ്ടു്, പറയാൻ വിഷയമില്ലെങ്കിലോ, അവിടേയും സംഭാഷണമില്ല. ഇരുവരും നിശ്ശബ്ദരായിരിക്കുകയേയുള്ളൂ. അപ്പോറം സംഭാഷണത്തിനവസരം ലഭിക്കുന്നിടത്തെല്ലാം മേൽപറഞ്ഞ മൂന്നിനം കൂടിയേകഴിയൂ എന്നു് വരുന്നു.

ഈ മൂന്നിനത്തെയാണു് പുരുഷൻ എന്ന പദംകൊണ്ടു് നിർദ്ദേശിക്കുന്നതു്. നാം ധരിച്ചിട്ടുള്ള, സ്ത്രീയുടെ എതിർപദമായ പുരുഷപദമല്ല ഇതു്. പുരുഷനെന്ന പദത്തിന്നു് ഇവിടെ വ്യക്തിയെന്നു അർത്ഥം വേണമെങ്കിൽ പറയാമെന്നുമാത്രം. സംഭാഷണത്തിനാവശ്യമായ ഇനം അല്ലെങ്കിൽ വിഭാഗം എന്ന അർത്ഥം ധരിക്കുന്നതാണു് ശരി. ഇംഗ്ലീഷ് വ്യാകരണത്തിൽ ഇതിനു് പേഴ്സൻ (Person) എന്നു് പറയും.

ഇവയിൽ പറയപ്പെടുന്ന വിഷയത്തിന്നു് പ്രഥമ പുരുഷനെന്നും കേറംക്കുന്ന വ്യക്തിയ്ക്കു് മദ്ധ്യമ പുരുഷനെന്നും പറയുന്ന വ്യക്തിക്കു് ഉത്തമ പുരുഷനെന്നും പേർ. രാമനെപ്പററി നിങ്ങളോടു് ഞാൻ പറയുന്നു എന്നു് കരുതുക. രാമൻ എൻെറ സംഭാഷണ വിഷയമായതിനാൽ പ്രഥമ പുരുഷൻ. കേറംക്കുന്നതു് നിങ്ങളാകയാൽ നിങ്ങറം

മദ്ധ്യമ പുരുഷൻ. പറയുന്നതു് ഞാനാകയാൽ ഞാൻ ഉത്തമ പുരുഷൻ.

ഇംഗ്ലീഷിൽ ഈ ക്രമം ഒന്നു തലതിരിച്ചാണു് കാണുന്നതു്. ഇന്ത്യൻ ഭാഷകളിൽ പറയാനുള്ള വിഷയത്തിനാണു് ഒന്നാം.സ്ഥാനം. ഇംഗ്ലീഷിൽ പറയുന്ന വ്യക്തിക്കാണതു്.

| | സംസ്കൃതം. | ഇംഗ്ലീഷ്. |
|---|---|---|
| പ്രഥമ പു: | അവൻ, മരം etc. | 1st. Person: I, we. |
| മദ്ധ്യമ പു: | നീ, നിങ്ങൾ. | 2nd. Person: You. |
| ഉത്തമ പു: | ഞാൻ, ഞങ്ങൾ. | 3rd. Person: He, tree etc. |

തലതിരിക്കുമ്പോൾ മദ്ധ്യഭാഗത്തിനു് മാററം വരില്ലല്ലൊ. അതുകൊണ്ടു് 2nd. Person രണ്ടിലും മദ്ധ്യമപുരുഷനായിത്തന്നെ നില്ക്കുന്നു. ഉത്തമപദത്തിന്നു് വ്യാകരണത്തിൽ ഉത്കൃഷ്ടനെന്നല്ല അർത്ഥം, അവസാനത്തെ എന്നാണു്.

## പൊരുത്തം.

കർത്താവിനും ക്രിയയ്ക്കും തമ്മിലുള്ള പൊരുത്തം മലയാളികൾക്കു് പുതുമയാണു്. മററു പല ഭാഷകളിലും ഈ പൊരുത്തം നിർബ്ബന്ധമാണു്.

രാമൻ നടക്കുന്നു എന്ന വാക്യത്തിൽ നടക്കുക എന്ന പ്രവൃത്തി ചെയ്യുന്നവൻ രാമനാണു്. അതിനാൽ 'രാമൻ' ആ ക്രിയയുടെ കർത്താവെന്നു് പറയുന്നു. നടക്കുന്നു എന്നതു് രാമൻ ചെയ്യുന്ന പ്രവൃത്തിയാണു്. ആ പ്രവൃത്തിയെ ക്രിയയെന്നു് വിളിക്കുന്നു. കർത്താവിൻെറ ലിംഗം വചനം പുരുഷൻ എന്നിവയനുസരിച്ചു് ക്രിയക്കു് വരുന്ന മാററങ്ങൾ താഴെ കാണുന്ന ഉദാഹരണങ്ങളിൽനിന്നു് വ്യക്തമാകുന്നതാണു്.

| മലയാളം. | ഇംഗ്ലീഷ്. | ഹിന്ദി. | സംസ്കൃതം. |
|---|---|---|---|
| രാമൻ പോകുന്നു. | Rama goes. | राम जाता | रामः याति |
| സീത പോകുന്നു. | Sita goes. | सीता जाती | सीता याति |
| കുട്ടികൾ പോകുന്നു | Children go. | बच्चे जाते | बालाः यान्ति |
| നീ പോകുന്നു. | Thou goest. | तू जाता | त्वं यासि |
| നിങ്ങൾ പോകുന്നു. | You go. | तुम जाते | यूयं याथ |
| ഞാൻ പോകുന്നു. | I go. | मैं जाता | अहं यामि |
| ഞങ്ങൾ പോകുന്നു. | We go. | हम जाते | वयं यामः |

ഇവിടെ ഒരേ ആശയം നാലു് ഭാഷയിൽ വെളിപ്പെടുത്തിയിരിക്കുന്നു. അവയിൽ, മലയാളവാക്യങ്ങളിൽ കർത്താവിനു് വരുന്ന മാററം ക്രിയയിൽ കാണാനില്ല. മററു ഭാഷകളിൽ മാററംവരുന്നുണ്ടുതാനും. അപ്പോൾ മിക്ക ഭാഷകളിലും കർത്താവിൻെറ ഭേദമനുസരിച്ചു് ക്രിയകൾ മാററം വരാറുണ്ടെന്നതു് വ്യക്തമാണു്.

സൂക്ഷ്മമായി പരിശോധിച്ചാൽ ക്രിയാപദത്തിനു് പ്രധാനമായും രണ്ടംശമുണ്ടെന്നു കാണാം. ആദ്യത്തേതിനു് ധാതുവെന്നും രണ്ടാമത്തേതിനു് പ്രത്യയമെന്നും പേർ. പ്രവൃത്തി ഇന്നതാണെന്നു തോന്നിക്കുന്ന ഭാഗമാണു് ധാതു. ആ പ്രവൃത്തി ഇന്നസമയത്തു് അല്ലെങ്കിൽ ഇന്ന വിധത്തിൽ നടക്കുന്നുവെന്നു് തോന്നിക്കുന്ന ഭാഗം പ്രത്യയം. എഴുതുന്നു എന്ന ക്രിയയുടെ അംശങ്ങൾ എഴുതു് + ഉന്നു എന്നിവയാണു്. ഇതിൽ എഴുത് എന്നതു് ധാതുവാണു്. അതു് ഒരു പ്രത്യേക പ്രവൃത്തി തോന്നിക്കുന്നു. പേനയെടുത്തു് കടലാസ്സിൽ ചേർത്തുപിടിച്ചു് അക്ഷരങ്ങൾക്കനുരൂപമായി ചലിപ്പിക്കുകയാണു് ആ പ്രവൃത്തി. 'ഉന്നു' എന്ന ഭാഗം ആ പ്രവൃത്തി ഇന്ന സമയത്തു് നടക്കുന്നുവെന്നു് തോന്നിക്കുന്നു. കുട്ടി എഴുതുന്നു എന്നു് ഞാൻ പറയുകയാണെങ്കിൽ കുട്ടിയുടെ എഴുതുന്ന പ്രവൃത്തി ഞാൻ പറയുന്ന സമയത്തു നടക്കണമല്ലൊ. അതുകൊണ്ടതു് പ്രത്യയം. കർത്താവിൻെറ ലിംഗവചനപുരുഷഭേദമനുസരിച്ചും പ്രവൃത്തിയുടെ കാലം പ്രകാരം എന്നിവയനുസരിച്ചും മാററം വരുന്നതു് ഈ പ്രത്യയത്തിനാണു്. മേൽ കാണിച്ച ഉദാഹരണങ്ങളിൽനിന്നു് ഈ സംഗതി സ്പഷ്ടമാണല്ലൊ.

## വചനം.

---

വസ്തുവിൻെറ എണ്ണം വചിക്കുന്നതു് (പറയുന്നതു്) ആണു് വചനം. മിക്ക ഭാഷകളിലും വചനം രണ്ടേ ഉള്ളു. ഒന്നിനെ പറയുന്നതു് ഏകവചനം. ഒന്നിലധികമെണ്ണത്തെ പറയുന്നതു് ബഹുവചനം. സംസ്കൃതത്തിൽ ഇതിനല്പം വ്യത്യാസമുണ്ടു്. ഒന്നിനെ പറയുന്നതു് ഏകവചനം; രണ്ടെണ്ണത്തെ പറയുന്നതു് ദ്വിവചനം; രണ്ടിലധികമെണ്ണത്തെപ്പറയുന്നതു് ബഹുവചനം. ഇങ്ങനെ മൂന്നു് വചനമാണു് സംസ്കൃതത്തിലുള്ളതു്. പുരുഷഭേദവും വചനഭേദവും സാമാന്യമായി മനസ്സിലാക്കാൻ താഴെ കാണുന്ന പദങ്ങൾ മനഃപാഠമാക്കുക.

| | ഏകവചനം. | ദ്വിവചനം. | ബഹുവചനം. |
|---|---|---|---|
| പ്രഥമ പുരു: | ബാലഃ (കുട്ടി) | ബാലൗ | ബാലാഃ |
| മദ്ധ്യമ പുരു: | ത്വം (നീ) | യുവാം | യൂയം |
| ഉത്തമ പുരു: | അഹം (ഞാൻ) | ആവാം | വയം |

ഇതേക്രമമനുസരിച്ചു് ധാതുവിനോടു് ചേർക്കേണ്ട പ്രത്യയങ്ങളും താഴെ ചേർക്കുന്നു.

| | ഏകവചനം. | ദ്വിവചനം. | ബഹുവചനം. |
|---|---|---|---|
| പ്രഥമപു: | ति | तः | अन्ति |
| മദ്ധ്യമപു: | सि | थः | थ |
| ഉത്തമപു: | मि | वः | मः |

പോ എന്ന ധാതുവിനോടു് ഉന്നു എന്ന പ്രത്യയം ചേർത്തു് പോവുന്നു എന്ന ക്രിയാപദമുണ്ടാക്കുന്നപോലെ സംസ്കൃതധാതുക്കളോടു് പുരുഷവചനഭേദമനുസരിച്ചു് ഈ പ്രത്യയങ്ങൾ ചേർത്തു് സംസ്കൃതത്തിൽ ക്രിയാരൂപങ്ങളുണ്ടാക്കുന്നു.

या + ति = याति പോകുന്നു.
लिख + ति = लिखति എഴുതുന്നു.
पठ + ति = पठति പഠിക്കുന്നു.

കർത്താവിനുവരുന്ന പുരുഷവചനഭേദമനുസരിച്ചു് ക്രിയാരൂപങ്ങൾ ചേർക്കുന്നതു് താഴെ കാണുന്ന രീതിയിലാണു്.

| | | |
|---|---|---|
| बालः याति | बालौ यातः | बालाः यान्ति |
| त्वं यासि | युवां याथः | यूयं याथ |
| अहं यामि | आवां यावः | वयं यामः |

മനഃപാഠമാക്കുക:—

| | | | | | |
|---|---|---|---|---|---|
| याति | यातः | यान्ति | पठति | पठतः | पठन्ति |
| यासि | याथः | याथ | पठसि | पठथः | पठथ |
| यामि | यावः | यामः | पठामि | पठावः | पठामः |

(നി. 1) अन्ति എന്നതിലെ അകാരം ചില ദിക്കിൽ ലോപിക്കും.
पठ + अन्ति = पठ + न्ति = पठन्ति

(നി. 2) വകാരത്തിലോ മകാരത്തിലോ തുടങ്ങുന്ന ഉത്തമപുരുഷപ്രത്യയത്തിനുമുമ്പുള്ള അകാരം ദീർഘിക്കും. पठ + मि = पठामि

| നാമങ്ങൾ. | | ധാതുക്കൾ. | |
|---|---|---|---|
| जनकः | അച്ഛൻ. | वा | വീശുക. |
| वृक्षः | വൃക്ഷം | चल | ഇളകുക. |
| अनलः | തീ. | ज्वल | ജ്വലിക്കുക. |
| अनिलः | കാററു്. | पठ | പഠിക്കുക. |
| सूर्यः | സൂര്യൻ. | खाद | ഭക്ഷിക്കുക. |
| आचार्यः | ഗുരുനാഥൻ. | पश्य | കാണുക. |
| मृगः | മൃഗം. | स्ना | കുളിക്കുക. |
| विहगः | പക്ഷി. | गच्छ | പോവുക. |
| शिष्यः | ശിഷ്യൻ. | लिख | എഴുതുക. |
| नृपः | രാജാവു്. | रक्ष | രക്ഷിക്കുക. |
| | | पत | വീഴുന്നു. |

തർജ്ജമ ചെയ്യുക:—

I वृक्षाः पतन्ति। जनकः रक्षति। अनलः ज्वलति। वयं खादामः। यूयं लिखथ। आचार्यः पश्यति। नृपौ गच्छतः। आवां स्नावः। अनिलः वाति। युवां पतथः। वृक्षः चलति। त्वं पठसि। अहं लिखामि।

II ഞങ്ങൾ കളിക്കുന്നു. രണ്ടു് കുട്ടികൾ പഠിക്കുന്നു. ഞങ്ങൾ രണ്ടു് പേർ കാണുന്നു. നിങ്ങൾ പോകുന്നു. ഗുരുനാഥൻ എഴുതുന്നു. ഞാൻ കുളിക്കുന്നു. നീ ഭക്ഷിക്കുന്നു. വൃക്ഷങ്ങൾ വീഴുന്നു. സൂര്യൻ ജ്വലിക്കുന്നു.

III താഴെ കാണുന്ന നാമങ്ങളും ധാതുക്കളുമുപയോഗിച്ചു് വാക്യങ്ങളുണ്ടാക്കുക:—

| | |
|---|---|
| अहं | पठन्ति |
| सूर्यः | यासि |
| शिष्याः | रक्षथ |
| वृक्षौ | पतावः |
| यूयं | लिखामि |
| आवां | पश्यतः |
| देवौ | स्नाथ |
| वयं | खादामः |
| त्वं | |

IV തെററു് തിരുത്തിയെഴുതുക:—

वयं खादति । वृक्षः पतसि । यूयं पश्यन्ति । आवां लिखथ ।
त्वं पश्यति । वयं लिखथः । शिष्यौ स्नामः । बालाः लिखसि ।
अ रक्षति । जनकाः रक्षति ।

जनकः स्नाति; चन्द्राकौं
ज्वलतः; भान्ति तारकाः;
पठसि त्वं; युवां याथः;
यूयं स्नाथ; वदाम्यहं
आवां पठावः; पश्यामः
वयं; एवं हि योजना

# ദിവസം രണ്ടു്.

## വിഭക്തി.

ക്രിയാപദങ്ങൾക്കെന്നപോലെ, നാമങ്ങൾക്കും രൂപവ്യത്യാസങ്ങളുണ്ടു്. പ്രവൃത്തിയുടെ കാലത്തേയോ പ്രകാരത്തേയോ ആസ്പദിച്ചാണു് ക്രിയാപദങ്ങൾക്കു് വ്യത്യാസം വരുന്നതു്. നാമങ്ങൾക്കാണെങ്കിൽ ക്രിയയോടുള്ള ബന്ധം കാണിക്കാനാണു് ആ രൂപഭേദം. മറെറാരുവിധത്തിൽ പറഞ്ഞാൽ ക്രിയയുടെ ആവശ്യമനുസരിച്ചാണു് നാമങ്ങൾക്കു് രൂപഭേദം വരുന്നതെന്നു് കാണാം.

എല്ലാ ക്രിയകൾക്കും അവയുടെ പ്രവൃത്തി നിവ്വഹിക്കാൻ ഒരു കത്താവു് ആവശ്യമാണു്. നടക്കുന്നു എന്നു മാത്രം പറഞ്ഞാൽ ആ ക്രിയ എന്തോ ഒന്നാവശ്യപ്പെടുന്നപോലെ തോന്നുന്നു. നടക്കുക എന്ന പ്രവൃത്തി നിറവേററാൻ ഒരാൾ വേണം. കുട്ടി നടക്കുന്നു എന്നു് പറഞ്ഞാൽ ആ ക്രിയയുടെ ആവശ്യം നിറവേറിയതായി തോന്നുന്നുവല്ലൊ.

എന്നാൽ ചില ക്രിയകൾക്കു് അങ്ങനെ ഒരു പദംകൊണ്ടുമാത്രം ഈ ആവശ്യം നിറവേറുകയില്ല. അടിച്ചു എന്നൊരു ക്രിയ; അമ്മ

അടിച്ചു എന്നു് മാത്രം പറഞ്ഞാൽ എന്തോ ഒരു പോരായ്മ തോന്നുന്നു. അടി കൊള്ളാനൊരാാം വേണം. അമ്മ കുട്ടിയെ അടിച്ചു എന്നായാൽ ക്രിയയുടെ അത്യാവശ്യം നിറവേറി. അതുപോലെ അമ്മ പറഞ്ഞു എന്ന വാക്യത്തിലും ഒരു പോരായ്മ തോന്നുന്നു. പറഞ്ഞതു് കേൾക്കാനൊരാളും പറയാൻ ഒരു വിഷയവും ക്രിയയ്ക്കാവശ്യമാണു്. അമ്മ കുട്ടിയോടു് കഥ പറഞ്ഞു എന്നായാൽ ഒരുവിധം തൃപ്തിയായി. താഴെ എഴുതുന്ന വാക്യങ്ങൾ ഈ വിവരണത്തിൻെറ വെളിച്ചത്തിൽ പരിശോധിക്കുക.

കുട്ടി നടക്കുന്നു.
അമ്മ കുട്ടിയെ അടിച്ചു.
അമ്മ കുട്ടിയോടു് കഥ പറഞ്ഞു.
അമ്മ കുട്ടിക്കു് അപ്പം കൊടുത്തു.
അമ്മ കുട്ടിയിൽനിന്നു് വിവരമറിഞ്ഞു.
അമ്മ കുട്ടിയുടെ നിലവിളി കേട്ടു.
അമ്മ കുട്ടിയിൽ ഒരു നല്ല ഭാവി കാണുന്നു.

ഈ വാക്യങ്ങളിൽ കുട്ടി എന്ന നാമത്തിനു് വന്ന മാററം ശ്രദ്ധിക്കുക. അടിയിൽ വരയിട്ട പദങ്ങൾ മാററിക്കളഞ്ഞാൽ ആ വാക്യങ്ങൾക്കു് ഒരപൂർണ്ണത തോന്നുന്നുണ്ടല്ലോ. നാമങ്ങൾക്കു് വരുന്ന ഈ രൂപവ്യത്യാസമാണു് വിഭക്തി. വിഭക്തി എന്ന പദത്തിന്നു് വിഭജനമെന്നർത്ഥം. ക്രിയകളുടെ ആവശ്യം പ്രമാണിച്ചു് നാമങ്ങൾക്കു് വരുന്ന രൂപവിഭജനമാണു് വിഭക്തിയെന്നു് മൊത്തത്തിൽ പറയാം. പക്ഷേ ഒരു വിഭക്തിക്കു് മാത്രം ക്രിയകളുടെ ആവശ്യം പ്രമാണിച്ചല്ല, നാമങ്ങളുടെ ആവശ്യം പ്രമാണിച്ചാണു് രൂപഭേദം വന്നുകാണുന്നതു്. ഇതു് കുട്ടിയുടെ വീടാണു് എന്ന വാക്യത്തിൽ വീടു് എന്ന നാമപദത്തിൻെറ ആവശ്യമാണു് കുട്ടിയുടെ എന്ന പദം നിറവേററുന്നതു്. അതായതു് കുട്ടിയുടെ എന്ന പദം വീടു് എന്ന നാമപദത്തോടാണു് ബന്ധപ്പെടുന്നതെന്നർത്ഥം.

വിഭക്തി ഇങ്ങനെ ഏഴായിത്തിരിയുന്നു. അവയിൽ ഒന്നാം വിഭജനത്തിന്നു് (തരം തിരിവിന്നു്) പ്രഥമാവിഭക്തി എന്നു് പറയുന്നു. രണ്ടാമത്തേതിനു് ദ്വിതീയാവിഭക്തി, അങ്ങനെ തൃതീയ, ചതുർത്ഥി, പഞ്ചമി, ഷഷ്ഠി, സപ്തമി എന്നീ വിഭക്തികളെക്കൊണ്ടു് അതാതു് രൂപഭേദങ്ങളെ വിളിക്കുന്നു.

വിഭക്തികൾക്കു് വചനഭേദമനുസരിച്ചു് മലയാളത്തിലും മററു്

പല ഭാഷകളിലും ഈരണ്ടു് രൂപങ്ങളുണ്ടാകുമല്ലൊ. കുട്ടി, കുട്ടികൾ; കുട്ടിയെ, കുട്ടികളെ എന്നിങ്ങനെ. സംസ്കൃതത്തിൽ ദ്വിവചനമെന്നൊരു വചനം കൂടതലുണ്ടല്ലൊ. അതിനാൽ ആ ഭാഷയിൽ ഓരോ വിഭക്തിയിലും ഏകവചനം, ദ്വിവചനം, ബഹുവചനം എന്നിങ്ങനെ മുമ്മൂന്നു് രൂപങ്ങൾ ഉണ്ടാകുമെന്നതു് ശ്രദ്ധേയമാണു്. താഴെ കൊടുക്കുന്ന രൂപങ്ങൾ പരിശോധിക്കുക.

| | | | |
|---|---|---|---|
| പ്രഥ: | बालः ബാലൻ. | बालौ 2 ബാലന്മാർ. | बालाः ബാലന്മാർ. |
| ദ്വിതീ: | बालं ബാലനെ. | बालौ 2 ബാലന്മാരെ. | बालान् ബാലന്മാരെ. |
| തൃതീ: | बालेन ബാലനാൽ. | बालाभ्यां 2 ബാലന്മാരാൽ. | बालैः ബാലന്മാരാൽ. |
| ചതു: | बालाय ബാലനു്. | बालाभ्यां 2 ബാലന്മാൎക്കു്. | बालेभ्यः ബാലന്മാൎക്കു്. |
| പഞ്ച: | बालात् ബാലനിൽ നിന്നു. | बालाभ्यां 2 ബാലന്മാരിൽ നിന്നു. | बालेभ्यः ബാലന്മാരിൽ നിന്നു. |
| ഷഷ്ഠി: | बालस्य ബാലന്റെ | बालयोः 2 ബാലന്മാരുടെ | बालानां ബാലന്മാരുടെ |
| സപ്ത: | बाले ബാലനിൽ. | बालयोः 2 ബാലന്മാരിൽ | बालेषु ബാലന്മാരിൽ. |

ബാലശബ്ദത്തിന്നു് വരുന്ന ഈ രൂപഭേദങ്ങൾക്കു് കാരണം പ്രത്യയങ്ങളാണു്. പക്ഷെ ക്രിയകളെപ്പോലെ കാലം മുതലായ അൎത്ഥമല്ല ഇവയ്ക്കുള്ളതു്. ക്രിയയുടെ കൎത്താവു്, കൎമ്മം, കരണം മുതലായവയാണിവിടെ അൎത്ഥം. അവയുടെ അൎത്ഥങ്ങളും മററും വഴിയെ വിവരിക്കുന്നതാണു്.

നാമങ്ങളുടെ രൂപഭേദത്തിനു് കാരണമായ വിഭക്തി പ്രത്യയങ്ങൾ താഴെ കൊടുക്കുന്നു.

| | | एक | द्वि | बहु |
|---|---|---|---|---|
| प्र | — | सु | औ | अः |
| द्वि | — | अम् | औ | अः |
| तृ | — | आ | भ्यां | भिः |
| च | — | ए | भ्यां | भ्यः |
| प | — | अः | भ्यां | भ्यः |
| ष | — | अः | ओः | आम् |
| स | — | इ | ओः | सु |

ഈ പ്രത്യയങ്ങളെ സ്വരാദികളെന്നും വ്യഞ്ജനാദികളെന്നും രണ്ടായിത്തിരിക്കുക. ഈ വിഭജനം രൂപരചനയിൽ അത്യന്തമുപകരി

കുന്നതാണ്. സ്വരാന്തപദങ്ങൾ സ്വരാദിപ്രത്യയങ്ങളോട് ചേരുമ്പോഴും വ്യഞ്ജനാന്തപദങ്ങൾ വ്യഞ്ജനാദിപ്രത്യയങ്ങളോട് ചേരുമ്പോഴും മാത്രമെ രൂപനിഷ്പത്തിയിൽ കാൎയ്യമായ മാററം വരുന്നുള്ളു. അതായത് സ്വരവും സ്വരവും തമ്മിലും വ്യഞ്ജനവും വ്യഞ്ജനവും തമ്മിലും ചേരുമ്പോഴാണ് വൎണ്ണങ്ങൾക്ക് കാൎയ്യമായും മാററം വരുന്നതെന്നൎത്ഥം. മേൽക്കാണിച്ച പ്രത്യയങ്ങളിൽ താഴെ വരയിട്ടവ വ്യഞ്ജനാദികളും അല്ലാത്തവ സ്വരാദികളുമാണ്.

'അ' എന്ന സ്വരത്തിലവസാനിക്കുന്ന ബാലശബ്ദത്തോട് മേൽ കാണിച്ച പ്രത്യയങ്ങൾ ചേൎത്തപ്പോൾ വന്ന വ്യത്യാസമൊന്നു പരിശോധിക്കുക. അതിൽ വ്യഞ്ജനാദികളെല്ലാം വലിയ വ്യത്യാസമൊന്നുമില്ലാതെ കാണാം. ഇനി വ്യഞ്ജനാന്തമായ സുഹൃദ് ശബ്ദത്തോട് ഈ പ്രത്യയങ്ങളൊന്നു ചേൎത്തുനോക്കുക.

| | | |
|---|---|---|
| सुहृद् | सुहृदौ | सुहृदः |
| सुहृद् | सुहृदौ | सुहृदः |
| सुहृदा | सुहृद्भ्यां | सुहृद्भिः |
| सुहृदे | सुहृद्भ्यां | सुहृद्भ्यः |
| सुहृदः | सुहृद्भ्यां | सुहृद्भ्यः |
| सुहृदः | सुहृदोः | सुहृदाम् |
| सुहृदि | सुहृदोः | सुहृत्सु |

ഇവിടെ രണ്ടിടത്തു് മാത്രമെ ചെറിയൊരു മാററം വരുന്നുള്ളു. പ്രഥമ ഏകവചനത്തിൽ स् പ്രത്യയം കാണാനില്ല, (നി. 3) സ്വരമിടകുവരാതെ പദാന്തത്തിൽ വ്യഞ്ജനങ്ങൾ തൊട്ടുവന്നാൽ അവസാനത്തെ വ്യഞ്ജനങ്ങൾ ലോപിക്കും. അതിനാൽ सुहृद् + स् എന്നിടത്തെ स् ലോപിച്ച് सुहृद् എന്നായി. സപ്തമി ബഹുവചനത്തിൽ सुहृद् + सु എന്നതു് सुहृत्सु എന്നായിട്ടുണ്ട്. സന്ധിപ്രകരണത്തിൽ ഈ മാററത്തിൻെറ കാരണം വ്യക്തമാകും.

ഇനി വിഭക്തികളുടെ അൎത്ഥം വിശദമായൊന്നു വിവരിക്കാം.

<u>പ്രഥമാ:</u> പ്രഥമാ വിഭക്തിക്ക് മലയാളത്തിലെന്നപോലെ പ്രത്യേകിച്ചെടുത്തുകാട്ടത്തക്ക അൎത്ഥമില്ല. ആ പദത്തിൻെറ സ്വതവേയുള്ള അൎത്ഥമേ അതിനുള്ളു. ക്രിയയുമായി ഏററവുമടുത്ത ബന്ധമാണതിനുള്ളത്.

ഉദാ:- बालः पठति = ബാലൻ പഠിക്കുന്നു.

वृक्षाः चलन्ति = വൃക്ഷങ്ങളിളകുന്നു.

<u>ദ്വിതീയാ:</u> ദ്വിതീയാ വിഭക്തിക്കു് അതിനെ, അതിലേക്കു്, അതിനോടു് എന്നെല്ലാമൎത്ഥമുണ്ടു്.

ഉദാ:- अहं बालं पश्यामि = ഞാൻ ബാലനെ കാണുന്നു.

रामः ग्रामं गच्छति = രാമൻ ഗ്രാമത്തിലേക്കു് പോകുന്നു.

जनकः पुत्रान् वदति = ജനകൻ പുത്രന്മാരോടു് പറയുന്നു.

<u>തൃതീയാ:-</u> തൃതീയക്കു് അതിനാൽ, അതുകൊണ്ടു്, അതുവഴി എന്നെല്ലാമൎത്ഥം.

ഉദാ:- बालः भयेन क्रन्दति = ബാലൻ ഭയത്താൽ കരയുന്നു

जनकः दण्डैः पुत्रं ताडयति = ജനകൻ ദണ്ഡങ്ങൾകൊണ്ടു് പുത്രനെ അടിക്കുന്നു.

<u>ചതുൎത്ഥി:</u> ചതുൎത്ഥിക്കു് അതിനു് എന്നൎത്ഥം.

ഉദാ:- जनकः बालाय पुस्तकं यच्छति = ജനകൻ ബാലനു് പുസ്തകം കൊടുക്കുന്നു.

<u>പഞ്ചമി:</u> പഞ്ചമിക്കു് അതിൽനിന്നു്, അതിനേക്കാൾ, അതിനാൽ എന്നെല്ലാമൎത്ഥം.

ഉദാ:- वृक्षात् फलं पतति = വൃക്ഷത്തിൽനിന്നു് ഫലം വീഴുന്നു.

रामः कृष्णात् समर्थतरः = രാമൻ കൃഷ്ണനേക്കാൾ കൂടുതൽ സമൎത്ഥനാകുന്നു.

बालः भयात् क्रन्दति = ബാലൻ ഭയത്താൽ നിലവിളിക്കുന്നു

<u>ഷഷ്ഠി:</u> ഷഷ്ഠിക്കു് അതിൻെറ, അതിനു്, അതിൽവെച്ചു് എന്നെല്ലാമൎത്ഥം.

ഉദാ:- बालस्य गृहं = ബാലൻെറ വീടു്.

बालस्य माता अस्ति = ബാലനു് അമ്മയുണ്ടു്.

बालानां रामः समर्थः = ബാലന്മാരിൽവെച്ചു് രാമൻ സമൎത്ഥനാകുന്നു.

<u>സപ്തമി:</u> സപ്തമിക്കു് അതിൽ, അതിൽവെച്ചു് എന്നിവയൎത്ഥം.

ഉദാ:- जनकः गृहे अस्ति = ജനകൻ ഗൃഹത്തിൽ ഉണ്ടു്.

बालेषु रामः श्रेष्ठः = ബാലന്മാരിൽവെച്ചു് രാമൻ ശ്രേഷ്ഠനാകുന്നു.

സംബോധനയ്ക്കും പ്രഥമാവിഭക്തിതന്നെയാണുപയോഗിക്കുക. അതിനു് സംബോധന പ്രഥമയെന്നു് പേരിട്ടു് വിഭക്തിയുടെ സംഖ്യ എട്ടാക്കി വർദ്ധിപ്പിച്ചിട്ടുണ്ടു്. അതിനെ മറ്റൊരു വിഭക്തി എന്ന നിലയ്ക്കു് ഇവിടെ സ്വീകരിക്കുന്നില്ല. കാരണമിതാണു്, സംബോധനപ്രഥമയ്ക്കു് പ്രഥമാവിഭക്തിയിൽനിന്നു് വളരെ കുറച്ചു് വ്യത്യാസമേ ഉള്ളൂ. സംബോധനാരൂപമാണെന്നു് കാണിക്കാൻ ഹേ എന്നൊന്നു് കൂട്ടിച്ചേർത്തു് പഠിപ്പിക്കുന്നതു് കൃത്രിമമാണു്. വിഭക്തിയുടെ സംഖ്യ അങ്ങനെ എട്ടാക്കി വർദ്ധിപ്പിക്കുന്നതു് കുട്ടികൾക്കു് ആശയക്കുഴപ്പത്തിനുകൂടി കാരണമാകും. സംബോധനയിൽത്തന്നെ ഏകവചനരൂപത്തിൽ മാത്രമേ വ്യത്യാസം വരുന്നുള്ളൂ. ആ വ്യത്യാസംതന്നെ താഴെ കാണുന്നവയാണുതാനും.

1. മിക്ക പദങ്ങളുടേയും സംബോധനയിൽ സു പ്രത്യയം ലോപിക്കും. बाल

2. ഇകാര, ഉകാര, ഋകാരാന്തങ്ങൾക്കു് ഗുണം വരും. कवे, प्रभो, पितः. ഗുണം ഒരുതരം സ്വരവികാരമാണു്. വർണ്ണവികാരപ്രകരണത്തിൽ അതു് സ്പഷ്ടമാകും.

3. അവസാനത്തെ ദീർഘസ്വരം ഹ്രസ്വമാകും.

जननी—जननि । धीमान्—धीमन् ।

| നാമങ്ങൾ. | | ക്രിയകൾ. |
|---|---|---|
| ईश्वरः | ग्रामः | नमति നമസ്കരിക്കുന്നു. |
| पुत्रः | चोरः | पचति പാകം ചെയ്യുന്നു. |
| नरः | छात्रः | जयति ജയിക്കുന്നു. |
| बालः | तण्डुलः | वसति വസിക്കുന്നു. |
| बुधः | देवः | अर्चति പൂജിക്കുന്നു. |
| रोगः | धनिकः | धावति ഓടുന്നു. |
| आपणः | याचकः | भवति ഉണ്ടാവുന്നു, ആകുന്നു. |
| सूदः | नृपः | पश्यति നോക്കുന്നു, കാണുന്നു. |
| | | वदति പറയുന്നു. |

I തർജ്ജമ ചെയ്യുക: —

a) 1) बुधाः ग्रामेषु वसन्ति 2) नराः देवान् अर्चन्ति 3) मृगाः वने धावन्ति 4) पुत्राः आचार्यान् वदन्ति 5) जनाः आपण गच्छन्ति

6) चोराः मार्गेण धावन्ति 7) पुत्रः गुणैः जनकं जयति 8) अहं आपणात् धावामि।

b) 1) ഞാൻ ഈശ്വരനെ നമസ്കരിക്കുന്നു. 2) രാജാവിന്റെ പുത്രന്മാർ ജയിക്കുന്നു. 3) ഞങ്ങൾ ഗ്രാമങ്ങളിൽ താമസിക്കുന്നു. 4) ആളുകൾ അരിയ്ക്കു് അങ്ങാടിയിലേക്കു് പേകുന്നു. 5) യാചകന്മാർ ധനികന്മാരോടു് പറയുന്നു. 6) കള്ളന്മാർ ഗ്രാമങ്ങളിൽനിന്നു് ഓടുന്നു. 7) നിങ്ങൾ ദേവന്മാരെ കാണുന്നു. 8) ഞങ്ങൾ ശിഷ്യന്മാരാടു് പറയുന്നു. 9) കള്ളന്മാരുടെ മക്കൾ ധനികരെ നോക്കുന്നു. 10) രാമന്റെ ബാണങ്ങൾ ദേഹത്തിൽ വീഴുന്നു.

II താഴെ കാണുന്ന പദങ്ങളുപയോഗിച്ചു് ഓരോ വാക്യമുണ്ടാക്കുക:—

वृक्षेभ्यः, अनिलेन, जनकं, ग्रामे, बुधान्, देवाः, बाणैः, फलेभ्यः, आकाशात्, नृपाय, जनानां।

III सुहृद् ശബ്ദത്തിന്റെ വിഭക്തിരൂപങ്ങൾ മനഃപാഠമാക്കുക.

IV വിഭക്തികളുടെ അർത്ഥം മനസ്സിലുറപ്പിക്കുക.

V പൂരിപ്പിക്കുക:—

1) अहं.........पश्यामि। 2) बालाः ग्राम.........। 3) ......... फलानि पतन्ति। 4) सूदाः.........पचन्ति। 5) नराः देवान्.........।

VI പദങ്ങൾ കൂട്ടിച്ചേർത്തു് വാക്യങ്ങളുണ്ടാക്കുക:—

जनाः वसन्ति ग्रामेषु लोकं वसामि रक्षति अहं गृहे ईश्वरः पठसि जनाः त्वं पाठं नमन्ति बुधान् फलं पतति वृक्षात्।

VII പരാവർത്തനം ചെയ്യുക:—

परोपकाराय फलन्ति पादपाः
ददाति मेघः तृषिताय जीवनम्
नतं प्रदेशं प्रवहन्ति निम्नगाः
विभाति सूर्यः भुवनस्य भूतये।

पादपः = മരം. ददाति = കൊടുക്കുന്നു. निम्नगाः — പുഴകൾ. भूतये — ഐശ്വര്യത്തിന്നു് ( भूति + ए )

# ദിവസം മൂന്നു്.

## വൎണ്ണവിഭാഗം.

നമ്മുടെ വായ് ആദ്യത്തെ ദഹനോപകരണമെന്നപോലെ ശബ്ദനിഷ്പാദനത്തിന്റെയും ഒരുപകരണമാണു്. ശ്വാസകോശം മുതൽ വായുടെ ഇങ്ങേ അററമായ ചുണ്ടുവരെയുള്ള ഭാഗം ശരീരത്തിലെ മററു പല പ്രവൎത്തനങ്ങൾക്കുമുതകുന്നപോലെ ശബ്ദനിഷ്പാദനത്തിനു മുപകരിക്കുന്നമട്ടിലാണു് ഘടിപ്പിച്ചിട്ടുള്ളതു്.

നാം ഓരോടക്കുഴൽ വിളിക്കുകയാണെന്നു് കരുതുക. അതിന്റെ ഒരററം ചുണ്ടിലമൎത്തിപ്പിടിച്ചു് അതിലൂടെ ശ്വാസം പ്രവഹിപ്പിക്കുന്നു. ആ ശ്വാസം ഒരു തട്ടും തടവുമില്ലാതെ ശരിക്കു് പ്രവഹിപ്പിക്കുകയാണെങ്കിൽ ഒരു ശബ്ദം കേൾക്കുന്നു അതിന്റെ ദ്വാരങ്ങൾ വിരലുകൊണ്ടമൎത്തി ശ്വാസത്തിനല്പം തടസ്ഥമുണ്ടാക്കിവിട്ടാൽ മറെറാരുതരം ശബ്ദമായി.

നമ്മുടെ ശ്വാസനാളം ഒരു കുഴലാണെന്നു് കരുതുക. അതിന്റെ ഇങ്ങേ അററത്തു് വ്യാസം കൂടിയ ഒരു ഭാഗമുണ്ടു്. അതാണു് വായ. സംഭാഷണം ചെയ്യണമെന്ന തോന്നലുണ്ടാകുമ്പോൾ മനഃപൂൎവ്വമായ പ്രവൎത്തനമൊന്നുമില്ലാതെത്തന്നെ ശ്വാസം ശ്വാസനാളത്തിലൂടെ മേലോട്ടുയരുന്നു. ആ ശ്വാസം * സ്വരപേടകത്തിനകത്തുള്ള നദനതന്തുക്കൾക്കു് കമ്പനമുണ്ടാക്കുന്നു. അപ്പോൾ അതു് ശബ്ദമായിത്തീരുന്നു. ഒരു ബലൂൺ ഊതിവീൎപ്പിച്ചതിന്നുശേഷം കാററു് പുറത്തു് വിടുമ്പോൾ അതിനകത്തുള്ള റബ്ബറിന്റെ ശകലം തിറമ്പുന്നതുകൊണ്ടു്-കമ്പിക്കുന്നതുകൊണ്ടു്-ഒരു ശബ്ദമുണ്ടാകുന്നുണ്ടല്ലോ. ഏതാണ്ടതേ പ്രവൎത്തനംതന്നെയാണിവിടേയും നടക്കുന്നതു്. 'അ' എന്നൊന്നുച്ചരിച്ചുനോക്കുക. അകത്തുനിന്നു് വരുന്ന ശ്വാസം കണ്ഠനാളത്തെ അകത്തി നേരെ പുറത്തേക്കു് നിൎഗ്ഗമിക്കുന്നു. 'ഇ' എന്നുച്ചരിക്കുമ്പോൾ

* സ്വരപേടകം കണ്ഠത്തിൽ മുൻവശത്തു് മുഴച്ചുകാണുന്ന ഭാഗമാണു്. പുരുഷന്മാരുടെ സ്വരപേടകം വലുതാകയാൽ നല്ലപോലെ മുഴച്ചുകാണുന്നു. സ്ത്രീകളുടേതു് ചെറുതാകയാൽ അത്ര വ്യക്തമായി കാണില്ലെന്നുമാത്രം. സ്ത്രീകളുടെ ശബ്ദം പുരുഷന്മാരുടേതിനേക്കാൾ നേൎത്തതാവാനും കാരണമതാവാം.

അല്പമൊരു വ്യത്യാസം വരുന്നതു് കാണാം. നാക്കല്പം മേലോട്ടു് തള്ളി ശ്വാസത്തിൻെറ ഗതിയെ ഒന്നു വളച്ചു കുത്തിപുറത്തുവിടുന്നു, എങ്കിലും അവിടേയും ശ്വാസത്തിൻെറ ഗതി തടയപ്പെടുന്നില്ല.

ഇനി നാക്കിൻെറ അററം കുത്തനെപ്പിടിച്ചു് ശ്വാസഗതിയൊന്നു് നിയന്ത്രിച്ചുനോക്കുക. ऋ എന്നു് കേൾക്കാം. നാക്കിൻെറ അററം പല്ലിൻെറ ഊനിൽ തൊട്ടുതൊട്ടില്ലെന്നവിധം പിടിച്ചു് അതേശ്വാസം പ്രവഹിപ്പിച്ചാൽ ऌ എന്നു് കേൾക്കാം. ചുണ്ടു് രണ്ടും ഒന്നു് ചുളുക്കി നിയന്ത്രിതമായ നിലയിൽ അതേ ശ്വാസം പ്രവഹിപ്പിച്ചാൽ 'उ' എന്നായിമാറുന്നു. അങ്ങനെ ഓരേ ശ്വാസം വിഭിന്നമാർഗ്ഗങ്ങളിലൂടെ, അല്പം നിയന്ത്രണമുണ്ടെങ്കിലും പറയത്തക്ക തടസ്ഥമൊന്നുമില്ലാതെ പ്രവഹിച്ചാൽ ഓരോ നാദമായിപരിണമിക്കുന്നു.*

അങ്ങനെ തൊണ്ടമുതൽ ചുണ്ടുവരേയുള്ള അഞ്ചു് സ്ഥാനത്തുനിന്നു് अ, इ, ऋ, ऌ, उ എന്നു് യഥാക്രമം അഞ്ചു് നാദം പുറപ്പെടുന്നു. അവയ്ക്കു് സ്വരമെന്നു് പേർ.

ഇനി മേൽപറഞ്ഞ സ്ഥാനങ്ങളിൽ മറെറാരുതരം പ്രവൎത്തനം നടത്തിനോക്കുക. കണ്ഠനാളം ചെറുനാവുകൊണ്ടൊന്നടച്ചു് ശ്വാസഗതിക്കല്പം തടസ്ഥമുണ്ടാക്കി തുറന്നുവിടുക. 'ക' എന്നൊരു ശബ്ദം കേൾക്കാം. അതുപോലെ നാവു കുറച്ചൊന്നുയൎത്തി അണ്ണാക്കിൽ ഒന്നു് പതിച്ചെടുക്കുക; 'ച' എന്ന ശബ്ദം കേൾക്കാം. നാക്കിൻെറ അററം കുത്തനെ നിൎത്തി ഒന്നകത്തോട്ടു് വളച്ചു് അണ്ണാക്കിൻെറ അകത്തൊന്നെററിക്കൊടുക്കുക. 'ട' എന്നായി, നാക്കിൻെറ അററം പല്ലിൻെറ ഊനിലൊന്നു് കുത്തിയെടുത്താൽ 'ത' ആയി. ചുണ്ടു് രണ്ടുംകൂട്ടി ശ്വാസഗതി തടസ്ഥപ്പെടുത്തിയെടുത്താൽ 'പ' എന്നു് കേൾക്കാം. അങ്ങനെ തൊണ്ട മുതൽ ചുണ്ടുവരെയുള്ള അഞ്ചു് സ്ഥാനങ്ങളിൽനിന്നു് ശ്വാസഗതി തടയാതെ ഉളവാകുന്ന സ്വരങ്ങളെ

---

* ऋ. ऌ എന്നിവ ഉച്ചരിക്കുമ്പോൾ അവയവങ്ങൾ തമ്മിൽ അല്പാല്പം തട്ടുന്നുണ്ടു്. അ, ഇ, ഉ എന്നിവപോലെ തീരെ തട്ടാതെയായിരിക്കണം അവയെ ഉച്ചരിക്കുന്നതു്. ആ ഉച്ചാരണരീതി ഇന്നു് അജ്ഞാതമായിരിക്കുന്നു. ഋദ്ധോച്ചാരണം ദുഷിച്ചു് ദുഷിച്ചു് ഏറു, ഏള എന്നുവരെ മലയാളത്തിലെത്തിയിട്ടുണ്ടു്. ഋകാരോച്ചാരണം ഹിന്ദിയിൽ റി എന്നായി മാറിയിരിക്കുന്നതും ഇതിനു് ദൃഷ്ടാന്തമാണു്. ഋഷി रिषि.

പ്പോലെ തടയപ്പെട്ടും അഞ്ചു് ശബ്ദമുണ്ടാവുന്നു. തടയപ്പെടാതെ വരുന്നവയ്ക്കു് സ്വരമെന്നും തടയപ്പെട്ടുവരുന്നവയ്ക്കു് വ്യഞ്ജനമെന്നും പേർ.

സ്വരങ്ങൾ:— अ, इ, ऋ, लृ, उ.

വ്യഞ്ജനങ്ങൾ:— क, च, ट, त, प.

പ്രസ്തുത വ്യഞ്ജനങ്ങളിൽ മറെറാരു വൎണ്ണം വിലയിക്കുന്നതുകൊണ്ടും വൎണ്ണോത്പത്തിക്കാവശ്യമായ അവയവങ്ങളുടെ വിവിധ പ്രവൎത്തനംകൊണ്ടും ഇവ പലമട്ടിലായിമാറുന്നു.

ഹ എന്നൊരു വൎണ്ണമുണ്ടു്. അതിനു് പല സ്വഭാവങ്ങളുമുണ്ടു്. ചിലപ്പോൾ അതു് ഒരു വ്യഞ്ജനത്തിൽ വിലയിച്ചു് അതിനെ മറെറാരു വ്യഞ്ജനമാക്കി മാററുന്നു. ചെമ്പിൽ ഈയം ചേൎന്നു് പുതിയൊരു ലോഹമാകുന്നപോലെ. ചിലപ്പോൾ അതു് ഒരു വൎണ്ണത്തിൽ നിന്നു് മറെറാരു വൎണ്ണത്തിലേക്കു് ചാടിക്കടക്കുന്നു. ചിലപ്പോൾ അതു് ഒളിച്ചോടിപ്പോകുന്നു. ഇതിൽ ആദ്യത്തെ സ്വഭാവമാണു് വ്യഞ്ജനങ്ങളെ പലതാക്കിത്തീൎക്കുന്നതു്. ഈ ഹകാരത്തിൻെറ വിലയനംകൊണ്ടു് മേൽപറഞ്ഞ വ്യഞ്ജനങ്ങൾ അഞ്ചായി മാറുന്നു.

क् + ह = ख, च् + ह = छ, ट् + ह = ठ, त् + ह = थ, प् + ह = फ.

ഇംഗ്ലീഷിലും ഉച്ചാരണവൈവിദ്ധ്യംവരുത്താൻ ഹകാരത്തിൻെറ ലിപിയായ H കൂട്ടിച്ചേൎക്കുകയാണു് പതിവു്. That, Authority, Physician, Ghee. മററു് പല ഭാഷകളിലും ഈ സമ്പ്രദായം കാണുന്നുണ്ടു.

ഇനി മറെറാരു പ്രവൎത്തനം നോക്കാം. ക, ച, ട, ത, പ എന്നീ വ്യഞ്ജനങ്ങൾ ഉച്ചരിക്കാനുപയോഗിച്ച അവയവങ്ങൾതന്നെ ആദ്യം കൂട്ടിച്ചേൎത്തതിന്നുശേഷം അല്പം മാൎദ്ദവത്തോടെ അകററുക. അപ്പോൾ അതാതു സ്ഥാനങ്ങളിൽനിന്നു്

ഗ, ജ, ഡ, ദ, ബ

എന്ന വൎണ്ണങ്ങളുണ്ടാകുന്നു. അവയിൽത്തന്നെ ഹകാരം വിലയിപ്പിക്കുക. അപ്പോൾ ശബ്ദമൊന്നു് മുഴങ്ങികേൾക്കാം.

ഗ് + ഹ = ഘ, ജ് + ഹ = ഝ, ഡ് + ഹ = ഢ, ദ് + ഹ = ധ, ബ് + ഹ = ഭ.

ക മുതൽക്കുള്ള ഓരോ വ്യഞ്ജനവും ഇങ്ങനെ നാലുവിധമായി ത്തിരിഞ്ഞല്ലോ. ഇനി അഞ്ചാമതൊരെണ്ണംകൂടിയുണ്ട്. ഗ, ജ, ഡ, ദ, ബ എന്നിവയുച്ചരിക്കാനൊരുങ്ങിയശേഷം പകുതി ശ്വാസം മൂക്കിൽക്കൂടി വിടുക. അപ്പോൾ അവ,

ङ, ञ, ण, न, म

എന്നായി മാറുന്നു. മൂക്ക് അടച്ചുപിടിച്ച് ഈ വർണ്ണങ്ങളുച്ചരിച്ചു നോക്കിയാൽ പ്രസ്തുത വർണ്ണങ്ങളുടെ ഉച്ചാരണത്തിൽ മൂക്കിന്റെ സഹായമാവശ്യമെന്ന് കാണാം.

അതാതവയവങ്ങളിൽ നല്ലപോലെ സ്പർശിക്കാതേയും ചില വർണ്ണങ്ങളുദ്ഭവിക്കുന്നുണ്ട്. അണ്ണാക്ക് മുതൽ ചുണ്ടുവരെയുള്ള നാല് സ്ഥാനങ്ങളിൽനിന്നാണവയുടെ ഉദ്ഭവം

യ, ര, ല, വ എന്നീ നാലെണ്ണമാണവ. ഇകാരംപോലെ അണ്ണാക്കിൽ തീരെ സ്പർശിക്കാതെയല്ല, ചകാരംപോലെ നല്ലപോലെ സ്പർശിച്ചുമല്ല യ എന്നുച്ചരിക്കുന്നത്. മററ് മൂന്നു വർണ്ണങ്ങളുടേയും ഉച്ചാരണവും ഇതേ രീതിയിലാണ്.

ഹ, ശ, ഷ, സ എന്നീ നാല് വർണ്ണങ്ങളുടെ ഉദ്ഭവം കണ്ഠം മുതൽ ദന്തംവരെയുള്ള നാല് സ്ഥാനങ്ങളിൽനിന്നാണ്. ഇവയുടെ ഉച്ചാരണത്തിനൊരു വിശേഷതയുണ്ട്. സ്വരങ്ങൾപോലെ ഇവ ദീർഘിപ്പിക്കാവുന്നതാണ്. ശ്......ശബ്ദമുണ്ടാക്കരുത്.

മേൽ പ്രസ്താവിച്ച വർണ്ണങ്ങളെ ഒരു ക്രമീകൃതരീതിയിൽ താഴെ കൊടുത്ത പട്ടികയിൽ ചേർക്കാം.

| | കണ്ഠ്യം. | താലവ്യം. | മൂർദ്ധന്യം. | ദന്ത്യം. | ഓഷ്ഠ്യം. | |
|---|---|---|---|---|---|---|
| | अ | इ | ऋ | ऌ | उ | സ്വരങ്ങൾ |
| ഖരം | क | च | ट | त | प | വ്യഞ്ജനങ്ങൾ |
| അതിഖരം | ख | छ | ठ | थ | फ | |
| മൃദു | ग | ज | ड | द | ब | |
| ഘോഷം | घ | झ | ढ | ध | भ | |
| അനുനാസികം | ङ | ञ | ण | न | म | |
| അന്തസ്ഥം | — | य | र | ल | व | |
| ഊഷ്മാക്കൾ | ह | श | ष | स | — | |

താഴെ വരയിട്ട വർണ്ണങ്ങളെ ഖരങ്ങളെന്നും അല്ലാത്തവയെ മൃദു

ക്കളെന്നും സന്ധിസൌകത്തിന്നുവേണ്ടിമാത്രം വിളിക്കുക.

കണ്ഠത്തിൽനിന്നുണ്ടാവുന്നതു് കണ്ഠ്യം. താലു = അണ്ണാക്കു്. താലുവിൽനിന്നുണ്ടാവുന്നതു് താലവ്യം. മൂൎദ്ധാവു് = ശബ്ദോത്പത്തിസ്ഥാനങ്ങളിൽ ഏററവുമുയൎന്ന സ്ഥാനം. അതിൽനിന്നുണ്ടാവുന്നതു് മൂൎദ്ധന്യം. ദന്തം = പല്ലിൻെറ അകത്തെ ഊനു്, കട. ഓഷ്ഠം = ചുണ്ടു്.

ഖരമെന്നതിന്നു് പരുഷതയോടെ അവയവങ്ങൾ തമ്മിൽ സ്പൎശിച്ചുവരുന്ന വ്യഞ്ജനമെന്നൎത്ഥം. അനുനാസികം = നാസികയുടെ സഹായത്തോടെ വരുന്നതു്. അന്തഃസ്ഥം = സ്വരവ്യഞ്ജനങ്ങളുടെ ഇടയ്ക്കുനില്ക്കുന്നതു്,

സ്വരങ്ങൾ, വ്യഞ്ജനങ്ങൾ എന്നിങ്ങനെ വൎണ്ണങ്ങൾ രണ്ടുവിധമായി തരംതിരിയുന്നു. അവയിൽ സ്വരങ്ങൾക്കുമാത്രമേ സ്വാതന്ത്ര്യമായ നിലനില്പുള്ളു. വ്യഞ്ജനങ്ങൾക്കു് സ്വരസഹായമില്ലാതെ തനിയെ നില്ക്കാൻ സാദ്ധ്യമല്ല. നില്ക്കുകയാണെങ്കിൽത്തന്നെ പദാന്തത്തിലേ കാണുകയുള്ളു. ആ സമയത്തു് അവ ഖരങ്ങളായി മാറുകയും ചെയ്യും. ക് എന്നതു് തനതായുച്ചരിച്ചാൽ ശബ്ദം പുറത്തു വരില്ല. പുറത്തു് കേൾക്കണമെങ്കിൽ എന്തെങ്കിലും സ്വരം ചേൎത്തു 'ക' എന്നോ 'കി' എന്നോ ആക്കി മാററണം. എല്ലാ വ്യഞ്ജനങ്ങളോടും അകാരം ചേൎത്താണിവിടെ കാണിച്ചിരിക്കുന്നതു്. അങ്ങനെയാണു് നാമുച്ചരിക്കുകയും പതിവു്, വെറും വ്യഞ്ജനമുച്ചരിക്കാനസാദ്ധ്യമാകയാൽ മിക്ക ഭാഷയിലും സ്വരം ചേൎത്താണു് അക്ഷരമാല പഠിപ്പിക്കുന്നതു്. പക്ഷേ ഭാരതീയ ഭാഷകളെപ്പോലെ ഒരു ക്രമീകൃതമായ രീതി മററു് ഭാഷകളിലില്ലെന്നുമാത്രം. ഇംഗ്ലീഷിലെ രീതി നോക്കുക. എഫ് എന്നതിന്നു് ആദ്യമാണു് സ്വരം ചേൎത്തുച്ചരിക്കുന്നതെങ്കിൽ ജി എന്നതിനവസാനമാണു്. ഒന്നിൽ ഏ യും മറേറതിൽ ഇ യുമാണുതാനും. അറബി ഭാഷയിലും അതിൻെറ സന്തതികളായ മററു ഭാഷകളിലും ഈ സമ്പ്രദായം കാണാം. പ്രയോഗാവസരത്തിൽ അടയുടെ ഇലപോലെ ആ സ്വരങ്ങളെല്ലാം പുറംതള്ളപ്പെടും.

സ്വരങ്ങളിലും വ്യഞ്ജനങ്ങളിലും പെടാതെ പരിക്ലൃപ്തമായൊരു; ക്ഷരരൂപംകൂടിയില്ലാതെ രണ്ടുച്ചാരണംകൂടിയുണ്ടു്, ഒന്നു് വിസൎഗ്ഗം് മറെറാന്നു് അനുസ്വാരം.

ക, ഖ, പ, ഫ എന്നിവ തുടൎന്നുവരുമ്പോഴും പാദാവസാനത്തിലും (ഗദ്യത്തിലാണെങ്കിൽ വാക്യാവസാനത്തിലും) മാത്രമേ

വിസർഗ്ഗം കാണുകയുള്ളു. മററുള്ളിടത്തെല്ലാം വിസർഗ്ഗം ഓരോ രൂപഭേദം കൈക്കൊള്ളും. സന്ധിപ്രകരണത്തിൽ ഇതു് സ്പഷ്ടമാകും. ബാല: എന്നതിലെ അന്ത്യത്തിലുള്ള ഉച്ചാരണവിശേഷമാണു് വിസർഗ്ഗം.

അനുസ്വാരം മകാരത്തിന്റെ ഒരു രൂപാന്തരമാണു്. സ്വരത്തിന്റെ സാന്നിദ്ധ്യമില്ലെങ്കിൽ മകാരത്തെ അനുസ്വാരമായാണുച്ചരിക്കുക പതിവു്. ജലം എന്നതിലെ അവസാനത്തെ ഉച്ചാരണമാണു് അനുസ്വാരം. ഈ ഉച്ചാരണവിശേഷം ചിലപ്പോൾ നകാരത്തിനും സന്ധികാര്യ്യങ്ങളിൽ കാണാം.

ഒരു വർണ്ണത്തെ എടുത്തുപറയേണ്ടിവരുമ്പോൾ കാരം എന്നു് ചേർക്കുക പതിവാണു്. കകാരം = ക എന്ന വർണ്ണം. ചകാരം, അകാരം. ര എന്നതിനു് രകാരമെന്നല്ല, രേഫമെന്നാണു് പറയുക പതിവു.

വർണ്ണം, അക്ഷരം എന്നിവ പര്യ്യായങ്ങളായി പ്രയോഗിക്കാറുണ്ടു്. പക്ഷേ അവ തമ്മിൽ വ്യാകരണത്തിൽ അല്പം വ്യത്യാസമുണ്ടു്. വർണ്ണങ്ങളെ വിഘടിപ്പിക്കാൻ സാദ്ധ്യമല്ല. അക്ഷരങ്ങളങ്ങനെയല്ല, അവയെ വിഘടിപ്പിക്കാം. ഗ്, അ എന്നിവ വർണ്ണങ്ങളാണു്. ഗ എന്നതു് അക്ഷരമാണു്. എന്നാൽ സ്വരം അക്ഷരവും വർണ്ണവുമാണു്. സാധാരണയായി അക്ഷരം വ്യഞ്ജനവും സ്വരവും ചേർന്നതായിരിക്കും. ഒന്നിലധികം വ്യഞ്ജനവും ഒരു സ്വരവും കൂടിച്ചേർന്നവയ്ക്കു് സംയുക്താക്ഷരങ്ങളെന്നു പറയും.

रमा എന്നതിൽ രണ്ടക്ഷരമാണുള്ളതു്. എന്നാൽ र् अ म् आ എന്ന നാലു് വർണ്ണമതിലുണ്ടു്.

श् र् ई എന്ന മൂന്നു് വർണ്ണങ്ങൾ ചേർന്നതാണു് श्री എന്ന സംയുക്താക്ഷരം.

विद्वान् എന്നതിൽ രണ്ടക്ഷരമുണ്ടു്. അതിൽ वि കേവലാക്ഷരവും द्वान् സംയുക്താക്ഷരവുമാണു്. അതിലെ വർണ്ണങ്ങൾ व् इ द् व् आ न् എന്നിവയാണു്.

| ധാതുക്കൾ. | | നാമങ്ങൾ. | |
|---|---|---|---|
| लस | ശോഭിക്കുക. | अंगण | മുററം. |
| रट | കരയുക (കാക്ക) | दुग्ध | പാൽ. |

| | | | |
|---|---|---|---|
| पिब | കുടിക്കുക. | वराहः | പന്നി. |
| चर | നടക്കുക. | पल्वलः | തടാകം. |
| अट | അലഞ്ഞുനടക്കുക. | तटित् | ഇടിമിന്നൽ. |
| क्रन्द् | കരയുക. | वाच् | വാക്ക്. |
| जीव | ജീവിക്കുക. | दिश् | ദിക്ക്. |
| सृज | സൃഷ്ടിക്കുക. | मरुत् | കാററ്. |
| क्रीड | കളിക്കുക. | काव्यं | കാവ്യം. |
| धाव | ഓടുക. | जनः | ജനം. |
| अस् | ഉണ്ടാവുക (to be) ആവുക. | मृगः | മൃഗം. |

च ഉം

न ഇല്ല

सह കൂടെ

विना കൂടാതെ

नक्तं രാത്രി.

अस् എന്ന ധാതുവിൻെറ രൂപനിഷ്പത്തിയിൽ അല്പം വിശേഷമുണ്ട്. ദ്വിവചനത്തിലും ബഹുവചനത്തിലും अस् എന്നതിൻെറ अ എന്ന വർണ്ണും ലോപിക്കും. മദ്ധ്യമപുരുഷൈകവചനത്തിൽ स् എന്നതും ലോപിക്കും.

| | | |
|---|---|---|
| अस्ति | स्तः | सन्ति |
| असि | स्थः | स्थ |
| अस्मि | स्वः | स्मः |

അഭ്യാസം.

I തർജ്ജമ ചെയ്യുക:—

1) രണ്ടു് കുട്ടികൾ മുററത്തു് കളിക്കുന്നു. 2) ഞങ്ങൾ പാൽ കുടിക്കുന്നു. 3) പന്നികൾ തടാകങ്ങളുടെ തീരങ്ങളിൽ ജീവിക്കുന്നു. ജനങ്ങൾ തടാകങ്ങളിലെ വെള്ളം കുടിക്കുന്നില്ല. 5) കാററിൻെറ അടികൊണ്ടു് മരങ്ങൾ ഇളകുന്നില്ല. 6) ഈശ്വരൻ ലോകത്തെ സൃഷ്ടിക്കുന്നു. 7) നിങ്ങൾ കാവ്യം വായിക്കുന്നു. 8) മാനുകൾ പുലികളിൽനിന്നുള്ള ഭയത്താൽ കാടുകളിൽ ഓടുന്നു. 9) രാമനും കൃഷ്ണനും സന്തോഷിക്കുന്നു. 10) നിങ്ങൾ രണ്ടുപേരും ചന്ദ്രനെ കാണുന്നു.

1) सिंहाः व्याघ्रेभ्यः शक्ततराः सन्ति । 2) तटितः प्रकाशेन पान्थाः नक्तं चरन्ति । 3) सज्जनानां वाचि माधुर्यं अस्ति । 4) दिशि मरुतः वान्ति ।

5) बालौ गजात् भयेन क्रन्दति। 6) बालाः पुष्पं न त्यजन्ति। 7) ईश्वरः लोकं सृजति। 8) आवां कानने अटावः। 9) यूयं मार्गे चरथ। 10) आचार्यस्य कृष्णः छात्रेषु प्रियतमः। 11) वृक्षाः मरुता चलन्ति।

II തെററു് തിരുത്തിയെഴുതുക:—

1) ग्रामेषु जनाः वसामि। 2) वयं जनकं पश्यति। 3) त्वं पत्रं लिखन्ति। 4) शिष्यः आचार्यं वदथ। 5) मीनाः जले जीवसि।

III ആവശ്യമുള്ള പ്രത്യയങ്ങൾ ചേൎത്തു് വാക്യമുണ്ടാക്കുക:—

1) वृक्ष पुष्पं लस। 2) पर्वत शिखर अस्। 3) काक प्रभात रट।
4) त्वं पत्रं लिख। 5) अहं अंकणं क्रीड। 6) वृद्ध दुग्ध पिब।
7) सिंह काननं अटन्ति। 8) भक्तौ ईश्वर नम। 9) दिलीप पुत्राः न अस्।
10) नृप वसिष्ठ पश्य।

IV 1) थ, ब, ड, स, व എന്നീ വൎണ്ണങ്ങൾ ഏതെല്ലാം സ്ഥാനങ്ങളിൽ നിന്നുദ്ഭവിക്കുന്നു?

2) സ്വരങ്ങൾക്കും വ്യഞ്ജനങ്ങൾക്കും തമ്മിലുള്ള വ്യത്യാസമെന്തു്?

3) അനുനാസിക വൎണ്ണങ്ങളുടെ ഉച്ചാരണത്തിനുള്ള പ്രത്യേകതയെന്തു്?

4) താഴെ പറയുന്ന വൎണ്ണങ്ങളേതെല്ലാം?

1) ഓഷ്ഠ്യമായ അനുനാസികം. 2) താലവ്യമായ ഘോഷം. 3) കണ്ഠ്യമായ മൃദു. 4) ദന്ത്യമായ അതിഖരം. 5) മൂൎദ്ധന്യമായ ഖരം.

V सुहृद् ശബ്ദത്തിന്റെ വിഭക്തിരൂപങ്ങൾ മനഃപാഠമാക്കുക.

# ദിവസം നാലു്.

## വൎണ്ണവികാരങ്ങൾ.

വൎണ്ണങ്ങൾക്കു് സ്വരമെന്നും വ്യഞ്ജനമെന്നും രണ്ടു് വിഭാഗമുണ്ടെന്നു് വിശദമായല്ലോ. അവയിൽ സ്വരങ്ങൾക്കും വ്യഞ്ജനങ്ങൾക്കും പല വിധത്തിലും വികാരങ്ങൾ വരുന്നുണ്ടു. അതിൽ സ്വരങ്ങൾക്കു് വരുന്ന വികാരങ്ങൾ താഴെ പറയുന്നു.

### ഹ്രസ്വം, ദീൎഘം, സംയുക്തം.

സ്വരങ്ങൾ ആകെ അഞ്ചെണ്ണമാണല്ലോ നാം കണ്ടതു്. ഇനിയും പല സ്വരങ്ങളും നമുക്കു് പരിചിതങ്ങളാണു്. आ, ई, ऊ, ॠ, ए, ऐ, ओ, औ എന്നിവ. മുമ്പു് പഠിച്ച അഞ്ചു് വൎണ്ണങ്ങളുടെതന്നെ രൂപാന്തരമോ പരസ്പരം കൂടിച്ചേൎന്ന രൂപമോ ആണവയെല്ലാം.

സ്വരങ്ങളെ അവയുടെ ഹ്രസ്വരൂപത്തിലാണു് നാമാദ്യമായി പരിചയപ്പെട്ടതു്. ഒരാൾ ഉച്ചരിക്കുന്ന ശബ്ദം അഭിമുഖമായി നില്ക്കുന്ന ഒരാളുടെ ചെവിയിലെത്താൻ എത്രമാത്രം പരിമിതമായ സമയം വേണമോ അതാണൊരു മാത്ര. അങ്ങനെ ഒരു മാത്ര മാത്രമുച്ചാരണം വരുന്ന സ്വരത്തെ ഹ്രസ്വമെന്നു് വിളിക്കുന്നു. अ, इ, ऋ, ऌ, उ ഇവ ഹ്രസ്വങ്ങളാണു്. ഉച്ചാരണത്തിൽ ഒന്നിലധികം മാത്രയെടുത്താൽ आ, ई, ऊ എന്നിങ്ങനെ ദീൎഘിക്കും. ഈ ദീൎഘത്തെയാണു് ഞാനിവിടെ രൂപാന്തരമെന്ന പദംകൊണ്ടുദ്ദേശിക്കുന്നതു്.

ए, ऐ, ओ, औ എന്നിവ പരസ്പരം കൂടിച്ചേൎന്നവയാണു്. ഒരേ തരത്തിൽപ്പെട്ട (സജാതീയങ്ങളായ) സ്വരങ്ങൾ തമ്മിൽ കൂടിച്ചേൎന്നാൽ അവ ദീൎഘമായി മാറും. വിജാതീയങ്ങളായൽ അവ ചേൎന്നു് സംയുക്തസ്വരങ്ങളായി മാറും.

ഈ ദീൎഘങ്ങളും സംയുക്തങ്ങളും മിക്കവയും ഒന്നിലധികം സ്വരങ്ങൾ കൂടിച്ചേൎന്നാണുണ്ടാവുന്നതു്. എന്നാൽ ചിലേടങ്ങളിൽ കേവലങ്ങളായും കാണാം. आदि, ईक्षणं, ऊष्मा എന്നിവയിലെ आ, ई, ऊ എന്നിവ കേവലദീൎഘങ്ങളാണു്. रामावतारः, कवीन्द्रः, मृदूपलं തുട

ങ്ങിയവയിലെ मा, वी, दू എന്നിവയിൽ കാണുന്ന സ്വരങ്ങൾ കേവലങ്ങളല്ല. അതുപോലെ एवं, ओतुः, ऐश्वर्यं. औषधं എന്നിവയിലെ ए, ओ, ऐ, औ എന്നിവ കേവലങ്ങളും रामेश्वरं, शुद्धोदकं, तवैव, महौषधिः എന്നിവ मे, द्धो, वै, हौ എന്നിവയിൽ കാണുന്ന സ്വരങ്ങൾ സംയുക്തങ്ങളുമാണു്.

ദീർഘങ്ങളായാലും സംയുക്തങ്ങളായാലും അവയിലെ ഘടക സ്വരങ്ങൾക്കു് ഹ്രസ്വദീർഘമെന്ന വ്യത്യാസമില്ല. ഉദാഹരിക്കാം.

1) अ+अ=आ. राम+अवतारः = रामावतारः, सीता+आननं = सीताननं
2) इ+इ=ई. अभि+इष्टं=अभीष्टं, गौरी+ईश्वरः = गौरीश्वरः
3) उ+उ=ऊ. मधु+उदकं=मधूदकं, मधु+ऊनं=मधूनं
4) अ+इ=ए. एव+इति=एवेति, रमा+ईशः=रमेशः
5) अ+उ=ओ. जन+उक्ति=जनोक्ति, तथा+ऊचिवान्=तथोचिवान्
6) अ+ए=ऐ. तव+एव=तवैव, विना+ऐश्वर्यं=विनैश्वर्यं
7) अ+ओ=औ. नव+ओदनं=नवौदनं, महा+औषधं=महौषधं

ഈ സന്ധികളുടെ സ്വരൂപം നോക്കിയാൽ സ്വരസംയോഗത്തിൽ ഹ്രസ്വദീർഘങ്ങൾക്കു് വ്യത്യാസമില്ലെന്നുകാണാം.

## സ്വരവികാരങ്ങൾ.

സ്വരങ്ങൾക്കു് മേൽ പ്രസ്താവിച്ചവയ്ക്കുപുറമെ മററു് ചില വികാരങ്ങൾകൂടി വരുന്നതാണു്. താഴെ കാണുന്ന പട്ടികയിൽനിന്നിതു് വ്യക്തമാകും.

| ह्रस्वः | दीर्घः | गुणः | वृद्धिः | व्यञ्जनीभावः |
|---|---|---|---|---|
| अ | आ | — | आ | — |
| इ | ई | ए | ऐ | य |
| उ | ऊ | ओ | औ | व |
| ऋ | ॠ | अर् | आर् | र |

വ്യഞ്ജനീഭാവം.

इ, उ, ऋ എന്നിവയ്ക്കുശേഷം അവയല്ലാത്ത മറെറതെങ്കിലും സ്വരം വന്നാൽ മേൽകാണിച്ച ക്രമമനുസരിച്ചു് അവ വ്യഞ്ജനമാവും.

ഉദാ:— यदि+अपि, य द् य् अ पि—यद्यपि, मधु+अरिः, म ध् व् अरिः—मध्वरिः। पितृ+आ, पि त् र् आ—पित्रा।

ए, ऐ, ओ, औ എന്നിവയ്ക്കു് യഥാക്രമം अय्, आय्, अव्, आव् എന്നിവ വരും.

कवे + अः कव् अय् अः = कवयः। सखै + अः, सख् आय् अः = सखायः।
शिशो + अः = शि श् अय् अः = शिशवः। गौ + अः, ग आव् अः = गावः।

ए എന്നതു് अय എന്നാവുന്നതു് ഒരു പദത്തിൻെറ അവസാനത്തിലാണെങ്കിൽ य എന്ന അംശം കാണുകയില്ല. वृक्षे + एव वृक्षय् एव वृक्ष एव അവിടെ പിന്നീടു് സന്ധി വരുന്നതല്ല.

വാസ്തവത്തിൽ ഇതും മുൻ നിയമംകൊണ്ടു് സിദ്ധിക്കുന്നതാണു്. ए എന്ന അക്ഷരം വിഘടിപ്പിച്ചാൽ अ + इ എന്നാകുമല്ലോ. അപ്പോൾ ए എന്നു് പറഞ്ഞാൽ अ + इ എന്നതാണു്. അതിനപ്പുറത്തു് സ്വരം വന്നാൽ ഇകാരത്തിനപ്പുറത്തു് സ്വരം വരുന്ന ഫലം ചെയ്യും. അപ്പോൾ अ इ് എന്നതു് अय എന്നാവുമല്ലോ. ओ കാരത്തിൻേറയും കഥ ഇതുതന്നെ. ऐ എന്നതിനെ വിഘടിപ്പിച്ചാൽ अ + ए അതായതു് अ + अ + इ എന്നാകുമല്ലോ. ആദ്യത്തെ അകാരങ്ങളൊത്തുചേൎന്നു് आ എന്നാകുന്നു. പിന്നെ इ, य ആകുമ്പോൾ आय എന്നായി മാറുന്നു. अव എന്നതിൻേറയും പരിണാമമിതുതന്നെ. എളുപ്പത്തിന്നുവേണ്ടി മൊത്തത്തിലങ്ങനെ പറഞ്ഞെന്നേഉള്ളൂ.

സ്വരങ്ങളെ സംബന്ധിച്ചു് പ്രധാന തത്വം നാമറിഞ്ഞിരിക്കേണ്ടതുണ്ടു്. രണ്ടു് സ്വരങ്ങൾ തുടൎന്നുച്ചരിക്കേണ്ടിവരുമ്പോൾ ഒരു വിഷമമനുഭവപ്പെടുന്നുണ്ടു്. ആ വിഷമം പരിഹരിക്കാൻ ഒന്നുകിൽ ആ രണ്ടു് സ്വരവും കൂടിച്ചേൎന്നു് ഒന്നായിത്തീരും. അല്ലെങ്കിൽ അവയ്ക്കു് നടുവിൽ മദ്ധ്യസ്ഥൻെറ നിലയ്ക്കു് ഒരു അന്തസ്ഥം ചാടിവീഴും. പോകയില്ല. പോകില്ല എന്നിവയിലെ സന്ധിസ്വഭാവം ഈ തത്വം വിളിച്ചുപറയുന്നുണ്ടു്. कवेः कवयः എന്നിവിടങ്ങളിലെ സന്ധികാൎയ്യങ്ങളും ഈ തത്വത്തിന്നുദാഹരണമാണു്.

## വ്യഞ്ജനസന്ധി.

ഖരവും മൃദുവും തൊട്ടടുത്തുവന്നാൽ പരമായ വൎണ്ണത്തിൻെറ ധൎമ്മം പൂൎവ്വത്തിന്നും വരും. പരം ഖരമാണെങ്കിൽ പൂൎവ്വവും ഖരമാകും.

പരം മൃദുവെങ്കിൽ:— मरुत् + भिः = मरुद्भिः, वाक् + वैभवं, वाग्वैभवं

പരം ഖരമെങ്കിൽ:— सुहृद् + सु = सुहृत्सु, तद् + कुलं = तत्कुलम्.

പരം അനുനാസികമെങ്കിൽ പൂൎവ്വത്തെക്കൂടി അനുനാസികമാക്കും.

ഉദാ:— तावत् + मात्रं = तावन्मात्रं। पद् + नग = पन्नगः। तद् + न = तन्न।

തവൎഗ്ഗത്തിനപ്പുറം ലകാരം വന്നാൽ തവൎഗ്ഗം ലകാരമാകും.

ഉദാ:— तद् + लीन = तल्लीन, चिद् + लयः = चिल्लयः, तटिल्लेखा ।

പദമദ്ധ്യത്തിലുള്ള ल्ल, ल्ल ആവും.

തവർഗ്ഗത്തിനപ്പുറം ചവർഗ്ഗം വന്നാൽ തവർഗ്ഗം ചവർഗ്ഗമാകും.

ഉദാ:- उद् + चारणम् = उच्चारणम्, तटित् + जायते = तटिज्जायते ।

ഷകാരത്തിനപ്പുറം തകാരം വന്നാൽ തവർഗ്ഗം ടവർഗ്ഗമാവും.

ഉദാ:— क्लिष् + त = क्लिष्ट । षष् + ति = षष्टि । प्रति + स्था = प्रतिष्था, प्रतिष्ठा ।

പദാന്തത്തിലെ च, ज, श എന്നിവ കവർഗ്ഗമാവും.

वाच् —वाक्, भिषज्—भिषक्, दिश्—दिक् ।

र्, ष् എന്നിവയ്ക്കുശേഷം വരുന്ന നകാരം പലേടത്തും ണകാരമാവും. मर् + अनं = मरणं । पोष् + अनं = पोषणं ।

इ, उ, ऋ കവർഗ്ഗം രേഫം എന്നിവയ്ക്കുശേഷം വരുന്ന സകാരം പലേടത്തും ഷകാരമാകും.

ഉദാ:- कवि + सु = कविषु, विद् + उस् + ई = विदुषी, पितृ + सु = पितृषु, वाक् + सु = वाक्षु, गीर् + षु = गीर्षु ।

## വിസർഗ്ഗസന്ധി.

വിസർഗ്ഗം എന്നതിന്നു് വിടുക എന്നാണർത്ഥം. വിട്ടുച്ചരിക്കുക, ഇതാണു് വിസർഗ്ഗത്തിന്റെ സ്വഭാവം. സ്വരത്തെ തുടർന്നേ വിസർഗ്ഗം വരുള്ളൂ. ആ സ്വരത്തെ ഒന്നൂന്നിയമർത്തിവിടുകയാണതിന്റെ സ്വാഭാവികമായ ഉച്ചാരണം. ആ ഉച്ചാരണം ഇന്നു് ദൂഷിച്ചു് രാമഹാ കൃഷ്ണഹാ ച ഗച്ഛതഹാ (रामः कृष्णः च गच्छतः) എന്നായിത്തീർന്നിട്ടുണ്ടു്. ഇങ്ങനെയുള്ള ഉച്ചാരണ വൈവിദ്ധ്യമായിരിക്കാം വിസർഗ്ഗത്തിന്റെ പരിധി ചുരുങ്ങിവരാൻ കാരണം. ഏതായാലും അതിനു് സാധാരണ വരുന്ന രൂപഭേദങ്ങൾ സാമാന്യമായി വിവരിക്കാം.

ഹ്രസ്വമായ അകാരം; അതിനപ്പുറത്തൊരു വിസർഗ്ഗം, അതിനെത്തുടർന്നു് ഹ്രസ്വമായ അകാരമോ മൃദുക്കളോ വരുക; എന്നാൽ വിസർഗ്ഗവും അതിനുമുമ്പുള്ള അകാരവും കൂടിച്ചേർന്നു് ഓ എന്നാകും. പരമായ അകാരം ലോപിക്കുകയും ചെയ്യും.

मनः + अभिलाषः, मन् ओ अभिलाषः, मनोभिलाषः ।

रामः + गच्छति = रामो गच्छति । मनः + हरं = मनोहरं ।

ഹ്രസ്വമായ അകാരത്തിനുശേഷമുള്ള വിസർഗ്ഗം മററു് ഏതു് സ്വരം പരമായാലും ലോപിക്കും. പിന്നെ സ്വരസന്ധി വരുന്നതല്ല.

नारदः + उवाच = नारद उवाच । युगः आवर्तते, युग आवर्तते ।

ദീർഘമായ ആകാരത്തിനപ്പുറം വരുന്ന വിസർഗ്ഗം, സ്വരങ്ങളും മൃദുക്കളും പരമായാൽ ലോപിക്കും

जनाः + आयन्ति = जना आयन्ति। बालाः + वदन्ति = बाला वदन्ति।

മററു് സ്വരങ്ങൾക്കപ്പുറം വരുന്ന വിസർഗ്ഗം, മൃദുക്കളും സ്വരങ്ങളും പരമായി വന്നാൽ രേഫമാകും.

हरिः + अयं = हरिरयं। बहिः + गमनं = बहिर्गमनं।

തവർഗ്ഗത്തോടും സകാരത്തോടും ചേൎന്നാൽ വിസർഗ്ഗം സകാരമാകും. ചവർഗ്ഗത്തോടും ശകാരത്തോടും ചേൎന്നാൽ ശകാരവും.

मनः + तापः = मनस्तापः। तपः + सु = तपस्सु। तपः + चर्या = तपश्चर्या। यशः + शरीरः = यशश्शरीरः

പദാന്തത്തിലെ സകാരവും രേഫവും വിസർഗ്ഗമാകും.

पुनर् पुनः, यशस् यशः।

മററുള്ളിടത്തുമാത്രമേ വിസർഗ്ഗം അതിന്റെ രൂപത്തിൽ കാണുകയുള്ളു. तपः फलम् मनःक्लेशः, दुःखं।

## സന്ധികൾ ഇങ്ങനെ സംഗ്രഹിക്കാം.

### സ്വരസന്ധി.

| | | | |
|---|---|---|---|
| ദീർഘം | 1) अ + अ = आ<br>2) इ + इ = ई<br>3) उ + उ = ऊ | വ്യഞ്ജനീഭാവം. | 9) इ + अ = य (ഇ ഒഴികെ എല്ലാ സ്വർവ്വമാകാം)<br>10) उ + अ = व (ഉ ,, )<br>11) ऋ + अ = र (ഋ ,, )<br>12) ए + अ = अय (എല്ലാ സ്വരവുമാകാം)<br>13) ऐ + अ = आय<br>14) ओ + अ = अव<br>15) औ + अ = आव |
| ഗുണം | 4) अ + इ = ए<br>5) अ + उ = ओ<br>6) अ + ऋ = अर् | | |
| വൃദ്ധി | 7) अ + ए, ऐ = ऐ<br>8) अ + ओ, औ = औ | | |

### വ്യഞ്ജനസന്ധി.

1) മൃദു ഖരത്തോടു് ചേൎന്നാൽ മൃദു.
2) ഖരം മൃദുവിനോടു് ചേൎന്നാൽ ഖരം.
3) അനുനാസികം മുന്നിലുള്ളതിനെ അനുനാസികമാക്കും.
4) തകാരം ലകാരത്തോടു് ചേൎന്നാൽ ലകാരം.
5) തവർഗ്ഗം ചവർഗ്ഗത്തോടു് ചേൎന്നാൽ ചവർഗ്ഗം.

6) ടവർഗ്ഗം തവർഗ്ഗത്തോടു് ചേൎന്നാൽ ടവർഗ്ഗം.

7) പദാന്തത്തിലെ च, ज, श എന്നിവ കവർഗ്ഗമാകും.

## വിസർഗ്ഗസന്ധി.

1) अः + अ = ओ, रामोयं ।

2) अः + മററു സ്വരങ്ങൾ ലോപം. रामः इति, राम इति ।

3) अः + മൃദു = ओ, रामोवदति ।

4) आः + സ്വരങ്ങളും മൃദുക്കളും. बाला गच्छन्ति ।

5) മററു് സ്വരങ്ങൾക്കശേഷമുള്ള വിസർഗ്ഗം ഖരം പരമല്ലെങ്കിൽ र् എന്നാകും

6) ലകാരമൊഴികെ ദന്ത്യങ്ങളോടു ചേൎന്നാൽ സ.

7) യകാരമൊഴികെ താലവ്യങ്ങളോടു് ചേൎന്നാൽ ശ.

8) മററുള്ളിടത്തു് വിസൎഗ്ഗത്തിൻെറ തനതുരൂപം കാണാം.

### അഭ്യാസം.

## സന്ധിചേൎത്തെഴുതുക:—

1) कन्या + एव + अस्ति + इति + अकथयत् ।

2) गुरु + उपदेश + आदि + अनुग्रह + उपगमात् ।

3) राज + इन्द्र + आगमन + उदन्त + आकर्णन + उत्सुकः ।

4) दिव्य + ओषधि + अधिगमन + उपाय + अभावात् ।

## വേർതിരിച്ചെഴുതുക:—

1) सूर्योदयेक्षणाभिलाषी ।

2) मधूदकास्वादनाग्रहः ।

3) इत्यादि । श्रीरामोदन्तः । सर्वोदयः । पर्यटनं । अभयार्थिनः । हिमालयः । सतीशः ।

धर्मक्षेत्रे कुरुक्षेत्रे समवेता युयुत्सवः
मामकाः पाण्डवाश्चैव किमकुर्वत सञ्जय ।

अच्छेद्योयमदाह्योयमक्लेद्योशोष्य एव च
नित्यस्सर्वगतस्थाणुरचलोऽयं सनातनः

नासतोविद्यतेभावो नाभावो विद्यते सतः
उभयोरपिदृष्टोऽन्तस्त्वनयोस्तत्व दर्शिभिः

सुतो जीवति पित्रर्थं लोकार्थं विबुधस्तथा
निध्यर्थं पिशुनाश्चापि दासः प्रभ्वर्थमेव च

विचरन्ति गिरीन्द्रेषु पिबन्ति च मधूदकम्
फलाहारं च खादन्ति तापसा रागवर्जिताः

भोगेष्वसक्ताश्चाञ्चल्यहीनावतीभयास्सदा
जनास्सुदुर्लभा लोक इतरे सुलभाः परम्

यशोधनाल्लाभवन्तस्सच्चरित्रेष्वलंरताः
दुश्शीलरहितास्सन्तस्सन्ततं सन्ति भूतले ।

# ദിവസം അഞ്ച്.

## ഗണവിഭജനം.

ധാതുക്കളെ പ്രക്രിയാവശ്യത്തിന്നുവേണ്ടി ഗണമായി വിഭജിക്കുകയെന്നതു് മററു ഭാഷകളെ സംബന്ധിച്ചേടത്തോളം ഏറെക്കുറെ അപരിചിതമാണു്. ഗണവിഭജന സമ്പ്രദായം മലയാളത്തിലെ ധാതുരൂപങ്ങളുമായൊന്നു താരതമ്യപ്പെടുത്താം.

'പാടുന്നു' എന്ന ക്രിയാരൂപത്തിൽ 'പാട്' എന്നതു് ധാതുവും 'ഉന്നു' എന്നതു് പ്രത്യയവുമാണെന്നറിയാമല്ലോ. ക്രിയാരൂപത്തിൽ ആ രണ്ടംശവും മുറയ്ക്കു് കൂട്ടിച്ചേർത്തിട്ടേ ഉള്ളു. ചില ക്രിയാരൂപങ്ങളിൽ ധാതുവിൻേറയും പ്രത്യയത്തിൻേറയും മദ്ധ്യത്തിലായി മററു ചില വണ്ണങ്ങൾ ചേൎന്നുകാണാം. 'പറയുന്നു' എന്നതിൽ 'പറ' ധാതുവും 'ഉന്നു' എന്നതു് പ്രത്യയവുമാണു്. പറ + ഉന്നു എന്നു് ചേരുമ്പോൾ 'യ്' എന്നൊരു വണ്ണം മദ്ധ്യത്തിൽ വന്നു് പറയുന്നു എന്നാവുന്നു. 'പറക്കുന്നു' എന്നതിൽ ധാതുപ്രത്യയങ്ങളുടെ നടുക്കു് 'ക്ക്' വരുന്നു. 'ചാവുന്നു' എന്നതിൻെറ നടുക്കു് 'വ്' വരുന്നു. ഇങ്ങനെ ധാതുവിൻേറയും പ്രത്യയത്തിൻേറയും നടുക്കു് വരുന്ന വണ്ണങ്ങളുടെ അടിസ്ഥാനത്തിൽ ധാതുക്കളെ താഴെ കാണുന്നവിധം ഗ്രൂപ്പുകളായി, (ഗണങ്ങളായി) തിരിക്കാവുന്നതാണു്.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| പാടുന്നു. | പറയുന്നു. | ചാവുന്നു. | കിടക്കുന്നു. | കിടയ്ക്കുന്നു. |
| ആടുന്നു. | ഇഴയുന്നു. | വേവുന്നു. | നടക്കുന്നു. | അടിയ്ക്കുന്നു. |
| എഴുതുന്നു. | അടയുന്നു. | തടവുന്നു. | പിറക്കുന്നു. | വിറയ്ക്കുന്നു. |
| നേടുന്നു. | പായുന്നു. | നോവുന്നു. | കക്കുന്നു. | കയ്ക്കുന്നു. |
| താഴുന്നു | തടയുന്നു, | പോവുന്നു. | അറക്കുന്നു. | അറയ്ക്കുന്നു. |

ഇതിൽ ഒന്നാം ഗണത്തിൽ (ഗ്രൂപ്പിൽ) ധാതുപ്രത്യയങ്ങളുടെ നടുവിൽ ഒന്നും കാണാനില്ല. രണ്ടാം ഗണത്തിൽ 'യ്' എന്നു് കാണുന്നുണ്ടു്. അതുകൊണ്ടു് യകാരം ആ ഗ്രൂപ്പിൻെറ അടയാളമാണു്. മൂന്നാം ഗണത്തിന്നു് 'വ്' എന്നും നാലാമത്തേതിന്നു് 'ക്ക്' എന്നുമാണു്. അഞ്ചാമത്തേതിനും 'ക്ക്' എന്നുതന്നെയാണെങ്കിലും ഉച്ചാരണത്തിലല്പം വ്യത്യാസമുണ്ടു്. അതുകൊണ്ടു് അത്ഥത്തിന്നു് വലിയ

മാററം വരുന്നുണ്ടല്ലോ. 'യ' കൂട്ടതലായി കാണാനുമുണ്ട്. ഇവയെല്ലാം അതാതു് ഗ്രൂപ്പുകളുടെ ചിഹ്നങ്ങളാണു്. അതുകൊണ്ടവയെ ഗണചിഹ്നങ്ങളെന്നു് വിളിക്കാമല്ലോ.

ഇതേ രീതിയിൻത്തന്നെ സംസ്കൃതത്തിലും നടുക്കു് വരുന്ന വൎണ്ണങ്ങളുടെ അടിസ്ഥാനത്തിൽ ധാതുക്കളെ ഗ്രൂപ്പുകളാക്കി തിരിച്ചിച്ചിരിക്കയാണു്. ഈ ഗ്രൂപ്പുകൾക്കു് ഗണങ്ങളെന്നും ഇടയ്ക്കുവരുന്ന വൎണ്ണങ്ങൾക്കു് ഗണചിഹ്നങ്ങളെന്നും പേർ. പത്തിൽ രണ്ടെണ്ണത്തിനു് വൎണ്ണരൂപത്തിലുള്ള ഗണചിഹ്നമില്ല. അതിലൊന്നിനു് ധാതുവിന്നു ഇരട്ടിപ്പു് മുതലായ ചില പ്രക്രിയകൾ വരുന്നതാണു് സവിശേഷത. ശേഷിച്ച എട്ടെണ്ണത്തിൽ രണ്ടെണ്ണത്തിൻെറ ഗണചിഹ്നം ഒരേ വൎണ്ണം തന്നെയാണു്. ബാക്കി ആറിനും പ്രത്യേകിച്ചു് ഓരോ അക്ഷരം ഗണചിഹ്നമായിട്ടുണ്ടു്. ആദ്യം പറഞ്ഞ ഗണത്തിലെ ധാതുക്കൾക്കു് ഗണചിഹ്നമായൊന്നും ചേൎക്കുന്നില്ലെന്നതുതന്നെയാണു് അവയെ മററു ഗണങ്ങളിൽനിന്നു് തിരിച്ചറിയാനുള്ള സവിശേഷധൎമ്മം. പത്തിൽ ഒമ്പതെണ്ണത്തിനും ഓരോ അടയാളമുണ്ടെങ്കിൽ ഒന്നിനു് അടയാളമൊന്നുമില്ലാതിരിക്കുന്നതുതന്നെ അടയാളമായി കണക്കാക്കാമല്ലോ. സ്വരൂപബോധത്തിനായി ഓരോ ഗണത്തിലേയും മാതൃക ഇവിടെ കാണിക്കാം.*

| ഗണം. | ധാതു. | ചിഹ്നം. | പ്രത്യയം. | | രൂപം. | |
|---|---|---|---|---|---|---|
| 1) यातिगणः | या | — | ति | याति | यातः | यान्ति |
| | | | | यासि | याथः | याथ |
| | | | | यामि | यावः | यामः |
| 2) जुहोतिगणः ‖ | हु | — | ति | जुहोति | जुहुतः | जुह्वति |
| | दा | — | ति | ददाति | दत्तः | ददति |
| | | | | ददासि | दत्थः | दत्थ |
| | | | | ददामि | दद्वः | दद्म |

* വിദ്യാൎത്ഥികൾക്കു എളുപ്പത്തിൽ ക്രമീകരണം കിട്ടാൻവേണ്ടിയാണു് ധാതുപാഠത്തിലെ ഗണവിഭജനക്രമത്തിന്നു് അല്പം വ്യതിയാനം വരുത്തിയിട്ടുള്ളതു്. ഗണചിഹ്നമാണല്ലൊ ഗണവിഭജനത്തിനടിസ്ഥാനം. അതനുസരിച്ചു് വിഭജിക്കുകയാണെങ്കിൽ ഈ ക്രമമംഗീകരിക്കുകയായിരിക്കും നല്ലതു്. അദാദിഗണത്തിന്നു് अत्ति ഗണമെന്നു് പേരിടാതെ याति ഗണമെന്നു് പേരിട്ടതും മനഃപൂൎവ്വമാണു്. अत्ति എന്ന പദത്തിലെ ധാതുവിഭജനം यातिയിലെപ്പോലെ വ്യക്തമല്ലല്ലോ. അത്തിഗണത്തേക്കാൾ യാതിഗണമെന്നു് പറയുകയാണു് സുഖം.

‖ ഈ ഗണത്തിനു കാണുന്ന അഭ്യാസകാൎയ്യങ്ങൾ വഴിയെ വിവരിക്കും.

| ഗണം. | ധാതു. | ചിഹ്നം. | പ്രത്യയം. | രൂപം. | | |
|---|---|---|---|---|---|---|
| 3) भवतिगणः | भू | अ | ति | भवति | भवतः | भवन्ति |
| | हस् | अ | ति | हसति | हसतः | हसन्ति |
| | | | | हससि | हसथः | हसथ |
| | | | | हसामि | हसावः | हसामः |
| 4) तुददिगणः | तुद् | अ | ति | तुदति | तुदतः | तुदन्ति |
| | विश् | अ | ति | विशति | विशतः | विशन्ति |
| | | | | विशसि | विशथः | विशथ |
| | | | | विशामि | विशावः | विशामः |
| 5) दीव्यतिगणः | दिव् | य | ति | दीव्यति | दीव्यतः | दीव्यन्ति |
| | नश् | य | ति | नश्यति | नश्यतः | नश्यन्ति |
| | | | | नश्यसि | नश्यथः | नश्यथ |
| | | | | नश्यामि | नश्यावः | नश्यामः |
| 6) चोरयतिगणः | चोर् | अय | ति | चोरयति | चोरयतः | चोरयन्ति |
| | पाल् | अय | ति | पालयति | पालयतः | पालयन्ति |
| | | | | पालयसि | पालयथः | पालयथ |
| | | | | पालयामि | पालयावः | पालयामः |
| 7) तनोतिगणः | तन् | उ | ति | तनोति | तनुतः | तन्वन्ति |
| | कृ | उ | ति | करोति | कुरुतः | कुर्वन्ति |
| | | | | करोषि | कुरुथः | कुरुथ |
| | | | | करोमि | कुर्वः | कुर्मः |
| 8) सुनोतिगणः | सु | नु | ति | सुनोति | सुनुतः | सुन्वन्ति |
| | क्षि | नु | ति | क्षिणोति | क्षिणुतः | क्षिण्वन्ति |
| | | | | क्षिणोषि | क्षिणुथः | क्षिणुथ |
| | | | | क्षिणोमि | क्षिणुवः | क्षिणुमः |
| 9) क्रीणातिगणः | क्री | ना | ति | क्रीणाति | क्रीणीतः | क्रीणन्ति |
| | अश् | ना | ति | अश्नाति | अश्नीतः | अश्नन्ति |
| | | | | अश्नासि | अश्नीथः | अश्नीथ |
| | | | | अश्नामि | अश्नीवः | अश्नीमः |

| | | | | | | |
|---|---|---|---|---|---|---|
| 10) रुणद्धिगणः | रुध् | न | ति | रुणद्धि | रुन्धः | रुन्धन्ति |
| | भिद् | न | ति | भिनत्ति | भिन्तः | भिन्दन्ति |
| | | | | भिनत्सि | भिन्थः | भिन्थ |
| | | | | भिनद्मि | भिन्द्वः | भिन्द्मः |

അതാതു് ഗണങ്ങളിൽപ്പെട്ട ധാതുക്കളുടെ രൂപനിഷ്പത്തിയിലുള്ള വ്യത്യാസത്തിന്റെ സ്വരൂപബോധത്തിനുവേണ്ടി മാത്രമാണിവിടെ ഇത്രമാത്രം വിശദീകരിച്ചതു്. ഓരോ ഗണത്തിനുമുള്ള പ്രത്യേകതകൾ സാമാന്യമായൊന്നു് സംഗ്രഹിക്കാം.

1. ധാതുവും പുരുഷപ്രത്യയവും മുറയ്ക്കു് ചേരുന്നു. മറ്റൊരു വിശേഷവുമില്ല. या + ति = याति

2. ധാതു ഇരട്ടിക്കുന്നു. ആദ്യത്തെ അംശം ഹ്രസ്വമായിത്തീരുന്നു. അതിൽ ക, ഖ എന്നിവ ഉണ്ടെങ്കിൽ ചകാരമാവും; ഗ, ഹ എന്നിവയുണ്ടെങ്കിൽ ജകാരവും. ഏകവചനങ്ങളിൽ രണ്ടാമത്തെ അംശത്തിനു് ഗുണം വരും. हु+ति, हु+हु+ति, जुहु+ति, जुहो+ति, जुहोति। अन्ति, अति എന്നാവുന്നു.

3. ധാതുവിന്നു് ഗുണം വരും. പിന്നെ ഗണചിഹ്നവും പ്രത്യയവും ചേർക്കുക. भू+अ+ति, भो+अ+ति, भव्+अ+ति=भवति।

4 ധാതുവിന്നു് ഗുണം വരില്ലെന്ന വ്യത്യാസമേ ഉള്ളൂ.
तुद्+अ+तुदति ।

5. ഗണചിഹ്നം य എന്നാണു്. नृत्यति।

6. ഗണചിഹ്നം अय എന്നു്. चोरयति।

7.) 8.) ഏകവചനത്തിൽ उ, नु എന്നീ ഗണചിഹ്നങ്ങൾക്കു് ഗുണം വരും. तन्+उ+ति, तन्+ओ+ति=तनोति। सुनोति।

9. ദ്വിവചന ബഹുവചനങ്ങളിൽ ना എന്നതു് नी എന്നാവും. अन्ति എന്ന പ്രത്യയം ചേരുമ്പോൾ नी എന്നതിലെ ई ലോപിക്കും. अश्नाति अश्नीतः अश्नन्ति।

10. ധാതുവിന്റെ അന്ത്യവർണ്ണത്തിനുമുമ്പായാണിതിൽ ഗണചിഹ്നം വരുക. ദ്വിബഹുവചനങ്ങളിൽ न എന്നതിലെ അകാരം ലോപിക്കും. भिद्—भिनद्+ति, भिनत्ति भिन्द्तः = भिन्तः (ദകാരം ലോപിക്കും)

മേൽ കാണിച്ച പത്തു് ഗണത്തിലെ ക്രിയാരൂപങ്ങളിലെ പുരുഷപ്രത്യയങ്ങൾ മാററിയാൽ ഹ്രസ്വമായ അകാരത്തിലവസാനിക്കുന്ന രൂപങ്ങളേതെല്ലാമെന്നു് പരിശോധിക്കുക. 3, 4, 5, 6 എന്നീ നാലു് ഗണങ്ങളിൽ ഈ ഐകരൂപ്യം കാണാം. രൂപനിഷ്പത്തിയുടെ സൌകര്യമനുസരിച്ചു് ഈ നാലു് ഗണങ്ങളിൽപ്പെട്ട, കൂടുതൽ പ്രചാരമുള്ള ധാതുക്കളെയാണു് നാമാദ്യം പഠിക്കുന്നതു്.

ഇതേവരേയും ധാതുക്കളെ लिख, पठ എന്നിങ്ങനെ അവസാനത്തിൽ अ കാരം ചേർത്താണു് കൊടുത്തിട്ടുള്ളതു്. ഗണചിഹ്നത്തെപ്പററി പറയുന്നതിനുമുമ്പായതുകൊണ്ടു് തത്കാലം രൂപമുണ്ടാക്കാനുള്ള സൌകര്യത്തിനുവേണ്ടി അങ്ങനെ നിർദ്ദേശിച്ചെന്നേ ഉള്ളൂ. ധാതുക്കൾ പൊതുവിൽ ഭരുസ്വരം മാത്രമുൾക്കൊള്ളുന്നവയായിരിക്കും. അതുകൊണ്ടു് लिख्, पठ् എന്നിങ്ങനെ ഏകസ്വരങ്ങളാണു് ധാതുക്കളെന്നറിഞ്ഞുകൊള്ളണം.

**भवतिगणः**

| | |
|---|---|
| यच्छ् | കൊടുക്കുക |
| क्रन्द् | കരയുക |
| नद् | ശബ്ദിക്കുക |
| नम् | നമസ്കരിക്കുക |
| पच् | പാകം ചെയ്യുക |
| जय् | ജയിക്കുക |
| बोध् | അറിയുക |
| वस् | താമസിക്കുക |
| अर्च् | പൂജിക്കുക |
| धाव् | ഓടുക |

**तुदतिगणः**

| | |
|---|---|
| क्षिप् | എറിയുക |
| स्पृश् | തൊടുക |
| दिश् | കൊടുക്കുക |
| सृज् | സൃഷ്ടിക്കുക |
| मज्ज् | മുങ്ങുക |

**दीव्यतिगणः**

| | |
|---|---|
| कुप् | കോപിക്കുക |
| तुष् | സന്തോഷിക്കുക |
| नश् | നശിക്കുക |
| नृत् | നൃത്തംചെയ്യുക |
| अस् | എറിയുക |
| स्निह् | സ്നേഹിക്കുക |
| श्लिष् | ആലിംഗനം ചെയ്യുക |
| द्रुह् | ദ്രോഹിക്കുക |

**चोरयतिगणः**

| | |
|---|---|
| दण्ड् | ശിക്ഷിക്കുക |
| पीड् | ഉപദ്രവിക്കുക |
| भूष् | അലങ്കരിക്കുക |
| वर्ण् | വർണ്ണിക്കുക |
| स्पृह् | ആഗ്രഹിക്കുക |
| पूज् | പൂജിക്കുക |
| भक्ष् | ഭക്ഷിക്കുക |
| गण् | ഗണിക്കുക |

| | | | |
|---|---|---|---|
| तृप् | തൃപ്തിപ്പെടുക | ताड् | അടിക്കുക |
| | | सान्त्व् | സമാധാനിപ്പിക്കുക |

തർജ്ജമ ചെയ്യുക:—

ईश्वरः लोकं रक्षति। वयम् गुरूणां उपदेशैः तृप्यामः। त्वं जनकाय पत्रं लिखसि। जनकः पुत्रेषु स्निह्यति। बालाः आकाशे सूर्यं न पश्यन्ति। आवां रामस्य भवनं गच्छावः। आचार्याः विद्यालयेषु छात्रान् न ताडयन्ति। रामः कृष्णः च पाठान् पठतः। युवां भयात् क्रन्दथः। रामः चोरेभ्यः भयेन गृहं विशति।

കവികൾ പർവ്വതങ്ങളെ വർണ്ണിക്കുന്നു. കുട്ടികൾ ഉരുളൻ കല്ലുകൾ കൊണ്ടു് നായ്ക്കളെ എറിയുന്നു. നിങ്ങൾ വിജയംകൊണ്ടു് സന്തോഷിക്കുന്നു. ഞങ്ങൾ ആലസ്യംകൊണ്ടു് നശിക്കുന്നു. നിങ്ങൾ അരങ്ങത്തു് നൃത്തംചെയ്യുന്നു. വൈദ്യന്മാർ രോഗികളെ സമാധാനിപ്പിക്കുന്നു. ഞാൻ തോരണങ്ങൾകൊണ്ടു് വീടിനെ അലങ്കരിക്കുന്നു. അച്ഛൻ മകനോടു് കോപിക്കുന്നു. നീ ജ്യേഷ്ഠനെ ദ്രോഹിക്കുന്നു.

കോപിക്കുക, ദ്രോഹിക്കുക, അസൂയപ്പെടുക എന്നീ ക്രിയകളുടെ കർമ്മങ്ങൾ ചതുർത്ഥി വിഭക്തിയിലായി മാറും. आचार्यः शिष्याय कुप्यति।

| | | | |
|---|---|---|---|
| पाषाणः | ഉരുളൻ കല്ലു് | रंगः | അരങ്ങു് |
| सारमेयः | നായ് | भिषज् | വൈദ്യൻ |
| आलस्यम् | മടി | आतुरः | രോഗി |

താഴെ എഴുതുന്ന ധാതുക്കളും, നാമങ്ങളും ഉപയോഗിച്ചു് ഓരോ വാക്യമുണ്ടാക്കുക:—

त्वं स्पृश् रामम्। चोरं नृपाः दण्ड्। बालाः नम् आचार्यम्। जले मज्ज गजाः अहं गृहे वस्। त्वं पुत्रं श्लिष्। अहं अन्नेन तृप्। भिषक् आतुरं सान्त्व्। जनाः दुःखेन क्रन्द्। आवां पुस्तकं दिश्।

यांति जुहोति प्रभवति
तुदति च दीव्यत्यथापि चोरयति
अथ च तनोति सुनोति
क्रीणाति रुणद्धि धातवो दशधा।

# ദിവസം ആറ്.

### പദഭേദം.

കഴിഞ്ഞ ദിവസം പഠിച്ച ക്രിയാരൂപത്തോട് ബന്ധപ്പെട്ട ഒരു സംഗതി തന്നെയാണ് ഈ ദിവസവും പഠിക്കാൻ പോകുന്നത്. ധാതുക്കളോട് ചേക്കുന്ന പുരുഷപ്രത്യയങ്ങരം രണ്ടുതരമുണ്ട്. അതിലൊരുതരമേ നാം പഠിച്ചുകഴിഞ്ഞുള്ളു. മറെറാരുതരം ഇനി പഠിക്കാനിരിക്കുന്നതേ ഉള്ളു. രണ്ടു് തരത്തിലുമുള്ള പ്രത്യയങ്ങളുടേയും അത്ഥവും ഉദ്ദേശ്യവുമൊന്നുതന്നെയാണുതാനും.

നാം വസ്ത്രധാരണം ചെയ്യുന്നതിൻെറ ഉദ്ദേശ്യം നഗ്നത മറയ്ക്കലാണ്. ഉദ്ദേശ്യമൊന്നാണെങ്കിലും സ്ത്രീകളും പുരുഷന്മാരും രണ്ടുതരം വസ്ത്രങ്ങളാണ് ധരിക്കുക പതിവു. അതായതു് രണ്ടുതരം വസ്ത്രങ്ങരംക്കും ഉദ്ദേശ്യമൊന്നാണെന്നത്ഥം. ഒന്നു് ജാക്കററാണെങ്കിൽ മററതു് ഷട്ടാണ്. ഒന്നു് സാരിയാണെങ്കിൽ മററതു് ദോത്തിയും പാൻറുമാണ്. വസ്ത്രമേതുതരമായാലും അവയുടെ പൊതു ഉദ്ദേശ്യം നഗ്നത മറയ്ക്കലാണല്ലോ.

ഇങ്ങനെ സംസ്കൃത ധാതുക്കളിലും ആൺ പെൺ എന്ന ഭേദമുണ്ടെന്നു് കരുതുക. അവയിൽ ആൺ ധാതുക്കളോട് ഒരുതരം പ്രത്യയങ്ങരം ചേക്കുന്നു. അതേ അത്ഥം കാണിക്കാൻ പെൺധാതുക്കളോട് മറെറാരുതരം പ്രത്യയമാണ് ചേക്കുന്നതു്. രണ്ടുതരം പ്രത്യയങ്ങരംക്കും അത്ഥത്തിലും ഉദ്ദേശ്യത്തിലും ഒരു വ്യത്യാസവുമില്ല. ഇതിൽ ആൺ ധാതുക്കളെ പരസ്മൈപദ ധാതുക്കളെന്നും പെൺ ധാതുക്കളെ ആത്മനേപദ ധാതുക്കളെന്നും വിളിക്കുക. ആത്മനേപദ പരസ്മൈപദ പ്രത്യയങ്ങളുടെ പ്രയോഗരീതി വിശദമാക്കാൻവേണ്ടി മാത്രമാണ് ആൺ പെൺ എന്ന നിലക്കു് ധാതുക്കളെ വിഭജിച്ചതു്. തത്വം മനസ്സിലായിക്കഴിഞ്ഞാൽ ആൺ, പെൺ എന്നതു് തീരെ മറന്നേക്കുക. ഇനി പരസ്മൈപദമെന്നും ആത്മനേപദമെന്നുമുള്ള പേർ മാത്രമോത്താൽ മതി. ആടയാഭരണങ്ങരം സ്ത്രീയും പുരുഷനും മാറി മാറി ധരിക്കാറില്ലാത്തതുപോലെ ഈ പ്രത്യയങ്ങളും ധാതുക്കളിൽ മാറി മാറി ചേക്കാറില്ല. പരസ്മൈപദ പ്രത്യയങ്ങരം പര

സ്മൈപദ ധാതുക്കളോടും ആത്മനേപദ പ്രത്യയങ്ങൾ ആത്മനേപദ ധാതുക്കളോടും മാത്രമേ ചേൎക്കുകയുള്ളു എന്നൎത്ഥം. എല്ലാ ഗണങ്ങളിലും കുറെ പരസ്മൈപദ ധാതുക്കളും കുറെ ആത്മനേപദ ധാതുക്കളുമുണ്ടാകും. ഇതേവരെ പഠിച്ച പുരുഷപ്രത്യയങ്ങളും ധാതുക്കളും പരസ്മൈപദങ്ങളാണു്. ആത്മനേപദ ധാതുവിനോടു് ചേരുന്ന പുരുഷ പ്രത്യയങ്ങളെയാണിനി പറയുന്നതു്.

| | ഏക. | ദ്വി. | ബഹു. |
|---|---|---|---|
| പ്ര. പു. | ते | इते | अन्ते |
| മ. പു. | से | इथे | ध्वे |
| ഉ. പു. | ए | वहे | महे |

പരസ്മൈപദത്തിൽ ചേൎത്തപോലെ ആത്മനേപദ ധാതുക്കളോടും ഈ പ്രത്യയങ്ങൾ ചേൎത്തു് രൂപങ്ങളുണ്ടാകുന്നു.

ഒരു വ്യത്യാസമുണ്ടു്. ഗണചിഹ്നം ചേൎത്തതിന്നുശേഷം ഹ്രസ്വമായ അകാരത്തിലവസാനിക്കുന്ന भवति, तुदति, दीव्यति, चोरयति എന്നീ ഗണങ്ങളിലെ ധാതുക്കളോടു് മാത്രമേ മേൽപറഞ്ഞ പുരുഷപ്രത്യയങ്ങൾ ഇതേനിലക്കു് ചേൎക്കുകയുള്ളു. മററു ഗണങ്ങളോടു് ചേൎക്കുമ്പോൾ ചില വ്യത്യാസം വരും.

**भवतिगणः आत्मनेपदिनः**

भाष् — സംസാരിക്കുക
ईक्ष् — കാണുക
कम्प् — ഇളകുക
यत् — യത്നിക്കുക
याच् — യാചിക്കുക
लभ् — ലഭിക്കുക
वन्द् — വന്ദിക്കുക
श्लाघ् — ശ്ലാഘിക്കുക
वृध् — വൎദ്ധിക്കുക
(आ) रभ् — ആരംഭിക്കുക
वृत् — വൎത്തിക്കുക
(प्र) काश् — പ്രകാശിക്കുക
रम् — രമിക്കുക
च्यु — തെററിവീഴുക
स्मि — പുഞ്ചിരിക്കുക
(आ) क्रम — ആക്രമിക്കുക
रुच् — ഇഷ്ടപ്പെടുക
लंब् — തൂങ്ങുക

**तुदतिगणः**

लज्ज् — ലജ്ജിക്കുക
(मृ) म्रिय् — മരിക്കുക

**दीव्यतिगणः**

युध् — യുദ്ധംചെയ്യുക
(जन्) जा — ജനിക്കുക
मन् — വിചാരിക്കുക
पद् — പ്രാപിക്കുക

| | | | |
|---|---|---|---|
| शिक्ष् | പഠിക്കുക | पद् | പ്രാപിക്കുക |
| शोभ् | ശോഭിക്കുക | प्री | സന്തോഷിപ്പിക്കുക |
| सह् | സഹിക്കുക | | **चोरयतिगणः** |
| प्लव् | ചാടുക | मृग् | അന്വേഷിക്കുക |
| | | लंघ् | ലംഘിക്കുക |

**भवतिगणः**

| | | | |
|---|---|---|---|
| भाष्+अ+ते | भाषते | भाषेते | भाषन्ते |
| | भाषसे | भाषेथे | भाषध्वे |
| | भाषे | भाषावहे | भाषामहे |

**तुदादिगणः**

| | | | |
|---|---|---|---|
| लज्ज+अ+ते | लज्जते | लज्जेते | लज्जन्ते |
| | लज्जसे | लज्जेथे | लज्जध्वे |
| | लज्जे | लज्जावहे | लज्जामहे |

**दीव्यतिगणः**

| | | | |
|---|---|---|---|
| युध्+य+ते | युध्यते | युध्येते | युध्यन्ते |
| | युध्यसे | युध्येथे | युध्यध्वे |
| | युध्ये | युध्यावहे | युध्यामहे |

**चोरयतिगणः**

| | | | |
|---|---|---|---|
| मृग्+अय+ते | मृगयते | मृगयेते | मृगयन्ते |
| | मृगयसे | मृगयेथे | मृगयध्वे |
| | मृगये | मृगयावहे | मृगयामहे |

അവസരമനുസരിച്ചു പുരുഷവേഷവും സ്ത്രീവേഷവും കെട്ടുന്ന ചില കഥകളി നടന്മാർപോലെ ചില ധാതുക്കളുമുണ്ടു്. അവയെ ഉഭയപദികൾ (രണ്ടു് പദങ്ങളിലും പ്രയോഗമുള്ളവ) എന്നു് വിളിക്കുന്നു. പരസ്മൈപദ പ്രത്യയങ്ങളും ആത്മനേപദ പ്രത്യയങ്ങളും അവയോടു് ചേർക്കുന്നു. ചോരയതി ഗണത്തിലെ മിക്ക ധാതുക്കളും ഇങ്ങനെയുള്ളവയാണു്. മററു് ഗണങ്ങളിലും ഉഭയപദികൾ ധാരാളമുണ്ടു്. രണ്ടുതരം പ്രത്യയവും അവയോടു് ചേർക്കാം. ഉദാഹരിക്കാം.

राज् = ശോഭിക്കുക.

| | | | |
|---|---|---|---|
| राज्+अ+ति | राजति | राजतः | राजन्ति |
| | राजसि | राजथः | राजथ |
| | राजामि | राजावः | राजामः |

| | | | |
|---|---|---|---|
| राज् + अ + ते। | राजते | राजेते | राजन्ते |
| | राजसे | राजथः | राजध्वे |
| | राजे | राजेथे | राजामहे |
| मृग + अय + ति। | मृगयति | मृगयतः | मृगयन्ति |
| | मृगयसि | मृगयथः | मृगयथ |
| | मृगयामि | मृगयावः | मृगयामः |
| मृग + अय + ते। | मृगयते | मृगयेते | मृगयन्ते |
| | मृगयसे | मृगयेथे | मृगयध्वे |
| | मृगये | मृगयावहे | मृगयामहे |

## ഭാവികാലം.

ക്രിയകളുടെ വർത്തമാനകാലരൂപമാണിതിനുമുമ്പ് വിവരിച്ചതു്. ഭാവികാലമുണ്ടാക്കുക ഇനി വളരെ എളുപ്പമാണു്. ധാതുവിന്നും പുരുഷപ്രത്യയത്തിന്നുമിടയ്ക്കു് ഗണചിഹ്നത്തിനുപകരം स्य എന്നു് ചേർക്കുക. ചില ധാതുക്കളോടു് स्य ചേർക്കുമ്പോൾ മുന്നിൽ इ എന്നു് ചേരും. അപ്പോൾ രണ്ടുംകൂടി (इ + स्य) इष्य എന്നാവും. स्य എന്ന പ്രത്യയം ചേർക്കുമ്പോൾ ധാതു ഇന്ന ഗണത്തിൽ പെട്ടതെന്നു പരിഗണിക്കേണ്ട. ഭാവികാലത്തിൽ ധാതുവിൻെറ സ്വരത്തിന്നു് ഗുണം വരാൻ സാദ്ധ്യതയുണ്ടെങ്കിൽ, വരും.

दा + स्य + ति = दास्यति।

भू + इष्य + ति, भो + इष्य + ति, भव् + इष्य + ति = भविष्यति।

भाष् + इष्य + ते = भाष्यते।

क्षिप् + स्य + ति, क्षेप् + स्य + ति = क्षेप्स्यति।

| परस्मैपदम् | | | आत्मनेपदम् | | |
|---|---|---|---|---|---|
| पठिष्यति | पठिष्यतः | पठिष्यन्ति | भाषिष्यते | भाषिष्येते | भाषिष्यन्ते |
| पठिष्यसि | पठिष्यथः | पठिष्यथ | भाषिष्यसे | भाषिष्येथे | भाषिष्यध्वे |
| पठिष्यामि | पठिष्यावः | पठिष्यामः | भाषिष्ये | भाषिष्यावहे | भाषिष्यामहे |

## ഭൂതകാലം.

ഭൂതകാലത്തിൽ പല രൂപങ്ങളും എല്ലാ ഭാഷകളിലും കാണാം.

| | | |
|---|---|---|
| I went | मैं गया। | ഞാൻ പോയി. |
| I have gone | मैं गया हूँ। | ഞാൻ പോയിട്ടുണ്ടു്. |

| | | |
|---|---|---|
| I had gone | मैं गया था। | ഞാൻ പോയിട്ടുണ്ടായിരുന്നു. |
| I was going | मैं जा रहा था। | ഞാൻ പോവുകയായിരുന്നു. |

ഈ നാലു് രൂപങ്ങളും ഭൂതകാലത്തെയാണു് തോന്നിക്കുന്നതു്. പക്ഷേ ആ ഭൂതകാലത്തിനല്പാല്പം വ്യത്യാസമുള്ളതായി തോന്നുന്നുണ്ടല്ലൊ. ഭൂതകാലത്തിൽ ഈ വ്യത്യാസം തോന്നിക്കാൻ സംസ്കൃതത്തിലും വിഭിന്നരൂപങ്ങളുണ്ടു്. അവയിൽ സാമാന്യഭൂതാത്ഥം തോന്നിക്കുന്ന രൂപമാണിവിടെ ചേക്കുന്നതു്.

ഭൂതകാലത്തിലെ പുരുഷപ്രത്യയങ്ങൾക്കല്പം വ്യത്യാസമുണ്ടു്. വത്തമാനകാലപ്രത്യയങ്ങളിലെ ഇകാരവും വിസഗ്ഗവും ഇതിൽ കാണുകയില്ല. ധാതുവിന്നുതൊട്ടുമുമ്പു് अ എന്നൊരു ഭൂതകാലചിഹ്നം ചേരുകയും ചെയ്യും.

| | एक | द्वि | बहु |
|---|---|---|---|
| प्र. पु. | त् | ताम् | अन् |
| म. पु. | स् | तम् | त |
| उ. पु. | अम् | व | म |

ആദ്യം ഭൂതകാലചിഹ്നമായ अ ചേക്കുക, പിന്നെ ധാതു, പിന്നെ ഗണചിഹ്നം തുടന്നു് പുരുഷ പ്രത്യയങ്ങൾ ഈ ക്രമത്തിലാണു് ഭൂതകാലത്തിൽ രൂപനിഷ്പാദനരീതി.

| | | | |
|---|---|---|---|
| अ+पठ्+अ+त्= | अपठत् | अपठताम् | अपठन् |
| | अपठः | अपठतम् | अपठत |
| | अपठम् | अपठाव | अपठाम |

പരസ്മൈപദത്തിലെ രൂപങ്ങളാണിവ. ഇനി ആത്മനേപദത്തിലെ ഭൂതകാലപ്രത്യയങ്ങളും രൂപങ്ങളും കാണിക്കാം.

| | | |
|---|---|---|
| त | इताम् | अन्त |
| थाः | इथाम् | ध्वम् |
| इ | वहि | महि |

| | | | |
|---|---|---|---|
| अ+भाष्+अ+त | अभाषत | अभाषेताम् | अभाषन्त |
| | अभाषथाः | अभाषेथाम् | अभाषध्वम् |
| | अभाषे | अभाषावहि | अभाषामहि |
| अ+तुष्+य+त् | अतुष्यत् | अतुष्यताम् | अतुष्यन् |

| | | | |
|---|---|---|---|
| | अतुष्यः | णतुष्यतम् | अतुष्यत |
| | अतुष्यम् | अतुष्याव | अतुष्याम |
| अ+युध्+य+त | अयुध्यत | अयुध्येताम् | अयुध्यन्त |
| | अयुध्यथाः | अयुध्येथाम् | अयुध्यध्वम् |
| | अयुध्ये | अयुध्यावहि | अयुध्यामहि |
| अ+पीड्+अय+त् | अपीडयत् | अपीडयतांम् | अपीडयन् |
| | अपीडयः | अपीडयतम् | अपीडयत |
| | अपीडयम् | अपीडयाव | अपीडयाम |
| अ+पीड+अय+त | अपीडयत | अपीडयेताम् | अपीडयन्त |
| | अपीडयथाः | अपीडयेथाम् | अपीडयेध्वम् |
| | अपीडये | अपीडयावहि | अपीडयामहि |

## ലകാരങ്ങൾ.

പൂൎണ്ണക്രിയയ്ക്കു് പല രൂപങ്ങളുമുണ്ടു്. അവ അർത്ഥഭേദം പ്രമാണിച്ചാണു് വരുന്നതു്. വിശദീകരിക്കാം.

| കാലം. | | | പ്രകാരം. | | |
|---|---|---|---|---|---|
| രൂപം. | | അർത്ഥം. | രൂപം. | | അർത്ഥം. |
| കാണുന്നു | — | വർത്തമാനം | കാണണം | — | ശാസന |
| കാണും | — | ഭാവി | കാണട്ടേ | — | ആജ്ഞ |
| കണ്ടു | — | ഭൂതം | കാണാം | — | അനുവാദം |
| കണ്ടിട്ടുണ്ടു് | — | ,, | കാണണേ | — | പ്രാർത്ഥന |
| കണ്ടിരുന്നു | — | ,, | കാണുമായിരുന്നു | | സങ്കല്പം |
| കണ്ടിട്ടുണ്ടായിരുന്നു | | ,, | | | |

കാണുക എന്ന ധാതുവിൻെറ നാനാരൂപങ്ങളും അർത്ഥങ്ങളും രണ്ടു് പംക്തികളിൽ ഇവിടെ കൊടുത്തിരിക്കുന്നു അതിൽ ആദ്യത്തേതു് വെറും കാലവും രണ്ടാമത്തേതു് മറേറാരോ അർത്ഥവും കാണിക്കുന്നും ആ അർത്ഥങ്ങളെ പ്രകാരമെന്നു് പൊതുവിൽ പറയുന്നു. ഇംഗ്ലീഷിലും ഹിന്ദിയിലും ഇതേ രീതിയിൽ രൂപഭേദം വരുന്നതു് ശ്രദ്ധിക്കുക.

| കാലം | | | പ്രകാരം | | |
|---|---|---|---|---|---|
| രൂപം | | അർത്ഥം | രൂപം | | ഞർത്ഥം |
| I See | — | Present | Must See | — | Compulsion |
| I have seen | — | Present perfect | Let me see | — | Permission |

I will see — Future
I saw — Past (Simple)
I was seeing — Past (Continuous)
I had seen — Past (Perfect)

You may see—Order
May I see —Request
I wohld have seen — Condition

| രൂപം | അർത്ഥം | രൂപം | അർത്ഥം |
|---|---|---|---|
| मैं देखता हूँ । | वर्तमान | मुझे देखना है । | अपरिहार्यता |
| मैं देखूँगा । | भविष्य | मैं देखूँ । | प्रार्थना |
| मैंने देखा । | भूत | मैंने देखा होगा । | संकल्प |
| मैं देखता था । | भूत (अपूर्ण) | | |
| मैंने देखा था । | भूत (पूर्ण) | | |

രൂപങ്ങളുടെ സംഖ്യയിലും, അത്ഥത്തിലും അല്പാല്പം വ്യത്യാസം വരുന്നുണ്ടെങ്കിലും അവസ്ഥതമ്മിൽ പറയത്തക്ക സാദൃശ്യം കാണുന്നുണ്ടല്ലൊ. സംസ്കൃതത്തിൽ ഇങ്ങനെ കാലത്തേയും പ്രകാരത്തേയും ആസ്പദിച്ചുവരുന്ന വ്യത്യാസം ആകെ പത്തെണ്ണമാണ്. കാലത്തെ ആസ്പദിച്ച് ആറും പ്രകാരത്തെ ആസ്പദിച്ച് നാലും. മലയാളത്തിൽ ഇത്തരം രൂപങ്ങൾക്ക് അവയുടെ അർത്ഥമാസ്പദിച്ച് ഭൂതം, ഭാവി, വത്തമാനം, നിയോജകം, വിധായകം, അനുജ്ഞായകം, ആശാസകം, ആഭിലാഷികം തുടങ്ങി ഓരോരുത്തരുടെ ബുദ്ധിവൈഭവം പോലെ ഓരോ പേരിട്ടിരിക്കയാണ്. ഇംഗ്ലീഷിലേയും ഹിന്ദിയിലേയും കഥ ഇതുതന്നെ. പക്ഷെ പാണിനി അവക്കെല്ലാം ഓരോ ഓമനപ്പേരിട്ടിരിക്കയാണ്. എല്ലാ പേരിലും ഒരു ലകാരം കാണാം. അതുകൊണ്ടാണ് ഈ പൂണ്ണക്രിയകൾക്കെല്ലാം ലകാരങ്ങളെന്ന് പേർ വന്നത്. ആ ഓമനപ്പേരുകൾ ലട്, ലൃട്, ലുട്, ലങ്, ലുങ്, ലിട്, ലോട്. ലിങ്-1, ലിങ്-2, ലൃങ് എന്നിവയാണ്.

ഇവയിൽ കാലത്തേയും പ്രകാരത്തേയും കാണിക്കുന്നവയെ വേർതിരിച്ചുകാണിക്കാം.

| | | |
|---|---|---|
| ലട് | — | വത്തമാനം |
| ലൃട് | — | ഭാവി |
| ലുട് | — | ഭാവി |
| ലങ് | — | ഭൂതം |
| ലുങ് | — | ഭൂതം |
| ലിട് | — | ഭൂതം |

ലോട് —
ലിങ് —
ലിങ് —
ലൃങ് —
} വിധി, അനുവാദം, ആജ്ഞ, ആശീർവ്വാദം, സങ്കല്പം, കാര്യകാരണഭാവം മുതലായ പ്രകാരാർത്ഥങ്ങളെല്ലാം.

| संकेताः | रूपाणि | अर्थाः | |
|---|---|---|---|
| लट् | पठति | वर्तमानः | (Present) |
| लृट् | पठिष्यति | भविष्यन् | (Future) |
| लुट् | पठिता | भविष्यन् | ( „ ) |
| लङ् | अपठत् | आसन्नभूतः | (Past, imperfect) |
| लुङ् | अपाठीत् | भूतः | (Past, aorist) |
| लिट् | पपाठ | परोक्षभूतः | (Past, perfect) |
| लोट् | पठतु | आज्ञा | (Imperative) |
| लिङ् | पठेत् | विधिः | (Potential) |
| लिङ् २ | पठ्यात् | आशीः | (Benedictive |
| लृङ् | अपठिष्यत् | संभावना, कार्यकारणभावः | (Conditional) |

ഈ പത്തു് ലകാരങ്ങളിലും ആത്മനേപദ പരസ്മൈപദ വ്യത്യാസമനുസരിച്ചു് അല്പാല്പം വ്യത്യാസത്തോടെ ति, तः, अन्ति, ते, इते, अन्ते എന്നു തുടങ്ങുന്ന പുരുഷപ്രത്യയങ്ങൾ ചേർത്തു് രൂപങ്ങളുണ്ടാകുന്നു. ഭാവികാലത്തിൽ രണ്ടു് രൂപങ്ങളുള്ളതിൽ ലൃട്ടിനെ മാത്രമേ കാര്യമായെടുക്കേണ്ടതുള്ളൂ. ലുട്ടിനു് അത്ര പ്രചാരമൊന്നുമില്ല. മാത്രമല്ല, അതൊരു കൃത്രിമരൂപമാണെന്നതു് ഋകാരാന്തശബ്ദങ്ങളെപ്പററി വിവരിക്കുമ്പോൾ സ്പഷ്ടമാകും.

लकाराः
(पूर्णक्रियाः)

- कालार्थाः
  - वर्तमानः
    - लट्
  - भविष्यन्
    - लृट्
    - लुट्
  - भूतः
    - लङ्
    - लुङ्
    - लिट्
- प्रकारार्थाः
  - लोट्
  - लिङ्
    - विधिः
    - आशीः
  - लृङ्

ഇംഗ്ലീഷിലും ഹിന്ദിയിലും മലയാളത്തിലുമെല്ലാമുള്ളപോലെ

എല്ലാ രൂപങ്ങളിലും പ്രയോഗമില്ലാത്ത ചില ധാതുക്കൾ സംസ്കൃതത്തിലുമുണ്ടു്. അവയെ ഖിലധാതുക്കളെന്നു് വിളിക്കുന്നു. 'നട' എന്ന ധാതുവിന് നടക്കുന്നു, നടന്നു, നടക്കും, നടക്കണം, നടക്കട്ടെ, നടക്കാം, നടന്ന, നടന്നു്, നടന്നാൽ എന്നിങ്ങനെ ഒരു ധാതുവിൽ നിന്നു് വരാവുന്ന എല്ലാ രൂപങ്ങളും പ്രചാരത്തിലുണ്ടു്. എന്നാൽ 'എൻ' എന്ന ധാതുവിൻെറ എന്ന, എന്നു്, എന്നാൽ, എങ്കിൽ ഇങ്ങനെ അല്പം രൂപങ്ങളേ പ്രചാരത്തിലുള്ളു. എന്നുന്നുഎന്ന വർത്തമാനരൂപമോ എന്നും എന്ന ഭാവികാലരൂപമോ കാണാനില്ല. ഇതുപോലെ മററു ഭാഷകളിലും എല്ലാ രൂപങ്ങളിലും പ്രയോഗമില്ലാത്ത ധാതുക്കൾ ഉണ്ടു്. എന്നാൽ പ്രയോഗമില്ലാത്ത രൂപത്തിൻെറ സ്ഥാനത്തു് മററു് ധാതുക്കളിൽനിന്നുണ്ടാക്കിയ രൂപമെടുത്തു് പകരം പ്രയോഗിക്കുക എന്ന രീതി ആ ഭാഷകളിൽ നടപ്പുണ്ടു്.

| | | | |
|---|---|---|---|
| ഇംഗ്ലീഷ് | Is | Was | Will be |
| ഹിന്ദി | जाता | गया | जाएगा |
| സംസ്കൃതം | अस्ति | अभूत् | भविष्यति |

മേൽ കാണിച്ച രൂപങ്ങൾ

| | | |
|---|---|---|
| Walk | Walked | Will walk |
| लिखता | लिखा | लिखेगा |
| अपठत् | अपठताम् | अपठन् |

എന്നിവപോലെ ഒരേ ധാതുവിൽനിന്നുണ്ടായവയാണെന്നു തോന്നുന്നില്ലല്ലോ. അങ്ങനെ കുറച്ചു് ധാതുക്കൾ സംസ്കൃതത്തിലുണ്ടു്. അവയും അവയുടെ വ്യത്യസ്തതയും അടുത്ത ദിവസം കാണിക്കാം.

| | | | |
|---|---|---|---|
| मृगः | മൃഗം | स्नेहः | സ്നേഹം |
| व्याघ्रः | പുലി | आश्रमः | ആശ്രമം |
| शरः | അമ്പു് | धूमः | പുക |
| अभावः | ഇല്ലായ്മ | भक्तः | ഭക്തൻ |
| आहारः | ഭക്ഷണം | योधः | ഭടൻ |
| कलहः | കലഹം | चापः | വില്ലു് |
| कूपः | കിണർ | पौरः | പൌരൻ |
| क्षेमः | ക്ഷേമം | प्रभावः | മഹാത്മ്യം |
| घटः | കുടം | बान्धवः | ബന്ധു |
| भृत्यः | ഭൃത്യൻ | महीरुहः | വൃക്ഷം |
| रथः | രഥം | यज्ञः, यागः | യാഗം |
| वानरः | കുരങ്ങു് | | |

തർജ്ജമ ചെയ്യുക:—

मृगाः व्याधानां शरैरम्रियन्त। अन्नस्याभावेन जनाः क्लिश्यन्ति। यूयं कूपे पतिष्यथ। कलहेन जना अनश्यन्। वयं पुस्तकमलभामहि। पौरा जनानां क्षेमाय यतन्ते। पौरा घटाज्जलमपिबन्। वृक्षाणां शाखासु वानरा लम्बन्ते। सज्जनानां वाग्भिः भक्ताः अतुष्यन्। रामः दशरथस्य पुत्रः अजायत।

१) नैनम् छिन्दन्ति शस्त्राणि नैनम् दहति पावकः।
नचैनं क्लेदयन्त्यापो नशोषयति मारुतः॥

२) धर्मक्षेत्रे कुरुक्षेत्रे समवेता युयुत्सवः।
मामकाः पाण्डवाश्चैव किमकुर्वत सञ्जय॥

३) तत्रापश्यत् स्थितान् पार्थः पितॄनथ पितामहान्।
आचार्यान् मातुलान् भ्रातॄन् पुत्रान् पौत्रान् सखींस्तथा।

४) पायात् सर्वेश्वरः सर्वं फलन्तु तरवो भुवि।
भवेद्राष्ट्रं च सम्पन्नं चरेद्धर्मं महाजनः॥

५) उदेष्यति रविः प्रातः भास्यिष्यन्ते नतारकाः।
पद्मानि विकसिष्यन्तीत्यचिन्तयदलिव्रजः

६) पुत्रस्ते भविता राजन् मा स्म चिन्ताकुलो भव।
एतत् मुनेर्वचः श्रुत्वा दिलीपः प्रत्यवर्तत॥

७) पपाठ बालकः पाठं ननन्दगुरुरप्यमूम्।
जगाम भवनं प्रीत्या न ददर्श स नाटकम्॥

८) यदिह्ययाचिष्यमदास्यदच्युतो
वदामि भार्यांकिमितिव्रजन्नसौ।
त्वदुक्तिलीलास्मितमग्नधीः पुनः
क्रमादपश्यन्मणिदीप्रमालयम्॥

# ദിവസം ഏഴ്.

സംസ്കൃതത്തിൽ പൂൎണ്ണക്രിയകളുണ്ടാക്കാൻ ഒട്ടാകെ നാലുതരം പ്രത്യയങ്ങളാണുപയോഗിക്കുന്നതു്. വൎത്തമാനം ഭാവി എന്നിവയ്ക്കെല്ലാരുതരം; ഭൂതകാലത്തിന്നു് രണ്ടു് തരം; പ്രകാരാൎത്ഥത്തിനൊരുതരം; ഇങ്ങനെയുള്ള നാലുതരം പ്രത്യയങ്ങൾക്കു് വരുന്ന മാററംകൊണ്ടാണു് അവ ഒമ്പതു് തരത്തിലുണ്ടെന്നു് തോന്നുന്നതു്. ദശലകാരങ്ങളെന്നു് പറയാറുണ്ടെങ്കിലും അവയിലൊന്നായ ലേട് വേദകാലത്തോടുകൂടി പ്രയോഗമാററത്തിനാൽ ഇന്നു് ഒമ്പതെണ്ണമേ പ്രചാരത്തിലുള്ളു. വ്യക്തമാക്കാം.

വൎത്തമാനകാല (ലട്) ത്തിന്റേയും ഭാവികാല (ലൃട്) ത്തിന്റേയും നിഷ്പാദനരീതിയൊന്നു നോക്കുക.

पठति पठिष्यति

ഇതിൽ ഭാവിരൂപത്തിൽ കാണുന്ന വ്യത്യാസം വൎത്തമാനരൂപത്തിന്റെ നടുക്കു് ഒരു 'इष्य' കടന്നുകൂടിയിട്ടുള്ളതാണല്ലൊ. അതുകൊണ്ടു് ഇതു് രണ്ടംശങ്ങൾ കൂട്ടിയൊട്ടിച്ചതാണെന്നൂഹിക്കാം. पठ्+इष्यति। दीव्यतिगण ത്തിൽ इष् എന്നൊരു ധാതുവുണ്ടു്; പോവുക എന്ന അൎത്ഥത്തിൽ. सः पठिष्यति എന്നതിന്നു് അവൻ പഠിക്കാൻ പോകുന്നു എന്നൎത്ഥം അങ്ങനെ അതു് ഭാവ്യൎത്ഥം തോന്നിക്കുകയാണു്. He is going to study എന്നർത്ഥം തന്നെ. അതു് പറഞ്ഞതിനുശേഷമാണല്ലോ പഠനം നടക്കുന്നതു്. അതുകൊണ്ടതു് ഭാവികാലമാണെന്നു് കിട്ടിക്കൊള്ളും. ഇംഗ്ലീഷിൽ നിലവിലുള്ള ഭാവികാലംതന്നെ ഇങ്ങനെ ഏച്ചുകൂട്ടി അർത്ഥം തോന്നിക്കുന്നതാവാം. Will എന്നതിന്നു ആഗ്രഹം എന്നർത്ഥമാണല്ലൊ. അതു് ഖിലധാതുവാണു്. will, willing എന്നിങ്ങനെ അപൂൎവ്വം ചില രൂപമേ അതിനിന്നു പ്രചാരത്തിലുള്ളു. will go എന്നതിന്നു് പോകാനാഗ്രഹിക്കുന്നു എന്നാകുമർത്ഥം. Let me go എന്നതിലെപ്പോലെ സന്തതസാഹചൎയ്യംകൊണ്ടു് To എന്ന Preposition ഉപയോഗിക്കാതായതാവാം. അങ്ങനെ മററു് ധാതുവിന്റെ സഹായംകൊണ്ടാണു് ഇംഗ്ലീഷിൽ ഭാവികാലാർത്ഥമുണ്ടാകുന്നതെന്നൂഹിക്കാം. സംസ്കൃതത്തിലും ഈ സമ്പ്രദായംതന്നെയാണംഗീകരിച്ചതെന്നു തോന്നുന്നു. दास्यति, पास्यति മുതലായവയിൽ 'इ' ലോപിച്ചതാവാം. ഭാവിരൂപം നേരെ മറിച്ചാണു് നിഷ്പാദിപ്പിച്ചിട്ടുള്ളതു്. ഇതു് ഉപരിചിന്തനത്തിനുള്ളതാണു്.

ഭാവിയിൽ ലുട് എന്ന ലകാരവും പ്രയോഗിക്കാറുണ്ടു്. പക്ഷെ ലൃട്ടിനെപ്പോലെ സുലഭമായി ആ രൂപം കാണുകയില്ല. അതിൻെറ രൂപമിതാണു്.

लुट्, परस्मैपदम्

| | | |
|---|---|---|
| पठिता | पठितारौ | पठितारः |
| पठितासि | पठितास्थः | पठितास्थ |
| पठितास्मि | पठितास्वः | पठितास्मः |

लुट्, आत्मनेपदम्

| | | |
|---|---|---|
| भाषिता | भाषितारौ | भाषितारः |
| भाषितासे | भाषितासाथे | भाषिताध्वे |
| भाषिताहे | भाषितास्वहे | भाषितास्महे |

ഈ ക്രിയാരൂപവും സഹായകക്രിയ ചേർത്തുണ്ടാവുന്നതാണെന്നു വ്യക്തമാക്കാം. മലയാളത്തിൽ ചെയ്യുന്ന-ചെയ്യുന്നവൻ, എഴുതുന്ന-എഴുതുന്നവൻ എന്നപോലെയും, ഹിന്ദിയിൽ जाना-जानेवाला, करना-करनेवाला, എന്നപോലെയും, ഇംഗ്ലീഷിൽ Work-Worker, Write-Writer എന്നപോലെയും, സംസ്കൃതത്തിൽ ധാതുവിനോടു് 'तृ' എന്നൊരു പ്രത്യയം ചേർത്തു് ക്രിയ ചെയ്യുന്ന വ്യക്തിയെ (Verbal Noun) കാണിക്കാൻ ഒരുതരം രൂപമുണ്ടാകുന്നുണ്ടു്. അതു് ചേൎക്കുമ്പോൾ ധാതുവിന്നു് ഗുണം വരും. कृ, कर्+तृ, कर्तृ. ഈ രൂപങ്ങൾ ഋകാരാന്തങ്ങളാണു്. ഇത്തരം പദങ്ങളുടെ രൂപം कर्ता, कर्तारौ, कर्तारः എന്നിങ്ങനെയാണു്. पठ् ധാതുവിൻെറ ഈ രൂപം पठिता पठितारौ पठितारः എന്നാണു്. ഈ രൂപങ്ങൾക്കും മേൽകാണിച്ച ലൃട്ടിലെ രൂപങ്ങൾക്കും എന്തു് വ്യത്യാസമാണുള്ളതു്? മദ്ധ്യമപുരുഷനിലും ഉത്തമപുരുഷനിലും अस् എന്ന ധാതു കൂട്ടിച്ചേർത്തതാണെന്നു് സ്ഥൂലദൃഷ്ടിയിൽ തന്നെ വ്യക്തമാണു്. എന്നാൽ നാമങ്ങളിലും നാമാംഗക്രിയകളിലും കാണുന്ന ലിംഗപ്പൊരുത്തം ഇതിൽ കാണാത്തതിനാൽ ഇതിനെ ക്രിയാവിഭാഗത്തിൽ പെടുത്തിയെന്നേ ഉള്ളൂ. रामः लिखन्, सीता लिखन्ती എന്നിങ്ങനെ നാമങ്ങൾക്കും അംഗക്രിയകൾക്കും ലിംഗപ്പൊരുത്തം കാണുന്നപോലെ रामः पठिता सीता पठित्री എന്നിങ്ങനെ ലിംഗഭേദം വന്നുകാണാത്തതുകൊണ്ടു് അത്തരം രൂപങ്ങളെ ലകാരവിഭാഗത്തിലേക്കു് തള്ളിയെന്നേ ഉള്ളൂ. ഹിന്ദിയിലെന്നപോലെ കർത്തൃക്രിയകൾക്കു് ലിംഗപ്പൊരുത്തം സംസ്കൃതത്തിലില്ലല്ലോ. राम जाता,

सीता जाती എന്നപോലെ रामः गच्छति, सीता गच्छति എന്നിടത്തു് രൂപഭേദം വരുന്നില്ല. അതുകൊണ്ടു് ലുട്ടിനെ ശുദ്ധ ലകാരമായി കണക്കാക്കാൻ വിഷമമുണ്ടു്. ഇതു് പാണിനിതന്നെ സമ്മതിച്ചതായി തോന്നുന്നു. എന്തെങ്കിലുമൊരു കലർപ്പുള്ള ലകാരരൂപങ്ങളെ ആർദ്ധധാതുകന്നെന്നും കലർപ്പില്ലാത്തവയെ സാർവ്വധാതുകന്നെന്നും പേരിട്ടു വേർതിരിച്ചതിനടിസ്ഥാനമതായിരിക്കണം. ആർദ്ധധാതുകം = അർദ്ധം ധാതുത്വമുള്ളതു്. സാർവ്വധാതുകം = എല്ലാംകൊണ്ടും ധാതുത്വമുള്ളതു്.

| | | | | | | |
|---|---|---|---|---|---|---|
| लुट् | लृट् | लिट् | लुङ् | लिङ्-२ | लृङ् | आर्धधातुकाः |
| भविता, | भविष्यति, | बभूव, | अभूत्, | भूयात् | अभविष्यत् | |

| | | | | |
|---|---|---|---|---|
| लट् | लोट् | लङ् | लिङ्-१ | सार्वधातुकाः |
| भवति, | भवतु | अभवत् | भवेत् | |

लोट्, लिङ्-१ എന്ന ലകാരങ്ങൾക്കു് മലയാളത്തിലെ പ്രകാരങ്ങൾക്കുള്ള അർത്ഥമാണുള്ളതു്. ലിങ്ങിനു് പ്രകാരാർത്ഥത്തിൽ കവിഞ്ഞു് പ്രാർത്ഥന, സംഭാവന എന്നിങ്ങനെ മററു ചില അർത്ഥംകൂടി ഉണ്ടു്.

लोट्-रामो गच्छतु — രാമൻ പോകട്ടെ, പോകണം, പോകാം.

लिङ् १- रामो गच्छेत् — ലോട്ടിൻെറ അർത്ഥങ്ങൾക്കുപുറമെ പോകണമേ, പോകുമായിരുന്നു, പോയേനേ എന്നുകൂടി അർത്ഥം കിട്ടും.

लोट् प्रत्ययाः (परस्मैपदम्)

| | | |
|---|---|---|
| तु | ताम् | अन्तु |
| हि | तम् | त |
| आनि | आव | आम |
| यातु | याताम् | यान्तु |
| याहि | यातम् | यात |
| यानि | याव | याम |

ഹ്രസ്വാംഗ ഗണങ്ങളിലെ രൂപങ്ങളിൽ മദ്ധ്യമപുരുഷൈകവചനത്തിലെ 'हि' ലോപിക്കും.

| | | |
|---|---|---|
| हसतु | हसताम् | हसन्तु |
| हस | हसतम् | हसत |
| हसानि | हसाव | हसाम |

लोट् प्रत्ययाः (आत्मनेपदम्)

| | | |
|---|---|---|
| ताम् | इताम् | अन्ताम् |
| स्व | इथाम् | ध्वम् |
| ऐ | आवहै | आमहै |
| भाषताम् | भाषेताम् | भाषन्ताम् |
| भाषस्व | भाषेथाम् | भाषध्वम् |
| भाषै | भाषावहै | भाषामहै |

लिङ्-१

വിധിലിങ്ങ്, ആശീർലിങ്ങ് എന്നിങ്ങനെ ലിങ്ങ് രണ്ടുവിധമുണ്ട്. വിധിലിങ്ങിനെ ലിങ്ങ്-1 എന്നും, ആശീർലിങ്ങിനെ ലിങ്ങ്-2 എന്നുമാണിവിടെ നിർദ്ദേശിച്ചിരിക്കുന്നത്. ലിങ്ങ്-1 പ്രകാരാർത്ഥങ്ങളെ കുറിക്കുന്നു. ലിങ്ങ്-2 ആശീർവ്വാദാർത്ഥമാണ് കുറിക്കുന്നത്.

लिङ् १-प्रत्ययाः

| परस्मैपदम् | | | आत्मनेपदम् | | |
|---|---|---|---|---|---|
| ईत् | ईताम् | ईयुः | ईत | ईयाताम् | ईरन् |
| ईः | ईतम् | ईत | ईथाः | ईयाथाम् | ईध्वम् |
| ईयम् | ईव | ईम | ईय | ईवहि | ईमहि |

रूपाणि

हस्+अ+ईत् = हसेत्  भाष्+अ+ईत = भाषेत

| | | | | | |
|---|---|---|---|---|---|
| हसेत् | हसेताम् | हसेयुः | भाषेत | भाषेयाताम् | भाषेरन् |
| हसेः | हसेतम् | हसेत | भाषेथाः | भाषेयाथाम् | भाषेध्वम् |
| हसेयम् | हसेव | हसेम | भाषेय | भाषेवहि | भाषेमहि |

സൂക്ഷ്മമായി പരിശോധിച്ചാൽ ലിങ്ങിലെ പുരുഷപ്രത്യയങ്ങൾ ലങ്ങിന്റേതുതന്നെയെന്നു കാണാം. ലങ്ങ് പ്രത്യയങ്ങൾക്കുമുന്നിൽ ഈ് എന്നൊരു പ്രത്യയം പ്രകാരാർത്ഥം തോന്നിക്കാൻ ചേർത്തിരിക്കുന്നു. പ്രഥമപുരുഷൻ ബഹുവചനത്തിലും ഉത്തമപുരുഷൻ ഏകവചനത്തിലും അല്പം വ്യത്യാസം കാണുന്നുണ്ടെന്നുമാത്രം.

ലുട്, ലിട് എന്നീ ലകാരങ്ങൾ ഭൂതകാലാർത്ഥത്തിലാണു പ്രയോഗിക്കുക. ഈ രണ്ടു ലകാരങ്ങളുടെ പ്രക്രിയ വളരെ സങ്കീർണ്ണമാണ്.

ഇവയുടെ രൂപനിഷ്പാദനം വളരെ വിഷമമാണെങ്കിലും രൂപമിന്നതാണെന്നു് കണ്ടുപിടിക്കാനെളുപ്പമാണു്. ലുങ്ങിൽ ലങ്ങിലെന്നപോലെ ധാതുവിന്റെ മുമ്പു് अ എന്ന വർണ്ണം ചേർന്നുകാണാം. ലങ്ങിന്റെ പ്രത്യയങ്ങൾതന്നെ മിക്ക ധാതുക്കളോടും ചേർന്നിരിക്കും. ചില ധാതുക്കളുടെ പ്രഥമപുരുഷ ബഹുവചനപ്രത്യയം उः എന്നായിക്കാണാം. ചില ധാതുക്കളുടേയും പ്രത്യയത്തിന്റേയും ഇടയ്ക്കു് स् എന്നോ इष् എന്നോ ചേർന്നുകാണും. ഷകാരസംസർഗ്ഗംകൊണ്ടു് പ്രത്യയത്തിലെ തകാരം ടകാരമായി इष्ट, इष्टाम् എന്നെല്ലാമായി മാറും. വിശേഷവിധികളെല്ലാം വിസ്തരിച്ചു് മേലാൽ വിവരിക്കും. സ്വരൂപബോധത്തിന്നുമാത്രം ചില രൂപങ്ങൾ കൊടുക്കുന്നു.

### लुङ्

| परस्मैपदम् (भू-ഭവിക്കുക) | | | आत्मनेपदम् (सिच्-നനയ്ക്കുക) | | |
|---|---|---|---|---|---|
| १. अभूत् | अभूताम् | अभूवन् | असिचत | असिचेताम् | असिचन्त |
| अभूः | अभूतम् | अभूत | असिचथाः | असिचेथाम् | असिचध्वम् |
| अभूवम् | अभूव | अभूम | असिचे | असिचावहि | असिचामहि |
| २. अगात् | अगाताम् | अगुः | | | |
| ३. अवादीत् | अवादिष्टाम् | अवादिषुः | अजनिष्ट | अजनिषताम् | अजनिषत |

### लिट्

ലിട്ടിൽ ജുഹോതിഗണധാതുക്കൾക്കെന്നപോലെ ഇരട്ടിപ്പവരും. ഈ പ്രക്രിയക്കു് അഭ്യാസകാര്യമെന്നാണു് പേർ. ഇതിന്റെ സമ്പ്രദായം ഒന്നു് താരതമ്യപ്പെടുത്തി വ്യക്തമാക്കാം. പപ്പടം, വെവ്വേറെ, കെങ്കേമം മുതലായ പദങ്ങൾ പട, വേറെ, കേമം എന്നീ പദങ്ങൾ ഇരട്ടിച്ചുവരുന്നവയാണെന്നു് മനസ്സിലാക്കാം. പടപട, വേറെവേറെ, കേമം കേമം എന്ന പദങ്ങളുടെ ആമ്രേഡിതരൂപങ്ങളെ ഒററപ്പദമാക്കിയതാണവ. ഒററപ്പദമാക്കുമ്പോൾ അവയ്ക്കുവരുന്ന വികാരമിതാണു്. ആദ്യത്തെ അംശത്തിലെ ആദിസ്വരംവരെയുള്ള ഒരു വർണ്ണം നിർത്തി ബാക്കി ലോപിക്കുന്നു. ആദ്യത്തെ സ്വരം ഹ്രസ്വമാകുന്നു. ദ്വിത്വം വരുന്നു. പടപട പപട പപ്പടം, വേറെ വേറെ വെവേറെ വെവ്വേറെ. ഏതാണ്ടിതുപോലെത്തന്നെയാണു് സംസ്കൃതത്തിലെ അഭ്യാസപ്രക്രിയയും. ധാതു ആദ്യമിരട്ടിക്കും. ആദ്യാംശത്തിൽ മിക്കവാറും ആദ്യവ്യഞ്ജനവും ആദ്യസ്വരവും മാത്രമവശേഷിക്കും. ആദ്യാംശത്തിനു് അഭ്യാസമെന്നു പേർ. അതിലെ സ്വരത്തിനു് ഹ്രസ്വം

വരും. ക, ഖ എന്നിവ ചകാരവും ഗ, ഘ, ഹ എന്നിവ ജകാരവുമാകുമെന്നതു് സംസ്കൃതത്തിൽ വിശേഷമാണു്. കെങ്കേമമെന്നതു് സംസ്കൃതമായിരുന്നെങ്കിൽ ചെങ്കേമമാകുമെന്നൎത്ഥം

ലിട്ടിൻെറ അൎത്ഥം പരോക്ഷഭൂതമാണു്. യുഗങ്ങൾക്കുമുമ്പു് നടന്ന സംഗതികൾ പറയാനാണിതുപയോഗിക്കുന്നതു്. അപ്പോൾ അതിൻെറ മദ്ധ്യമപുരുഷനും ഉത്തമപുരുഷനും പ്രയോഗിക്കേണ്ട സന്ദൎഭം വരില്ല. യുഗങ്ങൾക്കുമുമ്പു് ഞാൻ ഒരു സംഗതി പ്രസ്താവിക്കുക സാദ്ധ്യമല്ലല്ലോ. അതുപോലെ യുഗങ്ങൾക്കു് മുമ്പു് നിങ്ങൾ കേൾക്കാനുമുണ്ടാവില്ലല്ലോ. അതുകൊണ്ടു് പ്രഥമപുരുഷനേ പ്രയോഗിക്കേണ്ടിവരുള്ളു. शकुन्तला दुष्यन्तं ददर्श। എന്നു് പറയാം. നാരായണീയത്തിൽ ഗുരുപവനാധീശനെ സംബോധനചെയ്തു പറയുന്ന സന്ദൎഭത്തിൽ ഭട്ടതിരി മദ്ധ്യമപുരുഷൻ പ്രയോഗിച്ചുകാണുന്നതു് ഒരു വ്യത്യസ്തതയാണു്.

लिट् प्रत्ययाः

| परस्मैपदम् | | | आत्मनेपदम् | | |
|---|---|---|---|---|---|
| अ | अतुः | उः | ए | आते | इरे |
| * थ | | | से | | |
| लिलेख | लिलिखतुः | लिलिखुः | बभाषे | बभाषाते | बभाषिरे |
| लिलेखिथ | | | बभाषिथे | | |

लृङ्

കാൎയ്യകാരണഭാവമുള്ള സംഭവങ്ങൾ സങ്കല്പിക്കുമ്പോഴാണു് ലൃങ്ങിനുപ്രയോഗിക്കാനുള്ള സന്ദൎഭമുണ്ടാവുക. വിളക്കു് കൊളുത്തിയെങ്കിൽ വായിക്കാമായിരുന്നു. ഇവിടെ വായിക്കുകയെന്നതിൻെറ കാരണമാണു് വിളക്കു് കൊളുത്തുക. പക്ഷേ അതു് രണ്ടും സങ്കല്പമാണു്. ഇവിടെ സങ്കല്പാൎത്ഥമുണ്ടാക്കുന്നതു് ഒരു പ്രത്യേക രീതിയിലാണു്. ഭൂതകാലത്തിൻേറയും ഭാവിയുടേയും ചിഹ്നങ്ങൾ ഒന്നിച്ചൊട്ടിച്ചു ചേൎക്കുമ്പോഴാണു് ഈ അൎത്ഥമുണ്ടാവുന്നതു്.

अ എന്ന ഭൂതകാലചിഹ്നം ലങ്ങിലെന്നപോലെ ധാതുവിൻെറ മുമ്പിൽ ചേൎക്കുക इष्य എന്ന ഭാവികാലചിഹ്നം ലൃട്ടിലെപ്പോലെ

* थ എന്നതു് ചിലേടത്തു് इ ചേൎന്നു് इथ എന്നാവും. से എന്നതു് इ ചേൎന്നു് इषे എന്നുമാവും.

ധാതുവിന്നശേഷവും ചേൎക്കുക. പിന്നെ ലങ്ങിൻെറ പ്രത്യയങ്ങളും മററു ചേൎക്കുക.

| परस्मैपदम् | | | आत्मनेपदम् | | |
|---|---|---|---|---|---|
| अ + हस् + इष्य + त् = अहसिष्यत् | | | अ + भाष् + इष्य + त = अभाषिष्यत | | |
| अहसिष्यत् | अहसिष्यताम् | अहसिष्यन् | अभाषिष्यत | अभाषिष्येताम् | अभाषिष्यन्त |
| अहसिष्यः | अहसिष्यतम् | अहसिष्यत | अभाषिष्यथाः | अभाषिष्येथाम् | अभाषिष्यम् |
| अहसिष्यम् | अहसिष्याव | अहसिष्याम | अभाषिष्ये | अभाषिष्यावहि | अभाषिष्यामहि |

ഭൂതഭാവികൾ ഒട്ടിച്ചുചേൎത്തു് സങ്കല്പാൎത്ഥം തോന്നിക്കുന്ന രീതി പല ഭാഷകളിലും നിലവിലുണ്ടു്.

1· He would have gone there· 2· राम अपने यहाँ पहुँचा होगा.
3· यदिह्ययाचिष्यमदास्यदच्युत: 4. രാമൻ വീട്ടിലെത്തിയിരിക്കും.

ഇവിടെ ഇംഗ്ലീഷിലെ സങ്കല്പാൎത്ഥമുണ്ടാകുന്നതു് ഭാവിപ്രത്യയത്തിൻെറ സ്ഥാനത്തുനിൽക്കുന്ന will എന്നതിനെ ഭൂതമാക്കി മാററിയിട്ടാണല്ലോ. ഭൂതഭാവികൾ ഒരിടത്തു് നില്ക്കുക യഥാൎത്ഥമല്ല, വെറും സങ്കല്പമേ ആവുള്ളൂ. അങ്ങനെയാണതിൽ സങ്കല്പാൎത്ഥമുളവാകുന്നതു്. അങ്ങനെത്തന്നെ 'पहुँचा' ഭൂതം, 'होगा' ഭാവി. രണ്ടും കൂടിച്ചേരുമ്പോൾ സങ്കല്പമായിമാറുന്നു. 'എത്തി' ഭൂതം, 'ഇരിക്കും' ഭാവി. അവിടേയും സങ്കല്പാൎത്ഥംതന്നെ. 'अयाचिष्यम्' 'अदास्यत्' എന്ന രണ്ടു് ക്രിയകളിലേയും മട്ടിതുതന്നെ. ഞാൻ (കുചേലൻ) യാചിച്ചിരുന്നെങ്കിൽ ഭഗവാൻ തരുമായിരുന്നു.

ലൃങ്ങിൻെറ സ്ഥാനത്തു്, അതേ അൎത്ഥത്തിൽ വിധിലിങ്ങ് (ലിങ്-1) ധാരാളമുപയോഗിച്ചുകാണുന്നുണ്ടു്. ഈ അൎത്ഥത്തിൽ ലിങ്ങിനാണു് ലൃങ്ങിനേക്കാൾ കൂടുതൽ പ്രചാരവും. സങ്കല്പാൎത്ഥമടക്കമുള്ള പ്രകാരാൎത്ഥങ്ങളെല്ലാം ലിങ്ങുകൊണ്ടു് സിദ്ധിക്കുന്നതിനാൽ ലിങ്ങിലെ രൂപങ്ങൾക്കു് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതാണു്.

## ഖിലധാതുക്കൾ.

ധാതുവിൽനിന്നുരുത്തിരിഞ്ഞുവരുന്ന എല്ലാ രൂപങ്ങളിലും ധാതുവിൻെറ അംശത്തിനു് പറയത്തക്ക മാററം വന്നുകാണുന്നില്ല. लिखति· लिलेख· लेखिष्यति· लेखन, लिखित എന്നിങ്ങനെ लिख् ധാതുവിൽ നിന്നുണ്ടാവുന്ന എല്ലാ രൂപങ്ങളിലും लिख् എന്നൊരംശം അല്പസ്വല്പ വ്യത്യാസത്തോടെ കാണാനുണ്ടല്ലോ. എന്നാൽ അങ്ങനെയല്ലാത്ത അല്പം

ധാതുക്കളുണ്ടു്. अस् ധാതുവിൽനിന്നു് വരുന്ന अस्ति, अस्तु, आसीत्, स्यात् എന്നിങ്ങനെയുള്ള രൂപങ്ങളിൽ अस् എന്നതിന്റെ സാന്നിദ്ധ്യം തോന്നുന്നുണ്ടു്. എന്നാൽ അതിന്റെതന്നെ ലുങ്ങിലെ രൂപമായ अभूत् എന്നതിൽ भू എന്നതാണു് കാണുന്നതു്. അതുകൊണ്ടു് अस् എന്ന ധാതു എല്ലാ കാലത്തിലും പ്രകാരത്തിലും പ്രയോഗിക്കാറില്ലെന്നും അതിന്റെ പല രൂപങ്ങളിലും भू ധാതു കയ്യേറിയിരിക്കുന്നെന്നുമൂഹിക്കാവുന്നതാണു്. ഇത്തരം ധാതുക്കളെ ഖിലധാതുക്കളെന്നു് വിളിക്കുന്നു. മാവിന്റെ കായ് മാങ്ങ; തെങ്ങിന്റെ കായ് തേങ്ങ; കയ്പ്പയുടെ കായ് കയ്പ്പക്ക; പ്ലാവിന്റെ കായോ? ചക്കയല്ലേ? കവുങ്ങിന്റെ കായ് പാക്കല്ലേ? ചക്കയ്ക്കും പാക്കിനും അതിന്റെ വൃക്ഷവുമായി വല്ല ബന്ധവും തോന്നുന്നുണ്ടോ? അതുപോലെ पठ् ധാതുവിന്റെ ലുങ്ങ് अपाठीत्, लिख् ധാതുവിന്റെ ലുങ്ങ് अलेखीत्, अस् ധാതുവിന്റെ ലുങ്ങോ अभूत्। 'ब्रू' ധാതുവിന്റെ ലട്ട് ब्रूते എന്നു്, അതിന്റെതന്നെ ലിട്ട് उवाच എന്നും. ഇങ്ങനെയുള്ള ധാതുക്കളാണു് ഖിലധാതുക്കൾ.

താഴെ കാണുന്നവയെ ഖിലധാതുക്കളായി പരിഗണിക്കാം. അതിൽ ബ്രാക്കററിലുള്ളവയോടു് സാർവ്വധാതുക (लट्, लोट्, लङ्, लिङ्) പ്രത്യയങ്ങളും അല്ലാത്തവയോടു് ആർദ്ധധാതുകപ്രത്യയങ്ങളും സാമാന്യമായി ചേർത്തു് രൂപങ്ങളുണ്ടാക്കുന്നു.

| यातिगणः | | भवतिगणः | |
|---|---|---|---|
| (अस्) भू | ഉണ്ടാവുക | दृश् (पश्य्) | കാണുക |
| (ब्रू) वच् | പറയുക | दा (यच्छ्) | കൊടുക്കുക |
| (चक्ष्) ख्या | പറയുക | पा (पिब्) | കുടിക്കുക |
| (इ) गा | പോവുക | स्था (तिष्ठ्) | നില്ക്കുക |
| | | यम् (यच्छ्) | അടക്കുക |

സാർവ്വധാതുക പ്രത്യയങ്ങൾ ചേരുമ്പോൾ നേരിയ വ്യത്യാസം വരുന്ന ചില ധാതുക്കളെക്കൂടി ഇവിടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| गम् (गच्छ्) | പോവുക | क्षम् (क्षाम्य्) | ക്ഷമിക്കുക |
| सिच् (सिञ्च्) | നനയ്ക്കുക | मुच् (मुञ्च्) | വിടുക |
| सद् (सीद्) | തളരുക | प्रच्छ् (पृच्छ्) | ചോദിക്കുക |
| क्रम् (क्राम्) | കടക്കുന്നു | कृत् (कृन्त्) | മുറിക്കുക |
| भ्रम् (भ्राम्) | തിരിയുക | मृ (म्रिय्) | മരിക്കുക |
| शम् (शाम्य्) | ശാന്തമാവുക | जन् (जाय्) | ജനിക്കുക |

രൂപനിഷ്പാദനത്തിലെല്ലാം भवति യിനത്തിലെപ്പോലെ.

അഭ്യാസം:—

1. पा, स्था, इ, दश्, मुच्. भ्रम्, गम्, शम् എന്നിവയുടെ लट्, लङ् എന്നിവയിലെ രൂപമെഴുതുക.

2. സാൎവ്വധാതുകങ്ങളും ആൎദ്ധധാതുകങ്ങളുമേതെല്ലാമാണ്?

3. താഴെ കാണുന്ന ക്രിയകളുടെ ധാതു. ലകാരം, പദം, പുരുഷൻ. വചനം എന്നിവ കണ്ടുപിടിക്കുക.

१) लभस्व। २) अयाचत। ३) वर्तेत। ४) जनिष्यते। ५) अयतिष्यत।
६) पास्यति। ७) सृजति। ८) अर्चेत्। ९) चक्रन्द। १०) सिस्मिये।

4. ക്രിയാരൂപങ്ങളുണ്ടാക്കുക:—

१) जय (लिङ्, उ, ए) २) स्तिह् (लङ्, प्र, ब) ३) रुच् (लृट् म, ब) ४) मन् (लिङ् उ, ए) ५) कम्प् (लिट्, प्र, ए) ६) युध् (लोट् (उ, ए) ७) च्यु (लट्, उ. ए) ८) दिश् (लङ्, म, ब) ९) भूष् (लृट्, प्र, ए) १०) शोभ् लोट्, उ, ए)

5. അംശങ്ങൾ വിഘടിപ്പിച്ചെഴുതുക:—

१) अपीडयत्। २) आस्यन्, ३) धाविष्यथाः। ४) अस्पृहयिष्यत, ५) ननाद ६) क्षिपेयम्। ७) चक्रन्दुः। ८) दण्डयेत। ९) अमज्जत। १०) असृजम्।

6. തൎജ്ജമ ചെയ്യുക:—

दशरथस्य तिस्रो भार्या आसन्। तासु कौसल्या राममसूत। कैकेयी भरतम्, सुमित्रा लक्ष्मणशत्रुघ्नौ च। ते कुमाराः क्रमेण ववृधिरे। एकदा विश्वामित्रः दशरथस्य राजधानीमविशत्। नृपो मुनिं कुसुमैरपूजयत्। मुनि सिंहासन उपाविशत् एवमचिन्तयच्च यदि रामलक्ष्मणौ यज्ञस्य रक्षणाय याचेय तर्हि नृपो मह्य तौ यच्छेत् किम्। नृपस्तौ नादास्यत् तर्हि यागः निर्विघ्नोनाभविष्यत्। अन्ते मुनिर्नृपं रामलक्ष्मणौ ययाचे। दशरथः मुनेः वचनेन दुःखितोभवत्। "कुमारौ आश्रमं गत्वा किं करिष्यतः? राक्षसानाम् दर्शनेन तौ भीतौ भवेताम्। कथमहं तौ मुनये यच्छेयम्।" एवं चिन्ताकुलोपि दशरथः मुनिवराय पुत्रावदिशत्।

വിശ്വാമിത്രൻ കുമാരന്മാരോടുകൂടെ ആശ്രമത്തിൽ പ്രവേശിച്ചു. മുനികുമാരന്മാർ അത്ഭുതത്തോടെ രാജകുമാരന്മാരെ കണ്ടു. മഹൎഷി യാഗമാരംഭിച്ചു. യാഗാഗ്നി ആശ്രമപരിസരത്തിൽ തിളങ്ങി. രാക്ഷസന്മാർ ആകാശത്തിലൂടെ വന്നു. അവർ മഹൎഷിമാരെ ഉപദ്രവിച്ചു.

എന്തുചെയ്യണമെന്നു് അവർ ചിന്തിച്ചു. രാക്ഷസന്മാരുടെ ഉപദ്രവം കൊണ്ടു് ഞങ്ങൾ മരിക്കും. ഞങ്ങളെ ആരും രക്ഷിക്കില്ല. അവർ ഉറക്കെ നിലവിളിച്ചു. അപ്പോൾ ശ്രീരാമൻ വില്ലിൽനിന്നു് അമ്പു് വിട്ടു. രാക്ഷസരിൽ ചിലർ ഓടി. അവരിലൊരാളാണു് മാരീചൻ.

| | | | |
|---|---|---|---|
| तिस्रः | മൂന്നു് | गत्वा | പോയിട്ടു് |
| सू | പ്രസവിക്കുക | ते | അവർ |
| एकदा | ഒരിക്കൽ | उच्चैः | ഉറക്കെ |

यदि-तर्हि എങ്കിൽ चेत् എങ്കിൽ

(കാര്യകാരണഭാവം കാണിക്കാൻ സംസ്കൃതത്തിൽ മേൽകാണിച്ച അവ്യയങ്ങൾ പ്രയോഗിക്കുന്നു. പക്ഷേ രണ്ടിൻേറയും പ്രയോഗത്തിലല്പം വ്യത്യാസമുണ്ടു്. കാര്യകാരണഭാവം രണ്ടു് വാക്യങ്ങളായാണല്ലോ വരുക. മഴ പെയ്യുങ്കിൽ ഉഷ്ണം ശമിക്കുമായിരുന്നു എന്ന വാക്യത്തിൽ മഴ പെയ്യുക കാരണവും ഉഷ്ണം ശമിക്കുക കാര്യവുമാണു്. ഇതിൽ ആദിമവാക്യത്തിൻെറ മുമ്പിൽ यदि ചേർക്കുക; അന്തിമവാക്യത്തിനുമുമ്പിൽ तर्हि യും ചേർക്കുക. അപ്പോൾ यदि मेघः अवर्षिष्यत् तर्हि उष्णं अशमिष्यत् എന്നോ यदि मेघः वर्षेत् तर्हि उष्णं शाम्येत् എന്നോ ആവും വാക്യം. चेत् എന്നു് ചേർക്കുന്നതു് രണ്ടു് വാക്യങ്ങളുടേയും മദ്ധ്യത്തിലാണു്. मेघः अवर्षिष्यत् चेत् उष्णम् अशमिष्यत्। यदि-तर्हि എന്നിവയെ ഒററപ്പെടുത്തിയും പ്രയോഗം കാണാറുണ്ടു്. यदि ह्ययचिष्यमदास्यदच्युतः। ഈ പദങ്ങളുടെ പരസ്പരബന്ധം നിമിത്തം ഇവയിൽ ഏതെങ്കിലുമൊന്നുപയോഗിച്ചാൽതന്നെ മറേറതു് അവിടെ ഉണ്ടെന്നു് ഊഹിച്ചുകൊള്ളും. कुसुमानि विकसेयुः तर्हि सौरभ्यम् प्रसरेत्। )

# ദിവസം എട്ട്.

## ലിംഗപ്രകരണം.

ആണ്, പെണ്ണ്, ആൺപെണ്ണെന്ന വ്യത്യാസമില്ലാത്തത്, ഈ അർത്ഥത്തെ കുറിക്കുന്നതാണ് ലിംഗം.

മിക്ക ഭാഷകളിലും വസ്തുക്കളുടെ ലിംഗഭേദമനുസരിച്ചാണ് പദങ്ങളുടെ ലിംഗഭേദം നിർണ്ണയിക്കുന്നത്. എന്നാൽ, ഹിന്ദി, സംസ്കൃതം, അറബി മുതലായ ഭാഷകളിൽ വസ്തുസ്വഭാവമല്ല, പദസ്വഭാവമാണ് ലിംഗനിർണ്ണയത്തിന് നിയാമകമായിട്ടുള്ളത്. ഇന്ന പദം ഇന്ന ലിംഗമെന്ന് വിധിക്കുകയാണ്. പദത്തിൻെറ അർത്ഥവുമായി ലിംഗനിർണ്ണയത്തിന് യാതൊരു ബന്ധവുമില്ല. സ്നേഹിതൻ എന്ന ശബ്ദം പുല്ലിംഗമാണ്. അതേ അർത്ഥത്തിലുള്ള മിത്രം സംസ്കൃതത്തിൽ നപുംസകമാണ്. ഭാര്യ എന്നതിൻെറ പര്യായമായ ദാര ശബ്ദം പുല്ലിംഗമാണ്. പുല്ലിംഗങ്ങളിൽ ഈ വ്യത്യസ്തത അപൂർവ്വമായേ കാണുന്നുള്ളു. നപുംസക ലിംഗത്തിലാണ് ഇത് അധികവും കാണുന്നത്. വെയിലിൻെറ പര്യായമായ ആതപശബ്ദം പുല്ലിംഗമാണ്. നടത്തമെന്നർത്ഥത്തിലുള്ള ഗമനം നപുംസകവും അതേ അർത്ഥത്തിലുള്ള ഗതി സ്ത്രീലിംഗവുമാണ്.

നാം നപുംസകമായി കണക്കാക്കുന്ന പലതും സ്ത്രീലിംഗവും പുല്ലിംഗവുമാണെന്നത് മേൽപറഞ്ഞ ഭാഷകളിലെ ഒരസാധാരണതയാണ്. അർത്ഥസ്വഭാവംകൊണ്ട് മിക്ക പദങ്ങളുടേയും ലിംഗനിർണ്ണയം സാദ്ധ്യമല്ലതന്നെ. ഒരു കഥ പറയാം.

വളരെക്കാലം മുമ്പാണത്. ബ്രഹ്മാവ് ആൺവർഗ്ഗത്തേയും പെൺവർഗ്ഗത്തേയും സൃഷ്ടിച്ചു. അതിനുശേഷം അവരെ രണ്ട് ചേരിയാക്കി നിർത്തി. എരുമ, പട്ടി, അമ്മ, മകൾ, നേഴ്സ്, പിടി, തള്ള തുടങ്ങിയവരെല്ലാം ഒരു ചേരിയിൽ നിരന്നു പോർത്തു. നായ, അച്ഛൻ, മകൻ, കമ്പൌണ്ടർ, കൊമ്പൻ, തന്ത തുടങ്ങിയവർ മറുചേരിയിലും. ഇരുചേരികളുടേയുമിടയ്ക്ക് വിശാലമായ മൈതാനിയിൽ ആണും

പെണ്ണുമല്ലാത്ത സകലതും—മരം, മല, സമുദ്രം, ആകാശം, നദി, ചെടി. വീട്, വട്ടി, പേന മുതലായതെന്തും—കൊണ്ടു് കൂട്ടുവാൻ അവിടന്നാജ്ഞാപിച്ചു. ഉടനെ ആ വസ്തുക്കളെല്ലാം അവിടെ ഒരു കൂമ്പാരമായിക്കാണപ്പെട്ടു. അനന്തരം ഉയൎന്ന പത്മാസനത്തിലിരുന്നു പിതാമഹനരുളിച്ചെയ്തു. „എൻെറ പ്രിയപ്പെട്ട മക്കളേ, ഞാൻ നിങ്ങളെയെല്ലാം സൃഷ്ടിച്ചു. നിങ്ങൾക്കു് ഒരു ഉടുതുണിപോലും സമ്പാദിച്ചു തരാൻ എനിയ്ക്കു് കഴിഞ്ഞില്ല. ഈ വയസ്സുകാലത്തു് ഇനിയതിനൊട്ടുസാദ്ധ്യവുമല്ല. എനിക്കു് നന്നെ വ്യസനമുണ്ടു്, അതുകൊണ്ടു് ഞാൻ പറയുന്നതു് നിങ്ങൾ കേൾക്കുക. ഇതാ ഈ ലോകത്തിലുള്ള എല്ലാ വസ്തുക്കളും നിങ്ങളുടെ മുമ്പിൽ കൂട്ടിയിട്ടിരിക്കുന്നു. ഞാനൊന്നു തുമ്മും; അതു് കേട്ടാൽ നിങ്ങൾക്കിഷ്ടമുള്ളതെല്ലാം ഇതിൽനിന്നു് വാരിയെടുക്കാം. കുറച്ചു് കഴിഞ്ഞാൽ വീണ്ടും തുമ്മും; അപ്പോൾ ഉടനെ നിറുത്തിക്കളയണം. എല്ലാവരും തയ്യാറായില്ലേ?''

„ഉവ്വു് മുത്തച്ഛാ, ഞങ്ങളെല്ലാമൊരുങ്ങിക്കഴിഞ്ഞു; ഞങ്ങൾ തയ്യാറായി''

ഇരുചേരിയും ഒരുങ്ങി നില്പായി.

അവിടുന്നു തൻെറ ഇരിപ്പിടത്തിൽനിന്നു് ഒരു കേസരം പറിച്ചെടുത്തു് തിരുനാസികാദ്വാരത്തിൽ തിരുകിയൊന്നു കറക്കി.

‚ഹാച്ഛീ!' അഖിണ്ഡകടാഹം പൊട്ടമാറൊരൊററത്തുമ്മൽ. എട്ടു നാസാരന്ധ്രങ്ങളിലൂടെ! രണ്ടു് ചേരിയിൽനിന്നുമിരുകൂട്ടരുമിറങ്ങുന്നു, വാരുന്നു, ഓടുന്നു, കൊണ്ടുവെയ്ക്കുന്നു, വീണ്ടും വരുന്നു, വാരുന്നു......... ഒരു ബഹളം.

‚ഹാച്ഛീ!' അവിടുന്നു വീണ്ടും തുമ്മി.

ഇരുകൂട്ടരും വാരൽ നിൎത്തി തങ്ങളുടെ ചേരിയിൽ ചെന്നു ‚സാവധാൻ' നില്പായി. ആ സ്വല്പസമയത്തിനിടയിൽ പെൺവൎഗ്ഗത്തിൻെറ കയ്യിൽ കിട്ടിയതെല്ലാം സ്ത്രീലിംഗമായി ആൺവൎഗ്ഗത്തിനു് കിട്ടിയതെല്ലാം പുല്ലിംഗവും. വാരാൻ തരപ്പെടാതെ അവശേഷിച്ചവയെല്ലാം നപുംസകലിംഗവും. वृक्षः. दण्डः. वायुः, केशः തുടങ്ങിയവ ആണുങ്ങൾ വാരി, അതിനാലവ പുല്ലിംഗമായി. नदी, वेणी. जट कस्तूरी മുതലായവ പെണ്ണുങ്ങൾ വാരി. അവ സ്ത്രീലിംഗവുമായ. आकाशम्. जलम्, वनम् മുതലായവ വാരാൻ തരപ്പെട്ടില്ല. അതാണവ നപുംസകമായതു്. ഹിന്ദിയിലെ ബ്രഹ്മാവിനു് രണ്ടാമതു് തുമ്മൽ

വന്നില്ല. അതുകൊണ്ടവർ ക്രമ്പാരം കഴിയുംവരെ വാരി. ഒന്നും അവശേഷിച്ചില്ല. അതുകൊണ്ടാണതിൽ നപുംസകലിംഗമില്ലാതായിപ്പോയതത്രേ. ചിലതു് പിടിവലികൾക്കിടയിൽ മുറിഞ്ഞു് തുണ്ടും നുറുങ്ങുമായി. അവയത്രേ അവ്യയങ്ങൾ.

ഇതൊരു കുട്ടിക്കഥയായി കരുതിയാൽ മതി. വ്യാകരണവുമായി ഇതിനൊരു ബന്ധവുമില്ല. ശരീരമെന്ന ഒരേ അൎത്ഥത്തിലുള്ള तनुः സ്ത്രീലിംഗമായതും विग्रहः പുല്ലിംഗമായതും गात्रम् നപുംസകമായതും എന്തുകൊണ്ടെന്നു ചോദിച്ചാൽ ഈ കഥയ്ക്കുള്ളത്ര യുക്തിയുമർത്ഥവും മാത്രമേ അതിനുള്ള എന്നേ മറുപടി പറയാനുള്ളു.

പദങ്ങളുടെ അർത്ഥമാസ്പദിച്ചല്ല, പദാന്തത്തിലുള്ള പ്രത്യയങ്ങളെ ആസ്പദിച്ചാണു സംസ്കൃതത്തിൽ ലിംഗനിൎണ്ണയം ചെയ്യുകാണുന്നതു്. അപവാദങ്ങൾ ഇതിലും സുലഭമാണെങ്കിലും സാമാന്യമായി താഴെ പറയുംവിധം ലിംഗം നിൎണ്ണയിക്കാവുന്നതാണു്.

പുല്ലിംഗം:— ഹ്രസ്വമായ अ, इ, उ എന്നിവയിലവസാനിക്കുന്ന നാമപദങ്ങൾ പൊതുവിൽ പുല്ലിംഗമായിരിക്കും.

ഉദ:—पाकः, लेखः, आदर्शः, कविः, रविः, निधिः, प्रभुः, कारुः, तरुः.

സ്ത്രീലിംഗം:— आ, ई, ऊ, ति, ता എന്നിവയിലവസാനിക്കുന്ന നാമങ്ങൾ സ്ത്രീലിംഗമായിരിക്കും. रमा, कन्या, प्रभा, नदी. सती, धरित्री, श्वश्रूः, वधूः, प्रसूः, गतिः, मतिः, जातिः अज्ञता, निपुणता, श्रेष्ठता।

നപുംസകലിംഗം:— अन, य, त्व എന്നിവയിലവസാനിക്കുന്ന നാമങ്ങൾ സാമാന്യമായി നപുംസകമായിരിക്കും. गमनम्, धनम्, वनम् वैराग्यम्, सामर्थ्यम्, वैमुख्यम्, वाग्मित्वम्, धनिकत्वम्, श्रेष्ठत्वम्।

അകാരാന്തമായ പുല്ലിംഗനാമങ്ങളുടെ വിഭക്തിവചനങ്ങളിൽ വരുന്ന രൂപഭേദം നാം പഠിച്ചുകഴിഞ്ഞു. ആകാരാന്ത സ്ത്രീലിംഗത്തിന്റെ പ്രസ്തുക രൂപഭേദങ്ങളാണിനി പഠിക്കാനുള്ളതു്.

| | | |
|---|---|---|
| रमा | रमे | रमाः |
| रमाम् | रमे | रमाः |
| रमाया | रमाभ्याम् | रमाभिः |
| रमायै | रमाभ्याम् | रमाभ्यः |
| रमायाः | रमाभ्याम् | रमाभ्यः |

| | | |
|---|---|---|
| रमायाः | रमयोः | रमाणाम् |
| रमायाम् | रमयोः | रमासु |

अ എന്ന ഹ്രസ്വാകാരത്തിലവസാനിക്കുന്ന സ്ത്രീലിംഗപദങ്ങളും, ദീർഘത്തിലവസാനിക്കുന്ന നപുംസകപദങ്ങളും സംസ്കൃതത്തിലില്ലതന്നെ.

लक्ष्मीः· श्रीः भूः തുടങ്ങി അല്പം ചില ശബ്ദങ്ങളൊഴിച്ചാൽ ബാക്കി ദീർഘാന്ത സ്ത്രീലിംഗശബ്ദങ്ങളിൽ പ്രഥമൈകവചനപ്രത്യയമായ സ് ലോപിക്കുന്നതാണ്. പ്രഥമാദ്വിതീയകളിലെ ദ്വിവചനങ്ങളിലും തൃതീയ മുതൽ ഏകവചനങ്ങളിലും വരുന്ന മാററം മനസ്സിലാക്കുക. എല്ലാ സ്വരാന്തശബ്ദങ്ങൾക്കും ചതുർത്ഥി, പഞ്ചമി, ഷഷ്ഠി. സപ്തമി എന്നിവയിലെ ഏകവചനങ്ങൾക്ക് എന്തെങ്കിലും ചില മാററം വരുന്നതായിക്കാണാം.

ദ്വിവചനത്തിൽ ഏതു് പദത്തിനും മൂന്നു് രൂപമേ ഉള്ളു. ഏകവചനത്തിൽ ഏഴും ബഹുവചനത്തിൽ ആറും വീതമാണു് രൂപം. ഏകവചനത്തോട്ടു് സമസംഖ്യമാക്കാൻവേണ്ടി മററുള്ളവയെ ആവർത്തിക്കുകയാണു് ചെയ്തിട്ടുള്ളതു്.

### നപുംസകലിംഗം.

നപുംസകലിംഗമെന്നൊന്നു് വേറെയുണ്ടെങ്കിലും അതിൻെറ വിഭക്തിരൂപങ്ങൾ മിക്ക പദങ്ങളിലും തൃതീയ മുതൽ പുല്ലിംഗംപോലെത്തന്നെയാണു്. പ്രഥമയ്ക്കും ദ്വിതീയയ്ക്കും മാത്രമേ വ്യത്യാസമുള്ളു. അതു് രണ്ടും ഒരുപോലെയാണുതാനും. അതായതു് പ്രഥമയ്ക്കും ദ്വിതീയയ്ക്കും ഒരേ രൂപമാണെന്നർത്ഥം. മൊത്തത്തിൽ നപുംസക ശബ്ദങ്ങളിൽ പ്രഥമാവിഭക്തി മാത്രമേ കാര്യമായി പഠിക്കാനുള്ളു. വന ശബ്ദത്തിൻെറ മാതൃക:—

| | | |
|---|---|---|
| वनम् | वने | वनानि |
| वनम् | वने | वनानि |

തൃതീയ മുതൽ ബാലശബ്ദംപോലെ രൂപങ്ങൾ കണ്ടുകൊള്ളണം.

वनेन वनाभ्याम् वनैः എന്നിങ്ങനെ.

ഇകാരാന്തശബ്ദങ്ങളോടു് വിഭക്തിപ്രത്യയം ചേരുമ്പോൾ ഓരോ ലിംഗത്തിലും വരുന്ന മാററങ്ങൾ താഴെ കൊടുക്കുന്ന മാതൃകയിൽ നിന്നു് മനസ്സിലാക്കുക.

इकारान्तः, पुल्लिंगः, कविशब्दः ।

| | | |
|---|---|---|
| कविः | कवी | कवयः |
| कविम् | कवी | कवीन् |
| कविना | कविभ्याम् | कविभिः |
| कवये | कविभ्याम् | कविभ्यः |
| कवेः | कविभ्याम् | कविभ्यः |
| कवेः | कव्योः | कवीनाम् |
| कवौ | कव्योः | कविषु |

താഴെ വരയിട്ട രൂപങ്ങളിൽ കാണുന്ന വ്യത്യാസങ്ങൾ ശ്രദ്ധിക്കുക. ബാല ശബ്ദത്തിന്റേതുമായി താരതമ്യപ്പെടുത്തുക.

ഇകാരാന്ത സ്ത്രീലിംഗത്തിൽ അല്പം ചില മാററങ്ങളേ വരുന്നുള്ളു.

इकारान्तः, स्त्रीलिंगः, मतिशब्दः ।

| | | |
|---|---|---|
| मतिः | मती | मतयः |
| मतिम् | मती | मतीः |
| मत्या | मतिभ्याम् | मतिभिः |
| मतये, मत्यै | मतिभ्याम् | मतिभ्यः |
| मतेः, मत्याः | मतिभ्याम् | मतिभ्यः |
| मतेः, मत्याः | मत्योः | मतीनाम् |
| मतौ, मत्याम् | मत्योः | मतिषु |

ഇതിൽ ചതുർത്ഥി മുതൽ ഏകവചനത്തിൽ ഓരോ രൂപം വീതം അധികമുണ്ടു്. അതിനും അർത്ഥം ഒന്നുതന്നെയാണു്. അടുത്തുവരുന്ന ഈകാരാന്തം സ്ത്രീലിംഗത്തിലെ ചതുർത്ഥിമുതല്ക്കുള്ള ഏകവചന രൂപങ്ങൾ ഇകാരാന്തത്തിലും വരുമെന്നുമാത്രം.

इकारान्तः, नपुंसकलिंगः, वारिशब्दः ।

| | | |
|---|---|---|
| वारि | वारिणी | वारीणि |
| वारि | वारिणी | वारीणि |
| वारिणा | वारिभ्याम् | वारिभिः |
| वारिणे | वारिभ्याम् | वारिभ्यः |
| वारिणः | वारिभ्याम् | वारिभ्यः |
| वारिणः | वारिणोः | वारीणाम् |
| वारिणि | वारिणोः | वारिषु |

തൃതീയ മുതൽ ഏകവചനത്തിൽ പ്രത്യയത്തിന്നുമുമ്പായി न् എന്നൊരു വർണ്ണം ചേരുന്നുണ്ടെന്നതാണു് പുല്ലിംഗത്തെ അപേക്ഷിച്ചു് ഇതിനുള്ള വ്യത്യാസം. നകാരം രേഫസംസർഗ്ഗംകൊണ്ടു് ഇവിടെ ണകാരമായതാണു്.

ഉകാരാന്തശബ്ദങ്ങൾക്കു് ഇകാരാന്തങ്ങൾക്കു് വരുന്നപോലെ എല്ലാ വികാരങ്ങളും വരുന്നതാണു്. ഒരു വ്യത്യാസം മാത്രമേ ശ്രദ്ധിക്കാനുള്ളു. ഇകാരത്തിന്നു് വരുന്ന സ്വരവികാരം ए എന്നും य എന്നുമാണു്. ഉകാരത്തിനാണെങ്കിൽ ओ എന്നും व എന്നുമാണെന്നുമാത്രം.

### उकारान्तः

| पुल्लिंगः, सूनुशब्दः | | | स्त्रीलिंगः, धेनुशब्दः | | |
|---|---|---|---|---|---|
| सूनुः | सूनू | सूनवः | धेनुः | धेनू | धेनवः |
| सूनुम् | सूनू | सूनून् | धेनुम् | धेनू | धेनूः |
| सूनुना | सूनुभ्याम् | सूनुभिः | धेन्वा | धेनुभ्याम् | धेनुभिः |
| सूनवे | सूनुभ्याम् | सूनुभ्यः | धेनवे, धेन्वै | धेनुभ्याम् | धेनुभ्यः |
| सूनोः | सूनुभ्याम् | सूनुभ्यः | धेनोः, धेन्वाः | धेनुभ्याम् | धेनुभ्यः |
| सूनोः | सून्वोः | सूनूनाम् | धेनोः धेन्वाः | धेन्वोः | धेनूनाम् |
| सूनौ | सून्वोः | सूनुषु | धेनौ. धेन्वाम् | धेन्वोः | धेनुषु |

### उकारान्तः, नपुंसकलिंगः मधुशब्दः

| | | |
|---|---|---|
| मधु | मधुनी | मधूनि |
| मधु | मधुनी | मधूनि |
| मधुना | मधुभ्याम् | मधुभिः |
| मधुने | मधुभ्याम् | मधुभ्यः |
| मधुनः | मधुभ्याम् | मधुभ्यः |
| मधुनः | मधुनोः | मधूनाम् |
| मधुनि | मधुनोः | मधुषु |

### ഋകാരാന്തം, പുല്ലിംഗം (ദാതൃ)

ഋകാരാന്തശബ്ദങ്ങളുടെ അന്ത്യസ്വരത്തിന്നു് ദ്വിതീയ ദ്വിവചനം വരെ വൃദ്ധിവന്നു आर् എന്നാവും. അങ്ങനെ ദാതാര്സ് എന്നിരിക്കെ ര്, സ് എന്നിവ ലോപിച്ചു് ദാതാ എന്നവശേഷിക്കുന്നു. ദാതാവു്, ഭർത്താവ് എന്നിങ്ങനെ മലയാളത്തിൽ വകാരം ചേർത്തു് പറയുന്നതാണു്. സംസ്കൃതത്തിൽ ഋകാരാന്തം പ്രഥമൈകവചനവും

ആകാരാന്ത സ്ത്രീലിംഗ പ്രഥമൈകവചനവും തമ്മിൽ കാഴ്ചയിൽ ഒരു വ്യത്യാസവുമില്ല. മററു് രൂപങ്ങളിൽനിന്നും മററുമാണു് അവ വേർതിരിച്ചറിയുന്നതു്. മേൽപ്രസ്താവിക്കുന്ന നകാരാന്തശബ്ദങ്ങളുടേയും പ്രഥമൈകവചനം ഒററ നോട്ടത്തിൽ ആകാരത്തിലവസാനിക്കുന്നതാണെന്നു് തോന്നും. രാജാ, മഹിമാ.

| | | |
|---|---|---|
| दाता | दातारौ | दातारः |
| दातारं | दातारौ | दातॄन् |
| दात्रा | दातृभ्याम् | दातृभिः |
| दात्रे | दातृभ्याम् | दातृभ्यः |
| दातुः | दातृभ्यान् | दातृभ्य |
| दातुः | दात्रोः | दातॄणाम् |
| दातरि | दात्रोः | दातृषु |

പഞ്ചമിയിലും ഷഷ്ഠിയിലും दातृ+अस् എന്നതു് दातुः എന്നാവുന്നതു് വിശേഷവിധിയാണു്. മററുള്ളിടങ്ങളിൽ ഋകാരത്തിനു് വൃദ്ധി, ഗുണം, വ്യഞ്ജനീഭാവം ഇവ വരുന്നു.

പിതൃ, മാതൃ, ദുഹിതൃ, നനാന്ദൃ, ഭ്രാതൃ, ദേവൃ, നൃ എന്നിവയ്ക്കു് വൃദ്ധിവരുന്നതല്ല.

पिता पितरौ पितरः

സ്ത്രീലിംഗത്തിൽ ദ്വിതീയാ ബഹുവചനത്തിൽ मातॄः എന്നാണു് രൂപം.

ഋകാരാന്തം നപുംസകലിംഗം വാരി ശബ്ദംപോലെത്തന്നെ.

दातृ दातृणी दातॄणि

ഋകാരാന്ത സ്ത്രീലിംഗ ശബ്ദങ്ങൾ വളരെ കുറച്ചേ ഉള്ളൂ. രക്തബന്ധം തോന്നിക്കുന്ന അല്പം ചില പദങ്ങൾ മാത്രം. മിക്ക ഋകാരാന്തശബ്ദങ്ങളും സ്ത്രീലിംഗത്തിൽ ഈകാരാന്തമായി മാറും. ദാതൃ, കർത്തൃ, ധാതൃ മുതലായവ ദാത്രീ, കർത്ത്രീ, ധാത്രീ എന്നാവും. ഈകാരാന്ത സ്ത്രീലിംഗത്തിന്റെ മാതൃക:—

| | | |
|---|---|---|
| नदी | नद्यौ | नद्यः |
| नदीम् | नद्यौ | नदीः |
| नद्या | नदीभ्याम् | नदीभिः |
| नद्यै | नदीभ्याम् | नदीभ्यः |

| | | |
|---|---|---|
| नद्याः | नदीभ्याम् | नदीभ्यः |
| नद्याः | नद्योः | नदीनाम् |
| नद्याम् | नद्योः | नदीषु |

നദീശബ്ദത്തിലെ ഈകാരാന്തത്തിന്ന് അവിടവിടെ വ്യഞ്ജനീഭാവം വന്നതു് ശ്രദ്ധിക്കുക.

ഊകാരാന്ത സ്ത്രീലിംഗശബ്ദം വളരെ കുറച്ചേ ഉള്ളു. അവയുടെ രൂപങ്ങൾക്ക് നദീശബ്ദത്തിന്ന് വരുന്ന മാററങ്ങൾതന്നെയാണ് വരുക. വ്യഞ്ജനീഭാവത്തിൽ യകാരം വരേണ്ടിടത്തു് വകാരം വരുമെന്നുമാത്രം വ്യത്യാസം.

चमूः चम्वौ चम्वः

എന്ന മട്ടിൽ. ഓകാരാന്തമായി ഗോശബ്ദമാണുള്ളതു്. അതിന്ന് പൊതുവിൽദ്വിതീയാ ദ്വിവചനംവരെ വൃദ്ധി വരും.

| | | |
|---|---|---|
| गौः | गावौ | गावः |
| गाम् | गावौ | गाः |
| गवा | गोभ्याम् | गोभिः |
| गवे | गोभ्याम् | गोभ्यः |
| गोः | गोभ्याम् | गोभ्यः |
| गोः | गवोः | गवाम् |
| गवि | गवोः | गोषु |

സ്വരത്തിലവസാനിക്കുന്ന ശബ്ദങ്ങളുടെ മാതൃകകൾ സാമാന്യമായി നിർദ്ദേശിച്ചുകഴിഞ്ഞു. ഓകാരാന്തങ്ങളും ഐകാരാന്തങ്ങളും ഔകാരാന്തങ്ങളുമായ ശബ്ദങ്ങൾ ഇല്ലെന്നുതന്നെ പറയാം. ഉണ്ടെങ്കിൽ തന്നെ അവ പ്രചാരത്തിലില്ലതാനും.

---

അഭ്യാസം:—

1. ലിംഗനിർണ്ണയത്തിനുള്ള സാമാന്യമാർഗ്ഗങ്ങളേതെല്ലാം?
2. താഴെ കൊടുക്കുന്ന പദങ്ങളിൽനിന്നു് വിഭക്തിപ്രത്യയങ്ങൾ വേർതിരിച്ചെടുത്തെഴുതുക:—

   १) कवेः। २) नद्याः। ३) तस्याः। ४) एतेषाम्। ५) कस्मिन्।
   ६) मत्याम्। ७) बाहोः। ८) सेनायै। ९) बालात्। १०) शत्रूणाम्।

3. പ്രത്യയങ്ങൾ കൂട്ടിച്ചേർത്തെഴുതുക:—

   १) यद्+इ। २) किम्+आ (स्त्री)। ३) उमा+इ। ४) तरुणी+आम्।

५) हेतु+इ। ६) रिपु+अः। ७) पितृ+आ। ८) कर्तृ+इ। ९) स्वसृ+अः। १०) कानन+अः।

4. താഴെ കാണുന്ന പദങ്ങൾക്കു് സംസ്കൃതത്തിലെ വിഭക്തി പ്രത്യയങ്ങൾ ചേൎത്തെഴുതുക:—

1) ഭാൎയ്യയിൽനിന്നു്. 2) അതിഥികളാൽ. 3) ധനികൎക്കു്.
4) അഗ്നിയിൽനിന്നു്. 5) ഗതികൊണ്ടു്. 6) ഋഷിയുടെ.
7) രാത്രിയിൽ. 8) അവരുടെ. 9) അവൾക്കു്. 10) എന്നിൽ.

5. സിദ്ധരൂപങ്ങളെഴുതുക:—

१) वेणी, प्र. ए.। २) वसु, तृ. ए.। ३) वन्धु, प्र. ए. ४) मला, ष. ए. ५) नारी, स. ए.। ६) तरु, स. द्वि। ७) करेणु, च. ए। ८) एतत् (स्त्री), स. ए.। ९) किम् (पु), च. ए। १०) यद् (पु), प्र. ब।

തൎജ്ജമ ചെയ്യുക:—

साध्वयः अन्नस्य दानेन अतिथीन् पूजयन्ति। शत्रूणां स्मृत्या ललनाः भयं भजन्ते। अहं पुत्र्यः कंकणं अयच्छम्। नृपाणां सुताः भयेन करेणूः न स्पृशन्ति। खनिषु मणयः विद्यन्ते। केरलप्रान्तस्य भाषा कैरली भवति। गंगायाः स्मृत्यैव जनाः शुध्यन्ति। सारथिः रथ्यया रथं चालयति।

സേനാനായകന്മാർ സൈന്യങ്ങളുടെ നേതാക്കളാകുന്നു. ഭൂമിയിൽ വൃക്ഷങ്ങൾ മുളയ്ക്കുന്നു. നൎത്തകികൾ രംഗത്തു് നൃത്തംവെക്കുന്നു. ഞാൻ മലകളിൽ പാമ്പുകളെ കണ്ടു. കുളങ്ങളിൽ യുവതികൾ കുളിക്കും. നിങ്ങൾ കോടാലികൊണ്ടു് മരങ്ങളെ മുറിച്ചു. സഖിമാർ നിലാവത്തു് നടക്കുന്നു. ഭക്തന്മാരുടെ സ്തുതികൊണ്ടു് ദേവതമാർ സന്തോഷിച്ചു. നീ പശുക്കളെ കൊണ്ടുപോയി. എനിക്കു് നിധി കിട്ടി (ഞാൻ നിധിയെ ലഭിച്ചു). പാഠശാലകളിൽനിന്നു് വിദ്യാൎത്ഥിനികൾ പോകുന്നു.

परशु = കോടാലി. कौमुदी = നിലാവു്.

# ദിവസം ഒമ്പതു്.

## ഉപസൎഗ്ഗങ്ങൾ.

ധാതുക്കളെ തുടൎന്നു് ചേൎക്കുന്ന ശബ്ദശകലങ്ങൾക്കു് പ്രത്യയമെന്നു് പേർ. ധാതുക്കൾക്കു് മുമ്പു് ചില ശബ്ദശകലങ്ങൾ ചേൎക്കാറുണ്ടു്. അവക്കു് ഉപസൎഗ്ഗങ്ങളെന്നു പേർ. പ്രത്യയം, ധാതുവിൻെറ കാലം. പ്രകാരം മുതലായവ കാണിക്കാൻ ചേൎക്കുന്നു. ഉപസൎഗ്ഗങ്ങളോ സാമാന്യമായി ധാതുവിൻെറ അൎത്ഥംതന്നെ മാററുവാനാണു് ചേൎക്കുന്നതു്.

ഹരിക്കുന്നു എന്നതിനു് എടുക്കുന്നു, കക്കുന്നു എന്നൊക്കെയാണൎത്ഥം. അതിനോടു് ഉപസൎഗ്ഗങ്ങൾ ചേരുമ്പോൾ വരുന്ന അൎത്ഥവ്യത്യാസം നോക്കുക.

| | | |
|---|---|---|
| ഹരിക്കുന്നു | — | കക്കുന്നു. |
| ആഹരിക്കുന്നു | — | ഭക്ഷിക്കുന്നു. |
| പ്രഹരിക്കുന്നു | — | അടിക്കുന്നു. |
| സംഹരിക്കുന്നു | — | കൊല്ലുന്നു. |
| ഉപഹരിക്കുന്നു | — | കാഴ്ചവെക്കുന്നു. |
| ഉപസംഹരിക്കുന്നു | — | അവസാനിപ്പിക്കുന്നു. |
| ഉദാഹരിക്കുന്നു | — | ദൃഷ്ടാന്തപ്പെടുത്തുന്നു. |
| വിഹരിക്കുന്നു | — | കളിക്കുന്നു. |
| വ്യവഹരിക്കുന്നു | — | പറയുന്നു. |

ഇവിടെ ഹരിക്കുന്നു എന്നതിൻെറ മുമ്പു് കാണുന്നവ ഉപസൎഗ്ഗങ്ങളാണു്. ഈ ഉദാഹരണങ്ങളിൽനിന്നു് ഉപസൎഗ്ഗങ്ങളുടെ ഉപയോഗം വ്യക്തമാകുന്നുണ്ടല്ലോ. ഈ രീതി—ഉപസൎഗ്ഗങ്ങൾകൊണ്ടു് ധാത്വൎത്ഥം മാറുന്ന രീതി—ഇംഗ്ലീഷിൽ സുലഭമാണു്. ധാതുവിൻെറ മുമ്പിൽ ചേൎക്കുന്ന ഉപസൎഗ്ഗങ്ങൾക്കു് Prefix എന്നും പിന്നിൽ ചേൎക്കുന്ന പ്രത്യയത്തിന്നു് Suffix എന്നും ഇംഗ്ലീഷിൽ പറയുന്നു.

| (Ceive) | (Duce) | (Form) | (Spect) |
|---|---|---|---|
| Receive | Reduce | Inform | Inspect |
| Conceive | Induce | | |
| Perceive | Introduce | Perform | Respect |
| Deceive | Produce | Deform | Prospect |
| | Deduce | Reform | Expect |

ഈ പദങ്ങളിൽ ശരിക്കുള്ള ധാതുവിനെ മാററിയാൽ Con, Re, Per, Pre, De, In, Pro, Ex എന്നിങ്ങനെ ചില ശബ്ദശകലങ്ങൾ കാണാം. അവ ധാതുവിൻെറ അത്ഥങ്ങളെ വളരെയേറെ വ്യത്യാസപ്പെടുത്തുന്നു. അതുകൊണ്ടു് അവയെല്ലാം നമ്മുടെ ഉപസഗ്ഗങ്ങൾക്കു് സമമായ പ്രവത്തനം നടത്തുന്ന Prefixകളാണു്. വാസ്തവത്തിൽ ഉപസഗ്ഗങ്ങളും പ്രത്യയങ്ങളുമാണു' പദങ്ങളെ നൂറുകണക്കിനു് പെരുപ്പിക്കുന്നതു്. മൂലധാതുക്കൾ കുറച്ചേ ഉള്ളു. അവയിൽ ഓരോ അത്ഥത്തിൽ ഓരോ പ്രത്യയങ്ങൾ ചേരുമ്പോൾ കണ്ടാലറിയാത്ത വിധം മാറിപ്പോകുന്നു. Centre എന്ന നാമത്തിൽ al എന്ന പ്രത്യയം ചേത്തപ്പോൾ Ceutral എന്ന വിശേഷണമുണ്ടായി. പിന്നെ ise എന്നു് ചേത്തപ്പോൾ Centralise എന്ന ക്രിയയായി. അതിനെ വീണ്ടും ation എന്നു് ചേത്തു് നാമമാക്കുന്നു. Centralisation. മുന്നിൽ De എന്ന ഉപസഗ്ഗം ചേത്തു് Decentralisation എന്ന വിപരീതാത്ഥമുളവാക്കുന്നു. ഇങ്ങനെ നോക്കിയാൽ എത്ര എത്ര നീണ്ട പദങ്ങളും ചെറിയൊരക്ഷരസംഘാതത്തിന്നു പൊടിപ്പും തൊങ്ങലും വെച്ചതാണെന്നു് കാണാം. അനഭിഗമനീയതാ എന്ന നീണ്ട പദം അന് + അഭി + ഗമ് + അനീയ + താ എന്ന അഞ്ചംശം കലന്നതാണു്. ഗമ് എന്ന ധാതുവിൽനിന്നാണതിൻെറ ഉദ്ഭവം.

സംസ്കൃതത്തിൽ പല ധാതുക്കളോടുമായിച്ചേക്കുന്ന പ്രധാനപ്പെട്ട ഉപസഗ്ഗങ്ങൾ ഇവയാണു്.

अति, अधि, अनु, अप, अभि, अव, आ, उद्, उप, नि, निर्, परा, परि, प्र, प्रति, वि, सम्।

| | |
|---|---|
| अतिक्रामति | उपदिशति |
| अधिगच्छति | निवसति |
| अनुसरति | निर्गच्छति |
| अपसरति | पराभवति |
| अभिनयति | परिहरति |
| अवतरति | प्रणमति |
| आयाति | प्रतिपादयति |
| उत्पतति | विहरति |

പൂണ്ണക്രിയകളിൽ പ്രയോഗം കാണാത്ത ചില ഉപസഗ്ഗങ്ങൾ കൂടിയുണ്ടു്.

| | | | | |
|---|---|---|---|---|
| दुर् | दुष्कृतं | दुःखं | दुर्गमं | दुष्प्रापं |
| सु | सुकृतं | सुखं | सुगमं | सुप्रापं |

ചില ഉപസഗ്ഗങ്ങൾ ചില ധാതുക്കളോടു് ചേക്കുമ്പോൾ അത്ഥവ്യത്യാസമില്ലാതെയും വരും. वसति, निवसति, लिखति, विलिखति।

## വിഷമാംഗഗണങ്ങറം.

ധാതുവും ഗണചിഹ്നവും ചേൻ ഭാഗത്തെ അംഗമെന്നു് വിളിക്കുന്നു. भवति, अश्नाति എന്നവയിൽ ति എന്ന പ്രത്യയമൊഴിച്ചുനിൎത്തിയാൽ കിട്ടുന്ന भव, अश्ना എന്നിവ അംഗങ്ങളാകുന്നു. മുമ്പുദാഹരിച്ച പത്തു് ഗണങ്ങളിൽ ഹ്രസ്വമായ അകാരത്തിലവസാനിക്കുന്ന അംഗങ്ങറം भवति, तुदति, दीव्यति, चोरयति എന്നീ ഗണങ്ങളിലാണുള്ളതു്. ഈ നാലു് ഗണങ്ങളിലെ ധാതുക്കറംക്കും രൂപനിഷ്പത്തിയിൽ ഐകരൂപ്യമുണ്ടു്. അവയോടു് ചേക്കുന്ന പ്രത്യയങ്ങളും ഒന്നുതന്നെ. സൌകൎയ്യത്തിനുവേണ്ടി മേൽപറഞ്ഞ ഗണങ്ങളെ സമാംഗഗണങ്ങളെന്നും याति, जुहोति, सुनोति, क्रीणाति, रुणद्धि എന്നീ മററു ആറു് ഗണങ്ങളെ വിഷമാംഗഗണങ്ങളെന്നും വിളിക്കുക. സമാംഗഗണങ്ങളോടു് ചേരുന്ന സാൎവ്വധാതുക പുരുഷപ്രത്യയങ്ങറംക്കും വിഷമാംഗ ഗണങ്ങളോടു് ചേരുന്ന അതേ പ്രത്യയങ്ങറംക്കും അല്പം വ്യത്യാസമുണ്ടു്. അതു് താഴെ കാണിക്കാം.

| | परस्मैपदम् | | | आत्मनेपदम् | | |
|---|---|---|---|---|---|---|
| लट् | ति | तः | अन्ति | ते | आते | अते |
| | सि | थः | थ | से | आथे | ध्वे |
| | मि | वः | मः | ए | वहे | महे |
| लङ् | त् | ताम् | अन् | त | आताम् | अत |
| | स् | तम् | त | थाः | आथाम् | ध्वम् |
| | अम् | व | व | इ | वहि | महि |
| लोट् | तु | ताम् | अन्तु | ताम् | आताम् | आतम् |
| | हि | तम् | त | स्व | आथाम् | ध्यम् |
| | आनि | आव | आम | ऐ | आवहै | आमहै |
| लिङ् | यात् | याताम् | युः | ईत | ईयाताम् | ईरन् |
| | याः | यातम् | यात | ईथाः | ईयाथाम् | ईध्वम् |
| | याम् | याव | याम | ईय | ईवहि | ईमहि |

ഇതിൽ താഴെ വരയിട്ട പ്രത്യയങ്ങറം ചേരുമ്പോറം ധാതുവിൻേറയോ പുരുഷപ്രത്യയത്തിൻേറയോ ഗുണം വരാൻ അഹ്തയുള്ള സ്വ

രങ്ങൾക്കു് ഗുണം വരും. അതുകൊണ്ടു് ആ 13 പ്രത്യയങ്ങളെ സഗുണപ്രത്യയങ്ങളെന്നു് വിളിക്കുക. മററു് പ്രത്യയങ്ങൾ ചേരുമ്പോൾ ഗുണം വരില്ല. അതുകൊണ്ടവയെ നിർഗ്ഗുണപ്രത്യയങ്ങളെന്നും വിളിക്കാം.

വിഷമാംഗ ഗണങ്ങളിൽ സാൎവ്വധാതുക ലകാരരൂപങ്ങളിൽ വരുന്ന ചില സാമാന്യ നിയമങ്ങൾ താഴെ കാണിക്കാം.

1. സ്വരത്തിൽ തുടങ്ങുന്ന നിർഗ്ഗുണ പ്രത്യയങ്ങൾക്കു മുമ്പിൽ വരുന്ന ഊ, उ എന്നിവ उव् എന്നാവും.

सू + अते, सुव् + अते = सुवते। शक् + नु + अन्ति = शक्नुवन्ति।

2. कृ ധാതു നിർഗ്ഗുണ പ്രത്യയങ്ങൾ ചേരുമ്പോൾ कुर् എന്നാവും. कृ + मः = कुर् + मः = कुर्मः।

3. अश्नाति ഗണത്തിലെ ना എന്ന ഗണചിഹ്നം നിർഗ്ഗുണമായ വ്യഞ്ജനത്തോടു് ചേരുമ്പോൾ नी എന്നാവും. സ്വരത്തോടു് ചേരുമ്പോൾ ലോപിക്കും. अश् + ना + तः = अश्नीतः। अश् + ना + अन्ति = अश् + न् + अन्ति = अश्नन्ति। ഇതിൽ വ്യഞ്ജനാന്ത ധാതുക്കളുടെ ലോട്ടു് മദ്ധ്യമപുരുഷനിൽ हि കാണില്ല. अशान എന്ന മട്ടിലാവും രൂപം.

4. भिनत्ति ഗണത്തിൽ നിർഗ്ഗുണ പ്രത്യയങ്ങൾക്കുമുമ്പു് न എന്ന ഗണചിഹ്നത്തിൻെറ अ ലോപിച്ചു് न् എന്നാവും. भिद् + अन्ति भिन्द् + अन्ति = भिन्दन्ति।

5. जहाति ഗണത്തിൽ अन्ति എന്ന പ്രത്യയം अति എന്നാകും. हा + अन्ति (അഭ്യാസം) जहा + अति (ആകാരലോപം വിശേഷം.)

यातिगणः

* अस् ഉണ്ടാവുക | आस् ഇരിക്കുക.

| | | | | | | |
|---|---|---|---|---|---|---|
| लट् | अस्ति | स्तः | सन्ति | आस्ते | आसाते | आसते |
| | असि | स्थः | स्थ | आस्से | आसाथे | आध्वे |
| | अस्मि | स्वः | स्मः | आसे | आस्वहे | आस्महे |

* अस എന്ന ധാതുവിനോടു് നിർഗ്ഗുണപ്രത്യയങ്ങൾ ചേരുമ്പോൾ अ ലോപിച്ചു് स् മാത്രം ബാക്കിയാവും.

| | | | | | | |
|---|---|---|---|---|---|---|
| लङ् | आसीत् | आस्ताम् | आसन् | आस्त | आसाताम् | आसत |
| | आसीः | आस्तम् | आस्त | आस्थाः | आसाथाम् | आध्वम् |
| | आसम् | आस्व | आस्म | आसि | आस्वहि | आस्महि |
| लोट् | अस्तु | स्ताम् | सन्तु | आस्ताम् | आसाताम् | आसताम् |
| | एधि | स्तम् | स्त | आस्त | आसाथाम् | आध्वम् |
| | असानि | असाव | असाम | आसै | आसावहै | आसामहै |
| लिङ् | स्यात् | स्यताम् | स्युः | आसीत | आसीयाताम् | आसीरन् |
| | स्याः | स्यातम् | स्यात | आसीथाः | आसीयाथाम् | आसीध्वम् |
| | स्याम् | स्याव | स्याम | आसीय | आसीवहि | आसीमहि |

## जुहोतिगणः

### भृ — ഭരിക്കുക (ഉ. പ.)

(അഭ്യാസകാൎയ്യങ്ങൾ)

| | परस्मैपदम् | | | आत्मनेपदम् | | |
|---|---|---|---|---|---|---|
| लट् | बिभर्ति | बिभृतः | बिभ्रति | बिभृते | बिभ्राते | बिभ्रते |
| | बिभर्षि | बिभृथः | बिभृथ | बिभृषे | बिभ्राते | बिभृध्वे |
| | बिभर्मि | बिभृवः | बिभृमः | बिभ्रे | बिभृवहे | बिभृमहे |
| लङ् | अबिभः | अबिभृताम् | अबिभरुः | अबिभृत | अबिभ्राताम् | अबिभ्रत |
| | अबिभः | अबिभृतम् | अबिभृत | अबिभृथाः | अबिभ्राथाम् | अबिभृध्वम् |
| | अबिभरम् | अभिभृव | अबिभृम | अबिभ्रि | अबिभृवहि | अबिभृमहि |
| लोट् | बिभर्तु | बिभृताम् | बिभ्रतु | बिभृताम् | बिभ्राताम् | बिभ्रताम् |
| | बिभृहि | बिभृतम् | बिभृत | बिभृष्व | बिभ्राथाम् | बिभृध्वम् |
| | बिभराणि | बिभराव | बिभराम | बिभरै | बिभरावहै | बिभरामहै |
| लिङ् | बिभृयात् | बिभृयाताम् | बिभृयुः | बिभ्रीत | बिभ्रीयाताम् | बिभ्रीरन् |
| | बिभृयाः | बिभृयातम् | बिभृयात | बिभ्रीथाः | बिभ्रीयाथाम् | बिभ्रीध्वम् |
| | बिभृयाम् | बिभृयाव | बिभृयाम | बिभ्रीय | बिभ्रीवहि | बिभ्रीमहि |

## तनोतिगणः

'उ' गणचिह्नम्।

| | परस्मैपदम् | | | आत्मनेपदम् | | |
|---|---|---|---|---|---|---|
| लट् | तनोति | तनुतः | तन्वन्ति | तनुते | तन्वाते | तन्वते |
| | तनोषि | तनुथः | तनुथ | तनुषे | तन्वाथे | तनुध्वे |
| | तनोमि | तनुवः | तनुमः | तन्वे | तनुवहे | तनुमहे |
| लङ् | अतनोत् | अतनुताम् | अतन्वन् | अतनुत | अतन्वाताम् | अतन्वत |
| | अतनोः | अतनुतम् | अतनुत | अतनुथाः | अतन्वाथाम् | अतनुध्वम् |
| | अतनवम् | अतनुव | अतनुम | अतन्वि | अतनुवहि | अतनुमहि |
| लोट् | तनोतु | तनुताम् | तन्वन्तु | तनुताम् | तन्वाताम् | तन्वताम् |
| | तनु | तनुतम् | तनुत | तनुष्व | तन्वाथाम् | तनुध्वम् |
| | तनवानि | तनवाव | तनवाम | तनवै | तनवावहै | तगवामहै |
| लिङ् | तनुयात् | तनुयाताम् | तनुयुः | तन्वीत | तन्वीयाताम् | तन्वीरन् |
| | तनुयाः | तनुयातम् | तनुयात | तन्वीथाः | तन्वीयाथ न् | तन्वीध्वम् |
| | तनुयाम् | तनुयाव | तनुयाम | तन्वीय | तन्वीवहि | तन्वीमहि |

## क्रीणातिगणः

'ना' गणचिह्नम्।

ज्ञा (जा) അറിയുക.

| | परस्मैपदम् | | | आत्मनेपदम् | | |
|---|---|---|---|---|---|---|
| लट् | जानाति | जानीतः | जानन्ति | जानीते | जानाते | जानते |
| | जानासि | जानीथः | जानीथ | जानीषे | जानाथे | जानीध्वे |
| | जानामि | जानीव | जानीमः | जाने | जानीवहे | जानीमहे |
| लङ् | अजानात् | अजानीताम् | अजानन् | अजानीत | अजानाताम् | अजानत |
| | अजानाः | अजानीतम् | अजानीत | अजानीथाः | अजानाथम् | अजानीध्वम् |
| | अजानाम् | अजानीव | अजानीम | अजानि | अजानीवहि | अजानीमहि |
| लोट् | जानातु | जानीताम् | जानन्तु | जानीताम् | जानाताम् | जानताम् |
| | जानीहि | जानीतम् | जानीत | जानीष्व | जानाथाम् | जानीध्वम् |
| | जानानि | जानाव | जानाम | जानै | जानावहै | जानामहै |
| लिङ् | जानीयात् | जानीयाताम् | जानीयुः | जानीत | जानीयाताम् | जानीरन् |
| | जानीयाः | जानीयातम् | जानीयात | जानीथाः | जानीयाथाम् | जानीध्वम् |
| | जानीयाम् | जानीयाव | जानीयाम | जानीय | जानीवहि | जानीमहि |

रुणद्धिगणः

भिद्—പിളക്കുക. (ഉ. പ,)

'न' गणचिह्नम्।

| | परस्मैपदम् | | | आत्मनेपदम् | | |
|---|---|---|---|---|---|---|
| लट् | भिनत्ति | भिन्तः | भिन्दन्ति | भिन्ते | भिन्दाते | भिन्दते |
| | भिनत्सि | भिन्त्थः | भिन्त्थ | भिन्त्से | भिन्दाथे | भिन्ध्वे |
| | भिनद्मि | भिन्द्वः | भिन्द्मः | भिन्दे | भिन्द्वहे | भिन्द्महे |
| लङ् | अभिनत् | अभिन्ताम् | अभिन्दन् | अभिन्त | अभिन्दाताम् | अभिन्दत |
| | अभिनद् | अभिन्तम् | अभिन्त | अभिन्थाः | अभिन्दाथाम् | अभिन्द्ध्वम् |
| | अभिनदम् | अभिन्द्व | अभिद्म | अभिन्दि | अभिन्द्वहि | अभिन्द्महि |
| लोट् | भिनत्तु | भिन्ताम् | भिन्दन्तु | भिन्ताम् | भिन्दाताम् | भिन्दताम् |
| | भिन्द्धि | भिन्तम् | भिन्त | भिन्त्स्व | भिन्दाथाम् | भिन्द्ध्वम् |
| | भिनदानि | भिनदाव | भिनदाम | भिनदै | भिनदावहै | भिनदामहै |
| लिङ् | भिन्द्यात् | भिन्द्याताम् | भिन्द्युः | भिन्दीत | भिन्दीयाताम् | भिन्दीरन् |
| | भिन्द्याः | भिन्द्यातम् | भिन्द्यात | भिन्दीथाः | भिन्दीयाथाम् | भिन्दीध्वम् |
| | भिन्द्याम् | भिन्द्याव | भिन्द्याम | भिन्दीय | भिन्दीवहि | भिन्दीमहि |

അഭ്യാസം:—

1. ഉപസർഗ്ഗങ്ങൾ ധാതുക്കളോടുകൂടി എന്തിനുവേണ്ടി ചേർക്കുന്നു?

2. പ്രധാനപ്പെട്ട ഉപസർഗ്ഗങ്ങളേതെല്ലാം?

3. ധാതു, ഉണ്ടെങ്കിൽ ചിഹ്നം, പ്രത്യയം എന്നിവ തിരിച്ചെഴുതുക.

१) शक्नोति। २) अमोदत। ३) क्रीणीय। ४) जानीरन्। ५) भवानि। ६) अपात्। ७) गच्छेत्। ८) करिष्यति। ९) अलभिष्यत। १०) स्थ।

4. നിർദ്ദേശപ്രകാരം സിദ്ധരൂപങ്ങളുണ്ടാക്കുക:—

१) दीव्यतिगणः।

नश्, लङ् म. पु.। श्लिष्, लिङ् उ. पु.। द्रुह्, लिट् प्र. पु.।

२) चोरयतिगणः।

पीड्, लङ् उ. पु.। गण्, लोट् (आ. प.) उ. पु. पूज् लिङ् (आ. प.) प्र. पु.

३) भवतिगणः।

मुद्, लिङ् (आ. प.) उ. पु. जि (जय) लोट् (प. प.) उ. पु.)

४) क्रीणातिगणः ।

अश्, लिङ् (प. प.) म. पु.  क्लिश्, लङ् (प. प.) प्र. पु. ।

5) सुनोति ഗണത്തിലെയും तनोति ഗണത്തിലെയും लोट्, लिङ् എന്നീ ലകാരങ്ങളിലെ രൂപങ്ങളെഴുതുക.

6) തര്‍ജ്ജമ ചെയ്യുക:—

മക്കളുടെ വിജയത്തിൽ അച്ഛനമ്മമാർ സന്തോഷിക്കും. സുഹൃത്തിനെ ഞാൻ ശത്രുവായി കരുതി. ആകാശത്തുനിന്നു് മഴത്തുള്ളികൾ വീണു. കുടയില്ലാതിരുന്നെങ്കിൽ ഞാൻ വിഷമിക്കുമായിരുന്നു. ആ സമയത്തു് നക്ഷത്രങ്ങളുടെ പ്രകാശം ഭൂമിയിൽ വ്യാപിച്ചിരുന്നില്ല. കുട്ടിക്കാലത്തു് ഞാൻ ആനകളെ കണ്ടിട്ടില്ല. ആനക്കാരോടുകൂടാതെ ആനകൾ ഗ്രാമങ്ങളിൽ നടക്കില്ല. അദ്ദേഹം സ്വന്തം മകനെ വലിയവനാക്കി. ആ വിശാലമായ നദിയിൽ ഞങ്ങൾ കുളിച്ചു. വലിയവരുടെ ഉപദേശങ്ങൾകൊണ്ടു് എല്ലാവരും നല്ലവരാകും. ആ വീടുകളിലൊന്നിൽ ഞങ്ങൾ താമസിക്കുന്നു.

पुरा सुरा असुरश्च क्षीरसागरममथ्नन् । मथनकर्मणि व्यापृतास्ते वासुकिं वरत्राम् अकुर्वन् । मन्दरगिरिम् मंथानमतन्वन् । मथनोद्भूतेन क्लेशेन वासुकिरसीदत् । तदा तस्य मुखात् गरलमुदपतत् । देवास्सर्वेऽपि तेन बिभ्यति स्म । ‘अहो! त्रयोऽपि लोकाः एतेन विषेण दग्धाः स्युः । किमधुना करवाम’ इति ते व्यलपन् । हे शंभो, अस्मान् त्राहि त्राहीति ते उच्चैः चुक्रुशुः । तदा भगवान् शिवो वासुकिमुखादुद्भूतं तं कालकूटम् अपिबत् । तस्मात् ते विपदो मुक्ता बभूवुः । सर्वेऽपि साञ्जलयः तं भगवन्तम् तुष्टुवुः ।

गंगा यस्य विभोर्विभाति शिरसि क्षामा च चान्द्रीकला<br>
कण्ठे तु प्रलयाग्निसन्निभमिदं चाभाति तीक्ष्णं विषम् ।<br>
भस्मालिप्ततनौ चकास्ति करिणश्चर्मापि यस्येशितु-<br>
स्तं शर्वं भगवन्तमन्तरहितं पीडाघ्नमीडामहे ॥

गण् (चो. ग.) കരുതുക, കണക്കാക്കുക.  त्रि+आप् (सु. ग.) പരക്കുക. बिन्दुः തുള്ളി. आधोरणः ആനക്കാരൻ. छत्रम् കുട. क्लिश् (क्री. ग.) വിഷമിക്കുക. विना കൂടാതെ. सह सार्धम् समम् साकम् കൂടെ. ഇവ പ്രയോഗിക്കുമ്പോൾ ബന്ധപ്പെട്ട പദം തൃതീയയാവും.

पुत्रेण विना ।   पुत्रेण सह ।

मथ् (क्री. ग.) കടയുക.   त्रा (या. ग.) രക്ഷിക്കുക.

# ദിവസം പത്തു്.

## വ്യഞ്ജനാന്തശബ്ദങ്ങൾ.

## സർവ്വനാമങ്ങൾ.

സർവ്വരുടേയും നാമങ്ങളാണു് സർവ്വനാമങ്ങൾ. എല്ലാവരേയും നിർദ്ദേശിക്കാൻ പററുന്ന നാമങ്ങളാണവയെന്നർത്ഥം. മരം, മല മുതലായ വസ്തു് നിശ്ചിതമായ അതാതു് വസ്തുവിനെക്കുറിക്കാനുള്ള കഴിവേ ഉള്ളൂ. അങ്ങനെയല്ല ഞാൻ, നീ മുതലായവസ്തു് ഞാൻ എന്ന പദം പറയുന്ന എല്ലാവരേയും കുറിക്കുന്നു. രാമൻ പറയുമ്പോൾ ഞാൻ എന്നതു് രാമനെ കുറിക്കുന്നു. കൃഷ്ണൻ പറയുമ്പോൾ കൃഷ്ണനെ. സീതയാണെങ്കിൽ സീതയെ. നീ എന്നതും ഇതുപോലെത്തന്നെ. നേരിട്ടു് നിൽക്കുന്നതു് കൃഷ്ണനാണെങ്കിൽ നീ എന്നതു് കൃഷ്ണനെ കുറിക്കുന്നു. രാമനാണെങ്കിൽ രാമനെ. അങ്ങനെ എല്ലാവരേയും കുറിക്കാൻ പററുന്ന പദങ്ങളായതുകൊണ്ടു് അവയെ സർവ്വനാമങ്ങളെന്നു് പറയുന്നു. ഇത്തരം പദങ്ങളിൽ കൂടുതൽ പ്രചാരത്തിലുള്ളവ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| अस्मद् | ഞാൻ | ഉത്തമപുരുഷൻ |
| युष्मद् | നീ | മദ്ധ്യമപുരുഷൻ |
| तद् | അതു് | പ്രഥമപുരുഷൻ |
| एतद्, इदम्, अदस् | ഇതു്. | |
| यद् | യാതൊന്നു് | |
| किम् | എന്തു്, ഏതു്. | |
| सर्व | എല്ലാം. | |
| अन्य | മറെറാരു. | |
| एक | ചില | |
| स्व | താൻ | |

ഇവ കൂടാതെ कतर, कतम, अन्यतर, इतर മുതലായ ചില ശബ്ദങ്ങളും സർവ്വനാമങ്ങളാണു്. तद्, एतद्, किम्, यद् എന്നിവ നപുംസകലിം

ഗത്തിൻെറ പ്രഥമൈകവചനരൂപങ്ങളാണു്. മററു് ലിംഗങ്ങളിൽ അവ त, एत, य, क എന്നിങ്ങനെ അകാരാന്തങ്ങളായിരിക്കും. പ്രഥമൈകവചനത്തിൽ त, एत എന്നിവയിലെ തകാരങ്ങൾ സകാരമായി स, एष എന്നാവും. (एस, एष എന്നായതു് സന്ധികാൎയ്യമാണു്.) സൎവ്വനാമങ്ങളുടെ ചില വിഭക്തിപ്രത്യയങ്ങൾക്കു് വ്യത്യാസമുണ്ടു്. മാതൃക കാണിക്കാം.

| | | |
|---|---|---|
| सः | तौ | ते |
| तम् | तौ | तान् |
| तेन | ताभ्याम् | तैः |
| तस्मै | ताभ्याम् | तेभ्यः |
| तस्मात् | ताभ्याम् | तेभ्यः |
| तस्य | तयोः | तेषाम् |
| तस्मिन् | तयोः | तेषु |

താഴെ വരയിട്ട രൂപങ്ങളിൽ പ്രത്യയങ്ങൾക്കു് വരുന്ന വ്യത്യാസം ശ്രദ്ധിക്കുക. സ്ത്രീലിംഗത്തിലും ഇതുപോലെ ചില വ്യത്യസ്തതകൾ കാണാം. മാതൃക.

| | | |
|---|---|---|
| सा | ते | ताः |
| ताम् | ते | ताः |
| तया | ताभ्याम् | ताभि |
| तस्यै | ताभ्याम् | ताभ्यः |
| तस्याः | ताभ्याम् | ताभ्यः |
| तस्याः | तयोः | तासाम् |
| तस्याम् | तयोः | तासु |

താഴെ വരയിട്ട രൂപങ്ങൾ ആകാരാന്തസ്ത്രീലിംഗരൂപങ്ങളുമായി താരതമ്യപ്പെടുത്തുക. നപുംസക ലിംഗത്തിൻെറ മാതൃക.

| | | |
|---|---|---|
| तद् | ते | तानि |
| तद् | तें | तानि |

തൃതീയ മുതൽ പുല്ലിംഗംപോലെ.

एतम्, यद्, किम् എന്നിവയുടേയും രൂപങ്ങൾ തച്ഛബ്ദംപോലെ.

| | | |
|---|---|---|
| एषः | एतौ | एते പുല്ലിംഗം |
| एषा | एते | एताः സ്ത്രീലിംഗം |
| एतद् | एते | एतानि നപും. ലിംഗം |

| | | | |
|---|---|---|---|
| यः | यौ | ये | പുല്ലിംഗം |
| या | ये | याः | സ്ത്രീലിംഗം |
| यद् | ये | यानि | നപും. ലിംഗം |
| कः | कौ | के | പുല്ലിംഗം |
| का | के | काः | സ്ത്രീലിംഗം |
| किम् | के | कानि | നപും. ലിംഗം. |

अस्मद्, युष्मद् ശബ്ദങ്ങൾക്കു് വിഭക്തിരൂപങ്ങളിൽ വളരെ വലിയ വ്യത്യാസമുണ്ടു്. ഒന്നിടവിട്ട വിഭക്തികളിൽ ഇവയ്ക്കു് ഈരണ്ടു് രൂപമുണ്ടെന്നതു് ഒരു വിശേഷമാണു്.

### अस्मच्छब्दः

| | | |
|---|---|---|
| अहम् | आवाम् | वयम् |
| माम्, मा | आवाम्, नौ | अस्मान्, नः |
| मया | आवाभ्याम् | अस्माभिः |
| मह्यं, मे | आवाभ्याम्, नौ | अस्मभ्यम्, नः |
| मत् | आवाभ्याम् | अस्मत् |
| मम, मे | आवयोः, नौ | अस्माकम्, नः |
| मयि | आवयोः | अस्मासु |

### युष्मच्छब्दः

| | | |
|---|---|---|
| त्वम् | युवाम् | यूयम् |
| त्वाम्, त्वा | युवाम्, वाम् | युष्मान्, वः |
| त्वया | युवाभ्याम् | युष्माभिः |
| तुभ्यम् ते | युवाभ्याम्, वाम् | युष्मभ्यम्, वः |
| त्वत् | युवाभ्याम् | युष्मत् |
| तव, ते | युवयोः वाम् | युष्माकम् वः |
| त्वयि | युवयोः | युष्मासु |

अस्मद्, युष्मद् ശബ്ദങ്ങൾ യഥാക്രമം ഏകവചനത്തിൽ म, त्व എന്നും ദ്വിവചനത്തിൽ आव, युव എന്നുമായി മാറിയിരിക്കുന്നതു് ശ്രദ്ധിക്കുക. രണ്ടു് ശബ്ദങ്ങൾക്കും രൂപസാമ്യമുണ്ടുതാനും.

സർവ്വ അന്യ മുതലായ മറ്റു് സർവ്വനാമശബ്ദങ്ങൾക്കും വിഭക്തിരൂപങ്ങളിൽ തച്ഛബ്ദത്തിനു് വരുന്ന വ്യത്യാസം വരുന്നതാണു്.

इदम्, अदस् എന്നീ ശബ്ദങ്ങൾക്കും അല്പം വ്യത്യസ്തതകളുണ്ടു്.

इदम् ശബ്ദത്തിൽ മൂന്നു് ലിംഗത്തിലും ചില വിഭക്തികളിൽ താഴെ കാണും വിധം ഈരണ്ടു് രൂപങ്ങളുണ്ടു്.

इदम्शब्दः पुल्लिंगः

| | | |
|---|---|---|
| अयम् | इमौ | इमे |
| इमम्, एनम् | इमौ, एनौ | इमान्, एनान् |
| अनेन, एनेन | आभ्याम् | एभिः |
| अस्मै | आभ्यम् | एभ्यः |
| अस्मात् | आभ्यान् | एभ्यः |
| अस्य | अनयो, एनयोः | एषाम् |
| अस्मिन् | अनयो, एनयोः | एषु |

स्त्रीलिंगः

| | | |
|---|---|---|
| इयम् | इमे | इमाः |
| इमाम्, एनाम् | इमे, एने | इमाः, एनाः |
| अनया, एनया | आभ्याम् | आभिः |
| अस्यै | आभ्याम् | आभ्यः |
| अस्याः | आभ्याम् | आभ्यः |
| अस्याः | अनयोः, एनयोः | आसाम् |
| अस्याम् | अनयो, एनयोः | आसु |

नपुंसकलिंगः

| | | |
|---|---|---|
| इदम् | इमे | इमानि |
| इदम्, एनत् | इमे, एने | इमानि, एनानि |

തൃതീയ മുതൽ പുല്ലിംഗംപോലെ.

| अदश्शब्दः पुल्लिंगः | | | स्त्रीलिंगः | | |
|---|---|---|---|---|---|
| असौ | अमू | अमी | असौ | अमू | अमूः |
| अमुम् | अमू | अमून् | अमूम् | अमू | अमूः |
| अमुना | अमूभ्याम् | अमीभिः | अमुया | अमूभ्याम् | अमूभिः |
| अमुष्मै | अमूभ्याम् | अमीभ्यः | अमुष्यै | अमूभ्याम् | अमूभ्यः |
| अमुष्मात् | अमूभ्यम् | अमीभ्यः | अमुष्याः | अमूभ्याम् | अमूभ्यः |
| अमुष्य | अमुयोः | अमीषाम् | अमुष्याः | अमुयोः | अमूषाम् |
| अमुष्मिन् | अमुयोः | अमीषु | अमुष्याम् | अमुयोः | अमूषु |

नपुंसकलिंगः

| | | |
|---|---|---|
| अदः | अमू | अमूनि |
| अदः | अमू | अमूनि |

തൃതീയ മുതൽ പുല്ലിംഗംപോലെ.

സംഖ്യകളെ കുറിക്കുന്ന ശബ്ദങ്ങൾക്കു് അതാതിന്റെ വചനമേ വരുള്ളു. ഏക (ഒന്നു്) എന്നതിനു് ഏകവചനവും ദ്വി. ഉഭ (രണ്ടു്) എന്നിവയ്ക്കു് ദ്വിവചനവും ത്രി തുടങ്ങിയവയ്ക്കു് ബഹുവചനവും മാത്രമേ സ്വാഭാവികമായി ഉണ്ടാവുകയുള്ളു.

| एकशब्दः | द्विशब्दः | उभशब्दः | त्रिशब्दः |
|---|---|---|---|
| एकः | द्वौ | उभौ | त्रयः |
| एकम् | द्वौ | उभौ | त्रीन् |
| एकेन | द्वाभ्याम् | उभाभ्याम् | त्रिभिः |
| एकस्मै | द्वाभ्याम् | उभाभ्याम् | त्रिभ्यः |
| एकस्मात् | द्वाभ्याम् | उभाभ्याम् | त्रिभ्यः |
| एकस्य | द्वयोः | उभयोः | त्रयाणाम् |
| एकस्मिन् | द्वयोः | उभयोः | त्रिषु |

സ്ത്രീലിംഗം.

ഏകശബ്ദം സർവ്വശബ്ദംപോലെത്തന്നെ. द्वि, उभ എന്നീ രണ്ടു് ശബ്ദങ്ങൾ സ്ത്രീലിംഗത്തിലും നപുംസകലിംഗത്തിലും പ്രഥമാ, ദ്വിതീയാ വിഭക്തികളിൽ द्वे, उभे എന്നാവും. മററു വിഭക്തികളിൽ പുല്ലിംഗരൂപംതന്നെ. त्रि എന്നതു് സ്ത്രീലിംഗത്തിൽ तिसृ എന്നു് ഋകാരാന്തമാകും. രൂപം तिस्रः, तिस्रः, तिसृभि, तिसृभ्यः, तिसृभ्यः, तिसृणाम् तिसृषु എന്നിങ്ങനെയാണു്.

## വ്യഞ്ജനാന്തശബ്ദങ്ങൾ.

വ്യഞ്ജനാന്തശബ്ദങ്ങളുടെ മാതൃക ആദ്യം സുഹൃദ് ശബ്ദത്തിൽ കണ്ടതാണു്. അല്പം ചില പദങ്ങൾക്കു് വരുന്ന വ്യത്യാസംകൂടി കാണിക്കാം.

വ്യഞ്ജനാദിപ്രത്യയങ്ങൾ തുടൎന്നുവരുമ്പോൾ പദാന്തത്തിലുള്ള ചവൎഗ്ഗ-ശകാരങ്ങൾ കവൎഗ്ഗമാകും.

चकारान्तः 'वाच्' शब्दः

| | | |
|---|---|---|
| वाक् | वाचौ | वाचः |
| वाचम् | वाचौ | वाचः |
| वाचा | वाग्भ्याम् | वाग्भिः |
| वाचे | वाग्भ्याम् | वाग्भ्यः |
| वाचः | वाग्भ्याम् | वाग्भ्यः |
| वाचः | वाचोः | वाचाम् |
| वाचि | वाचोः | वाक्षु |

മിക്ക ദീർഘാന്തശബ്ദങ്ങളിലും വ്യഞ്ജനാന്തശബ്ദങ്ങളിലും പ്രഥമ ഏകവചനപ്രത്യയമായ स् കാണുകയില്ലെന്ന നിയമം ഓക്കുക. (സന്ധിപ്രകരണം)

അബദ്ധധാരണയുണ്ടാക്കുന്ന മറെറാരുതരം ശബ്ദങ്ങളെപ്പററി ഈ സന്ദർഭത്തിൽ പ്രത്യേകമെടുത്തുപറയേണ്ടതുണ്ട്. കാഴ്ചയിൽ അവ നകാരങ്ങളാണ്. എന്നാൽ തകാരങ്ങളായവയെ പഠിക്കുന്നതു്. മററു ചില ശബ്ദങ്ങൾ കാഴ്ചയിൽ ആകാരാന്തങ്ങളും ഈകാരാന്തങ്ങളുമാണ്, പക്ഷേ അവ യഥാർത്ഥത്തിൽ നകാരാന്തമാണുതാനും. धनवान्, बुद्धिमान् എന്നിവ തകാരങ്ങളെന്നു പറഞ്ഞാൽ വിശ്വാസം വരില്ല അതുപോലെ राजा, धनी എന്നിവ നകാരങ്ങളാണെന്നു് പറഞ്ഞാലും വിശ്വസിക്കാൻ വിഷമമാണ്. അത്തരം പദങ്ങളുടെ ഉദ്ഭവത്തെപ്പററി പറഞ്ഞാൽ ബോദ്ധ്യമാവും.

സംസ്കൃതത്തിൽ നാമത്തെ വിശേഷിപ്പിക്കുന്ന വർത്തമാന ക്രിയാരൂപങ്ങൾ (മലയാളത്തിലെ വർത്തമാന പേരെച്ചങ്ങൾ) മിക്കവയും തകാരാന്തമായിരിക്കും. അതിൻെറ പ്രത്യയം अत् എന്നാണ്. ഈ പ്രത്യയം ഖിലധാതുക്കളിൽ വലയത്തിൽ കൊടുത്ത രൂപങ്ങളോടാണ് ചേർക്കുക. पठ्+अत्=पठत्, लिख्+अत्=लिखत्, पश्य्+अत्=पश्यत्।

നാമത്തെ വിശേഷണമാക്കി മാററുന്നവയാണ് മറെറാരിനം. वत्, मत् എന്നിവയാണ് അതിൻെറ പ്രത്യയങ്ങൾ. धन+वत्=धनवत्, बुद्धि+मत्=बुद्धिमत्। അപ്പോൾ ക്രിയയെ നാമവിശേഷണമാക്കി മാററുവാനും നാമത്തെ മറെറാരു നാമത്തിൻെറ വിശേഷണമാക്കി മാററുവാനുമുപയോഗിക്കുന്ന പ്രത്യയങ്ങൾ തകാരാന്തങ്ങളാവുമല്ലോ. അതിനാൽ അത്തരം പ്രത്യയങ്ങൾ ചേർക്കുന്ന പദങ്ങളും തകാരാ

മാകും. അങ്ങനെയുള്ള പദങ്ങൾക്കുവരുന്ന രൂപഭേദങ്ങളെപ്പററി പ്രസ്താവിക്കാം.

ഋകാരാന്തശബ്ദങ്ങളിൽ കണ്ടപോലെ വ്യഞ്ജനാന്തശബ്ദങ്ങളെ സംബന്ധിച്ചേടത്തോളവും ദ്വിതീയാ ദ്വിവചനംവരെ ചില വിശേഷവിധികൾ കാണാം. അതുകൊണ്ടു് ആദ്യത്തെ അഞ്ചു് രൂപങ്ങൾക്കു് മററുള്ളവയിൽനിന്നു് ചില വ്യത്യാസങ്ങൾ വരും.

लिखत्, पठत्, बुद्धिमत् മുതലായി പ്രത്യയത്തിലവസാനിക്കുന്ന തകാരാന്തശബ്ദങ്ങളിൽ തകാരത്തിന്നുമുമ്പായി न् എന്നൊരു വൎണ്ണം ആഗമമായി വരുന്നതാണു്. അതിനോടുകൂടി स् എന്ന പ്ര. ഏക. പ്രത്യയം ചേരുമ്പോൾ लिख्+अन्त्+स् എന്നാവുമല്ലോ. അപ്പോൾ പദാവസാനത്തിൽ മൂന്നു് വ്യഞ്ജനങ്ങൾ കൂട്ടക്കൂടി വരുന്നു. न्, त्, स् എന്നിവ. അങ്ങനെ വന്നാൽ അവസാനത്തേതെല്ലാം ലോപിച്ചു് ആദ്യത്തേതു മാത്രമവശേഷിക്കും. അങ്ങനെ लिखन् എന്നാകുന്നു. ദ്വിവചനം മുതലായവയിൽ സ്വരാദിപ്രത്യയങ്ങളാകയാൽ വ്യഞ്ജനത്തിലവസാനിക്കാനിടയാവുന്നില്ല അതുകൊണ്ടു് ലോപിക്കുന്നുമില്ല. ദ്വിതീയാബഹുവചനം മുതൽ നകാരാഗമമില്ലാത്തതിനാൽ മുറയ്ക്കു് പ്രത്യയങ്ങൾ ചേൎത്താൽ മതി,

| | | |
|---|---|---|
| लिखन् | लिखन्तौ | लिखन्तः |
| लिखन्तम् | लिखन्तौ | लिखतः |
| लिखता | लिखद्भ्याम् | लिखद्भिः |
| लिखते | लिखद्भ्याम् | लिखद्भ्यः |
| लिखतः | लिखद्भ्याम् | लिखद्भ्यः |
| लिखतः | लिखतोः | लिखताम् |
| लिखति | लिखतोः | लिखत्सु |

ചില വ്യത്യസ്ത പദങ്ങൾ.

താങ്കൾ എന്ന അൎത്ഥം വരുന്ന भवत् എന്ന ശബ്ദത്തിന്റെ പ്രഥമൈകവചനം മാത്രം ദീൎഘിച്ചു് ഭവാൻ എന്നാവും. भवान्, भवन्तौ, भवन्तः

മഹത്‌ശബ്ദം ദ്വിതീയാ ദ്വിവചനംവരെ ദീൎഘിയ്ക്കും.

| | | |
|---|---|---|
| महान् | महान्तौ | महान्तः |
| महान्तम् | महान्तौ | महतः |

ധാതു ഇരട്ടിക്കുന്ന ഗണങ്ങളിൽ നകാരാഗമം കാണുന്നതല്ല.

| | | |
|---|---|---|
| ददत् | ददतौ | ददतः |

अस्ति എന്നതിലെ अस् എന്ന ധാതുവിനും ഈ വിശേഷണരൂപത്തിൽ അല്പം വ്യത്യാസമുണ്ട്. अस् എന്നതിലെ अകാരം ലോപിച്ച് स् മാത്രം ബാക്കിയാവും. അതിനോടുകൂടി अत् എന്നു ചേർത്താൽ स्+अत् = सत् എന്നാവുമല്ലോ. പിന്നെ മുറയ്ക്കു നകാരം ചേർത്ത്,

| | | |
|---|---|---|
| सन् | सन्तौ | सन्तः |
| सन्तं | सन्तौ | सतः |

എന്നിങ്ങനെ लिखत् ശബ്ദംപോലെത്തന്നെ. मत्, वत् എന്നീ പ്രത്യയങ്ങൾ ചേർന്ന പദങ്ങൾക്കും ദ്വിതീയാ ദ്വിവചനംവരെ നകാരാഗമമുണ്ട്. പ്രഥമൈകവചനം മാത്രം ദീർഘിക്കും.

| | | |
|---|---|---|
| धनवान् | धनवन्तौ | धनवन्तः |
| धनवन्तं | धनवन्तौ | धनवतः |

തകാരാന്തശബ്ദങ്ങളുടെ സ്ത്രീലിംഗരൂപങ്ങൾ കണ്ടാലറിയാത്തവിധം വേഷംമാറിപ്പോകുന്നു. അവയിൽ സ്ത്രീലിംഗപ്രത്യയമായ ई ചേരുന്നതോടെ ഈകാരാന്തമായി മാറുന്നു. സ്ത്രീലിംഗരൂപങ്ങളിലെല്ലാ വിഭക്തികളിലും മേൽപ്പറഞ്ഞ നകാരാഗമവും കാണും. പുല്ലിംഗത്തിലെന്നപോലെ ദ്വിതീയാ ദ്വിവചനംവരെയല്ലെന്നർത്ഥം. അങ്ങനെ അവയെല്ലാം लिखन्ती, गच्छन्ती, यान्ती എന്നിങ്ങനെ ഈകാരാന്തങ്ങളായി മാറുന്നു. അവയുടെ രൂപങ്ങളെല്ലാം नदी ശബ്ദംപോലെത്തന്നെ.

പുല്ലിംഗത്തിൽ ചില വ്യത്യസ്തപദങ്ങൾ കാണിച്ചല്ലോ. അവയ്ക്കു നകാരാഗമമില്ലെന്നതു് ഒരു വിശേഷമാണ്.

| | | |
|---|---|---|
| भवान् | — | भवती |
| महान् | — | महती |
| सन् | — | सती |
| ददत् | — | ददती |
| बुद्धिमान् | — | बुद्धिमती |
| धनवान् | — | धनवती |

ഇത്തരം ശബ്ദങ്ങൾ നപുംസകലിംഗത്തിൽ വളരെ കുറച്ചേ പ്രയോഗം വരൂ. വരുകയാണെങ്കിൽ രൂപമിതാണ്.

| | | |
|---|---|---|
| महद् | महती | महन्ति |
| सत् | सती | सन्ति |

## നകാരാന്തം.

നകാരാന്ത ശബ്ദങ്ങൾ പലവിധം വരാം. അവയിൽ പ്രധാന പ്പെട്ടവ മൂന്നുവിധം വരുന്നവയാണ്.

1. വിശേഷണപദങ്ങളിൽനിന്നും നാമരൂപങ്ങളുണ്ടാക്കാൻ इमन् എന്നൊരു പ്രത്യയം ചേക്കാറുണ്ട്. അപ്പോൾ പ്രത്യയത്തിനുമുമ്പുള്ള പദങ്ങൾക്ക് പല മാററങ്ങളും വരും.

लघु + इमन्, लघ् + इमन् = लघिमन्
गुरु + इमन्, गर् + इमन् = गरिमन्
महत् + इमन्, मह् + इमन् = महिमन्

2. അതുള്ള എന്ന അത്ഥത്തിൽ നാമങ്ങളോട് इन्, विन् എന്ന പ്രത്യയം ചേക്കും. നാമത്തിൻെറ അന്ത്യവണ്ണം പലേടത്തും ലോപിക്കും.

धन + इन्, धन् + इन् = धनिन्।
मानिन्, सुखिन्, धनुः + विन् = धन्विन्। यशस् + विन् = यशस्विन्।

3 ഒരു പ്രവൃത്തി ചെയ്യുന്ന എന്ന അത്ഥത്തിൽ ധാതുക്കളോട് इन् എന്ന പ്രത്യയം ചേക്കും. അതു് ചേരുമ്പോൾ ധാതുക്കൾക്ക് ചില സ്വരവികാരങ്ങൾ വരും.

दृश् + इन् दर्श् + इन् = दर्शिन्
विद् + इन्, वेद् + इन् = वेदिन्
मुद् + इन्, मोद् + इन् = मोदिन् } ഗുണം.

वस् + इन्, वास् + इन् = वासिन्
कृ + इन्, कार् + इन् = कारिन् } വൃദ്ധി

ഈ മൂന്നിനം കൂടാതെ നകാരാന്തപ്രത്യയങ്ങൾ ചേരുന്ന പല പദങ്ങളുമുണ്ട്. राजन्, सद्मन्, प्रेमन्, नामन् മുതലായവ അവയിൽ പെട്ടവയാണ്. अन् എന്നവസാനിക്കുന്ന പുല്ലിംഗ നകാരാന്തശബ്ദങ്ങളുടെ അന്ത്യസ്വരം ദ്വിതീയാ ദ്വിവചനംവരെ ദീർഘിക്കും. അങ്ങനെ अन् എന്നതു് आन् എന്നാവും. വ്യഞ്ജനാദിപ്രത്യയം ചേക്കുന്നിടത്തെല്ലാം നകാരാന്തശബ്ദങ്ങളിലൊട്ടാകെ നകാരം ലോപിക്കും. വ്യഞ്ജനാന്ത ശബ്ദങ്ങളിൽ പ്രഥമൈകവചനപ്രത്യയം കാണുകയുമില്ലല്ലോ. അങ്ങനെ राजन् + स्, राजान्स्; അവസാനത്തെ വ്യഞ്ജനങ്ങൾ ലോപിച്ച്

राजा എന്നായി. ദ്വിതീയാ ബഹുവചനം മുതൽ സ്വരപ്രത്യയം വരുമ്പോൾ अन् എന്നതിലെ അകാരം ലോപിക്കും. അപ്പോൾ राज्न् എന്നായി. ജകാരത്തിൻെറ സംസർഗ്ഗത്താൽ നകാരം ഞകാരമായി അങ്ങനെ राजञ्+अः, राज्ञः എന്നായി.

| | | |
|---|---|---|
| राजा | राजानौ | राजानः |
| राजानम् | राजानौ | राज्ञः |
| राज्ञा | राजभ्यम् | राजभिः |
| राज्ञे | राजभ्याम् | राजभ्यः |
| राज्ञः | राज्ञभ्याम् | राजभ्यः |
| राज्ञः | राज्ञोः | राज्ञाम् |
| राज्ञि | राज्ञोः | राजसु |

സംയുക്തവ്യഞ്ജനങ്ങളാണു് अन् എന്നതിനു് മുമ്പിലെങ്കിൽ അകാരം ലോപിക്കില്ല. आत्मनः, आत्मना, आत्मनां, आत्मनि എന്നിങ്ങനെ രൂപം കണ്ടുകൊൾക.

इन् എന്ന പ്രത്യയത്തിലവസാനിക്കുന്ന പദങ്ങളിലും നകാരം വ്യഞ്ജനാദിപ്രത്യയ യോഗത്തിൽ മേൽപറഞ്ഞവിധം ലോപിക്കുന്നതാണു്. പക്ഷേ ദീർഘം പ്രഥമ ഏകവചനത്തിൽ മാത്രമേ വരൂ.

| | | |
|---|---|---|
| धनी | धनिनौ | धनिनः |
| धनिनम् | धनिनौ | धनिनः |
| धनिना | धनिभ्याम् | धनिभिः |
| धनिने | धनिभ्याम् | धनिभ्यः |
| धनिनः | धनिभ्याम् | धनिभ्यः |
| धनिनः | धनिनोः | धनिनाम् |
| धनिनि | धनिनोः | धनिषु |

दर्शिन् കാണുന്ന (വ്യക്തി)

| | | |
|---|---|---|
| दर्शी | दर्शिनौ | दर्शिनः |

धनी ശബ്ദംപോലെത്തന്നെ.

നകാരാന്തം സ്ത്രീലിംഗം വളരെ കുറച്ചേ ഉള്ളൂ. അവയുടെ രൂപങ്ങൾക്കു് ഇവയിൽനിന്നു് വ്യത്യാസമില്ല. इन्, विन् പ്രത്യയാന്ത ശബ്ദങ്ങളെല്ലാംതന്നെ ई എന്ന സ്ത്രീപ്രത്യയം ചേൎന്നു് ഈകാരാന്തമായി മാറും. मनस्+विन्+ई = मनस्विनी। धनिनी, दर्शिनी ഇവയെല്ലാം നദീശബ്ദംപോലെത്തന്നെ. राजन् എന്നതു് राज्ञी എന്നാവും.

मन् എന്നുമാത്രം അവസാനം കാണുന്ന നകാരാന്തം മിക്കതും നപുംസകലിംഗമാകും. प्रेमन्, नामन्, लोमन् തുടങ്ങിയവ. അവയുടെ മാതൃക:

| | | |
|---|---|---|
| नाम | नामनी | नामानि |

इन् എന്നവസാനിക്കുന്നവയുടെ മാതൃക (നപുംസകലിംഗം)

| | | |
|---|---|---|
| धनि | धनिनी | धनीनि |

താഴെ കാണുന്ന പദങ്ങൾക്കു് ലിംഗവ്യത്യാസംകൊണ്ടു് വരുന്ന മാററങ്ങൾ മനസ്സിലാക്കുക.

| | പുല്ലിംഗം. | സ്ത്രീലിംഗം. | നപും. ലിംഗം. |
|---|---|---|---|
| राजन् | राजा | राज्ञी | — |
| मनस्विन् | मनस्वी | मनस्विनी | मनस्वि |
| करिन् | करी | करिणी | — |
| धनिन् | धनी | धनिनी | धनि |
| दर्शिन् | दर्शी | दर्शिनी | दर्शि |

यथा राजा तथा प्रजा എന്നതിൽ राजा, प्रजा എന്ന രണ്ടു് ശബ്ദങ്ങളും ഒരുപോലിരിക്കുന്നു. അതുകൊണ്ടു് രണ്ടും ആകാരാന്തമാണെന്നു് സംശയിക്കാനവകാശമുണ്ടു്. അങ്ങനെ സംശയം വരുമ്പോൾ സംശയനിവൃത്തിക്കു് ചില മാർഗ്ഗങ്ങളവലംബിക്കാവുന്നതാണു്. ഒന്നുകിൽ മററു വിഭക്തിരൂപങ്ങളിൽനിന്നു് മനസ്സിലാക്കാം. അല്ലെങ്കിൽ അതിലടങ്ങിയ പ്രത്യയത്തിൽനിന്നു്; അതുമല്ലെങ്കിൽ അതിനുള്ള വിശേഷണങ്ങളിൽനിന്നു്. ഏതായാലും പ്രഥമൈകവചനരൂപത്തിൽ മാത്രമേ ഈ സംശയം നേരിടുകയുള്ളു. दीर्घदर्शी മുതലായ പദങ്ങളിലും വരുന്ന സംശയം ഇങ്ങനെത്തന്നെ പരിഹരിക്കണം.

पथिन् ശബ്ദത്തിനു് രൂപത്തിൽ ചില വ്യത്യാസങ്ങളുണ്ടു്. ദ്വിതീയാ ദ്വിവചനംവരെ पन्थान् എന്നാവും. മററു വിഭക്തികളിൽ സ്വരാദി പ്രത്യയങ്ങൾ ചേരുമ്പോൾ पथ् എന്നാവും. വ്യഞ്ജനാദിപ്രത്യയം ചേരുമ്പോൾ നകാരം പതിവുപോലെ ലോപിക്കും. സമാസത്തിൽ पथ എന്നു് അകാരാന്തവുമാകും. പ്ര. ഏ. വചനം पंथाः എന്നും.

| | | |
|---|---|---|
| पंथाः | पंथानौ | पंथानः |
| पंथानम् | पंथानौ | पथः |
| पथा | पथिभ्याम् | पथिभिः |

സമാസത്തിൽ राजपथः दुर्गमपथः എന്നാവും.

അഭ്യാസം:—

1. പ്രധാനപ്പെട്ട സർവ്വനാമങ്ങളേതെല്ലാം?

2. സർവ്വനാമങ്ങൾക്ക് ഏതെല്ലാം വിഭക്തി വചനങ്ങളിലാണ് വ്യത്യാസം വരുന്നത്? അവയെങ്ങനെയെല്ലാം?

3. നകാരാന്തശബ്ദങ്ങളുടേയും ആകാരാന്തശബ്ദങ്ങളുടേയും പ്രഥമൈകവചനം ഒരുപോലെയാവാൻ കാരണമെന്ത്?

4. തകാരാന്തശബ്ദങ്ങൾക്ക് ദ്വിതീയാ ദ്വിവചനംവരെയുള്ള പ്രക്രിയയെന്തെല്ലാം?

5. സിദ്ധരൂപമെഴുതുക:—

१. इदम् (स्त्री. स. ए.) २. अस्मद् (च. ए.) ३. युष्मद् (स. ए.)
४. लिखत् (स्त्री. च. ए.) ५. पश्यत् (स. ए.)

6. ഉചിതരൂപങ്ങൾ എഴുതുക:—

धनवत् नारीषु। जलं पिबत् बालानाम्। प्रवहत् नद्याः। संस्कृतं जानत् जनेषु। धनं मुष्णात् चोरस्य।

7. തർജ്ജമ ചെയ്യുക:—

ആനകളെ കാണുന്ന കുട്ടികൾ ആനന്ദിക്കുന്നു. തങ്ങളുടെ കർമ്മങ്ങളുടെ ഫലമനുഭവിക്കുന്നവരാണ് എല്ലാവരും. ഞങ്ങളുടെ വീട്ടിൽ വരുന്നവർ പണക്കാരല്ല. ബുദ്ധിമാന്മാരുടെ സമീപം താമസിക്കുന്ന ജനങ്ങൾ ഭാഗ്യവാന്മാരാണ്. സഹോദരന്മാരുടെ ആപത്തുകളിൽ സഹതപിക്കുന്നവരും സമ്പത്തുകളിൽ സന്തോഷിക്കുന്നവരും ദുർല്ലഭമാണ്. ആകാശത്ത് തിളങ്ങുന്ന നക്ഷത്രങ്ങളുടെ പ്രകാശത്താൽ ദിക്കുകൾ ശോഭിക്കുന്നു. വിടരുന്ന താമരപ്പൂക്കളിൽ പാറിപ്പറക്കുന്ന വണ്ടുകളെ കുളിക്കുന്ന പെൺകുട്ടികൾ ഭയപ്പെടുന്നു. (ഭയപ്പെടുന്നതിൻെറ കർമ്മം പഞ്ചമീവിഭക്തിയിലാവും.) ആഭരണം മോഷ്ടിച്ച കള്ളന്മാരെ അവർ കണ്ടു.

# ദിവസം പതിനൊന്നു്.

## ഗുണവൃദ്ധിപ്രക്രിയകൾ.

ഗുണവൃദ്ധിപ്രക്രിയകൾകൊണ്ടു് ക്രിയകൾക്കു് അർത്ഥത്തിലും രൂപത്തിലും വരുന്ന മാററങ്ങൾ വളരെ വിപുലമാണു്. സംസ്കൃത ഭാഷയിലുള്ള പദസമുച്ചയത്തെ ഇത്രയുമധികം വിപുലമാക്കിയതിൽ ഉപസർഗ്ഗങ്ങൾക്കും പ്രത്യയങ്ങൾക്കുമെന്നപോലെ ഗുണവൃദ്ധിപ്രക്രിയകൾക്കും പ്രധാനമായ പങ്കുണ്ടു്. ഏതു് ഭാഷയിലും പ്രചാരത്തിലുള്ള ധാതുക്കൾ പെറുക്കിയെടുത്താൽ ഒരു കടന്നയിൽ കൊള്ളാവുന്നതേ കാണുകയുള്ളു. ഉപസർഗ്ഗം, പ്രത്യയം, സ്വരപരിണാമം മുതലായവയാൽ അവ അസംഖ്യമായി, നിഘണ്ടുവിൻെറ ആയിരക്കണക്കിനുള്ള പേജുകളിലും ഒതുങ്ങിനില്ക്കാത്തവിധം വിപുലമായിത്തീരുന്നു.

मुद् – मोदते തുടങ്ങി പത്തു് കാലങ്ങളിൽ ഒമ്പതു് രൂപങ്ങൾ വീതം തൊണ്ണൂറു് രൂപങ്ങൾ; പുറമെ, मोदः, (अनु) मोदनम्, मोदितृ, मोदिन्, मोदकः, मोदितः, मोदितवत् मोदमान, मोदित्वा, मोदितुम्, प्रमोद्य, मोदयित्वा, मोदयति।

नी—नयति, नयः नयनम्, नेतृ, नायिन्, नायक, नेतुम्, नीत्वा, आनीय, नीत, नीतवत्, नीति।

हृ —हरति, हरः, हारः, हारकः, हरणम्, हारिन्, हृतः, हृतवत्, (आ) हृति, हृत्वा, हर्तुम्।

മേൽ കാണിച്ച രൂപങ്ങൾ പരിശോധിച്ചാൽ ഒരു സംഗതി മനസ്സിലാക്കാവുന്നതാണു്. ചില പ്രത്യയങ്ങൾ ചേരുമ്പോൾ ധാതുവിന്നു സ്വരപരിണാമമൊന്നും വരുന്നതായി കാണുന്നില്ല. ഗുണവൃദ്ധികളൊന്നും വരാത്ത നാലു് രൂപം കാണാം. त, तवत्, ति, त्वा എന്നീ നാലു് പ്രത്യയങ്ങൾ ചേരുന്ന രൂപങ്ങളാണവ. ധാതുവിന്നു വരുന്ന ഈ രൂപപരിണാമങ്ങൾ എന്തെല്ലാം അടിസ്ഥാനത്തിലാണെന്നു പരിശോധിക്കാം.

## ക്രിയാനാമങ്ങൾ.

നട, നടത്തം, നടക്കൽ, നടപ്പു് എന്നീ രൂപങ്ങൾ നട എന്ന ധാതുവിൽനിന്നുണ്ടാകുന്ന ക്രിയാനാമങ്ങളാണല്ലോ. താഴൽ, താഴ്ച,

താഴ്ച. നോക്കു്, നോട്ടം, നോക്കൽ എന്നിവയും താഴ്, നോക്കു് എന്നീ ധാതുക്കളിൽനിന്നുവരുന്ന ക്രിയാനാമങ്ങളാണു്. ധാതുവിൽനിന്നുരുത്തിരിഞ്ഞുവരുന്നവയാണെങ്കിലും, പ്രവൃത്തിയുടെ അത്ഥമാണു് അവ തോന്നിക്കുന്നതെങ്കിലുംനാമങ്ങളോടു്ചേക്കുന്ന വിഭക്തിപ്രത്യയങ്ങൾ ഇവയോടും ചേക്കാവുന്നതിനാൽ ഇവക്കു നാമത്തിന്റെ സ്ഥാനമാണുള്ളതു്. കാലം, പ്രകാരം മുതലായ അത്ഥമൊന്നും കാണിക്കാതെ ധാതുവിന്റെ അത്ഥം മാത്രം കാണിക്കുന്ന ഒരുതരം അപൂണ്ണക്രിയകളാണു് ക്രിയാനാമങ്ങൾ. പോകൽ, പോക്കു് എന്നീ പദങ്ങളിൽനിന്നു് കിട്ടുന്ന അത്ഥംതന്നെയാണു് ഗമനം, ഗതി എന്നിവയിൽനിന്നും കിട്ടുന്നതു്.

സംസ്കൃത ധാതുക്കളോടുകൂടി अन, अ, ति എന്നീ മൂന്നു് പ്രത്യയങ്ങൾ സാധാരണയായി ക്രിയാനാമങ്ങളുണ്ടാക്കാൻ ചേക്കുന്നു. ഇവയിൽ अ, अन എന്നിവ ചേക്കുമ്പോൾ ധാതുക്കൾക്കു് സ്വരവികാരങ്ങൾ-ഗുണവൃദ്ധികൾ-വരുന്നതാണു്. ति പ്രത്യയം ചേക്കുമ്പോൾ സ്വരവികാരങ്ങൾ വരുന്നതല്ല. ചില ധാതുക്കളിൽ തൊട്ടുമുമ്പുള്ള അനുനാസിക വണ്ണങ്ങൾ ലോപിക്കുകയും ചെയ്യും.

ഒരു കായ്യം പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ ധാതുക്കളോടും ഈ മൂന്നു് പ്രത്യയവും ചേത്തു് മുമ്മൂന്നു രൂപംവീതമുണ്ടാക്കാൻ ആരും സാഹസപ്പെടരുതു്. ക്രിയാനാമമുണ്ടാക്കാൻ സുലഭമായുപയോഗിക്കുന്ന പ്രത്യയങ്ങൾ ഇവ മൂന്നാണെന്നുമാത്രം കണക്കാക്കിയാൽ മതി.

ഇംഗ്ലീഷിൽ 'ing' പോലെയും മലയാളത്തിൽ 'അൽ' പോലെയും ഹിന്ദിയിൽ 'ना' പോലെയും 'अन' പ്രത്യയം എല്ലാ ധാതുക്കളോടും സംസ്കൃതത്തിൽ ചേക്കാവുന്നതാണു്. മററു് രണ്ടും അത്ര സാവ്വത്രികമല്ല. ചിലതിനോടു് 'अ' ചേരും ചിലതിനോടു് 'ति'യും. ചിലതിനോടു് എല്ലാം ചേന്നും കാണും. अ പ്രത്യയാന്തം പുല്ലിംഗവും, ति പ്രത്യയാന്തം സ്ത്രീലിംഗവും, अन പ്രത്യയാന്തം നപുംസകലിംഗവുമാകും.

| | प्रत्ययाः | | | | प्रत्ययाः | | |
|---|---|---|---|---|---|---|---|
| धातवः | अः | तिः | अनम् | धातवः | अः | तिः | अनम् |
| मृ | — | मृतिः | मरणं | दा | — | — | दानम् |
| जन् | — | — | जननं | श्वस् | श्वासः | — | श्वसनं |
| लिख् | लेखः | — | लेखनं | पठ् | पाठः | — | पठनं |
| गम् | (आ) गमः | गतिः | गमनं | स्था | — | स्थितिः | स्थानं |
| दृश् | आदर्शः | दृष्टिः | दर्शनं | हृष् | हर्षः | हृष्टिः | हर्षणं |

## അംഗക്രിയകൾ.

കളിക്കുന്ന കുട്ടി.

കളിച്ച കുട്ടി.

കുട്ടി കളിച്ചിട്ട് പോയി.

കുട്ടി കളിക്കാൻ പോയി.

ഇവിടെ കളിക്കുക എന്ന ക്രിയയുടെ നാലു് രൂപങ്ങൾ ഉണ്ടു്. ആദ്യത്തെ രണ്ടും കുട്ടി എന്ന നാമത്തിൻെറ വിശേഷണമാണു്. അവസാനത്തെ രണ്ടും പോയി എന്ന ക്രിയയുടേയും. ആദ്യം നാമവിശേഷണങ്ങളായ അംഗക്രിയകളുടെ നിഷ്പത്തി എങ്ങനെ എന്നു കാണിക്കാം.

പരസ്മൈപദധാതുക്കളോടുകൂടി ഗണചിഹ്നത്തിനുശേഷം अत् എന്ന പ്രത്യയം ചേർത്താൽ വർത്തമാനകാലത്തിലുള്ള നാമവിശേഷണരൂപം കിട്ടും. ഈ രൂപനിഷ്പാദനസമ്പ്രദായം തകാരാന്തപ്രകരണത്തിൽ സന്ദർഭവശാൽ പറയുകയുണ്ടായി. वदति = പറയുന്നു. वदत् = പറയുന്ന. (वद् + अ + अत्) अत् ചേർക്കുമ്പോൾ അതിനുതൊട്ടു മുമ്പുള്ള അകാരം ലോപിക്കും. नृत् + य + अत् = नृत्यत्. ഈ രൂപം ക്രിയയിൽ നിന്നുത്ഭവിക്കുന്ന വിശേഷണമായതിനാൽ വിശേഷ്യത്തിൻെറ ലിംഗവചനവിഭക്തികളനുസരിച്ചു് രൂപഭേദങ്ങൾ വരുന്നതാണു്.

| | |
|---|---|
| वदन् बालः | नृत्यन्त्यां कन्यायां |
| वदन्ती बालिका | पठद्भ्यः बालेभ्यः |

വ്യഞ്ജനാന്തശബ്ദപ്രകരണം നോക്കുക.

ആത്മനേപദധാതുക്കളോടു് ഗണചിഹ്നം ചേർത്തശേഷം സമാംഗഗണങ്ങളോടു് मान എന്നും വിഷമാംഗഗണങ്ങളോടു് आन എന്നും ചേർത്താണു് നാമവിശേഷണങ്ങളായ അംഗക്രിയകൾ ഉണ്ടാകുന്നതു്. അവ അകാരാന്തങ്ങളാകയാൽ പുല്ലിംഗത്തിൽ बाल ശബ്ദംപോലെയും സ്ത്രീലിംഗത്തിൽ कन्या ശബ്ദംപോലെയും നപുംസകലിംഗത്തിൽ वन ശബ്ദംപോലെയും രൂപങ്ങൾ കണ്ടുകൊൾക.

वर्धमानः बालः, वर्धमाना कन्या, वर्धमानं जलं

പോയ, കളിച്ച മുതലായി ഭൂതകാലത്തിലെ നാമവിശേഷണങ്ങളായ അംഗക്രിയകളുണ്ടാക്കാൻ त, तवत् എന്ന പ്രത്യയങ്ങൾ ചേർക്കുന്നു. ചില ധാതുക്കളോടു് ചേർക്കുമ്പോൾ അവയ്ക്കുമുമ്പു് इ കാരം

ചേൎന്നു് इत, इतवत् എന്നാകുന്നു. गत, स्नात, लिखित, पठित; गतवत्, स्नातवत्, लिखितवत्, पठितवत्। ഈ പ്രത്യയങ്ങൾ ചേരുമ്പോൾ ഗുണ വൃദ്ധികൾ വരുന്നതല്ല गत മുതലായ രൂപങ്ങൾ अ കാരാന്തങ്ങളും गतवत् മുതലായവ त കാരാന്തങ്ങളുമാണു്. ഇവ വിശേഷ്യത്തിൻെറ ലിംഗ, വചന, വിഭക്തികളനുസരിച്ചു് രൂപം മാറുമെന്നതോൎക്കുക.

| | | |
|---|---|---|
| गतः बालः | गता कन्या | गतं धनं |
| गतवान् बालः | गतवती कन्या | गतवत् धनं |

त, तवत् പ്രത്യയാന്ത ശബ്ദങ്ങളുടെ പ്രയോഗത്തിനല്പം വ്യത്യാസമുണ്ടു്. സകൎമ്മകക്രിയകളോടാണു് त പ്രത്യയം ചേൎക്കുന്നതെങ്കിൽ ആ പദം കൎമ്മത്തിനെയാണു് കുറിക്കുക. അതുകൊണ്ടു് അത്തരം പദങ്ങൾ കൎമ്മത്തിൻെറ ലിംഗ വചന വിഭക്തികളോടു് ബന്ധപ്പെട്ടിരിക്കും. ഇംഗ്ലീഷിൽ be എന്ന സഹായക്രിയ ചേൎത്തു് past Participle ഉപയോഗിക്കുന്നപോലെ तപ്രത്യയാന്തങ്ങളുപയോഗിക്കാവുന്നതാണു്.

रामः गत (आसीत्) (Rama was gone)
रामः दृष्टः (आसीत् ।) (Rama was seen)

ഇതിൽ ആദ്യത്തേതിൽ ഗമനക്രിയയുടെ കൎത്താവു് രാമനാണു്. രണ്ടാമത്തേതിൽ ദൎശനക്രിയ നടത്തുന്ന ആൾ മററാരോ ആണു്. ദൎശനക്രിയയുടെ കൎമ്മമാണു് രാമൻ. അപ്പോൾ സകൎമ്മകധാതുക്കളോടു് त പ്രത്യയം ചേൎത്താൽ ആ ക്രിയ കൎമ്മത്തെയാണു് വിശേഷിപ്പിക്കുകയെന്നു് വ്യക്തമായല്ലോ.

तवत् പ്രത്യയം ചേൎത്ത രൂപം സകൎമ്മകാകൎമ്മകഭേദമെന്യേ കൎത്താവിനെ മാത്രമേ കുറിക്കുകയുള്ളു.

| | |
|---|---|
| रामः गतवान् | सीता गतवती |
| रामः सीतां दृष्टवान् | सीता रामम् दृष्टवती |

ഇവിടെ ക്രിയാരൂപങ്ങൾ അതാതിൻെറ കൎത്തൃപദങ്ങളുടെ ലിംഗവചനങ്ങളുമായി ബന്ധപ്പെടുന്നതു് ശ്രദ്ധിക്കുക. താഴെ കാണുന്ന വാക്യങ്ങളിൽ വരുന്ന വ്യത്യാസം മനസ്സിലാക്കുക.

| त (കൎമ്മാൎത്ഥം) | तवत (കൎത്രൎത്ഥം.) |
|---|---|
| मया पुस्तकम् लिखितम् | अहं पुस्तकम् लिखितवान् |
| सीतया उत्सवः दृष्टः | सीता उत्सवम् दृष्टवती |

| त (കർമ്മാർത്ഥം) | तवत् (കർത്രർത്ഥം) |
|---|---|
| तैः कथिता: जना: | ते जनान् कथितवन्त: |
| बालिकाभि: पाठा: पठिता: | बालिका: पाठान् पठितवत्य: |

കുളിച്ചിട്ട്, എഴുതിയിട്ട്, കുളിക്കാൻ, എഴുതാൻ എന്നീ രൂപങ്ങൾ ക്രിയാവിശേഷണങ്ങളായ അംഗക്രിയകളാണെന്ന് മുമ്പ് പറഞ്ഞല്ലോ. ''കുട്ടി കുളിച്ചിട്ടുപോയി'' എന്നതിൽ പൂർണ്ണക്രിയയായ പോക്കിനുമുമ്പാണ് കുളി നടക്കുന്നത്. അപ്പോൾ പൂർണ്ണക്രിയയ്ക്കു മുമ്പ് നടക്കുന്ന അംഗക്രിയയാണത്. ഇത്തരം അംഗക്രിയകൾക്ക് സംസ്കൃതത്തിൽ त्वा എന്നൊരു പ്രത്യയമാണ് ചേർക്കുക. स्नात्वा, जित्वा। त പ്രത്യയം ചേർക്കുമ്പോഴെന്നപോലെ त्वा പ്രത്യയം ചില ധാതുക്കളോട് ചേരുമ്പോൾ മുമ്പു ഇകാരം ചേർന്ന് इत्वा എന്നാവും. पठित्वा, लिखित्वा। ചില ധാതുക്കളുടെ അനുനാസികവർണ്ണം ലോപിക്കുകയും ചെയ്യും. गम्-गत्वा, नम्-नत्वा, मन्-मत्वा।

എന്നാൽ ധാതുവിന്റെ മുമ്പിൽ ഉപസർഗ്ഗമുണ്ടെങ്കിൽ त्वा, इत्वा എന്നിവയ്ക്കുപകരം य എന്നാണ് ചേരുക.

लिखित्वा, विलिख्य, नीत्वा, विनीय, गत्वा, संगम्य।

കുട്ടി കുളിക്കാൻ പോയി എന്നിടത്തെ കുളിക്കാൻ എന്നതും അംഗക്രിയയാണ്. ഈ അർത്ഥത്തിലുള്ള സംസ്കൃതത്തിലെ പ്രത്യയം तुम् എന്നാണ്. स्नातुम्, गंतुम्।

മേൽ പറഞ്ഞ പ്രത്യയങ്ങളിൽ त, तवत्, त्वा, तिः എന്നീ നാല് പ്രത്യയങ്ങൾ നിർഗ്ഗുണങ്ങളും മറ്റുള്ളവ സഗുണങ്ങളുമാണ്.

| निर्गुणा: | | सगुणा: | |
|---|---|---|---|
| मुक्त | लिखित | मोचनं | लेखनं |
| मुक्तवत् | लिखितवत् | मोक्ता | लेखिता |
| मुक्त्वा | लिखित्वा | मोक्ष: | लेख: |
| मुक्ति: | — | मोचिन् | लेखिन् |
| | | मोचक | लेखक |

## തദ്ധിതപ്രത്യയങ്ങൾ.

നാമത്തിൽനിന്ന് നാമം, നാമത്തിൽനിന്ന് നാമവിശേഷണം, വിശേഷണത്തിൽനിന്ന് നാമം, നാമത്തിൽനിന്ന് അവ്യയം, അവ്യയത്തിൽനിന്നു നാമം, വിശേഷണം എന്നിങ്ങനെ പലതുംനിർമ്മിക്കുന്ന

വിവിധ പദപ്രക്രിയകൾക്കു് തദ്ധിതവിധിയെന്നു് പറയുന്നു. ധാതുവിൽനിന്നു് നാമങ്ങളും വിശേഷണങ്ങളുമുണ്ടാകുന്ന പ്രക്രിയക്കു് കൃദ് വിധി എന്നും പറയും. അവയ്ക്കു് വിധിക്കുന്ന പ്രത്യയങ്ങളെ യഥാക്രമം തദ്ധിതപ്രത്യയങ്ങൾ, കൃത് പ്രത്യയങ്ങൾ എന്നു് വിളിക്കുന്നു. ഇതിനുമുമ്പു് വിവരിച്ചവ കൃത് പ്രത്യയങ്ങളിൽപെടും. അസംഖ്യങ്ങളായ തദ്ധിതപ്രത്യയങ്ങളിൽ പ്രചുരപ്രചാരമുള്ളവയെ മാത്രം പ്രക്രിയയുടെ സ്വഭാവമറിയാൻവേണ്ടി പരിചയപ്പെടുത്തുന്നു.

य, त्व, ता।

ഒരു വിശേഷണപദത്തിലുള്ള പ്രത്യേകത കാണിക്കാൻ മേൽ കാണിച്ച പ്രത്യയങ്ങൾ ചേർക്കുന്നു. അവയിൽ य എന്ന പ്രത്യയം ചേരുമ്പോൾ പദത്തിന്റെ ആദ്യസ്വരത്തിന്നു് വൃദ്ധി വരും, അന്ത്യസ്വരം ലോപിക്കുകയും ചെയ്യും.

समर्थ + य, सामर्थ् + य = सामर्थ्यं, समर्थत्वं, समर्थता।
निपुण + य, नैपुण् + य = नैपुण्यं, निपुणत्वं, निपुणता।
उदार + य, औदार् + य = औदार्यं, उदारत्वं, उदारता।

ഇതിൽ य പ്രത്യയത്തിന്നുപകരം ചില ശബ്ദങ്ങളോടു് अ എന്ന പ്രത്യയമാണു് ചേരുക. अ ചേരുമ്പോൾ പദാന്തത്തിലുള്ള ഉകാരത്തിനു് ഗുണം വരും.

प्रभु + अ, प्राभो + अ, प्राभव् + अ = प्राभवम्, प्रभुत्वम्, प्रभुता। वैभवम्, शैशवम्, सौहृदम्।

इक എന്നൊരു പ്രത്യയം നാമങ്ങളിൽനിന്നു് വിശേഷണമുണ്ടാക്കാനുപയോഗിക്കുന്നു. ഇതു് ചേർക്കുമ്പോൾ ആദിവൃദ്ധിയും അന്ത്യലോപവും വരും.

विदेश + इक, वैदेश् + इक = वैदेशिक. वैदिक, ऐतिहासिक.
व्यवसाय + इक = वैयवसायिक. ഇവിടെ ആദ്യത്തെ 'വ്യ' എന്നതു് 'വൈയ' എന്നാകുന്നതു് ഒരു വിശേഷ വിധിയാണു്. വ്യാകരണ, വൈയാകരണ (വ്യാകരണം പഠിക്കുന്നവൻ)

തദ്ധിതപ്രത്യയങ്ങളുടെ സ്വരൂപബോധത്തിന്നുവേണ്ടി ചില പ്രത്യയങ്ങളും അർത്ഥവും താഴെ ചേർക്കാം.

| പദം | പ്രത്യയം | അർത്ഥം |
| --- | --- | --- |
| शंकर, शांकरं | अ | ശങ്കരനെ സംബന്ധിച്ച.. |

| പദം | | പ്രത്യയം | അത്ഥം |
|---|---|---|---|
| भूमिः | भौमं | अ | ഭൂമിയിലുണ്ടായ |
| दशरथः | दाशरथिः | इ | ദശരഥൻെറ മകൻ. |
| गंगा | गांगेयः | एय | ഗംഗയുടെ പുത്രൻ. |
| वसुदेव | वासुदेव | अ | വസുദേവൻെറ മകൻ. |
| कषाय | काषाय | अ | ആ നിറം കലൎന്ന. |
| मनुष्य | मानुष्यकम् | अक | മനുഷ്യസമൂഹം |
| चक्षुस् | चाक्षुषम् | अ | ചക്ഷുസ്സുകൊണ്ടു് ഗ്രഹിക്കുന്ന |
| ग्राम | ग्रामीणः | ईन | ഗ്രാമത്തിൽ വസിക്കുന്ന. |
| पुरस् | पौरस्त्य | त्य | അവിടെയുള്ള (അവിടെനിന്നു് വന്ന) |
| तद् | तदीय | ईय | അവനെ സംബന്ധിച്ച. |
| ताम्र | ताम्रमयम् | मय | താമ്രത്തിൻെറ വികാരം. |
| दन्त | दन्त्य | य | ദന്തത്തിൽനിന്നുണ്ടാവുന്ന. |
| पथिन् | पथिकः | इक | വഴിയിലൂടെ പോകുന്ന. |
| पुत्र | पुत्रवत् | वत् | പുത്രനെപ്പോലെ. |
| पञ्च | पञ्चमः | म | അഞ്ചാമത്തെ. |
| पटु | पटीयस् | ईयस् | കൂടുതൽ സമൎത്ഥനായ. |
| पटु | पटिष्ठ | इष्ठ | ഏററവും സമൎത്ഥനായ. |
| तारक | तारकित | इत | നക്ഷത്രങ്ങളുണ്ടായ |
| तद् | तावत् | वत् | അത്രമാത്രം. |
| द्वि | द्वितयम् | तय | രണ്ടും. |
| बुद्धि | बुद्धिमत् | मत् | ബുദ്ധിയുള്ള |
| रस | रसवत् | वत् | രസമുള്ള. |
| कृषि | कृषीवलः | वल | കൃഷിചെയ്യുന്ന. |
| कर | करिन् | इन् | കരമുള്ള. |
| किं | कुत्र, कुतः, क्व | त्र, तः | എവിടെ, എവിടെനിന്നു്. |
| तत् | ततः | तः | അതിൽനിന്നു്. |
| गृह | गृहतः | तः | ഗൃഹത്തിൽനിന്നു്. |
| तत् | तदा | दा | അപ്പോഠം. |

തദ്ധിതപ്രത്യയങ്ങഠം അസംഖ്യങ്ങളാണു്. അവയിൽ സാമാന്യമായി വരുന്നവ മാത്രമേ ഇവിടെ കാണിച്ചിട്ടുള്ളു. സൎവ്വനാമങ്ങളിൽനിന്നു് വരുന്ന ചില പ്രത്യയങ്ങളുടെ ഐകരൂപ്യം ഇവിടെ ശ്രദ്ധേയമാണു്. സ്ഥലം, കാലം, പ്രകാരം, അളവു്, വിഭക്ത്യത്ഥം എന്നീ അത്ഥങ്ങളിൽ त्र· दा· था, वत्, तः എന്നീ പ്രത്യയങ്ങഠം ചേരുന്നതു് നോക്കുക.

| പദം | പ്രത്യയം. | | | | |
|---|---|---|---|---|---|
| | സ്ഥലം | കാലം | പ്രകാരം | അളവു് | വിഭക്ത്യർത്ഥം |
| सर्व | सर्वत्र | सर्वदा | सर्वथा | — | सर्वतः |
| तत् | तत्र | तदा | तथा | तावत् | ततः |
| किम् | कुत्र (कुतः) | कदा | कथम् | कियत् | कुतः |
| यद् | यत्र | यदा | यथा | यावत् | यतः |

ഇതിൽ किम् ശബ്ദത്തിനും इदम् ശബ്ദത്തിനും ചില വ്യത്യാസങ്ങൾ കാണാം. മലയാളത്തിൽ ഇതേ അർത്ഥങ്ങളിൽ വരുന്ന പ്രത്യയങ്ങളുമായി താരതമ്യപ്പെടുത്തുക.

| | സ്ഥലം | കാലം | പ്രകാരം | അളവു് |
|---|---|---|---|---|
| അ | അങ്ങു് | അപ്പോൾ | അങ്ങനെ | അത്ര |
| ഇ | ഇങ്ങു് | ഇപ്പോൾ | ഇങ്ങനെ | ഇത്ര |

## അഭ്യാസം: —

1. തദ്ധിതപ്രത്യയങ്ങളും കൃത് പ്രത്യയങ്ങളും തമ്മിലുള്ള വ്യത്യാസമെന്തു്?

2. अ, ति, अन എന്നീ പ്രത്യയങ്ങൾ യോജിക്കുന്നവിധം ചേർത്തു് രൂപങ്ങളുണ്ടാക്കുക.

   1) हस्, 2) कृ, 3) वद्, 4) पत्, 5) जन्, 6) शोभ्, 7) नद्, 8) वस् ।

3. വിശേഷ്യപദങ്ങൾക്കു് യോജിക്കുന്നവിധം ധാതുക്കളുടെ വർത്തമാനകാലത്തിലെ അംഗക്രിയാരൂപങ്ങളുണ്ടാക്കുക.

   लिख् सीतायाः। वृध् वृक्षस्य। प्रकाश् नक्षत्रेषु। प्रवह् जलानि चर् मृगान्। नृत् कन्याभ्यः।

4. താഴെ കാണുന്ന പദങ്ങളിൽനിന്നു് പ്രത്യയങ്ങൾ വേർതിരിച്ചെഴുതുക.

   1) करिणौ। 2) दृष्टात्। 3) लिखितवद्भ्यः। 4) गच्छन्ति। 5) मोदमानेषु। 6) धनवते। 7) पाञ्चजन्यम्। 8) नैपुण्यम्। 9) प्राभवम्। 10) तदीयम्। 11) पारम्पर्यम्। 12) आध्यात्मिकम्।

5. തർജ്ജമ ചെയ്യുക:—

ജ്യേഷ്ഠൻെറ കല്പനയനുസരിച്ച് ലക്ഷ്മണൻ സീതയോടുകൂടി കാട്ടിലെത്തി. അദ്ദേഹം ആ സാധ്വിയെ ഗംഗാതടത്തിൽ പരിത്യജിച്ച് തിരിച്ചുപോയി. അവരം ഗർഭിണിയായിരുന്നു. നിലവിളിച്ചു നിന്നിരുന്ന അവളെ ആ വഴിയിലൂടെ വന്നിരുന്ന വാല്മീകി കണ്ടു. അദ്ദേഹം ആ ദേവിയോടു പറഞ്ഞു. "മകളേ നീ വ്യസനിക്കരുതു്. അടുത്തുതന്നെയാണു് എൻെറ ആശ്രമം. അവിടെ തപസ്സനുഷ്ഠിക്കുന്ന നിൻെറ സഹോദരിമാരോടുകൂടി നീ സുഖമായി താമസിക്കുക". അങ്ങിനെ സ്നേഹത്തോടുകൂടി പറയുന്ന മഹർഷിയെ തൻെറ പിതാവായിത്തന്നെ അവരം പരിഗണിച്ചു. ഒരു മകളെപ്പോലെ അവരം ആ മഹർഷിയുമൊരുമിച്ച് ആശ്രമത്തിലെത്തിയിട്ട് സുഖമായി താമസിച്ചു. കുറച്ചുമാസങ്ങരംക്കുള്ളിൽ ആ ലോകമാതാവു് രണ്ടാൺകുഞ്ഞുങ്ങളെ പ്രസവിച്ചു. വളർന്നുവരുന്ന ആ രണ്ടു ബാലന്മാരെക്കണ്ടു് ആ മാതാവു് ആനന്ദിച്ചു. വാല്മീകിമഹർഷി ശ്രീരാമകഥ കാവ്യരൂപത്തിലെഴുതി ആ കുട്ടികളെ പഠിപ്പിച്ചു. അതു മുഴുവനും പഠിച്ച കുമാരന്മാർ അതു നന്നായി പാടിയിട്ട് താപസിമാരെ സന്തോഷിപ്പിച്ചു. ആ ഗാനം കേട്ട തപോവനത്തിലെ പക്ഷികരംകൂടി അതു പഠിച്ചു. അങ്ങനെ അവിടെ താമസിക്കുന്ന താപസ സമൂഹം സന്തോഷമുള്ളവരായിത്തീർന്നു.

# ദിവസം പന്ത്രണ്ടു്.

## അകൎമ്മകം സകൎമ്മകം.

ക്രിയ രണ്ടു വിധമാണു്. ഒന്നു് അകൎമ്മകം; മററൊന്നു് സകൎമ്മകം. ഏതു ക്രിയയ്ക്കും പ്രവൃത്തി, ഫലം എന്നിങ്ങനെ രണ്ടംശമുണ്ടു്. നടക്കുന്നു എന്ന ക്രിയയുടെ പ്രവൃത്തി കാലെടുത്തു തുടരെത്തുടരെ മുന്നോട്ടു വെക്കുകയാണു്. ഒരിടത്തുനിന്നു് മററൊരിടത്തെത്തുകയാണതിൻെറ ഫലം. അടിക്കുന്നു എന്നതിൽ വടിയെടുത്തു ദേഹത്തിൽ മുട്ടിക്കുക പ്രവൃത്തി. വേദനിക്കുക ഫലവും. ഇങ്ങനെ ഏതു ക്രിയക്കുമുണ്ടായിരിക്കും പ്രവൃത്തി ഫലമെന്ന രണ്ടംശം. അതിൽ പ്രവൃത്തി ചെയ്യുന്നതും ഫലമനുഭവിക്കുന്നതും ഒരു വ്യക്തിയാണെങ്കിൽ അത്തരം ക്രിയകൾ അകൎമ്മകങ്ങൾ. പ്രവൃത്തി ചെയ്യുന്നതൊരു വ്യക്തി, ഫലമനുഭവിക്കുന്നതു് മററൊരു വ്യക്തി ഇങ്ങനെ വന്നാൽ ആ ക്രിയ സകൎമ്മകം. കുട്ടി നടക്കുന്നു എന്നിടത്തു് കാലെടുത്തു മുന്നോട്ടു വെയ്ക്കുകയെന്ന പ്രവൃത്തി ചെയ്യുന്നതും ഒരിടത്തുനിന്നു് മററൊരിടത്തെത്തുന്നതും കുട്ടിയാണു്. അപ്പോൾ പ്രവൃത്തി ചെയ്യുന്നതും ഫലമനുഭവിക്കുന്നതും ഒരേ വ്യക്തിയായതിനാൽ നടക്കുന്നു എന്നതു് അകൎമ്മകമാണു്. അച്ഛൻ മകനെ അടിക്കുന്നു എന്നിടത്തു് വടിയെടുത്തു് ദേഹത്തിൽ മുട്ടിക്കുന്നതു് അച്ഛനാണു്. വേദനയനുഭവിക്കുന്നതോ കുട്ടിയും. അപ്പോൾ പ്രവൃത്തിയും ഫലവും രണ്ടു് വ്യക്തികളിലായല്ലോ. അത്തരം ക്രിയകൾ സകൎമ്മകങ്ങൾ. ചില ക്രിയകളെസ്സംബന്ധിച്ചിടത്തോളം ഈ അപഗ്രഥനം അതിസൂക്ഷ്മമായിരിക്കും.

## പ്രയോഗം

പ്രയോഗം മൂന്നു വിധമാണു്, കൎത്തരി പ്രയോഗം, കൎമ്മണി പ്രയോഗം, ഭാവേ പ്രയോഗം. കൎത്തരി എന്നതു് കർത്തൃ എന്ന പദത്തിൻെറ സപ്തമിയാണു്. കൎത്താവിൽ എന്നൎത്ഥം. കൎത്താവിൽ ക്രിയ ബന്ധപ്പെടുന്ന പ്രയോഗമാണു് കൎത്തരിപ്രയോഗം. കൎമ്മണി = കൎമ്മത്തിൽ. അതായതു് കൎമ്മത്തിൽ ക്രിയ ബന്ധപ്പെടുന്ന പ്രയോഗമാണു് കൎമ്മണി പ്രയോഗം. ഭാവേ = ഭാവത്തിൽ — ക്രിയയുടെ അൎത്ഥത്തിൽ—തന്നെ ക്രിയ ബന്ധപ്പെടുന്ന പ്രയോഗമാണു് ഭാവേ

പ്രയോഗം. കർത്താവിനോടും കർമ്മത്തിനോടും ക്രിയയെ ബന്ധപ്പെടുത്താതെ പ്രയോഗിക്കലാണ് ഭാവേ പ്രയോഗമെന്നർത്ഥം.

ഒരാശയം അർത്ഥവ്യത്യാസമില്ലാതെ രണ്ടുവിധം പ്രയോഗിക്കാം.

രാമൻ രാവണനെ കൊന്നു.

രാമനാൽ രാവണൻ കൊല്ലപ്പെട്ടു.

ഈ രണ്ടു വാക്യങ്ങളിലും പദഘടനക്ക് ചില വ്യത്യാസങ്ങളുണ്ടെങ്കിലും ആശയത്തിനു മാററമൊന്നുമില്ല. കൊല്ലുന്നതു രാമൻ തന്നെ; ചാവുന്നതു് രാവണനും. ഇങ്ങനെ ഒരേ ആശയത്തെ രണ്ടുവിധത്തിൽ പ്രയോഗിക്കുന്നതാണ് പ്രയോഗം.

മലയാളത്തിൽ ഇവിടെ കാണിച്ചതിൽ രണ്ടാമത്തെ പ്രയോഗം അത്ര സ്വാഭാവികമല്ല. എന്നാൽ ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകളിൽ അത്തരം പ്രയോഗത്തിനാണ് കൂടുതൽ ഗൌരവവും പ്രചാരവും. കർത്താവിനു പ്രാധാന്യമോ പരിഗണനയോ ഇല്ലാത്തിടത്തു് രണ്ടാമത്തെ പ്രയോഗമാണ് സ്വാഭാവികവും.

കർത്തരിപ്രയോഗം അകർമ്മകങ്ങളും സകർമ്മകങ്ങളുമായ രണ്ടുതരം ക്രിയകൾക്കും പൊതുവിലുള്ളതാണ്. കർമ്മണിപ്രയോഗം സകർമ്മക ക്രിയകൾക്കും ഭാവേ പ്രയോഗം അകർമ്മക ക്രിയകൾക്കും മാത്രമേയുള്ളൂ.

ഒരു വാക്യത്തിൽ പ്രധാനമായ പദം പ്രഥമാവിഭക്തിയിലായിരിക്കും. സാധാരണ നിലയിൽ കർത്താവിന് പ്രാധാന്യമുള്ളതിനാൽ കർത്താവ് പ്രഥമാവിഭക്തിയിൽ വരുന്നു. ക്രിയ വാക്യമാകുന്ന കുലീന കുടുംബത്തിലെ ഒരു വധുവാണ്. അവൾ സ്വാതന്ത്ര്യവും പ്രാധാന്യവുമുള്ള ഒരു വ്യക്തിയെ മാത്രമേ വരനായി സ്വീകരിക്കൂ. അതിനാൽ തനിക്കു ബന്ധപ്പെട്ട പലരുമുണ്ടെങ്കിലും ക്രിയ പ്രഥമാവിഭക്തിയിലുള്ള പദത്തെമാത്രം വരനായി സ്വീകരിക്കുന്നു. പ്രഥമാന്ത പദവും ക്രിയയും ഇപ്പോൾ ദമ്പതിമാരാണ്. ദാമ്പത്യധർമ്മമനുസരിച്ച് അവർ ഒരേ അഭിപ്രായക്കാരായിത്തീരുന്നു. വരൻ ഏകവചനമെങ്കിൽ ക്രിയയും ഏകവചനം. ബഹുവചനമെങ്കിൽ ബഹുവചനം. പ്രഥമപുരുഷനെങ്കിൽ ക്രിയയും പ്രഥമപുരുഷൻ, മദ്ധ്യമനെങ്കിൽ മദ്ധ്യമൻ, ഉത്തമനെങ്കിൽ ഉത്തമൻ. എന്തൊരൊരുമയാണവർക്കെന്നോ! അതുകൊണ്ടാണ് വാക്യം ആശയസമ്പന്നമായിത്തീരുന്നതു്.

**कर्तरिप्रयोगः**

കത്തരിപ്രയോഗത്തിൽ കത്താവിനാണ് പ്രാധാന്യം. അതിനാൽ കത്താവു് പ്രഥമാന്തമായിരിക്കും. ക്രിയ കത്താവിനോടു് ബന്ധപ്പെടുന്നു.

रामः गच्छति । बालिकाः क्रीडन्ति ।

त्वं पुस्तकं पठसि । अहं गजं पश्यामि ।

**कर्मणिप्रयोग :**

കമ്മണിക്രിയാരൂപം ഉണ്ടാക്കുന്നതു് സാധാരണരീതിയിലല്ല. താഴെ പറയുന്ന നിയമങ്ങൾ കമ്മണിക്രിയകളുള്ളതാണു്.

1. ആത്മനേപദത്തിനു് വിധിച്ച പുരുഷപ്രത്യയങ്ങളേ കമ്മണിക്രിയയിൽ ചേക്കാവൂ. लिख्यते अलिख्यत ।
2. ധാതുവിൻേറയും പുരുഷപ്രത്യയത്തിൻേറയും നടക്കു 'य' എന്നൊരു കമ്മണിചിഹ്നം ചേക്കണം.
   लिख्+य+ते = लिख्यते ।
3. ധാതുവിൻെറ ഇകാര, ഉകാര, ഋകാരങ്ങൾക്കു് ഗുണവൃദ്ധികൾ വരുന്നതല്ല. हृष्+य+ते = हृष्यते, श्लिष्यते ।
4. ധാതുക്കളിലെ അന്ത്യമായ ऋകാരം रि എന്നാവും.
   कृ+य+ते = क्रियते ।
5. കൂട്ടക്ഷരത്തിനുശേഷമാണു് ऋകാരമെങ്കിൽ ഗുണം വരും.
   स्मृ+य+ते = स्मर्यते ।
6. ധാതുവിലുള്ള ഇകാരവും, ഉകാരവും ദീർഘിക്കും. ആകാരം ഈകാരമാകും. जि+य+ते = जीयते, श्रूयते, दीयते ।
7. लट्, लङ्, लोट्, लिङ् എന്നീ ലകാരങ്ങളിലേ ഈ നിയമങ്ങളെല്ലാം പാലിക്കേണ്ടതുള്ളൂ. മററു ലകാരങ്ങളിൽ മുറയ്ക്കു് ആത്മനേപദപ്രത്യയങ്ങൾ ചേത്താൽ കമ്മണിരൂപം കിട്ടും. അതായതു് അവയെ സംബന്ധിച്ചേടത്തോളം കമ്മണി കത്തരി പ്രയോഗങ്ങളിൽ ക്രിയാരൂപത്തിനു് വ്യത്യാസമില്ലെന്നത്ഥം.
8. പരസ്മൈപദധാതുക്കളോടും കമ്മണിപ്രയോഗത്തിൽ ആ ആത്മനേപദപ്രത്യയമാണു് ചേക്കേണ്ടതു്.
9. കത്തരിപ്രയോഗത്തിലെ കത്താവും കമ്മവും കമ്മണിപ്രയോഗത്തിൽ യഥാക്രമം തൃതീയാ വിഭക്തിയിലും പ്രഥമാ വിഭക്തിയിലും വരും.

10. കർമ്മം പ്രഥമാന്തമാകയാൽ ക്രിയ കർമ്മവുമായയാണു് ബന്ധപ്പെടുക

11. ഖിലധാതുക്കളിൽ ബ്രാക്കററിലല്ലാത്ത രൂപങ്ങളോടുകൂടിയേ ആത്മനേപദപ്രത്യയങ്ങൾ ചേരുകയുള്ളൂ. ചില ധാതുക്കൾക്കു് അല്പം ചില വ്യത്യാസങ്ങൾ കാണാം.

| | |
|---|---|
| लट्—ताड् + य + ते = ताड्यते | दृश् + य + से = दृश्यसे |
| लङ्—अलिख् + य + त = अलिख्यत | अ + दा + य + अन्त = अदीयन्त |
| लोट्—कृ + य + तां = क्रियतां | जि + य + तां = जीयतां |
| लिङ्—स्मृ + य + ईत = स्मर्येत | श्रु + य + ईत = श्रूयेत |

लट् മുതലായ മററു ലകാരങ്ങളോടു് മുറയ്ക്കു് ആത്മനേപദപ്രത്യയങ്ങൾ ചേർത്തു് पठिष्यते अपठिष्यत മുതലായ രൂപങ്ങളുണ്ടാകുന്നു.

| कर्तरि | कर्मणि |
|---|---|
| जनकः पुत्रं ताडयति | जनकेन पुत्रः ताड्यते |
| अहं त्वां पश्यामि | मया त्वं दृश्यसे |
| त्वं पत्रं अलिखः | त्वया पत्रं अलिख्यत |
| बालः पुस्तकानि अयच्छत् | बालेन पुस्तकानि अदीयन्त |
| ते कर्म कुर्वन्तु | तैः कर्म क्रियतां |
| धीराः भीरून् जयन्तु | धीरैः भीरवः जीयन्तां |
| अहं त्वां स्मरेयम् | मया त्वं स्मर्येथाः |
| सः वार्ताः शृणुयात् | तेन वार्ताः श्रूयेरन् |

भावेप्रयोगः।

ഭാവേപ്രയോഗത്തിൽ ക്രിയയുടെ അർത്ഥത്തിനാണു് പ്രാധാന്യം. കർത്താവിനു് അതിൽ പ്രാധാന്യമില്ല. 'അവൻ വരുന്നു' എന്നതിനു് പകരം 'അവൻെറ വരവാണു്' എന്നു് പറയുന്ന ഒരർത്ഥവ്യത്യാസമാണു് ഭാവേപ്രയോഗത്തിലുള്ളതു്. ആദ്യത്തേതിൽ അവനാണു് പ്രാധാന്യം, മറേറതിൽ വരവു് എന്ന ക്രിയക്കാണു് പ്രാധാന്യം. ആശയം ഒന്നുതന്നെ. പക്ഷേ പദങ്ങളുടെ പ്രാധാന്യത്തിനു് വലിയ വ്യത്യാസമുണ്ടു്. ഭാവേപ്രയോഗത്തിൽ കർത്താവു് തൃതീയയാവും. ക്രിയ പ്രഥമപുരുഷൻ ഏകവചനവുമായിരിക്കും. കർമ്മണിക്രിയയുടെ രൂപം തന്നെ. പക്ഷേ പുരുഷവചനങ്ങളനുസരിച്ചു് മാററം വരുന്നതല്ല.

| | |
|---|---|
| जनाः चरन्ति | जनैः चर्यते |
| अहं गच्छामि | मया गम्यते |
| यूयं हसथ | युष्माभिः हस्यते |

കർമ്മണി അംഗക്രിയകൾ:-

കർത്തരി ക്രിയകൾക്കു ലട്ടിനും ലൃട്ടിനും അതായതു് വർത്തമാന കാലത്തിലും ഭാവിയിലും മാത്രമേ നാമവിശേഷണരൂപത്തിലുള്ള അംഗക്രിയകളുള്ളൂ

| പൂർണ്ണക്രിയ | അംഗക്രിയ |
| --- | --- |
| रामः गच्छति | गच्छन् रामः |
| सीता हसति | हसन्ती सीता |
| सुतः जायते | जायमानः सुतः |
| कुमारः जनिष्यति | जनिष्यन् कुमारः |
| कुमारी जनिष्यति | जनिष्यन्ती कुमारी |
| नृपः विद्यते | विद्यमानः नृपः |
| नारी ईक्षिष्यते | ईक्षिष्यमाणा नारी |

എന്നാൽ കർമ്മണിക്രിയകൾക്കു വർത്തമാനം, ഭാവി, ഭൂതം എന്നീ കാലങ്ങളിലും എല്ലാ പ്രകാരങ്ങളിലും നാമവിശേഷണമായ അംഗക്രിയകളുണ്ടു്.

| | പൂർണ്ണക്രിയ | അംഗക്രിയ |
| --- | --- | --- |
| 1. | मया ग्रन्थः लिख्यते । | मया लिख्यमानः ग्रन्थः । |
| | The book is written by me | The book being written by me |
| | मुझसे किताब लिखी जाती है । | मुझसे लिखी जाती किताब |
| | എന്നാൽ പുസ്തകം എഴുതപ്പെടുന്നു. | എന്നാൽ എഴുതപ്പെടുന്ന പുസ്തകം |
| 2. | तेन चन्द्रः अदृश्यत । | तेन दृष्टः चन्द्रः । |
| | The moon was seen by him | The moon, seen by him |
| | उससें चाँद देखा गया । | उससे देखा गया चाँद |
| | അവനാൽ ചന്ദ്രൻ കാണപ്പെട്ടു | അവനാൽ കാണപ്പെട്ട ചന്ദ്രൻ |
| 3. | मया पाठाः पठिष्यन्ते । | मया पठिष्यमाणाः पाठाः । |
| | The lessons will be learnt by me | The lessons to be learnt by me |
| | मुझसे पाठ पढे जायेंगे । | मुझसें पढे जानेवाले पाठ । |
| | എന്നാൽ പാഠങ്ങൾ പഠിക്കപ്പെടും. | എന്നാൽ പഠിക്കപ്പെടാൻ പോകുന്ന പാഠങ്ങൾ |

## പ്രകാരാൎത്ഥത്തിൽ,

| പൂൎണ്ണക്രിയ. | അംഗക്രിയ. |
|---|---|
| त्वया पत्र लिख्यतां<br>Let the letter be writter by you<br>तुझसे पत्र लिखा जाय<br>നിന്നാൽ പത്രം എഴുതപ്പെടട്ടേ.<br><br>त्वया पत्रं लिख्येत<br>The letter must be written by you<br>*तुझसे पत्र लिखा जाना<br>നിന്നാൽ പത്രം എഴുതപ്പെടണം | त्वया लेख्यं (लेखनीयं लेखितव्यं) पत्रं<br>The letter to be writter by you<br>*तुझसे लिखा जाने लायक पत्र<br>നിന്നാൽ എഴുതപ്പെടേണ്ട പത്രം |

ഇതിൽ * ഇങ്ങനെ അടയാളപ്പെടുത്തിയവ ശരിക്കുള്ള പ്രയോഗങ്ങളല്ല. എങ്കിലും സാദൃശ്യത്തിനുവേണ്ടി കാണിച്ചുവെന്നേ ഉള്ളൂ. കൎമ്മണി അംഗക്രിയകളുണ്ടാക്കാനുള്ള പ്രക്രിയ താഴെ കാണിക്കാം.

1. വൎത്തമാനകാലത്തിൽ ധാതുവിനോടു് നേരിട്ടു് य എന്ന കൎമ്മണിചിഹ്നം ചേൎത്തു് मान എന്നു് ചേൎക്കുന്നു. दृश्यमान, लिख्यमान ।
2. ഭാവികാലത്തിൽ स्य എന്നോ इष्य എന്നോ ചേൎത്തശേഷം मान എന്നു് ചേൎക്കുന്നു. द्रक्ष्यमाण लिखिष्यमान ।
2. ഭൂതകാലത്തിൽ त എന്നോ इत എന്നോ ചേൎക്കുന്നു. पीत, भक्षित
4. ലോട്ടു്, ലിങ്ങു് എന്നീ പ്രകാരാൎത്ഥം കാണിക്കുന്ന പൂൎണ്ണക്രിയകളുടെ അംഗക്രിയകളുണ്ടാക്കാൻ ധാതുവിനോടുകൂടി य, तव्य, अनीय എന്നീ പ്രത്യയങ്ങളിൽ ഏതെങ്കിലും ചേൎക്കുക. ഇവ ചേൎക്കുമ്പോൾ ഗുണവൃദ്ധികൾ വരുന്നതാണു്.
5. ഭാവേ പ്രയോഗത്തിലെ അംഗക്രിയകളാണു് ക്രിയാനാമങ്ങൾ. അവയ്ക്കു് ക്രിയയുടെ അൎത്ഥം മാത്രമേ ഉള്ളല്ലോ. അവയുടെ പ്രത്യയങ്ങൾ മുൻചൊന്ന अ, अन, ति എന്നിവ തന്നെ.

ഇവയിൽ ഭാവേ പ്രയോഗത്തിലെ അംഗക്രിയയൊഴികെ മറ്റെല്ലാ അംഗക്രിയകളും നാമവിശേഷണങ്ങളാണു്. കൎമ്മണി അംഗക്രിയകളെല്ലാം അകാരാന്തങ്ങളുമാണു്. അതിനാൽ ലിംഗപ്രത്യയം ചേൎക്കുമ്പോൾ ശത്രന്തംപോലെ രൂപവ്യത്യാസം അധികമൊന്നും വരുന്നതല്ല

| | | | | | |
|---|---|---|---|---|---|
| दृश्यमानः | | दृश्यमाना | | दृश्यमानम् | |
| दृष्टः | | दृष्टा | | दृष्टम् | |
| दृश्यः | बालः | दृश्या | कन्या | दृश्यम् | वनं |
| द्रष्टव्यः | | द्रष्टव्या | | द्रष्टव्यम् | |
| दर्शनीयः | | दर्शनीया | | दर्शनीयम् | |

അങ്ങനെ കർമ്മണി അംഗക്രിയകൾ ഇത്രയുമാണു്:—

| | | വർത്തമാനം | ഭാവി | ഭൂതം | പ്രകാര |
|---|---|---|---|---|---|
| पठ् | — | पठ्यमान | पठिष्यमाण | पठित | पाठ्य, पठनीय, पठितव्य |
| दा | — | दीयमान | दास्यमान | दत्त | देय, दानीय, दातव्य |
| स्मृ | | स्मर्यमाण | स्मरिष्यमाण | स्मृत | स्मर्य, स्मरणीय, स्मर्तव्य |
| कृ | — | क्रियमाण | करिष्यमाण | कृत | कार्य, करणीय, कर्तव्य |

I പ്രയോഗം മാററുക:

१) वयं गजान् ईक्षामहे। २) माता पुत्रं आश्लिष्यत्। ३) जनाः युष्मान् श्लाघिष्यन्ते। ४) वानराः वृक्षेषु लंबन्ते। ५) सुहृदः मां रक्षेयुः। ६) वयम् ससुखं अस्मिन् नगरे अवर्तामहि। ७) बालाः सर्पं दृष्ट्वा उच्चैः आक्रन्दन्। ८) कुतः यूयम् विलंबिताः समागताः इति गुरुभिः शिष्याः अपृच्छ्यन्त। ९) अस्माभिः अजीयत। १०) तैः जलमपीयत। ११) अस्माभिः धनिकाः धनं याचिताः। १२) मया पाठशालायाः आगच्छन्ती कन्यका दृष्टा। १३) पवनेन तरवः कम्पिताः। १४) तापसीभिः तपोवने विद्यमाना लताः सिक्ताः। १५) जनाः कवीन् श्लाघितवन्तः।

II പൂർവ്വകാലിക ക്രിയാരൂപങ്ങളുണ്ടാക്കി വാക്യത്തിലുപയോഗിക്കുക:—

(वि + लप्, विलप्य, भर्तुः मरणानन्तरं विलप्य माद्री कुन्त्याः मनसि अनुकम्पामुत्पादयामास)

१) सम् + अर्च् २) अभि + नन्द् ३) आ + क्रन्द् ४) अनु + शास्
५) अव + लंब् ६) वि + द्रुह ७) सं + रक्ष् ८) अनु + भू।

III വാക്യങ്ങൾ കർമ്മണി പ്രയോഗങ്ങളും ഭാവേ പ്രയോഗങ്ങളുമാക്കി മാററി തർജ്ജമ ചെയ്യുക:—

പണ്ടു് ഉജ്ജയിനിയിൽ മഹേന്ദ്രവർമ്മാ എന്ന പേരിൽ ഒരു ചക്രവർത്തിയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ പുത്രനായ മഹാസേനൻ ഒരു ഭാര്യയും ഖഡ്ഗവും ലഭിക്കുവാൻ വളരെക്കാലം തപസ്സു് ചെയ്തു. ഒടുവിൽ ദേവി പ്രത്യക്ഷപ്പെട്ടു് ഒരു വരം കൊടുത്തു. വത്സാ! വിശേഷപ്പെട്ട ഈ വാൾ നീ വാങ്ങുക. ഇതു് കയ്യിലുള്ള നിന്നെ ശത്രുക്കളാരും ജയിക്കില്ല. അംഗാരകനെന്ന അസുരൻെറ മകളും ത്രൈലോക്യസുന്ദരിയുമായ അംഗാരവതി അചിരേണ നിൻെറ ഭാര്യയായി ഭവിക്കും. നീ ഏററവും ചണ്ഡങ്ങളായ കർമ്മങ്ങൾ ചെയ്യുന്നു. അതിനാൽ നിനക്കു് ചണ്ഡമഹാസേനനെന്ന പേരും ലഭിക്കും.

# ദിവസം പതിമൂന്നു്.

## सन्नन्ताः

ഒരു ക്രിയ ചെയ്യാനാഗ്രഹിക്കുന്നു എന്നൎത്ഥം കാണിക്കാൻ മിക്ക ഭാഷകളിലും ഒററപ്പദം കാണുകയില്ല. സംസ്കൃതത്തിൽ അതിനൊററപ്പദമുണ്ടു്. ആഗ്രഹിക്കുക എന്നൎത്ഥം സൂചിപ്പിക്കുവാൻ ധാതുവിനെ തുടൎന്നു് स എന്നൊരു പ്രത്യയം ചേൎക്കുന്നു. ഇതു് ചേൎക്കുമ്പോൾ ലിട്ടിലെന്നപോലെ ധാതുവിനു് അഭ്യാസകാൎയ്യങ്ങളെല്ലാം വരും. അഭ്യാസത്തിൽ ഹ്രസ്വമായ अकारമുണ്ടെങ്കിൽ അതു് इकारമാകും. ചില ധാതുക്കളോടു് स ചേൎക്കുമ്പോൾ മററു പല പ്രത്യയങ്ങളിലുമെന്നപോലെ മുമ്പു് इकारം വന്നു് इषഎന്നാവും.

पठ् + स + ति, पठ् पठ् + इष + ति, प पठ् + इष + ति, पिपठ् + इष + ति, पिपठिषति = पठितुं इच्छति ।

ज्ञा + स + ति, ज्ञाज्ञा + स + ति जाज्ञा + स + ति അഭ്യാസത്തിനു് ഹ്രസ്വം വന്നു് जज्ञासति, जिज्ञासति। पिपासति, बुभुक्षति മുതലായവയുടെ പ്രക്രിയകളുമിതുപോലെത്തന്നെ.

स പ്രത്യയത്തിന്നുശേഷം आ എന്ന പ്രത്യയം ചേൎത്താൽ അതിൻെറ നാമം കിട്ടും. അതു് സ്ത്രീലിംഗമാകും. पिपठिषा, जिज्ञासा, बुभुक्षा ।

स എന്ന പ്രത്യയം सु എന്നാക്കിയാൽ നാമവിശേഷണമാകും. पिपठिषु, जिज्ञासु, बुबुक्षु, पिपासु ।

सन् എന്നാണിതിൻെറ പ്രത്യയം. सन् അന്തത്തിലുള്ളതുകൊണ്ടിത്തരം രൂപങ്ങൾ സന്നന്തങ്ങളായി. सन् എന്നതിൽ न् എന്ന അംശം ലോപിച്ചു് स എന്നേ ചേൎക്കാനുണ്ടാവൂ.

## പ്രയോജകം.

"കുട്ടി കളിക്കുന്നു" എന്നതിൽ കുട്ടിയുടെ കളിയിൽ മററാരുടേയും പ്രേരണയില്ല. "അമ്മ കുട്ടിയെ കളിപ്പിക്കുന്നു" എന്നതിലാ കുട്ടേ അഴുക്കു് പോകുന്നതും ക്ഷീണം മാറുന്നതും കുട്ടിക്കുതന്നെയാണെ

ങ്കിലും കളിയിൽ അമ്മയുടെ പ്രേരണയുള്ളതായിക്കാണാം. ഈ അത്ഥവിശേഷമാണ് പ്രയോജകരൂപങ്ങളിൽനിന്നു് കിട്ടുന്നതു്.

| കേവലം. | പ്രയോജകം. |
|---|---|
| शिष्यः पाठं पठति । | आचार्यः शिष्यं पाठं पाठयति । |
| माता तुष्यति । | पुत्रः मातरं तोषयति । |

കേവലധാതുക്കളെ പ്രയോജകങ്ങളാക്കി മാററാൻ चोरयति ഗണത്തിലെ ഗണചിഹ്നമായ अय എന്നു് ചേത്താൽ മതി. ഈ अय എന്നു് ചേക്കമ്പോരം ധാതുവിനു് താഴെ പറയുന്ന മാററങ്ങരം വരുന്നതാണു്. ഈ മാററങ്ങരം കേവലാത്ഥം കാണിക്കുന്ന चोरयति ഗണത്തിലെ ധാതുക്കരംക്കും ബാധകമാണു്.

1. ധാതുവിൻെറ അന്ത്യസ്വരത്തിന്നു് വൃദ്ധി വരും.
2. മിക്ക ധാതുക്കളുടേയും ഉപാന്ത്യമായ അകാരം ദീഘിക്കും.
3. ഉപാന്ത്യമായ മററു സ്വരങ്ങരംക്കു് ഗുണം വരും.
4. आ എന്നവസാനിക്കുന്ന ചില ധാതുക്കരംക്കു് അന്ത്യത്തിൽ प् എന്നോ य् എന്നോ ആഗമമായി വരും.
5. ചിലതിൻെറ आकारം ഹ്രസ്വമാകും.

| | കേവലം. | പ്രയോജകം. | | കേവലം. | പ്രയോജകം. |
|---|---|---|---|---|---|
| 1) | नी — नयति | नाययति | 3) | छिद् — छिनत्ति | छेदयति |
| | भू — भवति | भावयति | | पुष् — पुष्णाति | पोषयति |
| | कृ — करोति | कारयति | | सृज् — सृजति | सर्जयति |
| 2) | पठ् — पठति | पाठयति | 4) | मा — माति | मापयति |
| | नद् — नदति | नादयति | | या — याति | यापयति |
| | नम — नमति | नमयति | 5) | स्ना — स्नाति | स्नपयति |
| | | | | ग्लै — ग्लायति | ग्लपयति |
| | | | | पा (पिब्) पिबति | पाययति |

चोरयति ഗണത്തിലെ ധാതുക്കളോടു് अय പ്രത്യയം ചേത്താൽ കേവലാത്ഥവും പ്രയോജകാത്ഥവും കിട്ടും. മററു് ഗണങ്ങളിലെ ധാതുക്കളോടു് അതേ പ്രത്യയം ചേത്താൽ പ്രയോജകാത്ഥം മാത്രമേ കിട്ടു എന്ന വ്യത്യാസം ഇവിടെ ശ്രദ്ധേയമാണു്.

കേ:— माता कथां कथयति । പ്ര:- पुत्रः मात्रा कथां कथयति ।

ഇവിടെ രണ്ടു് ക്രിയാരൂപങ്ങരംക്കും വ്യത്യാസമില്ലല്ലോ.

अय എന്ന പ്രത്യയം പ്രയോജകാൎത്ഥം കാണിക്കാനാണു് ചേൎക്കുക. പക്ഷേ चोरयति ഗണത്തിലെ ധാതുക്കളോടു് കേവലാൎത്ഥത്തിലും അതേപ്രത്യയം ചേൎക്കുമെന്നു് ധരിച്ചാൽ മതി. ആൎദ്ധധാതുക്കളിൽ അയഎന്നതിന്റെ അന്ത്യം ലോപിച്ചു് अय् എന്നേ ഉണ്ടാവൂ. कथ्+अय्+इष्य+ति=कथयिष्यति ।

ഈ പ്രയോഗത്തിൽ മറെറാരു സംഗതികൂടി ശ്രദ്ധിക്കേണ്ടതുണ്ടു്. കേവലവാക്യത്തിലെ കൎത്താവു് പ്രയോജക വാക്യത്തിൽ ദ്വിതീയയോ തൃതീയയോ വിഭക്തിയിൽ വരും.

പ്രയോജകങ്ങളുടെ ലിട്ടിലെ രൂപങ്ങൾക്കു് ചില വിശേഷങ്ങളുണ്ടു്. ഒന്നിലധികം സ്വരങ്ങളുള്ള ധാതുക്കൾക്കു് പൊതുവിൽ അഭ്യാസകാൎയ്യങ്ങൾ വരുന്നതല്ല. अय പ്രത്യയം ചേൎന്നുകഴിഞ്ഞാൽ ധാതു ഒന്നിലധികം സ്വരമുള്ളതാകുമല്ലോ. ഇങ്ങനെയുള്ള സന്ദൎഭങ്ങളിൽ ലിട്ടിലെ രൂപമുണ്ടാക്കാൻ आम् എന്നൊരിടനില ചേൎത്തശേഷം अस्, कृ, भू എന്നീ ധാതുക്കളിലേതെങ്കിലുമൊന്നിന്റെ ലിട്ടിലെ രൂപമനുപ്രയോഗിക്കുകയാണു് പതിവു്.

हृ + अय् + आम् + आस = हारयामास, हारयांचकार, हारयांबभूव ।

| | | |
|---|---|---|
| पाठयामास | पाठयामासतुः | पाठयामासुः । |
| लेखयांचक्रे | लेखयां चक्राते | लेखयां चक्रिरे । |

चोरयतिगणത്തിൽ കേവലാൎത്ഥത്തിലുള്ള ലിട്ടിലെ രൂപവും ഇതുപോലെത്തന്നെയാണു്.

## സപ്തമിയുടെ പ്രയോഗവിശേഷം.

സപ്തമീവിഭക്തിക്കു് ഒരു സവിശേഷപ്രയോഗമുണ്ടു്. ' വിഭക്ത്യൎത്ഥത്തിന്നുപുറമെ അംഗിക്രിയയുടെ സമകാലികത്വം കാണിക്കാൻകൂടി അതുപയോഗിക്കുന്നു. അപ്പോൾ അംഗവാക്യത്തിലെ കൎത്താവും ക്രിയയും സപ്തമിയായി മാറും.

ശിഷ്യൻ പഠിക്കുമ്പോൾ ആചാൎയ്യൻ സന്തോഷിക്കുന്നു എന്ന വാക്യത്തിൽ ശിഷ്യൻ പഠിക്കുമ്പോൾ എന്നതു് അംഗവാക്യമാണു്. ആചാൎയ്യൻ സന്തോഷിക്കുന്നു എന്നതു് അംഗിവാക്യവും. ഇതിൽ അംഗവാക്യത്തിലെ ക്രിയയേയും കൎത്താവിനേയും സപ്തമീവിഭക്തിയിലേക്കു് കൊണ്ടുവരണം. ക്രിയയ്ക്കു് സ്വതവേ വിഭക്തികളില്ലല്ലോ.

വിഭക്തി ചേക്കേണ്ടിവന്നാൽ അതിനെ ഒന്നുകിൽ നാമമാക്കണം, അല്ലെങ്കിൽ വിശേഷണമാക്കണം. ഇവിടെ വിശേഷണരൂപമാണു് വേണ്ടതു്. ക്രിയയെ വിശേഷണമാക്കി മാററണമെങ്കിൽ വത്തമാനകാലത്തിൽ अत्, मान എന്നും ഭൂതകാലത്തിൽ त, तवत् എന്നും പ്രകാരാത്ഥത്തിൽ य, तव्य, अनीय എന്നും പ്രത്യയങ്ങറം ചേക്കണമെന്നു അംഗക്രിയകളെപ്പററി പറഞ്ഞ സന്ദഭ്ത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. പ്രസ്തുത പ്രത്യയങ്ങറം ചേത്തശേഷം വിശേഷ്യത്തിൻെറ ലിംഗവചനമനുസരിച്ചു് സപ്തമീ പ്രത്യയങ്ങറം ചേക്കുക. മേൽ കാണിച്ച വാക്യത്തിലെ അംഗക്രിയയായ പഠിക്കുമ്പോറം എന്നതു് വത്തമാനകാലത്തിലാക്കി മാററുമ്പോറം पठ् + अत् = पठत् എന്നാവും. അതിനോടു് സപ്തമ്യേകവചന പ്രത്യയം ചേത്തു് पठत्+इ = पठति എന്ന രൂപമുണ്ടാകുന്നു. അപ്പോറം ശിഷ്യശബ്ദവും സപ്തമിയാകണമല്ലോ. അങ്ങനെ ആ വാക്യം സംസ്കൃതത്തിലാവുമ്പോറം,

शिष्ये पठति आचार्यः तुष्यति ।

എന്നായി മാറും. ഈ ആശയംതന്നെ यदा तदा എന്ന അവ്യയങ്ങളുപയോഗിച്ചും വ്യക്തമാക്കാം.

यदा शिष्यः पठति तदा आचार्यः तुष्यति ।

ഇവിടെ രണ്ടുതരം പ്രയോഗങ്ങളിലും पठति എന്ന രൂപമുണ്ടു്. അവയിൽ ആദ്യത്തേതു് സപ്തമ്യന്തമായ വിശേഷണവും അവസാനത്തേതു് പൂണ്ണക്രിയയുമാണെന്നോക്കണം. ഒന്നു് पठ्+अत्+इ എന്നാണു്. മററതു് पठ्+अ+ति എന്നും. കൂടിച്ചേരുമ്പോറം രൂപമൊന്നുതന്നെ. സപ്തമിയുടെ ഈ പ്രയോഗവിശേഷത്തിന്നു് സതിസപ്തമി എന്നും വിഷയസപ്തമി എന്നും പറയും. सति എന്നതു് सन् सन्तौ सन्तः എന്ന अस् ധാതുവിൻെറ അംഗക്രിയയുടെ സപ്തമി ഏകവചനരൂപമാണു്. സപ്തമിക്കു് ഈ അത്ഥമാണിവിടെ എന്നു് സൂചിപ്പിക്കാൻ വേണ്ടി सति എന്ന പദം സാധാരണയായി ചേത്തു് പറയാറുണ്ടു്.

शिष्ये पठति सति आचार्यः अतुष्यत् ।

താഴെ കൊടുത്ത വാക്യങ്ങളിൽനിന്നു് വിഷയസപ്തമീപ്രയോഗമുറപ്പിക്കുക.

| | |
|---|---|
| १) मयि गच्छति माता मां पश्यति । | यदा अहं गच्छामि तदा मता मां पश्यति । |
| २) वृक्षेषु पतितेषु बालाः अधावन् । | यदा वृक्षाः अपतन् तदा बालाः अधावन् । |
| ३) सीतायां गच्छन्त्यां पौराः व्यलपन् । | यदा सीता अगच्छत् तदा पौराः व्यलपन् । |

४) रामलक्ष्मणयोः वनं गतवतोः दशरथः अम्रियत । — यदा रामलक्ष्मणौ वनं अगच्छतां तदा दशरथः अम्रियत ।

५) पुत्रे वर्धमाने पिता अतुष्यत् । — यदा पुत्रः अवर्धत तदा पिता अतुष्यत् ।

അംഗിക്രിയയ്ക്കു് പ്രാധാന്യമുള്ളതിനാൽ അംഗവാക്യത്തിലെ ക്രിയയുടെ കാലത്തെ അത്ര ഗണിക്കാറില്ല. അംഗിക്രിയ ഭൂതമാണെങ്കിൽ അതിനു് സമകാലികമായി നടക്കുന്ന അംഗക്രിയ വർത്തമാനത്തിൽ പ്രയോഗിച്ചാലും ഭൂതകാലംതന്നെയായിരിക്കുമല്ലോ. അഞ്ചാം വാക്യത്തിലെ वर्धमान എന്ന വർത്തമാനകാലാംഗക്രിയ यदा तदा പ്രയോഗത്തിൽ अवर्धत എന്നു് ഭൂതകാലമാക്കിയിരിക്കുന്നു.

## അഭൂതതദ്ഭാവഃ

മുമ്പു് ഒരുവിധത്തിലല്ലായിരുന്നതു് ആ വിധത്തിലായിത്തീരുക എന്നാണു് അഭൂതതദ്ഭാവം എന്ന പദത്തിനർത്ഥം. അഭൂതം = ഭവിക്കാത്തതു്. തദ്ഭാവം = അതായിത്തീരുക. ഈ അർത്ഥത്തിൽ സംസ്കൃതത്തിലൊരു പ്രക്രിയയുണ്ടു്. സാമാന്യമായി നാമങ്ങളിൽനിന്നും വിശേഷണങ്ങളിൽനിന്നുമാണു് ഇത്തരം രൂപങ്ങൾ നിഷ്പാദിപ്പിക്കുക പതിവു്. പദങ്ങളുടെ അന്ത്യമായ അകാരവും തുടർന്നുള്ള വർണ്ണവും കളഞ്ഞു് ആ സ്ഥാനത്തു് ई എന്നൊരു പ്രത്യയം ചേർത്തു് कृ, भू എന്നീ ധാതുരൂപങ്ങളനുപ്രയോഗിക്കുകയാണു് ഈ പ്രക്രിയയുടെ സ്വഭാവം.

शरण എന്ന പദം. അതിൻെറ അന്ത്യമായ അകാരം കളഞ്ഞു് ई എന്നു് ചേർക്കുന്നു. शरणी എന്നായി. അതിനുശേഷം करोति, भवति എന്നിവയിലേതെങ്കിലുമൊരുപദമനുപ്രയോഗിക്കുന്നു. അങ്ങനെ शरणीकरोति, शरणीभवति എന്നുണ്ടാവുന്നു. മുമ്പു് ശരണമാക്കാത്തതിനെ (അവനെ, അവളെ) ശരണമാക്കിത്തീർക്കുന്നു = शरणीकरोति। മുമ്പു് ശരണമാവാത്തതു് ശരണമായിത്തീരുന്നു = शरणीभवति । ആദ്യത്തേതു് സകർമ്മകം; മററതു് അകർമ്മകം. शरणीचकार, शरणीकरणम् മുതലായ രൂപങ്ങൾ പതിവുപോലെ കണ്ടുകൊൾക. स + आत्मन् + कृ + अनं सात्मीकरणम्। ഇതിൽ आत्मन् എന്നതിലെ अन् എന്നതു് മുഴുവനും ലോപിച്ചിരിക്കുന്നു.

## क्विबन्ताः

ധാതുവിനെ അതേ രൂപത്തിൽതന്നെ നാമമായുപയോഗിക്കാൻ क्विप् എന്നൊരു പ്രത്യയം വിധിക്കുന്നുണ്ടു്. പക്ഷേ ആ പ്രത്യ

യത്തിൻെറ ഒരവശിഷ്ടവും ധാതുവിൽ കാണുകയില്ല. സന്താനഗോപാലത്തിലെ പ്രസവംപോലെ ആ പ്രത്യയം കാണാൻതന്നെ ഉണ്ടാവുകയില്ല. കുട്ടിയില്ലെങ്കിലും പ്രസവിച്ചുകഴിഞ്ഞാൽ സ്ത്രീയുടെ കന്യകാത്വം നഷ്ടപ്പെടുംപോലെ क्विप् വിധിച്ചുകഴിഞ്ഞാൽ ധാതുവിൻെറ ധാതുത്വം നഷ്ടപ്പെടുന്നു. नयविद् എന്നതിൽ नय എന്ന നാമവും विद् എന്ന ധാതുവുമാണല്ലോ ഉള്ളത്. ആ ധാതുവിന്നു് വെറും ധാത്വർത്ഥമായ അറിയുക എന്ന അർത്ഥമല്ല ഉള്ളൂ; അറിയുന്നവൻ എന്ന വ്യക്തിബോധം കൂടി അതുണ്ടാക്കുന്നു. അതായത്ു് नयवेत्तृ, नयवेदिन् എന്ന പദങ്ങളെപ്പോലെത്തന്നെ ആ പ്രവൃത്തി ചെയ്യുന്ന വ്യക്തിയെ കൂടി ബോധിപ്പിക്കുന്നു. नयवेत्तृ, नयवेदिन्, नयविद् = നയമറിയുന്ന വ്യക്തി. ഈ പ്രത്യയം ചേൎക്കുമ്പോൾ ഗുണവൃദ്ധികൾ വരുന്നതല്ല. ഹ്രസ്വമായ സ്വരത്തിലവസാനിക്കുന്ന ധാതുക്കൾക്കു് താങ്ങായി त् എന്നൊരാഗമം വന്നുകാണും.

मर्मच्छिद्, सूक्ष्मदृक्, स्वयंभू, विश्वजित्, कर्मकृत्।

---

അഭ്യാസം:—

1. താഴെ കാണുന്ന പദങ്ങളുടെ ഘടകങ്ങൾ വേർതിരിക്കുക.

१) पिपठिषति, २) दिदृक्षु. ३) चिकीर्षा, ४) जिगमिषति, ५) विवक्षा, ६) आज्ञापयति, ७) प्रावेशयम्, ८) अवर्षयत्।

2. താഴെ എഴുതുന്ന വാക്യങ്ങളിലെ ക്രിയകളെ സന്നന്തങ്ങളാക്കി മാററുക.

बालाः गन्तुमिच्छन्ति। अहं जलं पातुमिच्छामि। त्वं किं वक्तुमिच्छसि ते हसितुं न इच्छन्ति। पितरौ भक्षितुं इच्छतः। वयं प्रस्थातुमिच्छामः।

3. കേവലക്രിയകളെ പ്രയോജകങ്ങളാക്കി മാററുക.

ഉദാ:— धेनवः काननेषु चरन्ति। गोपाः धेनूः काननेषु चारयन्ति। पुत्रः छत्रं धरति। बालः शय्यायां शेते (കിടക്കുന്നു)। शिष्याः आचार्यं नमति। वृक्षाः पतन्ति। वयं खादामः। जनाः कर्म कुर्वन्ति।

4. സംസ്കൃതരൂപങ്ങളെഴുതുക.

1) സഹോദരനായിത്തീൎന്നു. 2) സമൎത്ഥനാക്കിത്തീൎക്കുന്നു.

3) ബാഷ്പമാക്കിത്തീക്കൽ. 4) ചിത്രമാക്കിത്തീക്കുന്നു.
5) വിശദമാക്കിത്തീൎത്തു. 6) ശുചിയായിത്തീരുന്നു.

തൎജ്ജമ ചെയ്യുക.

കുട്ടികരം കളിക്കാനാഗ്രഹിക്കുമ്പോരം മഴ പെയ്യാൻ തുടങ്ങി. അദ്ധ്യാപകൻ പഠിപ്പിക്കുമ്പോരം വിദ്യാൎത്ഥികരം നിശ്ശബ്ദരായിരുന്നു. സീത കാട്ടിലേക്കു് പുറപ്പെടാനാഗ്രഹിച്ചപ്പോരം അമ്മമാർ കരഞ്ഞു. ആചാര്യൻ ശിഷ്യനെ എഴുതിക്കുമ്പോരം ശിഷ്യൻ എഴുനേൽക്കാനാഗ്രഹിച്ചു. കൂടുതൽ ഭക്ഷിക്കാനാഗ്രഹിക്കുന്നതുകൊണ്ടു് ആളുകരം അവനവനെത്തന്നെ നശിപ്പിക്കുന്നു. സന്ധ്യയ്ക്കു് പെൺകുട്ടി വിളക്കു് കൊളുത്തുമ്പോരം ഇരുട്ടു് ഇല്ലാതാകുന്നു. മൂഢന്മാർ എപ്പോഴും ദുഃഖിക്കുന്നതുകൊണ്ടു് ജീവിതം അന്ധകാരമാക്കിത്തീക്കുന്നു. ഉത്തരരാമചരിതം, വായിക്കുന്ന ജനങ്ങളുടെ കണ്ണുകളെ കടലാക്കിത്തീക്കുന്നു. ചളിയാക്കിത്തീക്കപ്പെട്ട വയലുകളിൽ കൃഷകർ കൃഷി ചെയ്യുന്നു.

# അനുബന്ധം.

## പാരിഭാഷിക പദങ്ങൾ.

अजन्ताः, हलन्ताः ।

അച് അന്തത്തിലുള്ള പദം അജന്തം; ഹല് അന്തത്തിലുള്ള പദം ഹലന്തം. അച് = സ്വരം; ഹല് = വ്യഞ്ജനം. അച്, ഹല് എന്നിങ്ങനെ സ്വരവ്യഞ്ജനങ്ങൾക്ക് പര്യായപദങ്ങൾ വരാനുള്ള കാരണം വിശദമാക്കാം. പാണിനി അക്ഷരമാല രൂപവത്കരിച്ചിട്ടുള്ളത് താഴെ കാണുന്ന ക്രമത്തിലാണ്. അദ്ദേഹത്തിൻെറ പതിനാല് സൂത്രങ്ങൾതന്നെ ഇവിടെ പ്രദർശിപ്പിക്കാം.

अ इ उ ण् । ऋ ऌ क् । ए ओ ङ् । ऐ औ च् । ह य व र ट् । ल ण् । ञ म ङ ण न म् । झ भ ञ् । घ ढ ध ष् । ज ब ग ड द श् । ख फ छ ठ थ च ट त व् । क प य् । श ष स र् । ह ल् ।

പാണിനിപ്രണീതമായ അഷ്ടാധ്യായിയിലെ പ്രത്യാഹാരസൌകര്യം പുരസ്സരിച്ചാണ് ഇങ്ങനെ അക്ഷരമാല അദ്ദേഹം ചേർത്തിണക്കിയിരിക്കുന്നത്. പ്രത്യാഹാരമെന്നതും സംക്ഷേപണസൌകര്യം പ്രമാണിച്ച് ആ ദീർഘദർശി കണ്ടുപിടിച്ച ഒരുപായമാണ്. ഓരോ സൂത്രത്തിലേയും അവസാനത്തെ ण्, क् മുതലായ വർണ്ണങ്ങൾ കണക്കിൽ കൂട്ടുകയില്ല. അവ മുന്നിലുള്ള വർണ്ണങ്ങളെ ഉള്ളടക്കംചെയ്യാനുപകരിക്കുന്നു. അതിൻെറ സമ്പ്രദായമിതാണ്:-

ആദ്യത്തെ സൂത്രത്തിൻെറ ആദിമവർണ്ണമായ अ എന്നും നാലാം സൂത്രത്തിൻെറ അന്ത്യവർണ്ണമായ च् എന്നും ചേർത്തുപറഞ്ഞാൽ अच् എന്നാവുമല്ലോ. അപ്പോൾ अच् എന്നതിൽ അതിനുള്ളിലുള്ള വർണ്ണങ്ങളെല്ലാമടങ്ങുന്നു. സൂത്രാന്തങ്ങളിലുള്ള വർണ്ണങ്ങളെ പരിഗണിക്കുകയുമില്ല. അങ്ങനെ अच् എന്ന് പറഞ്ഞാൽ अ इ उ ऋ ऌ ए ओ ऐ औ എന്നിവയാണെന്നു വന്നുചേരുന്നു. അവ സ്വരങ്ങളാണല്ലോ. അതുകൊണ്ട് അച് സ്വരങ്ങളുടെ പര്യായമായിത്തീൎന്നു. अच् + अन्त എന്നത് अजन्त എന്നാവുന്നത് സന്ധികാര്യമാണ്. അതുപോലെ അഞ്ചാം സൂത്രത്തിൻെറ ആദ്യം കാണുന്ന ह എന്ന വർണ്ണവും അന്ത്യസൂത്രത്തിലെ അന്ത്യവർണ്ണമായ ल् എന്നതും ചേർത്താൽ हल् എന്ന് കിട്ടും. സൂത്രങ്ങ

ളിലെ അന്ത്യവർണ്ണങ്ങളെല്ലാം നീക്കിയാൽ അവശേഷിക്കുന്ന വർണ്ണങ്ങൾ വ്യഞ്ജനങ്ങളാണെന്നുകാണാം. അങ്ങനെ ഹൽ വ്യഞ്ജനങ്ങളുടെ പര്യായമായി. ഹലന്തം എന്നതിനു് വ്യഞ്ജനാന്തമെന്നർത്ഥം അങ്ങനെ വന്നതാണു്.

പാണിനിയുടെ അക്ഷരമാലാക്രമം ഇങ്ങനെയാണു്; സ്വരങ്ങൾ, മദ്ധ്യമങ്ങൾ (അന്തസ്ഥങ്ങൾ), അനുനാസികങ്ങൾ, ഘോഷങ്ങൾ, മൃദുക്കൾ, അതിഖരങ്ങൾ, ഖരങ്ങൾ. ഹകാരത്തിന്നു് എവിടെയും ഒരസാധാരണത്വമുണ്ട്. അതാണതിനു് രണ്ടിടത്തു് സ്ഥാനം കല്പിക്കേണ്ടിവന്നതു്.

बाल, कवि, सूनु, पितृ മുതലായ സ്വരത്തിലവസാനിക്കുന്നവ അജന്തങ്ങൾ. दिश्, राजन्, करिन्, वाच् മുതലായി വ്യഞ്ജനത്തിലവസാനിക്കുന്നവ സുബന്തങ്ങളും

## इत् (ഇത്തു്)

പ്രയോഗദശയിൽ പരിഗണിക്കാത്തവയാണു് ഇത്തുക്കൾ. इत् എന്നതിൻെറ അർത്ഥം പോകുന്ന എന്നാണു്. പ്രയോഗദശയിൽ കത്തിൻെറ കവർപോലെ വലിച്ചെറിയുന്ന അംശങ്ങളാണു് ഇത്തുക്കളെന്നർത്ഥം. अच् എന്നു് പറഞ്ഞാൽ अ മുതൽ च् വരെയുള്ളതിനിടയ്ക്കുള്ള ण्, क्, ङ् എന്നിവയേയും च् എന്നതിനേയും കണക്കാക്കുന്നില്ല.

## तिङन्ताः सुबन्ताः,

तिङ् അന്തത്തിലുള്ളതു് തിങന്തം. सुप् അന്തത്തിലുള്ളതു് സുബന്തം. तिङ् എന്നതു് പൂർണ്ണക്രിയാപ്രത്യയങ്ങളുടേയും सुप् എന്നതു് വിഭക്തിപ്രത്യയങ്ങളുടെയും പ്രത്യാഹാരമാണു്. പാണിനി വിഭക്തിപ്രത്യയങ്ങളേയും പൂർണ്ണക്രിയാപ്രത്യയങ്ങളേയും വിധിക്കുന്നതിങ്ങനെയാണു്.

**വിഭക്തിപ്രത്യയങ്ങൾ.**

| | | |
|---|---|---|
| सु | औ | जस् |
| अम् | औट् | शस् |
| टा | भ्याम् | भिस् |
| ङे | भ्याम् | भ्यस् |
| ङसि | भ्याम् | भ्यस् |
| ङस् | ओस् | आम् |
| ङि | ओस् | सुप् |

**പൂർണ്ണക്രിയാപ്രത്യയങ്ങൾ.**

| | | | |
|---|---|---|---|
| പരസ്മൈപദം | तिप् | तस् | झि |
| | सिप् | थस् | थ |
| | मिप् | वस् | मस् |
| ആത്മനേപദം | त | आताम् | झ |
| | थास् | आथाम् | ध्वम् |
| | इड् | वहि | महिङ् |

ഇവയിൽ വിഭക്തിപ്രത്യയങ്ങളുടെ ആദ്യത്തെ सु എന്നതു് അവസാനത്തെ सुप् എന്നതിലെ प् എന്നതിനൊട്ടു് ചേർത്താൽ सुप् എന്നായല്ലോ. അതുകൊണ്ടു് सुप् എന്നതിൽ അതിനിടയ്ക്കുള്ള എല്ലാ പ്രത്യയങ്ങളും പെടും. ആദ്യം പഠിച്ച വിഭക്തിപ്രത്യയങ്ങളും ഇവയും തമ്മിലൊന്നു താരതമ്യപ്പെടുത്തിനോക്കുക. ആദ്യത്തേതിൽ കാണാനില്ലാത്ത അംശങ്ങളെല്ലാം ഇത്തുകളാണു്. सु എന്നതിൽ उ ഇത്തു്; जस् എന്നതിൽ ज् ഇത്തു്. എന്നിങ്ങനെ കണ്ടുകൊൾക. तिङ् എന്നതും ഇതുപോലെത്തന്നെ പ്രത്യാഹാരമാണു്. പൂർണ്ണക്രിയയാണെങ്കിൽ ഇവയിലേതെങ്കിലുമൊരു പ്രത്യയം ഉണ്ടാവാതിരിക്കില്ല. അതുകൊണ്ടവ തിങന്തങ്ങളാണു്. മുമ്പു് പഠിച്ച പ്രത്യയങ്ങളുമായൊത്തു നോക്കി ഇത്തുകൾ കണ്ടുപിടിക്കുക.

## कृदन्ताः

ധാതുവിൽനിന്നു് വിശേഷണമോ നാമമോ, അവ്യയമോ ഉണ്ടാക്കുന്നപ്രത്യയങ്ങളെ കൃത്തുകളെന്നു് പറയുന്നു. कृत् അന്തത്തിലുള്ളവ കൃദന്തങ്ങൾ. पठत्, पठन्, पठित्वा മുതലായവ.

## क्तान्ताः

क्त എന്ന പ്രത്യയം അന്തത്തിലുള്ള പദങ്ങൾ ക്താന്തങ്ങൾ. അതിൽ क् എന്ന അംശം ഇത്താണു്. അതായതു് പ്രയോഗദശയിൽ അതു് കാണുകയില്ല. ബാക്കി त എന്നുമാത്രമേ ചേർക്കാനുണ്ടാകൂ. कृ + त = कृत ।

താഴെ കാണുന്ന പദങ്ങളുടെ നിഷ്പാദനസമ്പ്രദായം പരിശോധിക്കുക.

| | പ്രത്യയം. | ഇത്തു്. | ശിഷ്ടം | രൂപം | അർത്ഥം |
|---|---|---|---|---|---|
| क्तान्ताः | क्त | क् | त | हृत | ഹരിക്കപ്പെട്ട |
| क्तवत्वन्ताः | क्तवत् | क् | तवत् | हृतवत् | ഹരിച്ച |
| क्त्वान्ताः | क्त्वा | क् | त्वा | हृत्वा | ഹരിച്ചിട്ടു് |
| ल्यबन्ताः | ल्यप् | ल्, प् | य | विहृत्य | വിഹരിച്ചിട്ടു് |
| तुमुन्नन्ताः | तुमुन् | उन् | तुम् | हर्तुम् | ഹരിക്കുവാൻ |
| शत्रन्ताः | शतृ | श्, ऋ | अत् | हरत् | ഹരിക്കുന്ന |
| शानजन्ताः | शानच् | श्, च् | आन | ह्रियमाण | ഹരിക്കപ്പെടുന്ന |
| तृन्नन्ताः | तृन् | न् | तृ | हर्तृ | ഹരിക്കുന്ന |
| क्तिन्नन्ताः | क्तिन् | क्, न् | ति | (सं) हृति | സംഹരിക്കുക |

## പ്രധാനപ്പെട്ട ധാതുക്കൾ.

ഓരോ ഗണത്തിൽനിന്നും പ്രയോഗത്തിലുള്ള ഏതാനും ധാതുക്കൾ താഴെ ചേർക്കുന്നു. പരസ്മൈപദത്തിൽ याति, यातः, यान्ति, ആത്മനേപദത്തിൽ आस्ते, आसाते, आसते എന്നിങ്ങനെ അതാതു് ധാതുക്കളുടെ എല്ലാ ലകാരങ്ങളിലും അതാതു് പ്രത്യയം ചേർത്തു് രൂപങ്ങൾ കണ്ടുകൊൾക. സംസ്കൃതത്തിൽ പൊതുവിലുപയോഗിക്കുന്ന മിക്ക ധാതുക്കളുടേയും പല രൂപങ്ങളും നാമറിയാതെതന്നെ മലയാളത്തിലുപയോഗിച്ചുവരുന്നുണ്ടു്. താഴെ കൊടുക്കുന്ന ധാതുക്കളുടെയെല്ലാം അന്ത്യമായഅകാരം പ്രക്രിയാദശയിൽ ലോപിക്കുന്നതാണു്. ഹിന്ദിയിലെ അകാരാന്തശബ്ദങ്ങൾപോലെ अस എന്നെഴുതിക്കണ്ടാലും ഉച്ചാരണം अस् എന്നേ ഉള്ളു. മാത്രമല്ല, അവയെ വ്യഞ്ജനാന്തമായേ കണക്കാക്കുകയുമുള്ളു. हन+ति=हन्ति । ധാതുക്കളിൽനിന്നുദ്ഭവിക്കുന്ന ചില രൂപങ്ങളും താഴെ ചേർക്കാം.

### यातिगणः

**परस्मैपदिनः**

| | | |
|---|---|---|
| अस्ति | ഉണ്ടാവുന്നു | आस्तिक्यम् |
| हन | കൊല്ലുക | हननम् हति |
| स्तु | സ്തുതിക്കുക | स्तुतिः स्तोत्रम् |
| इ | പോവുക | उदयः अयनं |
| द्विष | കോപിക്കുക | द्वेषः द्विष्ट |
| दुह | കറക്കുക | दोहनं दोग्धा |
| लिह | നക്കുക | लेहः |
| भा | ശോഭിക്കുക | प्रभा प्रभातम् |
| स्ना | കുളിക്കുക | स्नानम्, निष्णात |
| ख्या | പറയുക | व्याख्यानं, ख्याति |
| रुद | കരയുക | रोदनम् |
| जागृ | ഉണരുക | जागरणं, जागृति |
| शास | ശാസിക്കുക | शासनं, शास्तृ |
| वा | വീശുക | वायुः, वातः |
| या | പോവുക | यानम्, यात्रा |

**आत्मनेपदिनः**

| | | |
|---|---|---|
| शी | കിടക്കുക | शयनम्, संशयः |
| चक्ष | പറയുക | |
| आस | ഇരിക്കുക | आसनम्, आसीन |
| सू | പ്രസവിക്കുക | प्रसवः, सूति |
| ब्रू | പറയുക | |
| (अधि) इ | പഠിക്കുക | अध्ययनं, अध्याय |

### जुहोतिगणः

**परस्मैपदिनः**

| | | |
|---|---|---|
| हु | ഹോമിക്കുക | होमः |
| भी | ഭയപ്പെടുക | भयं, भीतिः |
| ह्री | ലജ്ജിക്കുക | ह्रीः |
| हा | ത്യജിക്കുക | हानिः |

**उभयपदिनः**

| | | |
|---|---|---|
| भृ | ഭരിക്കുക | भरः, भारः |
| दा | കൊടുക്കുക | दानम्, दातृ |
| धा | ധരിക്കുക | धरणं, धर्तृ |
| मा (आँ) | കണക്കാക്കുക | मानम्, निर्माणं |

## भवतिगणः

(अ ഗണചിഹ്നം)

### परस्मैपदिनः

| | | |
|---|---|---|
| भवति | ഉണ്ടാവുന്നു | भवनम्, भूति |
| गम (गच्छ) | പോവുക | गमनम्, गतिः |
| दृश (पश्य) | കാണുക | दर्शनम्, आदर्शः |
| नम | നമസ്കരിക്കുക | नमनम्, नतिः |
| पच | പാകംചെയ്യുക | पाकः, पचनम् |
| पठ | പഠിക്കുക | पाठः पठनम् |
| जि | ജയിക്കുക | जयः, जित |
| पत | വീഴുക | पतनम्; पातः |
| बोध | അറിയുക | बोधः, बोधनम् |
| रक्ष | രക്ഷിക്കുക | रक्षणं, रक्षा |
| वद् | പറയുക | वादः, वदनम् |
| वस | വസിക്കുക | वासः, वसतिः |
| अर्च | അർച്ചിക്കുക | अर्चना |
| चर | നടക്കുക, മേയുക | चरणं, आचारः |
| दा (यच्छ) | കൊടുക്കുക | दानम् |
| धाव | ഓടുക | धावनम् |
| हृ | ഹരിക്കുക | हरणम्, संहृति |
| अट | അലഞ്ഞുനടക്കുക | अटनम् |
| क्षि | ക്ഷയിക്കുക | क्षयः |
| नी | നയിക്കുക | नयनं, नीति |
| सृ | പോവുക | सरणम्, सारः |
| क्रन्द् | നിലവിളിക്കുക | क्रन्दनं, आक्रन्दः |
| पा (पिब) | കുടിക്കുക | पानम्, पातृ पीत |
| स्था (तिष्ठ) | നില്ക്കുക | स्थानम्, स्थितिः |
| जीव | ജീവിക്കുക | जीवनं, जीवः |
| मुद | മോദിക്കുക | मोदः, मोदनम् |
| यम (यच्छ) | അടക്കുക | संयमनं, यन्तृ |
| लप | സംസാരിക്കുക | आलपनं |
| (वि) कस | വിടരുക | विकासः, विकसनं |
| कृष | ഉഴുക | कृषिः, कर्षकः |
| क्रुश | വിളിക്കുക | आक्रोशः |

| | | |
|---|---|---|
| गै | പാടുക | गानम्, गीतिः |
| तॄ | കടക്കുക | तरणम् |
| त्यज | ത്യജിക്കുക | त्यागः |
| निन्द् | നിന്ദിക്കുക | निन्दा, निन्दनम् |
| वह | ഒഴുകുക | प्रवाहः· वहनं |
| डी | പറക്കുക | उड्डयनम् |
| लस | ശോഭിക്കുക | विलासः |
| स्मृ | ഓർക്കുക | स्मरणं, स्मृति |
| ज्वल | ജ്വലിക്കുക | ज्वाला· ज्वलनम् |
| शप | ശപിക്കുക | शापः |
| सिच (सिञ्च) | നനക്കുക | सेचनं, सेकः |
| जप | ജപിക്കുക | जपः, उपजापः |
| नन्द् | സന്തോഷിക്കുക | आनन्दः |
| सद् | ക്ഷീണിക്ക; എത്തുക | सादः, आसन्न |
| क्रम (क्राम) | കടക്കുക | विक्रमः, क्रान्तिः |

### आत्मनेपदिनः

| | | |
|---|---|---|
| भाषते | സംസാരിക്കുക | भाषणं, भाषा |
| ईक्ष | കാണുക | ईक्षणं, ईक्षा |
| कम्प | ഇളകുക | कम्पनं, कम्पः |
| यत | യത്നിക്കുക | यत्नः |
| याच | യാചിക്കുക | याञ्चा, याचना |
| लभ | കിട്ടുക | लाभः, लब्धिः |
| वन्द् | വന്ദിക്കുക | वन्दनं |
| श्लाघ | പുകഴ്ത്തുക | श्लाघा |
| वृध | വർദ്ധിക്കുക | वर्धनं, वृद्धिः |
| (आ) रभ | ആരംഭിക്കുക | आरंभः |
| वृत | വർത്തിക്കുക | वर्तनं, वृत्तिः |
| काश | ശോഭിക്കുക | प्रकाशः |
| रम | ക്രീഡിക്കുക | रमणः, रामः |
| शिक्ष | പഠിക്കുക | शिक्षा |
| शोभ | ശോഭിക്കുക | शोभा |
| सह | സഹിക്കുക | सहनं, सोढृ |
| प्लु | ചാടുക | प्लुति, प्लवः |

च्यु തെററിവീഴുക च्युतिः च्यवनः
स्मि വിസ്മയിക്കുക स्मित, स्मेर
रुच ഇഷ്ടപ്പെടുക रुचिः, रोचकः
लंब തൂങ്ങുക लंबनं, आलंबः

उभयपदिनः

ह्वे വിളിക്കുക आह्वयः, आह्वानं
धृ ധരിക്കുക धृतिः, धरणं
श्रि ആശ്രയിക്കുക आश्रयः, आश्रित
राज ശോഭിക്കുക विराजित

---

## तुदतिगणः

(अ ഗണചിഹ്നം)

परस्मैपदिनः

तुदति മുറിക്കുന്നു प्रतोदः
विश കടക്കുക प्रवेशः, प्रवेशक
उञ्छ പെറുക്കിയെടുക്കുക उञ्छवृत्ति
क्षिप എറിയുക क्षेपः, प्रक्षेपणं
मुच (मुञ्च) വിടുക मोचनं, मुक्ति
प्रच्छ (पृच्छ) ചോദിക്കുക प्रश्नः, पृच्छा
स्पृश തൊടുക स्पर्शः, स्पर्शनम्
कृत (कृन्त) മുറിക്കുക कर्तनं, कृत्तिः
दिश കൊടുക്കുക उपदेशः, आदेशः
सृज സൃഷ്ടിക്കുക सृष्टि, सर्जनम्
मज्ज മുങ്ങുക मज्जनं

आत्मनेपदिनः

लज्ज ലജ്ജിക്കുക लज्जा
मृ (म्रिय) മരിക്കുക मृतिः, मरणं

उभयपदिनः

विन्द ലഭിക്കുക विन्दनं
मिल ചേരുക मेलनं, मेला

## दीव्यतिगणः

(य ഗണചിഹ്നം)

परस्मैपदिनः

कुप्यति കോപിക്കുന്നു कोपः
तुष സന്തോഷിക്കുക तोषः, तुष्टि
नश നശിക്കുക नाशः, नष्टं
नृत നൃത്തംവെയ്ക്കുക नृत्तं, नर्तनम्
अस എറിയുക अभ्यासः, निरासः
शम (शाम) ശമിക്കുക शमनं, शमः
स्निह സ്നേഹിക്കുക स्नेहः
श्लिष പുണരുക आश्लेषः
क्षाम ഇല്ലാതാവുക क्षामः
द्रुह ദ്രോഹിക്കുക द्रोहः
तृप തൃപ്തിപ്പെടുക तृप्तिः तर्पणं

आत्मनेपदिनः

युध्यते യുദ്ധംചെയ്യുന്നു युद्धं, योधः
जन (जा) ജനിക്കുക जननं, जातिः
मन വിചാരിക്കുക मननं, मतं
पद പ്രാപിക്കുക पदं, संपद्
प्री സന്തോഷിക്കുക प्रियः, प्रीति

## चोरयतिगणः

(अय् + अ = अय ഗണചിഹ്നം)

उभयपदिनः

कथयति പറയുന്നു कथनम्, कथा
दण्ड ശിക്ഷിക്കുക दण्डः, दण्डनम्
भूष അലങ്കരിക്കുക भूषणम्, भूषा
पीड ഉപദ്രവിക്കുക पीडा, पीडनम्
वर्ण വർണ്ണിക്കുക वर्णनम्
स्पृह ആഗ്രഹിക്കുക स्पृहा
पूज പൂജിക്കുക पूजा, पूजनम्

भक्ष ഭക്ഷിക്കുക भक्षणं
गण കണക്കാക്കുക गणनम्, गणः
ताड അടിക്കുക ताडनम्
सान्त्व സമാധാനിപ്പിക്കുക सन्त्वनम्
मृग അന്വേഷിക്കുക मार्गणम्
लंघ ലംഘിക്കുക लंघनम्
पाल പാലിക്കുക पालनम्
रच രചിക്കുക रचना
चिन्ता ചിന്തിക്കുക चिन्ता
धार കടപ്പെടുത്തുക धारणम्
स्वाद ആസ്വാദിക്കുക स्वादः
पार കടക്കുക पारक

## तनोतिगणः

(उ ഗണചിഹ്നം)

तनोति ചെയ്യുന്നു; വിസ്തരിക്കുന്നു संतानम्, तति
मन (आत्म...) അറിയുക मनः मननम्
कृ (उभ...) ചെയ്യുക कृति, करणम्

## सुनोतिगणः

(नु ഗണചിഹ്നം)

उभयपदिनः

सुनोति കുളിക്കുന്നു सवनम्
चि കൂട്ടുക अवचितिः, चयनं
स्तृ മറയ്ക്കുക आस्तरणम्, प्रस्तरः
वृ സ്വീകരിക്കുക वरः, वरणम्
धु ഇളക്കുക धवनम्
दु ദുഃഖിക്കുക दून
आप പ്രാപിക്കുക प्राप्ति
धृष അന്തസ്സ് നടിക്കുക धृष्ट
अश (आत्म...) വ്യാപിക്കുക अशनं

## क्रीणातिगणः

(ना ഗണചിഹ്നം)

उभयपदिनः

क्रीणाति കൊടുക്കുന്നു, വാങ്ങുന്നു क्रयः, विक्रयः
ग्रह (गृह) ഗ്രഹിക്കുക ग्रहणं, ग्रहः
प्री തൃപ്തിപ്പെടുത്തുക प्रीणनं
वृ വരിക്കുക वरणं

परस्मैपदिनः

ज्ञा (जा) അറിയുക ज्ञानं, आज्ञा
बंध കെട്ടുക बन्धनं, बन्धः
मंथ മഥിക്കുക मथनं, मन्थः
ग्रंथ ഗ്രഥിക്കുക ग्रन्थः ग्रथनं
क्षुभ ക്ഷോഭിക്കുക क्षोभः, क्षुब्ध
क्लिश ക്ലേശിക്കുക क्लेशः
अश ഭക്ഷിക്കുക अशनं, अष्टिः
पुष പോഷിക്കുക पोषणम्, पुष्टिः
मुष കക്കുക मोषणं, मुष्टि

## रुणद्धिगणः

(न ഗണചിഹ്നം)

उभयपदिनः

रुणद्धि തടയുന്നു रोधः, रोधनं
भिद ഭേദിക്കുക भेदः, भित्ति
छिद ഛേദിക്കുക छेदः, छेदनं
युज ചേർക്കുക योगः, योजनं
शिष (पर...) വിശേഷിപ്പിക്കുക विशेष, शिष्ट
भुज (उभ...) ഭക്ഷിക്കുക भोजनं, भुक्तिः
रिच ഒഴിയുക रिक्तं, विरेचनम्
पिष അരയ്ക്കുക पेषणम्, पेषः

# धातुभ्यः समुत्पन्नाः शब्दाः — Words deriving from Roots.

## पूर्णक्रियाः Complete Verbs तिङन्ताः

| | सार्वधातुकाः | | | | आर्धधातुकाः | | | | | |
|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| लकाराः प्रत्ययाश्च | लट् | लङ् | लोट् | लिङ्-१ | लृट् | लिङ्-२ | लुट् | लृङ् | लुङ् | लिट् |
| यातिगणः | परः-याति<br>आत्मः-शेते | अयात्<br>अशेत | यातु<br>शेतां | यायात्<br>शयीत | यास्यति<br>शयिष्यति | यायात्<br>शयिषीष्ट | याता<br>शयिता | अयास्यत्<br>अशयिष्यत | अयासीत्<br>अशयिष्ट | ययौ<br>शिश्ये |
| जुहोतिगणः | पः-ददाति<br>आः-बिभृते | अददात्<br>अबिभृत | ददातु<br>बिभृतां | दद्यात्<br>बिभ्रीत | दास्यति<br>भरिष्यते | देयात्<br>भृषीष्ट | दाता<br>भर्ता | अदास्यत्<br>अभरिष्यत् | अदात्<br>अभृत | ददौ<br>बभ्रे |
| भवतिगणः | पः-भवति<br>आः-मोदते | अभवत्<br>अमोदत | भवतु<br>मोदतां | भवेत्<br>मोदेत | भविष्यति<br>मोदिष्यते | भूयात्<br>मोदिषीष्ट | भविता<br>मोदिता | अभविष्यत्<br>अमोदिष्यत | अभूत्<br>अमोदिष्ट | बभूव<br>मुमुदे |
| तुदतिगणः | लिखति | अलिखत् | लिखतु | लिखेत् | लेखिष्यति | लिख्यात् | लेखिता | अलेखिष्यत् | अलेखीत् | लिलेख |
| दीव्यतिगणः | नृत्यति | अनृत्यत् | नृत्यतु | नृत्येत् | नर्तिष्यति | नृत्यात् | नर्तिता | अनर्तिष्यत् | अनर्तीत् | ननर्त |
| चोरयतिगणः | चोरयति | अचोरयत् | चोरयतु | चोरयेत् | चोरयिष्यति | चोर्यात् | चोरयिता | अचोरयिष्यत् | अचूचुरत् | चोरयामास |
| तनोतिगणः | तनोति<br>तनुते | अतनोत्<br>अतनुत | तनोतु<br>तनुतां | तनुयात्<br>तन्वीत | तनिष्यति<br>तनिष्यते | तन्यात्<br>तनिषीष्ट | तनिता<br>तनिता | अतनिष्यत्<br>अतनिष्यत | अतानीत्<br>अतनिष्ट | ततान<br>तेने |
| सुनोतिगणः | सुनोति | असुनोत् | सुनोतु | सुनुयात् | सोष्यति | सूयात् | सोता | असोष्यत् | असावीत् | सुषाव |
| क्रीणातिगणः | पः-क्रीणाति<br>आः-क्रीणीते | अक्रीणात्<br>अक्रीणत | क्रीणातु<br>क्रीणीतां | क्रीणीयात्<br>क्रीणीत | क्रेष्यति<br>क्रेष्यते | क्रीयात्<br>क्रेषीष्ट | क्रेता<br>क्रेता | अक्रेष्यत्<br>अक्रेष्यत | अक्रैषीत्<br>अक्रेष्ट | चिक्राय<br>चिक्रिये |
| रुणद्धिगणः | पः-रुणद्धि<br>आः-रुन्धे | अरुणत्<br>अरुन्ध | रुणद्धु<br>रुन्धां | रुंध्यात्<br>रुन्धीत | रोत्स्यति<br>रोत्स्यते | रुध्यात्<br>रुत्सीष्ट | रोद्धा<br>रोद्धा | अरोत्स्यत्<br>अरोत्स्यत | आरौत्सीत्<br>अरुद्ध | रुरोध<br>रुरुधे |
| समान प്രയോഗങ്ങൾ. | Gives<br>देता है<br>കൊടുക്കുന്നു | Has given<br>दिया है<br>കൊടുത്തിട്ടുണ്ട്. | Let, must, should may give<br>दे, देना चाहिये, देना<br>കൊടുക്കണം. കൊടുക്കട്ടെ, കൊടുക്കാം. | | will give<br>देगा<br>കൊടുക്കും. | May (he) give<br>दे<br>കൊടുക്കുമാറാകട്ടെ! | Will give<br>देगा<br>കൊടുക്കും. | Would have given<br>देता, दिया होगा<br>കൊടുത്തേനേ. | Gave<br>दिया<br>കൊടുത്തു | Had given<br>दिया था<br>കൊടുത്തിട്ടുണ്ടായിരുന്നു. |
| സംജ്ഞകൾ | वर्तमानः<br>Present | अनद्यतन भूतः<br>Past imperfect | विध्यादिप्रकारार्थाः<br>Imperative mood | | भविष्यन्<br>Future | आशीः<br>Benedictive | भविष्यन्<br>Future | संभावना<br>Subjunctive mood | सामान्यभूत<br>Past | परोक्षभूतः<br>Past Perfect |

## अपूर्णक्रियाः Incomplete Verbs सुबन्ताः

| | Words without change of vowels गुणवृध्द्यभाव विषयाः शब्दाः | | | | | Words with change of vowels गुणवृद्धि विषयाः शब्दाः | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| लकाराः प्रत्ययाश्च | क्त | क्तवतु | क्तिन् | क्त्वा | ल्यप् | तुमुन् | तव्य | य | अनीय | अ | अन | तृ | इन् | अक | शतृ<br>शानच् |
| यातिगणः | यात | यातवत् | *ख्याति | यात्वा | *आख्याय | यातुं | यातव्य | *अख्येय | *शयनीय | *संशयः | यानम् | यातृ | यायिन् | *शासकः | यात् |
| जुहोतिगणः | दत्त | दत्तवत् | *भीति | दत्वा | आदाय | दातुम् | दातव्य | देय | *भरणीय | (संप्र)दायः | दानम् | दातृ | दायिन् | दायक | ददत्<br>ददान |
| भवतिगणः | भूत | भूतवत् | भूति | भूत्वा | अनुभूय | भवितुम् | भवितव्य | भाव्य | भवनीय | (सं) भव | भवनम् | भवितृ | भाविन् | भावक | भवत्<br>मोदमान |
| तुदतिगणः | लिखित | लिखितवत् | *मुक्ति | लेखित्वा | विलिख्य | लेखितुम् | लेखितव्य | लेख्य | लेखनीय | लेखः | लेखनम् | लेखितृ | लेखिन् | लेखक | लिखत् |
| दीव्यतिगणः | नृत्त | नृत्तवत् | *सूति | नर्तित्वा | संनृत्य | नर्तितुम् | वर्तितव्य | नृत्य | नर्तनीय | *प्रसवः | नर्तनम् | नर्तितृ | नर्तिन् | नर्तक | नृत्यत् |
| चोरयतिगणः | चोरित | चोरितवत् | — | चोरयित्वा | — | चोरयितुम् | चोरयितव्य | चौर्य | चोरणीय | चोरः | चोरणम् | चोरयितृ | चोरिन् | चोरक | चोरयत् |
| तनोतिगणः | तत | ततवत् | तति | *कृत्वा | वितत्य | *कर्तुं | *कर्तव्य | *कार्य | *करणीय | विधान | *करणम् | *कर्तृ | वितानिन् | *कारक | तन्वत् |
| सुनोतिगणः | अभिषुत | अभिषुतवत् | *आप्ति | *आप्त्वा | *प्राप्य | सोतुम् | सोतव्य | *प्राप्य | सवनीय | अभिषव | सवनम् | *आप्तृ | *व्यापिन् | व्यापक | *आप्नुवत् |
| क्रीणातिगणः | क्रीत | क्रीतवत् | क्रीति | क्रीत्वा | विक्रीय | क्रेतुम् | क्रेतव्य | क्रेय | क्रयणीय | क्रय | *पोषणम् | क्रेतृ | *पोषिन् | पोषक | क्रीणत् |
| रुणद्धिगणः | रुद्ध | रुद्धवत् | *भुक्ति | रुध्वा | निरुध्य | रोद्धुं | रोद्धव्य | रोध्य | रोधनीय | रोध | रोधनम् | रोद्धृ | रोधिन् | रोधक | रुन्धत् |
| समान പ്രയോഗങ്ങൾ. | Given<br>दियागया हुआ<br>കൊടുക്കപ്പെട്ട | N. E.<br>,,<br>കൊടുത്ത | Giving<br>देना<br>കൊടുക്കൽ | N. E.<br>देकर<br>കൊടുത്തിട്ട് | | To give<br>देने को<br>കൊടുക്കാൻ | N. E.<br>S. U. Worth giving or to be given.<br>देने लायक<br>കൊടുക്കപ്പെടാവുന്ന, കൊടുക്കപ്പെടേണ്ട. | | | Giving<br>देना<br>കൊടുക്കൽ | | Giver (One who gives)<br>देनेवाला<br>കൊടുക്കുന്നവൻ | | | Giving<br>देताहुआ<br>കൊടുക്കുന്ന |
| സംജ്ഞകൾ | कर्मणिभूतांगक्रिया<br>Past Passive Participle | कर्तरिभूतांगक्रिया<br>Past Active Participle | क्रियानाम<br>Verbal Noun (Gerund) | पूर्वकालांगक्रिया<br>After having given | | पश्चात्कालांगक्रिया | कर्मभावयोः प्रकारार्थांगक्रियाः | | | भावार्थनाम<br>Verbal Noun (Gerund) | | कर्त्रर्थक्रियानाम<br>Verbal Active Noun | | | Present Participle |

* ഉദാഹരിച്ചുവന്ന ധാതുക്കൾക്ക് ചില രൂപങ്ങൾ പ്രചാരത്തിലില്ല. ആ സ്ഥാനത്ത് അതേ ഗണത്തിലെ മറ്റ് ധാതുക്കളുടെ രൂപങ്ങൾ ചേർത്തിരിക്കുന്നു.

N. E.=No equivalent. S. U.=Similar usage

# പ്രയോഗങ്ങൾ — ഒരു താരതമ്യവീക്ഷണം.

| | कर्तरिप्रयोगाः | | | | | | कर्मणिभावे च प्रयोगाः | | | |
|---|---|---|---|---|---|---|---|---|---|---|
| | संकेताः | अर्थाः | संस्कृतम् | English | हिन्दी | മലയാളം | संस्कृतम् | English | हिन्दी | മലയാളം |
| Finite Verbs<br>अंगिक्रियाः, तिङन्ताः | लट् | वर्तमानः अकः-<br>(Present) सकः— | रामः धावति<br>सीता फलं खादति | Ram runs<br>Sita eats fruit | राम दौडता है<br>सीता फल खाती है | രാമൻ ഓടുന്നു<br>സീത പഴം തിന്നുന്നു | रामेण धाव्यते<br>सीतया फलम् खाद्यते | N. E.<br>Fruit is eaten bySita | राम से दौडा जाता है<br>सीता से फल खाया जाता है | N. E.<br>സീതയാൽ പഴം തിന്നപ്പെടുന്നു |
| | लट् | भविष्यन्<br>(Future) | रामः धाविष्यति<br>सीता फलं खादिष्यति | Ram will run<br>Sita will eat fruit | राम दौडेगा<br>सीता फल खायेगी | രാമൻ ഓടും<br>സീത പഴം തിന്നും | रामेण धाविष्यते<br>सीतया फलम् खादिष्यते | N. E.<br>Fruit will be eaten by Sita | राम सें दौडा जायगा<br>सीता से फल खाया जायगा | N. E.<br>സീതയാൽ പഴം തിന്നപ്പെടും |
| | लुङ् | भूतः<br>(Past) | रामः अधावीत्<br>सीता फलं अखादीत् | Ram ran<br>Sita ate fruit | राम दौडा<br>सीता ने फल खाया | രാമൻ ഓടി<br>സീത പഴം തിന്നു | रामेण अधावि<br>सीतया फलम् अखादि | N. E.<br>Fruit was eaten by Sita | राम से दौड़ा गया<br>सीता से फल खाया गया | N. E.<br>സീതയാൽ പഴം തിന്നപ്പെട്ടു |
| | लङ् | अनद्यतन भूतः<br>(Past, imperfect) | रामः अधावत्<br>सीता फलं अखादत् | Ram has run<br>Sita has eaten fruit | रांम दौडा है<br>सीता ने फल खाया है | രാമൻ ഓടിയിട്ടുണ്ട്<br>സീത പഴം തിന്നിട്ടുണ്ട് | रामेण अधाव्यत<br>सीतया फलम् अखाद्यत | N. E.<br>Fruit has been eaten by Sita | रांम सें दौड़ा गया है<br>सीता से फल खाया गया है | N. E.<br>സീതയാൽ പഴം തിന്നപ്പെട്ടിട്ടുണ്ട്. |
| | लिट् | परोक्षभूतः<br>(Past, perfect) | रामः दधाव<br>सीता फलं चखाद | Ram had run<br>Sita had eaten fruit | राम दौडा था<br>सीता ने फल खाया था | രാമൻഓടിയിട്ടുണ്ടായിരുന്നു<br>സീത പഴം തിന്നിട്ടുണ്ടായിരുന്നു | रामेण दधावे<br>सीतया फलम् चखादे | N. E.<br>Fruit had been eaten by Sita | राम से दौडा गया था<br>सीता से फल खाया गया था | N. E.<br>സീതയാൽ പഴം തിന്നപ്പെട്ടിട്ടുണ്ടായിരുന്നു |
| | लोट् | विध्यादिप्रकाराः<br>(Imperative mood) | रामः धावतु<br>सीता फलं खादतु | Let Ram run<br>Let Sita eat fruit | राम दौडे<br>सीता फल खाये | രാമൻ ഓടട്ടേ<br>സീത പഴം തിന്നട്ടേ | रामेण धाव्यतां<br>सीतया फलम् खाद्यतां | N. E.<br>Let the fruit be eaten by Sita | राम से दौडा जाय<br>सीता से फल खाया जाय | N. E.<br>സീതയാൽ പഴം തിന്നപ്പെടട്ടേ |
| | लिङ्-१ | विध्यादिप्रकाराः<br>(Imperative mood) | रामः धावेत्<br>सीता फलं खादेत् | Ram must (would) run<br>Sita must eat fruit | राम को दौडना चाहिये (है)<br>सीता को फल खाना चाहिये | രാമൻ ഓടണം<br>സീത പഴം തിന്നണം | रामेण धाव्येत<br>सीतया फउम् खाद्येत | N. E.<br>Fruit must be eaten by Sita | राम सें दौड़ा जाना है<br>सीता सें फल खाया जाना है | N. E.<br>സീതയാൽ പഴം തിന്നപ്പെടണം |
| | लिङ्-२ | आशीः<br>(Benedictive mood) | रामः धाव्यात्<br>सीता फलम् खाद्यात् | May Ram run<br>May Sita eat | राम दौडे<br>सीता फल खाये | രാമൻ ഓടേണമേ<br>സീത പഴം തിന്നേണമേ | रामेण धाविषीष्ट<br>सीतया फलम् खादिषीष्ट | N. E.<br>May the fruit bee eaten by Sita | राम से दौडा जाय<br>सीता से फल खाया जाय | N. E.<br>സീതയാൽ പഴം തിന്നപ്പെടേണമേ |
| | लृङ् | क्रियातिपत्तिः<br>(Subjunctive mood) | (यदि) रामः अधाविष्यत्<br>(यदि) सीता फलं अखादिष्यत | Had Ram run<br>Had Sita eaten fruit | यदि राम दौडता……<br>यदि सीता फल खाती…… | രാമൻ ഓടിയിരുന്നെങ്കിൽ<br>സീത പഴം തിന്നിരുന്നെങ്കിൽ | यदि रामेण अधाविष्यत<br>यदि सीतया फलम् अखादिष्यत | N. E.<br>Had the fruit be eaten by Sita | यदि राम सें दौडा जाता<br>यदि सीता से फल खाया जाता | N. E.<br>സീതയാൽ പഴം തിന്നപ്പെട്ടിരുന്നെങ്കിൽ |
| Infinite Verbs<br>अंगक्रियाः सुबन्ताः | शतृ *or*<br>शानच् | वर्तमाननामांगक्रिया<br>(Present Participle) | धावन् रामः<br>फलं खादन्ती सीता | Running Ram<br>Sita, eating fruit | दौडता (हुआ) राम<br>फल खाती (हुई) सीता | ഓടുന്ന രാമൻ<br>പഴം തിന്നുന്ന സീത | N. U. *(No usage)*<br>सीतया खाद्यमानम् फलम् | N. E.<br>Fruit, being eaten by Sita | N. U.<br>सीता से खाया जानेवाला फल | N. E.<br>സീതയാൽ തിന്നപ്പെടുന്ന പഴം |
| | क्त<br>क्तवतु | भूतकालनामांगक्रिया<br>(Past Participle) | धावितवान् रामः<br>फलं खादितवती सीता | N. E. | दौडा हुआ राम<br>N. E. | ഓടിയ രാമൻ<br>പഴം തിന്ന സീത | धावितः रामः<br>सीतया खादितं फलम् | N. E.<br>Fruit, eaten by Sita | N. U.<br>सीता सें खाया गया फल | N. E.<br>സീതയാൽ തിന്നപ്പെട്ട പഴം |
| | क्त्वा<br>(ल्यप्) | पौर्वकालिकक्रियांगक्रिया | रामः धावित्वा अयात्<br>सीता फलं खादित्वा अयात् | S. U:-Sita, after having eaten fruit | राम दौडकर<br>सीता फल खाकर | രാമൻ ഓടിയിട്ട്<br>സീത പഴം തിന്നിട്ട് | N. U. | N. U. | N. U. | N. E. |
| | तुमुन् | पश्चात्कालांगक्रियांगक्रिया<br>(Infinitive) | रामः धावितुं आरभत<br>सीता फलं खादितुं आरभत | Ram began to run<br>Sita began to eat | S. U:- दौडने को<br>,, खानें को | ഓടാൻ<br>തിന്നാൻ | N. U. | N. E.<br>Fruit to be eaten by Sita | N. U.<br>फल, सीता से खाया जाकर | N. E. |
| | अ, अन, ति | भावार्थक्रिया<br>(Gerund) | रामस्य हासः<br>सीतायाः खादनम् | Running of Ram<br>Eating of Sita | राम का दौडना<br>सीता का खाना | രാമന്റെ ഓട്ടം<br>സീതയുടെ തീറ്റ | रामेण (रामस्य) धावितं<br>N. U. | N. U. | N. U.<br>सीता से खाया जाना | N. E.<br>സീതയാൽ പഴം തിന്നപ്പെടുക |
| | य, तव्य,<br>अनीय | प्रकारार्थे कर्मणिनामांगक्रिया | N. U. | N. U. | N. U. | സീത തിന്നേണ്ട പഴം<br>(സീതക്കു തിന്നാവുന്ന പഴം) | सीतया खाद्यं (खादितव्यम्,<br>खादनीयम्) फलम् | N. E.<br>S. U—Worth eating | N. E.<br>S. U. खाने लायक | തിന്നപ്പെടേണ്ട<br>തിന്നപ്പെടാവുന്ന |

# ശുദ്ധിപത്രം.

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 2 | 5 | സംസ്കൃതം | മലയാളം |
| 8 | 27 | भ्यां भ्यः | भ्यां भ्यः |
| 9 | 14 | सुहृद | सुहृदम् |
| 16 | 26 | गज द्व | ग ज ड द ब |
| 19 | 32 | पान्धाः | पान्थाः |
| 20 | 1 | क्रन्दति | क्रन्दतः |
| 22 | 3 | എന്നിവ | എന്നിവയിലെ |
| 22 | 4 | द्वौ | द्वौ |
| 24 | 5 | തകാരം | തവർഗ്ഗം |
| 24 | 14 | वाक्सु | वाक्षु |
| 25 | 18 | സ്വരവുമാകാം | സ്വരവുംപരമായി വരാം |
| 26 | 26 | अवाह्योयं | अदाह्योयम् |
| 27 | 7 | वतीभयाः | वीतभयाः |
| 27 | 9 | सच्चरित्रेष्वल | सच्चरित्रेष्वलम् |
| 29 | 22 | जुहति | जुह्वति |
| 29 | 23 | दतः | दत्तः |
| 30 | 6 | तुदादिगणः | तुदतिगणः |
| 30 | 10 | दीव्यातिगणः | दीव्यतिगणः |
| 31 | 4 | भिन्द्धाः | भिन्द्धः |
| 31 | 19 | तुद्+अ+तुदति | तुद्+अ+ति=तुदति |
| 35 | 10 | ए वहे महे | इ वहे महे |
| 37 | 2 | राजथाः | राजेथे |
| 37 | 3 | राजेथे | राजावहे |
| 44 | 7 | പ്രയോഗമാററത്തിനാൽ | പ്രയോഗമററതിനാൽ |
| 46 | 17 | रामो गच्छतु | रामो गच्छेत् |
| 47 | 16 | इध्वम् | ईध्वम् |
| 55 | 29 | जट | जटा |

13764



| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 56 | 28 | रमायां | रमया |
| 62 | 14 | पुत्र्यः | पुत्र्यै |
| 65 | 21 | आतां आतां | आतां अतां |
| 67 | 7 | स्यतां | स्यातां |
| 72 | 7 | ते | ते |
| 74 | 14. 17, 18 | നകാരങ്ങൾ | നകാരാന്തങ്ങൾ |
| | | തകാരങ്ങൾ | തകാരാന്തങ്ങൾ |
| 80 | 29 | ഇവയിൽ | നദീശബ്ദത്തിൽ |
| 82 | 14 | मुष्णात् | मुष्णत् |
| 83 | 10 | കാലങ്ങളിൽ | ലകാരങ്ങളിൽ |
| 83 | 14 | नवति | नयति |
| 113 | 1 | Deriving | Derived |

പുറം 11 വരി 18നുശേഷം "4) ആകാരാന്ത സ്ത്രീലിംഗശബ്ദത്തിലെ അന്ത്യസ്വരം ए എന്നാവും. सीता सीते" എന്നു് ചേൎത്തുവായിക്കണം.

9, 35, 47, 56, 65, 67 എന്നീ പുറങ്ങളിലെ തെറ്റുകൾ, മനഃപാഠമാക്കുന്നതിന്നുമുമ്പുതന്നെ തിരുത്തണം.

PG Library & Research Center

‘‘..... സംസ്കൃതാദ്ധ്യാപനപദ്ധതിയുടെ പോരായ്മകൾ നികത്താമെന്നു് പ്രായോഗികമായി കാണിക്കുകയാണു് ശ്രീ. ഭരതപ്പിഷാരടി ചെയ്യുന്നതു്. ഈ സമാരംഭം വിജയിപ്പിക്കണം. വിജയിപ്പിച്ചേ തീരൂ. അതിന്നു എല്ലാവരുടേയും ശ്രദ്ധ ക്ഷണിക്കുകയേ എനിക്കു് ചെയ്യാനുള്ളു.....’’.

**ഡോക്ടർ, ഇ. ആർ. ശ്രീകൃഷ്ണശർമ്മാ,** എം. എ., പിഎച്ച്. ഡി.,
സംസ്കൃതവിഭാഗം,
ശ്രീ വെങ്കിടേശ്വര യൂനിവേഴ്സിററി, തിരുപ്പതി.

“......I have had the Privilege of visiting this institution run by Mr. Bharata Pisharodi and I am happy to testify that I came away with the impression that Sanskrit is not a dead language......May the Lord almighty bless the noble endeavours of Mr. Pisharodi and give him a long life of usefulness and happiness......”

**R. GopalasWami Iyangar, Madras.**

“......षोरणूर इत्युपाह्वे नगरे उच्चविद्यालये ग्रीष्मकालावकाशे संस्कृतस्याध्यापनं प्रवर्तते, तच्च केरलीयपण्डितवरेण्यानां मतानुनीत्या प्रवर्तते इति वृत्तपत्रे पठित्वा आह्लादितचेता अहं तद् द्रष्टुकामः अत्र अद्य उपागतः। यत् क्रियते तत् स्तुत्यमेव।......’’

**പ്രൊഫ: കൃഷ്ണസ്വാമിശർമ്മാ,** എം. എ., ആചാര്യ.
D. H. S. K. College, Assam.

‘..... ആ നിലയ്ക്കു് ശ്രീ എരനെല്ലൂർ ഭരതപ്പിഷാരടി ഇവിടെ നടത്തിവരുന്ന സംസ്കൃതപ്രാണമായ ഭാരത വിദ്യാപീഠം തികച്ചും അനുമോദനമർഹിക്കുന്നു.’’

**കെ. പി. നാരായണപിഷാരടി,**
കേരളവർമ്മ കോളേജ്, തൃശ്ശൂർ.

‘‘.....ശ്രീ. ഭരതപ്പിഷാരടിയുടെ ഈ പരിശ്രമത്തിനുപിന്നിൽ സംസ്കൃതമതികളുടെ സഹകരണമുണ്ടാവട്ടെ.....’’ **കെ. വി വൈദ്യലിംഗയ്യർ,**
പ്രിൻസിപ്പാൾ, ആയുർവ്വേദകോളേജ്, ഷൊറണൂർ.

‘‘ .....ഈ കാലഘട്ടത്തിൽ സംസ്കൃതഭാഷയുടെ പ്രചരണത്തിന്നു് സഹായകമാം വിധം ശ്രീ. ഭരതൻ എരനല്ലൂർ നടത്തുന്ന ഈ വിദ്യാപീഠം എന്റെ ഹൃദയത്തെ ആകർഷിച്ചിരിക്കുന്നു .....’’

**പ്രൊഫ: പി. സി. വാസുദേവൻ ഇളയതു്,**
ശ്രീകൃഷ്ണാകോളേജ്, ഗുരുവായൂർ.

“.........I had been privileged to be one of the patrons for the course and am happy to say that the course was well-conducted and well-attended. I trust, Shri. Pisharodi will be able to conduct more such courses for the benifit of students. He deserves all the encouragement and assistance from Government as well as charitable organisations. I wish him all the best.”

**M. K. K. NAYAR,**
Managing Director, FACT, Udyogamandal, Kerala.

13764

# ഭാരതവിദ്യാപീഠം

ആരംഭിച്ചതു് ആയിരത്തിത്തൊള്ളായിരത്തി അമ്പത്തൊമ്പതിലാണു്. പത്തു് വർഷമായി അതു് സംസ്കൃതഭാഷാപ്രചരണം നടത്തിവരുന്നു; രണ്ടു് മണിക്കൂർവീതമുള്ള നാല്പതു് ക്ലാസ്സുകൊണ്ടു് സംസ്കൃതത്തിൽ സാമാന്യവ്യുത്പത്തിയുണ്ടാകുന്നു; ഭാഷാപരമായൊരു താരതമ്യപഠനത്തിന്നു് പരിശീലനം നൽകുന്നു; നാഗരീലിപി എഴുതാനറിയുകയേ വേണ്ടു, സാമാന്യവിദ്യാഭ്യാസം ലഭിച്ച ആർക്കും അനായാസമായി സരളകാവ്യങ്ങളും പുരാണേതിഹാസങ്ങളും സ്വയം വായിച്ചുമനസ്സിലാക്കാവുന്ന പരിജ്ഞാനമുളവാകുന്നു. ജിജ്ഞാസുക്കളായ ഇരുപതുപേരെങ്കിലും പഠിക്കാനൊത്തുചേരുന്ന എവിടെയും വ്യവസ്ഥകളനുസരിച്ചു് വിദ്യാപീഠം കോഴ്സു് സംഘടിപ്പിക്കാനൊരുക്കമാണു്. ശ്രദ്ധാലുക്കൾക്കു് പരസഹായം കൂടാതെ വീട്ടിലിരുന്നു പഠിക്കത്തക്കവിധം ആ നാല്പതു് ദിവസത്തെ പാഠങ്ങൾ ശാസ്ത്രക്ലിഷ്ടത കഴിയുന്നതും പരിഹരിച്ചു് ഇതാ ക്രമപ്പെടുത്തിയിരിക്കുന്നു!

അതാണു്:

# കാമധേനു

ആവശ്യപ്പെടുക: എരനെല്ലൂർ ഭരതപ്പിഷാരടി, ഭാരതവിദ്യാപീഠം, ഷൊറണൂർ

ഭാരതവിദ്യാപീഠം പ്രസിദ്ധീകരണം.

# കാമധേനു

ഭാഗം ഒന്ന്

491.2

എരനെല്ലൂർ ഭരതപ്പിഷാരടി.

Indic Digital Archive Foundation
gpura.org